# MBC

## മലയാളം
## ബൈബിൾ കമെന്ററി

# യാക്കോബ്

JOHNSON POOMALA

# മലയാളം ബൈബിൾ കമെന്ററി

# യാക്കോബ്

## (യാക്കോബ് എഴുതിയ ലേഖനം)

ജോൺസൺ പൂമല

johnsonkk.69@gmail.com
+91 9400503238

# പ്രവേശിക

ദൈവം മനുഷ്യനോട് സ്ഥാപിച്ച നിയമവും ആ നിയമത്തിന്റെ വിശദീകരണവുമാണ് ബൈബിൾ എന്ന പേരിൽ അറിയപ്പെടുന്ന വിശുദ്ധ തിരുവെഴുത്തിന്റെ ഉള്ളടക്കം. ദൈവിക മാർഗ്ഗം ആഗ്രഹിക്കുന്ന വർക്കും അവലംബിക്കുന്നവർക്കും ആവശ്യമായ വഴിയും വെളിച്ചവും ഊർജ്ജവും അതിലൂടെ ലഭിക്കുന്നു. എന്നാൽ പ്രവാചകന്മാരായ തന്റെ ദാസന്മാരിലൂടെ ദൈവം എന്തെഴുതിയിരിക്കുന്നു എന്നതുപോലെതന്നെ പ്രാധാന്യമുള്ളതാണ് ഓരോ വ്യക്തിയും അത് എങ്ങനെ വായിക്കുന്നു അഥവാ എങ്ങനെ മനസ്സിലാക്കുന്നു എന്നത് (ലൂക്കൊസ് 10:26).

എഴുതിയിരിക്കുന്നതുപോലെ തന്നെ വായിച്ച് മനസ്സിലാക്കാത്ത തിന്റെ ഫലമായിട്ടാണ് ക്രൈസ്തവ സമൂഹം ഇന്നത്തെ ലോകത്തിന് പലമുഖങ്ങളിൽ വെളിപ്പെട്ടിരിക്കുന്നത്.

ബൈബിൾ ശരിയായി മനസ്സിലാക്കുന്നവരെന്ന് അവകാശപ്പെടുന്ന വരുടെ ഇടയിൽ പോലും ബൈബിൾ ശരിയായി പ്രസംഗിക്കപ്പെടു ന്നില്ലായെന്നതാണ് വസ്തുത. ദൈവത്തോടും ദൈവവചനത്തോടും കൂറും പ്രതിബദ്ധതയും ഇല്ലാത്ത പ്രസംഗികൾ വചനശുശ്രൂഷ എന്ന പേരിൽ അവർക്കിഷ്ടമുള്ള വിഷയങ്ങൾ, മുറിവാക്യങ്ങൾ, കെട്ടു കഥകൾ മുതലായവകൊണ്ട് സ്റ്റേജിൽനിന്നും സ്റ്റേജിലേക്ക് ഓടുന്നു. (യിരെ. 23:21–22; മീഖാ 3:5). ഇത്തരം പ്രസംഗങ്ങൾ കേട്ട് മനസ്സ് മടുത്ത ക്രൈസ്തവ സമൂഹത്തിന് വചനശുശ്രൂഷ കേൾക്കുവാൻ താല്പര്യ മില്ലാതെയായി. അതിനുള്ള അടിസ്ഥാന കാരണം വചനത്തിന്റെ യഥാർത്ഥ രുചിയും മൂല്യവും അവർ അറിയാതെ പോയതുകൊണ്ടാണ്. (സങ്കീ. 119:103,127). അതിന്റെയെല്ലാം ഫലമായി മനുഷ്യനെ ദൈവിക വഴി അഭ്യസിപ്പിക്കുവാൻ ഉദ്ദേശിച്ചുള്ള തിരുവെഴുത്തിന് വേണ്ടവിധം

അതിന്റെ പ്രവൃത്തി നിറവേറ്റുവാൻ കഴിയുന്നില്ല; തൻ നിമിത്തം ദൈവ ജനം ക്രമം കെട്ട് നടക്കുന്നു. അവരെ ദൈവികവഴിയിലേക്ക് മടക്കിവ രുത്തണമെങ്കിൽ എസ്രാ ശാസ്ത്രിയെ പോലെ വചനം തെളിവായി വായിച്ച് കേൾപ്പിക്കുകയും വായിച്ചത് ഗ്രഹിപ്പാൻ തക്കവണ്ണം അർത്ഥം പറഞ്ഞ് കൊടുക്കുകയും (നെഹ. 8:3,8) ചെയ്യുന്ന അഥവാ, വചനം ശരിയായി വിഭജിക്കുന്ന വേലക്കാരാണ് (2 തിമൊ. 2:15) ഇന്നിന്റെ ആവശ്യം.

ഈ മഹത്തായ ലക്ഷ്യത്തിന്റെ ഒരു പങ്ക് നിറവേറ്റുന്നതിനായി ദൈവം നല്കിയ കൃപക്ക് അനുസൃതമായ പരിശ്രമത്തിന്റെ ഫലമാണ് **മലയാളം ബൈബിൾ കമെന്ററി.** വ്യക്തി താല്പര്യങ്ങളും വിഭാ ഗീയ ചിന്തകളും ആവോളം അകറ്റി നിറുത്തി, ഈ ലേഖനം എഴുതിയ പ്പോഴുള്ള ലേഖകന്റെ മനസ്സിനെ ഈ കാലഘട്ടത്തിലുള്ള അനുവാച കരിലേക്ക് പകരുക എന്നോരു ലക്ഷ്യമാണ് ഈ ഭാഷ്യത്തിനുള്ളത്. ഈ കൃതിയുടെ രചനയിൽ സഹായവും പ്രോത്സാഹനവും പ്രചോദ നവും നല്കിയ എല്ലാവരെയും ഇത്തരുണത്തിൽ സ്മരിക്കുന്നതിനോ ടൊപ്പം ആവശ്യമായ പ്രകാശനവും വ്യക്തതയും നല്കിയ ദൈവ ത്തിന് നന്ദിയും മഹത്വവും അർപ്പിച്ചുകൊണ്ട്.

ക്രിസ്തുവിൽ സഹോദരൻ
**ജോൺസൺ പൂമല**

johnsonkk.69@gmail.com
+91 9400503238

# യാക്കോബ് എഴുതിയ ലേഖനം

## ലേഖനത്തിന്റെ പ്രാധാന്യം

കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന യഹൂദന്മാർക്ക് എഴുതിയ ഈ ലേഖനത്തിൽ, പഴയനിയമ തിരുവെഴുത്തുകളിൽനിന്നും നേരിട്ടുള്ള നാല് ഉദ്ധരണികളും പരോക്ഷമായി നാൽപ്പതിലധികം പരാമർശങ്ങളുമുണ്ട്. മാത്രമല്ല കർത്താവിന്റെ ഗിരിപ്രഭാഷണത്തോട് വലിയ നിലയിലുള്ള ഒരു സാമ്യവും ഈ ലേഖനത്തിന്റെ പ്രത്യേകത യാണ്. എങ്കിലും പുതിയനിയമ തിരുവെഴുത്തിലെ മറ്റ് പുസ്തകങ്ങളെ അപേക്ഷിച്ച് വളരെ ചെറിയ പരിഗണനയാണ് യാക്കോബ് എഴുതിയ ഈ ലേഖനത്തിന് വേദവ്യാഖ്യാതാക്കളുടെ ഇടയിൽ ആദ്യം മുതൽ ലഭിച്ചിട്ടുള്ളത്; എന്നാൽ അതിന് പല കാരണങ്ങൾ ചൂണ്ടികാണിക്ക പ്പെടുന്നുണ്ട്: ഒന്നാമതായി, അപ്പൊസ്തലനായ പൗലൊസോ, കർത്താ വിന്റെ അപ്പൊസ്തലന്മാരിൽ ആരെങ്കിലുമോ ഈ ലേഖനം എഴുത യിരുന്നുവെങ്കിൽ ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ സ്വീകാര്യതയും പ്രചാരവും ലഭിക്കുമായിരുന്നുവെന്ന് ചിലർ ചിന്തിക്കുന്നു; രണ്ടാമതായി, പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ട ചില വിഷയങ്ങളിലല്ലാതെ ഉപദേശപരമായി പ്രധാന്യമുള്ള യാതൊന്നും ഈ ലേഖനത്തിൽ ഇല്ലെന്നാണ് വേറെ ചിലർ ചിന്തിക്കുന്നത്. എന്നാൽ ഈ ലേഖനം സസൂക്ഷ്മം പരിശോധിക്കുന്ന ഏതൊരാൾക്കും മേൽപറഞ്ഞ ന്യായ ങ്ങളെല്ലാം ബാലിശമായി മാത്രമേ കാണുവാൻ കഴിയുകയുള്ളൂ; കാരണം, ഈ ലേഖനം ആരെഴുതി എന്നതിലുപരിയായി എഴുതപ്പെട്ടത് ദൈവശ്വാസീയമാകുന്നുവോ എന്നതാണ് മുഖ്യകാര്യം. മാത്രമല്ല ബൈബിളിലെ ഒരു ലേഖനത്തെയും മറ്റൊന്നിന് പകരമായി കാണുവാനും

കണക്കാക്കുവാനും കഴിയുകയുമില്ല; കാരണം, ഓരോ ലേഖനവും വ്യത്യസ്ത സാഹചര്യത്തിലും വ്യത്യസ്ത ആവശ്യത്തിനുമാണ് എഴുതപ്പെട്ടത്; തന്നെയുമല്ല, വിശ്വാസത്താലുള്ള നീതീകരണംപോലെ തന്നെ ദൈവാത്മാവ് പ്രാധാന്യം നൽകിയിട്ടുള്ള മറ്റൊരുവിഷയമാണ് **വിശ്വാസത്തിന്റെ പരിശോധന** (യാക്കോബ് 1:3).

ഓരോ വിശ്വാസിയുടെയും വിശ്വാസത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാനും യഥാർത്ഥ വിശ്വാസത്തെ സ്ഥിരീകരിക്കുവാനുമുള്ള പരീക്ഷകളാണ് ലേഖനത്തിലുടനീളം കാണുന്നത്. ബൈബിളിൽ ഈ ലേഖനത്തോട് പ്രമേയസംബന്ധമായി കുറച്ചെങ്കിലും സാമ്യമുള്ളത് യോഹന്നാൻ എഴുതിയ ഒന്നാം ലേഖനത്തിന് മാത്രമാണ്.

## ലേഖനത്തിന്റെ പ്രമേയം

വ്യാജം വ്യാപകമായി നിലനില്ക്കുന്ന ഒരു കാലഘട്ടമാണിത്; മൂല്യമുള്ള ഏതൊരു വസ്തുവിനും വ്യാജപതിപ്പുണ്ട്; അതുകൊണ്ട് മൂല്യമുള്ളവ സ്വന്തമാക്കുന്നതിന് മുൻപ് അവ പരിശോധിച്ച് വ്യാജമല്ലെന്ന് ഉറപ്പുവരുത്തിയില്ലെങ്കിൽ നഷ്ടം വലുതായിരിക്കും; ഭൗതികമായവയുടെ നഷ്ടം താൽക്കാലികമായിരിക്കുമെങ്കിലും ആത്മീയമായവയുടെയും നിത്യമായവയുടെയും നഷ്ടം വലിയതും നിലനിൽക്കുന്നതുമായിരിക്കും.

ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന് ഏറ്റവും മൂല്യമുള്ളത് അവന്റെ ജീവനും ആത്മാവുമാണ്. അതുകൊണ്ടാണ്, "ഒരു മനുഷ്യൻ സർവലോകവും നേടുകയും തന്റെ ജീവനെ കളയുകയും ചെയ്താൽ അവന് എന്ത് പ്രയോജനം" എന്ന് കർത്താവ് ചോദിച്ചത് (മർക്കൊസ് 8:36). മനുഷ്യന് തന്റെ ജീവനെ നഷ്ടപ്പെടാതിരിക്കണമെങ്കിൽ അഥവാ, എന്നെന്നേക്കുമുള്ള ജീവനെ നേടണമെങ്കിൽ, അതിനുള്ള ഏകമുഖാന്തരം കർത്താവായ യേശുവിലുള്ള വിശ്വാസമാണ്. എന്നാൽ വിശ്വാസം രണ്ടുതരമുണ്ട്: യഥാർത്ഥ വിശ്വാസവും വ്യാജവിശ്വാസവും. അതുകൊണ്ടാണ്, നിങ്ങൾ വാസ്തവമായി "വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്ന് നിങ്ങളെ തന്നെ പരീക്ഷിപ്പിൻ; നിങ്ങളെ തന്നെ ശോധന ചെയ്വീൻ..." (2 കൊരി. 13:5) എന്ന് കൊരിന്തിലെ വിശ്വാസികളോട് അപ്പൊസ്തലനായ പൗലൊസ് ആവശ്യപ്പെടുന്നത്.

മാത്രമല്ല, ഓരോ വിശ്വാസിയും അനുദിനം അഭിമുഖീകരിക്കുന്ന

ചെറുതും വലുതുമായ ഓരോ സംഭവവും തന്റെ വിശ്വാസത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാനും യഥാർത്ഥ വിശ്വാസത്തെ സ്ഥിരീ കരിക്കുവാനും ആത്മികമായി വളരുവാനും ദൈവം ഒരുക്കുന്ന ഓരോ പരീക്ഷയാണ്; അനുകൂലസാഹചര്യങ്ങളിൽ ഈ പരീക്ഷയോട് വിശ്വാസി എങ്ങനെ പ്രതികരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല, പ്രത്യുത, പ്രതികൂല സാഹചര്യങ്ങളിൽ (വിശ്വാസത്തിന്റെ പരിശോധന യിൽ) ഈ പരീക്ഷയോട് വിശ്വാസി എങ്ങനെ പ്രതികരിക്കുന്നു എന്ന തിന്റെ അടിസ്ഥാനത്തിലാണ് ഓരോ വിശ്വാസിയും രക്ഷയുടെ (നിത്യ ജീവന്റെ) ഉറപ്പ് വരുത്തേണ്ടതെന്ന് ലേഖനം പറയുന്നു. യഥാർത്ഥ വിശ്വാസികൾ ഇങ്ങനെയുള്ള പരിശോധനകളിൽ വിശ്വാസപ്രകാരം നിലനില്ക്കുമെന്നും, വ്യാജവിശ്വാസികൾ വിശ്വാസപ്രകാരമുള്ള ജീവിത ത്തെ വിട്ടുപോകുമെന്നുമാണ് വിതക്കാരന്റെ ഉപമയിലൂടെ കർത്താവും വ്യക്തമാക്കിയത് (ലൂക്കൊസ് 8:13,15). അതുകൊണ്ടാണ് കർത്താവ് അവരെ കുറിച്ച്, "അവർ തല്ക്കാലം വിശ്വസിക്കയും പരീക്ഷസമയത്ത് പിൻവാങ്ങിപോകുകയും ചെയ്യുന്നു" എന്ന് പറഞ്ഞിരിക്കുന്നത്. അവർ വിശ്വാസത്തിന്റെ പരിശോധനകളെ സഹിഷ്ണുതയോടെ അഭിമുഖീ കരിക്കുന്നില്ല. അതുകൊണ്ട് യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമായ സ്ഥിരതയൊ സഹനശക്തിയൊ അവർക്കില്ല; ഇക്കാരണത്താൽ അവർ യഥാർത്ഥ വിശ്വാസികളുമല്ല.

എന്നാൽ യഥാർത്ഥ വിശ്വാസികൾ വിശ്വാസത്തിന്റെ പരിശോധന യിൽ സ്ഥിരതയുള്ളവരാണ്. സ്ഥിരതക്കനുസൃതമായ പ്രവർത്തിയി ലൂടെ വിശ്വാസത്തെ തെളിയിക്കുന്നവരുമാണ്; വിശ്വാസജീവിതത്തിലെ പരീക്ഷകൾ അതിനുള്ള മുഖാന്തരങ്ങളുമാണ്; ഈ സന്ദേശമാണ് യാക്കോബ് അനുവാചകരിലേക്ക് പകരുന്നത്.

## ലേഖനത്തിന്റെ പ്രാരംഭം

**"ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും ദാസനായ യാക്കോബ് എഴുതുന്നതു...."** (യാക്കോബ് 1:1 a).

ആധികാരിക രേഖകളെല്ലാം തുകൽചുരുളുകളിൽ സൂക്ഷിച്ചിരുന്ന കാലഘട്ടത്തിൽ, വായനക്കാർക്ക് ചുരുൾ തുറക്കുമ്പോൾ തന്നെ ലേഖക നെ തിരിച്ചറിയുവാൻ വേണ്ടിയാണ് യാക്കോബ് തന്റെ പേര് ലേഖന ത്തിന്റെ ആരംഭത്തിൽ തന്നെ രേഖപ്പെടുത്തിയത്. എന്നാൽ തന്റെ ആദ്യ ത്തെ അനുവാചകർക്ക് താൻ സുപരിചിതൻ ആയതിനാലാണ് പേര്

വിശദീകരിക്കാത്തത്. പുതിയ നിയമസഭയുടെ ആദ്യകാല നേതൃത്വ നിരയിലുണ്ടായിരുന്ന മൂന്ന് വ്യക്തികൾ യാക്കോബ് എന്ന പേരിൽ അറിയപ്പെടുന്നുവെങ്കിലും (ലൂക്കൊസ് 6:14–16), അല്ഫായുടെ മക നായ യാക്കോബിന്റെ ശുശ്രൂഷയെക്കുറിച്ച് യാതൊരു രേഖയും ലഭ്യ മല്ലാത്തതിനാലും, സെബദിയുടെ മകനായ യാക്കോബ് വളരെ മുമ്പ് തന്നെ രക്തസാക്ഷിയായിത്തീർന്നതിനാലും, യോസേഫിന്റെ മകനും കർത്താവിന്റെ സഹോദരനുമായ യാക്കോബാണ് (മത്തായി 13:55; ഗലാത്യർ 1:19) ഈ ലേഖനത്തിന്റെ രചയിതാവെന്ന് പൊതുവിൽ വിശ്വസി ക്കപ്പെടുന്നു. ഈ വിശ്വാസത്തെ സാധൂകരിക്കുന്ന പല തെളിവുകളും തിരുവെഴുത്തിലുണ്ട്. ആദ്യമായി, യോസേഫിന് മറിയയിൽ യാക്കോബ് എന്ന പേരിൽ ഒരു മകൻ ഉണ്ടായിരുന്നതായി (മത്തായി 13:55; മർക്കൊസ് 6:3) ചില സുവിശേഷങ്ങളിൽ കാണുന്നുണ്ട്. തന്നെയുമല്ല, ഗലാത്യ ലേഖനത്തിൽ പൗലൊസ് ഈ യാക്കോബിനെ "കർത്താവിന്റെ സഹോദരൻ" എന്ന് വിശേഷിപ്പിക്കുന്നുമുണ്ട് (ഗലാ. 1:19). തന്റെ ഉയിർത്തെഴുന്നേൽപ്പിനു മുൻപ് വരെ കർത്താവിന്റെ സഹോദരന്മാർ കർത്താവിനെ മശിഹയായി അംഗീകരിച്ചില്ലായിരുന്നുവെങ്കിലും (യോഹ. 7:2–5) തന്റെ ഉയിർത്തെഴുന്നേൽപ്പിനു ശേഷം കർത്താവ് യാക്കോബിന് നേരിട്ട് പ്രത്യക്ഷനാവുകയും (1 കൊരി. 15:7) അങ്ങനെ കർത്താവിൽ വിശ്വസിച്ച യാക്കോബ് പിന്നീട് യെരൂശലേം സഭയിലെ ഒരു പ്രധാനിയാവുകയും ചെയ്തു (അ.പ്ര. 12:17; ഗലാ. 2:9).

ദൈവസഭയുടെ ആദ്യദശകങ്ങളിൽ, അതായത് AD 40–60 കാലഘട്ടത്തിൽ, ക്രിസ്തുമാർഗ്ഗത്തിന്റെ നേതൃത്വനിരയിലെ പ്രധാനി ഈ യാക്കോബ് ആയിരുന്നു. കർത്താവിന്റെ സഹോദരൻ എന്നുപോലും പറയാതെ തന്നെ ഈ യാക്കോബിനെ അക്കാലത്തെ വിശ്വാസസമൂഹം തിരിച്ചറിഞ്ഞിരുന്നു. പൗലൊസുപോലും ഈ യാക്കോബിനെ അപ്പൊസ്തലനായിട്ടാണ് പരിഗണിച്ചിരുന്നത് (1 കൊരി. 15:7 c.f. ഗലാ. 1:9). മാത്രമല്ല, ക്രൈസ്തവസഭയുടെ തൂണുകളായി അക്കാലത്ത് അറിയ പ്പെട്ടിരുന്ന യാക്കോബ്, പത്രൊസ്, യോഹന്നാൻ, എന്നിവരെ പൗലൊസ് പരാമർശിക്കുമ്പോൾ യാക്കോബാണ് പ്രഥമസ്ഥാനത്ത് നിൽക്കുന്നത് (ഗലാ. 2:9) അതുപോലെ തടവിൽനിന്നും താൻ അത്ഭുതകരമായി വിടുവിക്കപ്പെട്ട വിവരം ആദ്യം ഈ യാക്കോബിനെയും സഹോദര ന്മാരെയും അറിയിക്കുവാനാണ് പത്രൊസ് ആവശ്യപ്പെട്ടത് (അ.പ്ര. 12:17). ചില വർഷങ്ങൾക്കുശേഷം, ദൈവത്തിൽ നിന്നുള്ള നീതീക

രണം ലഭിക്കുന്നതിന് ക്രിസ്തുയേശുവിലുള്ള വിശ്വാസത്തോട് കൂടെ ന്യായപ്രമാണപ്രകാരമുള്ള ആചാരങ്ങൾ പാലിക്കേണ്ടത് ആവശ്യമാണോയെന്ന ചോദ്യം പരിഗണിക്കുന്നതിനായി അപ്പൊസ്തലന്മാരും മൂപ്പന്മാരും യെരൂശലേമിൽ കൂടിയ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചതും വിജാതീയ സഭകൾക്കുള്ള നിർദ്ദേശങ്ങൾ എഴുതി തയ്യാറാക്കിയതും കർത്താവിന്റെ സഹോദരനായ ഈ യാക്കോബായിരുന്നു (അ.പ്ര. 15:12-29).

കാരണം, ആ സമയംകൊണ്ട് യാക്കോബിന്റെ നേതൃത്വം അപ്പൊസ്തലന്മാരുടെ ഇടയിൽ അംഗീകരിക്കപ്പെട്ടിരുന്നു (അ.പ്ര. 15:20). ചില വർഷങ്ങൾക്കുശേഷം പൗലൊസും സംഘവും യെരൂശലേമിലേക്കു മടങ്ങിവന്നപ്പോൾ അവർ ആദ്യം സന്ദർശിച്ചത് ഈ യാക്കോബിനെയായിരുന്നു; മൂപ്പന്മാരെല്ലാവരും യാക്കോബിന്റെ അടുക്കലാണ് അന്നു വന്നുകൂടിയത് (അ.പ്ര. 21:18). മാത്രമല്ല. അപ്പൊസ്തലനായ പൗലൊസ് പോലും ചുരുങ്ങിയത് മൂന്ന് സന്ദർഭങ്ങളിൽ ഈ യാക്കോബിന്റെ നിർദ്ദേശപ്രകാരം പ്രവർത്തിച്ചതായി കാണുന്നു. (ഗലാ. 2:9; അ.പ്ര. 16:4,5; 21:18-26). തന്നെയുമല്ല, ക്രിസ്തുമാർഗ്ഗത്തിന്റെ ആദ്യകാല പ്രമാണികളായി പരിഗണിക്കപ്പെട്ടിരുന്ന പത്രൊസ്, യോഹന്നാൻ, പൗലൊസ് മുതലായ അപ്പൊസ്തലന്മാരുടെ പേരുകളൊന്നും യഹൂദചരിത്രക്കാരനായ യോസീഫസ്സ് തന്റെ ചരിത്രഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടില്ല; മറിച്ച്, കർത്താവിന്റെ സഹോദരനായ യാക്കോബിന്റെ പേര് മാത്രമാണ് താൻ പരാമർശിക്കുന്നത്. കാരണം അക്കാലത്ത് സഭയ്ക്ക് പുറത്ത് അറിയപ്പെട്ടിരുന്ന സഭയുടെ ഒരേയൊരു മുഖം ഈ യാക്കോബ് ആയിരുന്നു. ഈ യാക്കോബ് സഭയുടെ രക്തസാക്ഷിയായിത്തീർന്നതിന്റെ കാരണവും പ്രസ്തുത സംഭവവും യോസീഫസ്സ് തന്റെ ചരിത്രഗന്ഥത്തിൽ വിശദീകരിച്ചിട്ടുണ്ട്. മാത്രമല്ല, യാക്കോബിന്റെ മരണശേഷം (AD. 62) നാല് നൂറ്റാണ്ടുവരെ റോമൻ കത്തോലിക്ക സഭ പത്രൊസിനെ സഭയുടെ നേതൃസ്ഥാനത്തേക്ക് ഉയർത്തുന്നതുവരെയും, വിയോജിതസഭ (protestants) പൗലൊസിനെ സഭയുടെ നേതൃസ്ഥാനത്തേക്ക് ഉയർത്തുന്നതുവരെയും ക്രൈസ്തവ സഭയുടെ പിതാക്കന്മാർ ഈ യാക്കോബിനെയാണ് സഭയുടെ ആദ്യകാല നേതൃത്വനിരയിലെ പ്രധാനിയായി കണ്ടിരുന്നത്.

അപ്പൊസ്തലന്മാരും മൂപ്പന്മാരും യെരൂശലേമിൽ കൂടിയ യോഗ

ത്തിൽ അദ്ധ്യക്ഷത വഹിച്ചതും വിജാതീയ സഭകൾക്കുള്ള നിർദ്ദേശങ്ങൾ എഴുതി തയ്യാറാക്കിയതും കർത്താവിന്റെ സഹോദരനായ ഈ യാക്കോബ് ആയിരുന്നത് കൊണ്ടാണ് ജാതികളിൽനിന്നു വേർപെട്ട് വന്നവർക്കും (അ.പ്ര. 15:12-29) യഹൂദന്മാരിൽനിന്ന് വേർപ്പെട്ട് വന്നവർക്കുമുള്ള (യാക്കോബ് 1:1) അഭിവാദ്യത്തിൽ ഒരേ ശൈലി കാണുന്നത്. എന്നാൽ അ.പ്ര. 15 ലെ വിഷയങ്ങൾ ഒന്നും തന്നെ യാക്കോബ് എഴുതിയ ഈ ലേഖനത്തിൽ പരാമർശിക്കപെടാതിരിക്കുന്നതിന്റെ കാരണം ദൈവസഭയിൽ യഹൂദന്മാരിൽനിന്ന് വേർപ്പെട്ടവർ മാത്രം വിശ്വാസികളായി ഉണ്ടായിരുന്ന കാലഘട്ടത്തിൽ ലേഖനം എഴുതപ്പെട്ടതുകൊണ്ടാണ്. അങ്ങനെ നോക്കുമ്പോൾ AD 44-49 വരെയുള്ള കാലഘട്ടത്തിനിടയിൽ യെരൂശലേമിൽ വെച്ച് കർത്താവിന്റെ സഹോദരനായ യാക്കോബ് ഈ ലേഖനം എഴുതിയെന്നാണ് മനസ്സിലാക്കുവാൻ സാധിക്കുന്നത്.

ലേഖകൻ കർത്താവിന്റെ സഹോദരനായിരുന്നുവെങ്കിലും, ഉയിർത്തെഴുന്നേറ്റ കർത്താവിനെ താൻ കണ്ടുവെങ്കിലും, ഈ ലേഖനമെഴുതുമ്പോൾ യെരൂശലേം സഭയിലെ ഒരു പ്രധാനിയെങ്കിലും, തർക്കസംഗതികൾ പരിഹരിക്കുന്നതിനുള്ള ഒരു പ്രധാന യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുവെങ്കിലും, ലേഖകൻ അനുവാചകർക്ക് തന്നെത്താൻ പരിചയപ്പെടുത്തുന്നത് ഈ നിലയിലൊന്നുമല്ല, മറിച്ച് **"ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്തുവിന്റെയും"** ദാസൻ എന്നാണ്; എന്നാൽ "ദാസൻ" എന്ന വാക്ക് യവനസംസ്കാരത്തിന്റെ അടിസ്ഥാനത്തിലല്ല. മറിച്ച്, യഹൂദാസംസ്കാരത്തിന്റെ അടിസ്ഥാനത്തിലാണ് മനസ്സിലാക്കേണ്ടത്. അവിടെ ദാസൻ എന്നത് ഒരു താഴ്ന്ന പദവിയായിട്ടല്ല, മറിച്ച്, യജമാനനോടുള്ള സ്നേഹം നിമിത്തം യജമാനനെ പൂർണ്ണ മനസ്സോടെ എന്നേക്കും സേവിക്കാൻ തന്നെത്താൻ സമർപ്പിച്ച ഒരു എബ്രായ ദാസന്റെ പ്രതീകമായിട്ടും (പുറ. 21:6 c.f. സങ്കീർത്തനം 40:6), യിസ്രായേലിന്റെ ചരിത്രത്തിൽ വലിയ പദവിയും സ്ഥാനവും വഹിച്ചിരുന്ന മോശെ (ആവ. 34:5) ദാവീദ് (2 ശമൂവേൽ 7:5) ഏലീയാവ് (2 രാജാ. 10:10) മുതലായ ദൈവദാസന്മാർക്കും ദൈവത്തിന്റെ അരുളപ്പാട് അറിയിച്ചിരുന്ന പ്രവാചകന്മാർക്കും (യിരെ. 7:25; 44:4; ആമോസ് 3:7) വചനത്തിന്റെ ശുശ്രൂഷകാർക്കും (റോമർ 1:2; ഗലാ. 1:19) ലഭിച്ചതുപോലെ ആദരവും പദവിയുമുള്ള ഒരു സ്ഥാനപ്പേരായിട്ടാണ് യാക്കോബ്

ഈ വാക്ക് ഇവിടെ ഉപയോഗിക്കുന്നത്.

## ലേഖനത്തിന്റെ പ്രഥമ അനുവാചകർ

**"ചിതറിപാർക്കുന്ന പന്ത്രണ്ട് ഗോത്രങ്ങൾക്കും വന്ദനം"** (യാക്കോബ് 1:1)

**"പന്ത്രണ്ട് ഗോത്രങ്ങൾ"** എന്നത് യിസ്രായേൽ ജനതയ്ക്ക് മൊത്തത്തിലുള്ള ഒരു മറുപേരായിട്ടാണ് ഇരിക്കുന്നത് (മത്തായി 19:28; യോഹ. 7:35; അ.പ്ര. 26:7; വെളി. 7:4). ശലോമോൻ രാജാവിന് ശേഷം യിസ്രായേൽ, തെക്കേദേശം വടക്കേദേശം എന്നനിലയിൽ രണ്ട് രാജാക്കന്മാരുടെ കീഴിൽ വേർപിരിഞ്ഞ് കുറെ കാലം ഭരിച്ചുവെങ്കിലും പിന്നീട് വിജാതിയർ അവരെ അടിമകളാക്കുകയും ലോകത്തിന്റെ വിവിധ കോണുകളിലേക്ക് അവർ ചിതറിക്കപ്പെടുകയും ചെയ്തുവെങ്കിലും ദൈവത്തിന്റെ ദൃഷ്ടിയിൽ യിസ്രായേൽ പന്ത്രണ്ട് ഗോത്രങ്ങളായി തന്നെ ഇന്നും നിലനിൽക്കുന്നുവെന്നതാണ് യാക്കോബ് തന്റെ അഭിവാദ്യത്തിലൂടെ വ്യക്തമാക്കുന്നത് (റോമർ 11:1, 2,5).

വിജാതീയ അധിനിവേശത്താൽ പ്രവാസത്തിലേക്കു പോയ യഹൂദ മടങ്ങിവന്നെങ്കിലും യിസ്രായേൽ മടങ്ങിവന്നില്ല (2 രാജാ. 17:6, 20-23). വിഗ്രഹാരാധനയിലൂടെയും അശൂർ പ്രവാസത്തിലൂടെയും നഷ്ടപ്പെട്ടുവെന്ന് പറയപ്പെടുന്ന വടക്കേദേശത്തിലെ 10 ഗോത്രങ്ങൾ വാസ്തവത്തിൽ നഷ്ടപ്പെട്ടിട്ടില്ല, മറിച്ച്, വടക്കേദേശം പ്രവാസത്തിലേക്ക് പേകുന്നതിനു മുമ്പും പ്രവാസത്തിലേക്കു പോയശേഷവും യഹോവയെ സേവിച്ചിരുന്ന ഒരു ശേഷിപ്പ് ആരാധനക്കായി യെരുശലേമിലേക്ക് പോകുകയും തെക്കേദേശത്തിലെ ഗോത്രങ്ങളോട് ചേർന്ന് ജീവിക്കുകയും ചെയ്തു; അവരാണ് പന്നീട് 10 ഗോത്രങ്ങളുടെ പ്രതിനിധികളായിതീർന്നത് (2 ദിന. 11:14-17; 30:1, 10,11; 34;9). AD 70 ൽ അവർ വീണ്ടും ചിതറിപോയെങ്കിലും ഭാവിയിൽ ദൈവം അവരെ ഭൂമിയുടെ അറുതികളിൽനിന്ന് കൂട്ടിചേർക്കുമെന്ന് വചനം പറയുന്നുണ്ട് (യെശ. 11:12; യെഹെ. 37:15-22; വെളി. 7:5-8).

എന്നാൽ **"ചിതറിപാർക്കുന്ന"** വർ എന്നതുകൊണ്ട് യാക്കോബ് ഇവിടെ ഉദ്ദേശിക്കുന്നത് അധിനിവേശത്തിലൂടെയും പ്രവാസത്തിലൂടെയും പലസ്തീനുപുറത്ത് ചിതറിപാർക്കുന്ന യഹൂദന്മാർ എന്ന

അർത്ഥത്തിലല്ല, പ്രത്യുത, ക്രിസ്തുയേശുവിലുള്ള വിശ്വാസം നിമിത്തമുണ്ടായ ഉപദ്രവത്താൽ പലസ്ഥീനുപുറത്ത് ചിതറിപാർക്കുന്ന യെഹൂദക്രിസ്ത്യാനികൾ എന്ന അർത്ഥത്തിലാണ്. കാരണം, പെന്തക്കോസ്തുനാളിൽ വലിയ അടയാളങ്ങളോടുകൂടെ ആത്മാവ് ഇറങ്ങി വരികയും സ്വദേശീയരായ യഹൂദന്മാരും, പെരുന്നാളിൽ പങ്കെടുക്കാനായി യെരൂശലേമിൽ വന്നു പാർത്തിരുന്ന പലസ്തീൻകാരല്ലാത്ത അനേകം യഹൂദന്മാരും കർത്താവായ യേശുവിൽ വിശ്വസിച്ച് കർത്താവിന്റെ സഭയിലെ അംഗങ്ങളായി ചില നാളുകൾ യെരൂശലേമിൽ തന്നെ പാർത്തുവെങ്കിലും (അ.പ്ര. 2:5–11, 42–47), സ്തേഫാനോസിന്റെ മരണത്തെ തുടർന്നുണ്ടായ വലിയ ഉപദ്രവം ഹേതുവായി അവരെല്ലാം ചിതറിപോവുകയും അ.പ്ര. 8:1 c.f. 12:1), യെരൂശലേമിലെ സഭാമൂപ്പൻ എന്ന നിലയിൽ യാക്കോബിൽനിന്നും അവർക്ക് ലഭിച്ചിരുന്ന ആത്മീയനടത്തിപ്പും ശുശ്രൂഷയും നഷ്ടപ്പെടുകയും ചെയ്തിരുന്നു. ഇക്കാരണത്താലും, വിശ്വാസജീവിതത്തിൽ അവർ അനുഭവിക്കുന്ന വിവിധ പരീക്ഷകൾ അവരുടെ വിശ്വാസത്തിന്റെ നിജസ്ഥിതി പരിശോധിക്കുവാനുള്ള വിവിധ പരിശോധനകളാണെന്ന് തിരിച്ചറിഞ്ഞ് അതിനെ സന്തോഷത്തോടെ അഭിമുഖീകരിക്കുവാൻ അവരെ പ്രാപ്തരാക്കുവാനുമാണ് ചിതറിപാർക്കുന്ന 12 ഗോത്രങ്ങൾക്കും യാക്കോബ് ഈ ലേഖനം എഴുതുന്നത്.

## ലേഖനത്തിന്റെ പ്രധാനവിഭജനം

ക്രിസ്തുവിശ്വാസികളായി അറിയപ്പെടുന്ന അനേകരും തങ്ങൾ യഥാർത്ഥവിശ്വാസികളാണെന്ന് സ്വയം കരുതുന്നവരും അവകാശപ്പെടുന്നവരുമാണ്. എന്നാൽ ഇങ്ങനെയുള്ളവർ തങ്ങളുടെ വിശ്വാസത്തിന്റെ നിജസ്ഥിതി പരിശോധിക്കേണ്ടതാണെന്ന് വചനം വ്യക്തമായി പറയുന്നു (2 കൊരി. 13:5). കാരണം, പരിശോധനയിലൂടെ മൂല്യം തെളിയിക്കപ്പെടുന്ന വിശ്വാസം മാത്രമേ യഥാർത്ഥ വിശ്വാസമായി അംഗീകരിക്കപ്പെടുകയുള്ളൂ (1 പത്രൊസ് 1:7). യഥാർത്ഥ **വിശ്വാസത്തിന്റെ വിവിധ പരിശോധനകളും** അതിന്റെ തെളിവുകളുമാണ് യാക്കോബിന്റെ ലേഖനത്തിലുടനീളം കാണുന്നത്. വിഷയക്രമമനുസരിച്ച് താഴെ കാണുന്നതുപോലെ ഈ ലേഖനത്തെ വിഭജിക്കാവുന്നതാണ്.

1. പരിശോധനയിൽ സ്ഥിരത (സഹനശക്തി) (1:2-12)

2. പരിശോധനയിൽ ദൈവത്തെ കുറ്റപ്പെടുത്താത്ത ജീവിതം (1:13-18)

3. പരിശോധനയിൽ വചനത്തോട് ശരിയായി പ്രതികരിക്കുന്ന സ്വഭാവം (1:19-27)

4. പരിശോധനയിൽ മുഖപക്ഷം കൂടാതെയുള്ള പെരുമാറ്റം (2:1-13)

5. പരിശോധനയിൽ വിശ്വാസത്തിനനുസൃതമായ പ്രവർത്തി (2:14-26)

6. പരിശോധനയിൽ സംഭാഷണമിതത്വം (3:1-12)

7. പരിശോധനയിൽ ദൈവികജ്ഞാനം (3:13-18)

8. പരിശോധനയിൽ ലോകത്തോടുള്ള വിരക്തി (4:1-10)

9. പരിശോധനയിൽ ദൂഷണം കൂടാതെയുള്ള ജീവിതം (4:11-12)

10. പരിശോധനയിൽ ദൈവാശ്രയമുള്ള ജീവിതം (4:13-17)

11. പരിശോധനയിൽ യോഗ്യമായ ധനസമ്പാദനവും ധനവിനിയോഗവും (5:1-6)

12. പരിശോധനയിൽ സഹിഷ്ണുത (5:7-11)

13. പരിശോധനയിൽ സത്യസന്ധത (5:12)

14. പരിശോധനയിൽ പ്രാർത്ഥന (5:13:20)

# 1

# പരിശോധനയിൽ സ്ഥിരത (സഹനശക്തി)

"എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധപരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ. എന്നാൽ നിങ്ങൾ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിനു സ്ഥിരതക്കു തികഞ്ഞ പ്രവൃത്തി ഉണ്ടാകട്ടെ. നിങ്ങളിൽ ഒരുത്തന്നു ജ്ഞാനം കുറവാകുന്നു എങ്കിൽ ഭർത്സിക്കാതെ എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്നവനായ ദൈവത്തോടു യാചിക്കട്ടെ; അപ്പോൾ അവനു ലഭിക്കും. എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കണം: സംശയിക്കുന്നവൻ കാറ്റടിച്ചു അലയുന്ന കടൽതിരക്കു സമൻ. ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽ നിന്നു വല്ലതും ലഭിക്കും എന്നു നിരൂപിക്കരുത്. ഇരുമനസ്സുള്ള മനുഷ്യൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു. എന്നാൽ എളിയ സഹോദരൻ തന്റെ ഉയർച്ചയിലും ധനവാനോ പുല്ലിന്റെ പൂപോലെ ഒഴിഞ്ഞുപോകുന്നവനാകയാൽ തന്റെ എളിമയിലും പ്രശംസിക്കട്ടെ. സൂര്യൻ ഉഷ്ണക്കാറ്റോടെ ഉദിച്ചിട്ടു പുല്ലു ഉണങ്ങി പൂവുതിർന്നു അതിന്റെ രൂപഭംഗി കെട്ടു പോകുന്നു. അതുപോലെ ധനവാനും തന്റെ പ്രയത്നങ്ങളിൽ വാടി പോകും. പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷ കർത്താവു തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും." (യാക്കോബ് 1:2-12).

ക്രിസ്തുവിശ്വാസികൾ ഇഹലോകജീവിതത്തിൽ പലവിധ പരീക്ഷ

കളിലൂടെയും പരിശോധനകളിലൂടെയും കടന്നുപോകുന്നവരാണ്. കാരണം ഈ ലോകത്തിന്റെ വ്യവസ്ഥിതിയും ഈ ലോകത്തിന്റെ അധിപതിയും അവർക്കെതിരാണ്. എന്നാൽ ദൈവികവീക്ഷണത്തിൽ, ക്രിസ്തുവിശ്വാസികൾ കടന്നുപോകുന്ന പരീക്ഷകളെല്ലാം വിശ്വാസത്തിന്റെ വിവിധപരിശോധനകളാണ്; പരിശോധനയിലൂടെ ആർജ്ജിക്കുന്ന സ്ഥിരത (സഹനശക്തി) ഒരു ആത്മീയ ഗുണവും യഥാർത്ഥ വിശ്വാസത്തിന്റെ അടയാളവുമാണ്. വിശ്വാസജീവിതത്തിലെ പരിശോധനകൾ നന്മക്കായി ദൈവം അനുവദിക്കുന്ന പദ്ധതികളാണെന്നറിഞ്ഞ് അതിനെ ക്ഷമയോടെ വഹിക്കുകയും സഹിക്കുകയും ചെയ്യുന്ന ശീലമാണ്-സ്വഭാവമാണ് സ്ഥിരത അഥവാ സഹനശക്തി. യഥാർത്ഥ വിശ്വാസികൾക്കെല്ലാം സ്ഥിരത ആർജ്ജിക്കുവാനുള്ള ആന്തരിക ശക്തിയുണ്ട്.

എന്നാൽ പരിശോധനയിലൂടെ കടന്നുപോയാൽ മാത്രമേ അത് ആർജ്ജിക്കുവാനും വെളിപ്പെടുത്തുവാനും വിശ്വാസിക്ക് കഴിയുകയുള്ളൂ.

അതുകൊണ്ട് സ്ഥിരത എങ്ങനെ ഉണ്ടാകുന്നു; സ്ഥിരതയുടെ ആവശ്യമെന്താണ്; സ്ഥിരതയുടെ അടയാളമെന്താണ്; സ്ഥിരതയുടെ അനുഗ്രഹമെന്താണ് ഇത്യാദികാര്യങ്ങളാണ് 1:2-12 വാക്യങ്ങളിൽ യാക്കോബിന്റെ പ്രതിപാദ്യവിഷയം.

## I. സ്ഥിരതയുടെ അടിസ്ഥാനം (2-3)

**"എന്റെ സഹോദരന്മാരേ, നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ."**

പരീക്ഷകളും പരിശോധനകളുമാണ് സ്ഥിരതയുടെ അടിസ്ഥാനം. അതുകൊണ്ട് ഇങ്ങനെയുള്ള സാഹചര്യങ്ങളും അവസരങ്ങളും സംജാതമാകുമ്പോൾ അതിനെയെല്ലാം സന്തോഷമായി എണ്ണുവാനുള്ള ആഹ്വാനമാണ് യാക്കോബ് അനുവാചകർക്ക് സഹോദരസ്നേഹത്തിൽ നൽകുന്നത്. ഇതോടുള്ള ബന്ധത്തിൽ പരീക്ഷകളെയും പരിശോധനകളെയും സന്തോഷമായി എണ്ണുന്നതിനുള്ള സമയം ആവശ്യം കാരണം മുതലായ കാര്യങ്ങളാണ് തുടർന്ന് പരാമർശിക്കപ്പെടുന്നത്.

### A. പരിശോധനയെ സന്തോഷമായി എണ്ണേണ്ട സമയം ( v. 2 )

**"നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ":**

പല തരത്തിലുള്ളതും പല തലത്തിലുള്ളതും പല മുഖാന്തരങ്ങളിൽ നിന്നുള്ളതുമായ വിവിധ പരീക്ഷകളിലൂടെ വിശ്വാസികൾ കടന്നുപോകേണ്ടിവരും; അതു വിമർശനം ആരോപണം ആക്ഷേപം അക്രമം പരിഹാസം വ്യാജവർത്തമാനം ഉപദ്രവം മുതലായതോ ഇവക്ക് സമാനമായതോ ആകാം; അത് സമൂഹത്തിൽനിന്നും സഭയിൽനിന്നും കുടുംബത്തിൽനിന്നും ആകാം; അത് കഷ്ടമോ നഷ്ടമോ രോഗമോ മരണമോ ആകാം; അത് സാമ്പത്തികമോ, ശാരീരികമോ, മാനസികമോ ആകാം.

**"അകപ്പെടുക"** എന്നതിന് അപ്രതീക്ഷിതമായി പെട്ടെന്ന് വീഴുക എന്നാണർത്ഥം. ലൂക്കൊസ് എഴുതിയ സുവിശേഷത്തിൽ ഈ വാക്ക് ഉപയോഗിച്ചിരിക്കുന്ന ഒരു സന്ദർഭം ഇത്തരുണത്തിൽ ശ്രദ്ധേയമാണ്; "ഒരു മനുഷ്യൻ യെരൂശലേമിൽനിന്ന് യരീഹോവിലേക്കു പോകുമ്പോൾ കള്ളന്മാരുടെ കൈയിൽ 'അകപ്പെട്ടു'..." (ലൂക്കൊസ 10:30) എന്ന് പറയുന്നതുപോലെയുള്ള അവിചാരിതവും അപ്രതീക്ഷിതവും പെട്ടെന്ന് ഉണ്ടാകുന്നതുമായ കഷ്ടങ്ങളിലും നഷ്ടങ്ങളിലും പ്രയാസങ്ങളിലും പ്രതിസന്ധികളിലും വിശ്വാസികൾ അകപ്പെട്ടുപോകുന്നതിനെയും, ചിതറിപാർക്കുന്ന ദൈവജനം യദൃശ്ചയാ അഭിമുഖീകരിക്കുന്ന പ്രതികൂലങ്ങളെയും ഇത് സൂചിപ്പിക്കുന്നു (മത്തായി 7:24-27).

അനുകൂലസാഹചര്യങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന അനുഭവങ്ങളെ സന്തോഷമായി കാണുവാനും കണക്കിടുവാനും കഴിവുള്ളവർ ഉണ്ടാകാം; എന്നാൽ പ്രതികൂലസാഹചര്യങ്ങളിൽ അവിചാരിതമായി പെട്ടെന്നുണ്ടാകുന്ന തിക്താനുഭവങ്ങളെ ദീർഘവീക്ഷണത്തിൽ സന്തോഷമായി എണ്ണുവാൻ ദൈവഭക്തർക്ക് മാത്രമേ കഴിയുകയുള്ളൂ (ഇയ്യോബ് 1:13-22).

മാത്രമല്ല, ഇവിടെ, **"നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ"** എന്നതിന് അകപ്പെടുമ്പോൾ ഒക്കെയും എന്നാണർത്ഥം. അതുകൊണ്ട് ദൈവപക്ഷത്തുള്ള ഒരു വ്യക്തി തന്റെ ജീവിതത്തിൽ അനുഭവിക്കുന്നതും അഭിമുഖീകരിക്കുന്നതുമായ സാമൂഹികവും സാമ്പത്തികവും ശാരീരികവുമായ എല്ലാ ഉയർച്ചകളും താഴ്ചകളും, നേട്ടങ്ങളും നഷ്ടങ്ങളും, ആരോഗ്യവും രോഗവും, സഹായികളും പ്രതിയോഗികളും, അവസരങ്ങളും പ്രതിസന്ധികളും ആ വ്യക്തിക്കുവേണ്ടി അഥവാ ആ വ്യക്തിയിലൂടെ ദൈവിക പദ്ധതി നിറവേറ്റുവാൻ ദൈവം അനുവദിച്ച

വിവിധ ഘടകങ്ങളാണ്, അർത്ഥാൽ വിവിധ പരീക്ഷകളും പരിശോധനകളുമാണ് (eg. അബ്രഹാം, യോസേഫ്, മോശെ, ദാവീദ്, ദാനിയേൽ c.f. റോമർ 8:28; എബ്രാ. 11:17–38).

## B. പരിശോധനയെ സന്തോഷമായി എണ്ണേണ്ട വിധം (v. 3)

**''അശേഷം സന്തോഷം എന്നു എണ്ണുവിൻ''**:

പരീക്ഷയെയും പരിശോധനയെയും അഭിമുഖീകരിക്കുന്നത് സന്തോഷമായി എണ്ണുവാൻ സ്വാഭാവിക പ്രവണതയനുസരിച്ച് ഒരു മനുഷ്യനും കഴിയുകയില്ല. മറിച്ച്, ദുഃഖവും മൂകതയും നിരാശയും പിറുപിറുപ്പുമായിരിക്കും സ്വാഭാവിക പ്രതികരണം. എന്നാൽ യഥാർത്ഥ വിശ്വാസികൾ ഇതുപോലെയുള്ള സാഹചര്യങ്ങളിൽ സാധാരണ മനുഷ്യരിൽനിന്നും തികച്ചും വ്യത്യസ്തമായി പ്രതികരിക്കാൻ പ്രാപ്തരാണ്; അതുകൊണ്ടാണ് പരീക്ഷകളിൽ അകപ്പെടുന്നതിനെ **"അശേഷം സന്തോഷം എന്ന് എണ്ണുവിൻ"** എന്നത് ആജ്ഞയായി തന്നിരിക്കുന്നത്. എന്നാൽ വചനം ഈ വിധത്തിൽ പറയുന്നതുകൊണ്ട് വിവിധ പരീക്ഷയിലൂടെ കടന്നുപോകുന്ന ദൈവജനം എപ്പോഴും സന്തോഷമുള്ളവരായി നടിക്കണമെന്നോ ഒന്നും സംഭവിക്കാത്തതുപോലെ എപ്പോഴും ഇരിക്കണമെന്നോ എല്ലാം മറന്ന് സന്തോഷിക്കണമെന്നോ വചനം ഉദ്ദേശിക്കുന്നില്ല; മറിച്ച്, വിശ്വാസത്തെ പരിശോധിക്കുന്ന ഇങ്ങനെയുള്ള അവസരങ്ങളും അനുഭവങ്ങളും യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമായ സ്ഥിരത ഉളവാക്കുന്നുവെന്നറിഞ്ഞു തേജസ്സിലേക്കുള്ള പരിശീലനത്തിന്റെ ഭാഗമാണെന്നറിഞ്ഞും അന്ത്യകാലത്തുള്ള ദൈവത്തിന്റെ ഇടപെടലിന്റെ പ്രത്യാശയിലും അശേഷം സന്തോഷമായി എണ്ണണമെന്നാണ് ദൈവം തന്റെ മക്കളെക്കുറിച്ച് ആഗ്രഹിക്കുന്നത് (മത്തായി 5:10–15; 1 പത്രൊസ് 4:12–16; ഹബക്കൂക്ക് 13:17,18; അ.പ്ര. 5:41; എബ്രാ. 10:34) പരീക്ഷകളിൽ അകപ്പെടുന്നത് സന്തോഷമാണെന്ന് യാക്കോബ് പറയുന്നില്ല; എന്നാൽ അങ്ങനെ കണക്കിടണമെന്നാണ് പറയുന്നത്. കാരണം ഇത് കാഴ്ചക്കാരന്റെ സന്തോഷമല്ല, ഓട്ടത്തിൽ വിജയിച്ചവന്റെ സന്തോഷമാണ്.

ഐഹികജീവിതത്തിൽ മനുഷ്യന് പ്രധാനമായും രണ്ട് അക്കൗണ്ട്സ് (accounts) ആണുള്ളത്. ഒന്ന് സന്താപത്തിന്റെയും മറ്റൊന്ന് സന്തോഷത്തിന്റെയും; ജീവിതത്തിലെ വേദനാജനകമായ അനുഭവങ്ങളെയെല്ലാം മനുഷ്യൻ സന്താപത്തിന്റെ അക്കൗണ്ടിലാണ് ഉൾപ്പെടുത്തുക; എന്നാൽ

ആനന്ദം തരുന്ന അനുഭവങ്ങളെയെല്ലാം സന്തോഷത്തിന്റെ അക്കൗണ്ടിലാണ് ഉൾപ്പെടുത്തുന്നത്. എന്നാൽ വിശ്വാസജീവിതത്തിലെ പരീക്ഷകളുടെയും പരിശോധനകളുടെയും വേളകളെ **"അശേഷം"** (പൂർണ്ണ) സന്തോഷത്തിന്റെ മറ്റൊരു അക്കൗണ്ടിലാണ് നിക്ഷേപിക്കേണ്ടത്; കാരണം, അത് നിത്യതേജസ്സിലേക്കുള്ള മുതൽക്കൂട്ടാണ് (റോമർ 8:17).

മാത്രമല്ല, പരീക്ഷയേയും പരിശോധനയേയും സന്തോഷമായി എണ്ണുന്നതിന് കർത്താവ് എല്ലാവർക്കും മാതൃകയാണ്. അതുകൊണ്ടാണ് അവൻ, "തന്റെ മുൻപിൽ വെച്ചിരുന്ന സന്തോഷം ഓർത്ത് അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും... ചെയ്തു" (എബ്രാ. 12:2) എന്ന് എഴുതിയിരിക്കുന്നത്.

## C. പരിശോധനയെ സന്തോഷമായി എണ്ണേണ്ടതിന്റെ കാരണം (v. 3)

**''നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നു അറിഞ്ഞു...''**

**"പരിശോധന"** എന്നുള്ളത് ഏതെങ്കിലും ഒന്നിന്റെ ബലവും തുടർമാനതയും വിശ്വാസ്യതയും ഗുണവും മൂല്യവും സ്ഥിരീകരിക്കുന്നതിനുള്ള പരിശോധനയാണ്. അതായത്, ഒരാൾക്ക് ക്രിസ്തുവിലുള്ള ഭക്തി, കൂറ്, സ്നേഹം വിശ്വാസം എന്നിവ വ്യാജമാകുന്നുവോ യഥാർത്ഥമാകുന്നുവോ, താല്ക്കാലികമാകുന്നുവോ നിലനില്ക്കുന്നതാകുന്നുവോ എന്ന് സ്ഥിരീകരിക്കാനുള്ള പരിശോധനയാണ്. യഥാർത്ഥ വിശ്വാസമുണ്ടെന്ന് അവകാശപ്പെടുന്നവർ പരിശോധനയിലൂടെ കടന്നുപോകുമ്പോൾ മാത്രമേ അവരുടെ വിശ്വാസത്തിന്റെ നിജസ്ഥിതി തങ്ങൾക്കും മറ്റുള്ളവർക്കും ബോധ്യപ്പെടുകയുള്ളൂ.

ഇക്കാര്യമാണ് മണലിന്മേൽ അടിസ്ഥാനമിട്ട് വീട് പണിത മനുഷ്യന്റെയും പാറമേൽ അടിസ്ഥാനമിട്ട് വീട് പണിത മനുഷ്യന്റെയും ഉപമയിലൂടെ കർത്താവ് വ്യക്തമാക്കിയത് (മത്തായി 7:24-27). ഇവിടെ രണ്ട് മനുഷ്യർ വീട് പണിയുവാൻ ആരംഭിച്ചു. ഒരുവൻ മണലിന്മേൽ അടിസ്ഥാനമിട്ട് പണിയുന്നു; മറ്റൊരുവൻ പാറമേൽ അടിസ്ഥാനമിട്ട് പണിയുന്നു; എന്നാൽ അപ്രതീക്ഷിതമായി വൻമഴ ചൊരിഞ്ഞു നദികൾ പൊങ്ങി കാറ്റ് അടിച്ചു ആ വീട്ടിന്മേൽ അലച്ചപ്പോൾ മണലിൻമേൽ അടിസ്ഥാനമിട്ട വീട് വീണുപോയി; എന്നാൽ പാറമേൽ അടി

സ്ഥാനമിട്ട വീടിനും അപ്രതീക്ഷിതമായി പ്രതികൂലത്തെ അഭിമുഖീകരി ക്കേണ്ടിവന്നുവെങ്കിലും അത് പരിശോധനയിൽ നിലനിന്നുവെന്ന് കാണുന്നു.

കർത്താവ് ഇങ്ങനെ പറയുവാൻ കാരണം "തല്ക്കാലം വിശ്വസി ക്കയും പരീക്ഷാസമയത്ത് പിൻവാങ്ങി പോകുകയും" ചെയ്യുന്ന വ്യാജ വിശ്വാസികൾ ഉള്ളതുകൊണ്ടാണ് (ലൂക്കൊസ് 8:13). അങ്ങനെയുള്ള വരെക്കുറിച്ചാണ് "അവർ നമ്മുടെ ഇടയിൽനിന്ന് പുറപ്പെട്ടു എങ്കിലും നമുക്കുള്ളവർ ആയിരുന്നില്ല; അവർ നമുക്കുള്ളവർ ആയിരുന്നു എങ്കിൽ നമ്മോടുകൂടെ പാർക്കുമായിരുന്നു" എന്ന് യോഹന്നാൻ പറയുന്നത് (1 യോഹ. 2:19).

എന്നാൽ യഥാർത്ഥ വിശ്വാസികൾക്ക് വിശ്വാസത്തിന്റെ പരിശോധന വിശ്വാസത്തിന്റെ അടയാളമായ സ്ഥിരതയെ ഉളവാക്കുന്നു (1 പത്രൊസ് 5:10); മാത്രമല്ല ഈ തിരിച്ചറിവും അവർക്കുണ്ട്. അതുകൊണ്ടാണ് നിങ്ങ ളുടെ വിശ്വാസത്തിന്റെ പരിശോധന... **"അറിഞ്ഞ്..."** എന്ന് പറയുന്നത്. പരിശോധനകൾ പലതരത്തിലും പലതലത്തിലും പല രൂപത്തിലും പലഭാവത്തിലും ഉള്ളതെങ്കിലും, പരിശോധനയിലൂടെ ദൈവം കടത്തി വിടുന്നത് വിശ്വാസിയുടെ നന്മയ്ക്കുവേണ്ടിയാണ്. കാരണം ഓരോ പരീക്ഷയും കൂടിയ അളവിൽ സ്ഥിരത കൈവരിച്ച് കൂടിയ പരീക്ഷ കൾക്ക് പ്രാപ്തർ ആക്കുന്നു. പരീക്ഷകൾ എത്ര സങ്കീർണ്ണമായാലും വിശ്വാസികൾ എത്ര മാത്രം അതിൽ അകപ്പെട്ടുപോയാലും അത് ദൈവ ത്തിന്റെ പദ്ധതിയിലും നിയന്ത്രണത്തിലുമാണെന്ന ബോധ്യവും തന്റെ നന്മയ്ക്കുവേണ്ടിയാണെന്നുള്ള തിരിച്ചറിവുമാണ് വിവിധ പരീക്ഷകളി ലൂടെ കടന്നുപോകുമ്പോൾ അതിനെ അശേഷം സന്തോഷമായി എണ്ണു വാൻ ഇടയാക്കുന്നത്. അതുകൊണ്ടാണ് "നിങ്ങൾ ഇപ്പോൾ അല്പനേര ത്തേക്കു നാനാപരീക്ഷകളാൽ ദുഃഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദി ക്കുന്നു" എന്നും (പത്രൊസ് 1:6), "കഷ്ടത സഹിഷ്ണുതയേയും സഹിഷ്ണുത സിദ്ധതയേയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു എന്നറിഞ്ഞ് നാം കഷ്ടങ്ങളിലും പ്രശംസിക്കുന്നു" (റോമർ 5:3 c.f. സങ്കീ. 66:10; സെഖ. 13:9) എന്നും, "നിങ്ങൾ സഹിക്കുന്ന സകല ഉപദ്രവ ങ്ങളിലും കഷ്ടങ്ങളിലുമുള്ള നിങ്ങളുടെ സഹിഷ്ണുതയും വിശ്വാസവും... ദൈവരാജ്യത്തിന് നിങ്ങളെ യോഗ്യരായി എണ്ണും എന്നിങ്ങനെ ദൈവ ത്തിന്റെ നീതിയുള്ള വിധിക്ക് അടയാളം ആകുന്നു" എന്നും വചനം പറയുന്നത് (2 തെസ്സ. 1:4,5).

## II. സ്ഥിരതയുടെ ആവശ്യം (v. 4)

''**ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സംമ്പൂർണ്ണരും ആകേണ്ടതിന്**''. ദൈവം തന്റെ ജനത്തെ വിവിധ പരീക്ഷകളിലൂടെ കടത്തിവിടുന്നത് സ്വന്തം കഴിവ് ഓരോ വ്യക്തിയേയും ബോധ്യപ്പെടുത്തുന്നതിനും കർത്താവിനോടുള്ള കൂറും സ്നേഹവും വെളിപ്പെടുത്തുന്നതിനും, ദൈവമുമ്പാകെ തന്നെത്താൻ താഴ്ത്തുന്നതിനും, വിശ്വാസിയെ ലോകത്തിൽനിന്നും വേർപിരിക്കുന്നതിനും, ദൈവിക സ്നേഹത്തെയും കരുതലിനെയും ശക്തിയെയും പഠിപ്പിക്കുന്നതിനും അങ്ങനെ ആത്മിക ധാർമ്മിക ഗുണങ്ങളിൽ അവരെ ഒരു കുറവുമില്ലാതെ തികഞ്ഞവരും സംമ്പൂർണ്ണരും ആക്കേണ്ടതിനാണ് (കൊലൊ. 1:28; 1 തെസ്സ. 5:23), പൂർണ്ണ മനുഷ്യരാക്കി ഉയർത്തി ഊനമില്ലാത്ത അവസ്ഥയിൽ രാജാവിന് പ്രസാദമുള്ള ഉപഹാരമായി സമർപ്പിക്കേണ്ടതിനാണ് (എഫെ. 5:26,27; യാക്കോബ് 1:18; എബ്രാ. 2:13). എന്നാൽ ദൈവം ആഗ്രഹിക്കുന്ന നിലവാരത്തിലേക്കു വിശ്വാസികൾ ഉയരണമെങ്കിൽ "**സ്ഥിരതക്ക് തികഞ്ഞ പ്രവൃത്തി**" അവരിൽ ഉണ്ടാകണം അർത്ഥാൽ, പരീക്ഷകളിൽ ആവശ്യമായ സഹനത്തിലൂടെ സ്ഥിരത വെളിപ്പെടുത്തണം (മത്തായി 10:22). അതിനായി വിശ്വാസികളുടെ ആന്തരിക ജീവിതത്തിൽ, പരിശോധനയിലൂടെ കടന്നുപോകുമ്പോൾ ഉണ്ടാകാനിടയുള്ള ആവലാതി പരാതി നിരാശ പിറുപിറുപ്പ് ചോദ്യങ്ങൾ നൊമ്പരങ്ങൾ മുതലായവയെ താലോലിച്ച് മിണ്ടാതാക്കികൊണ്ട് (സങ്കീ. 131:2) സ്ഥിരതയുടെ അടിസ്ഥാനവും അടയാളവും തെളിവുമായ സൗമ്യതയും സഹിഷ്ണുതയും എന്ന "**പ്രവൃത്തി**" വെളിപ്പെടുത്തി ജീവിക്കണം. അപ്പോൾ അതുവരെ വിശ്വാസിയിൽ മറഞ്ഞിരുന്ന ചില ആത്മിക ഗുണങ്ങളും സവിശേഷതകളും ക്രമാനുഗതമായി വിശ്വാസിയിൽ വെളിപ്പെട്ടുവരികയും അത് ഒരു സ്വഭാവമായി രൂപപ്പെടുകയും വിശ്വാസി ആത്മികമായി വളരുകയും ദൈവം ആഗ്രഹിക്കുന്ന ഒരു നിലവാരത്തിൽ എത്തുകയും ചെയ്യും (ഫിലി. 1:9-11). ഫലത്തിൽ ഇത് വലിയ പ്രത്യാശയിലേക്ക് നയിക്കുന്നു (റോമർ 5:3); ഇത് യഥാർത്ഥവിശ്വാസത്തിന്റെ തെളിവുമാണ്.

## III. സ്ഥിരതയുടെ അടയാളം (5 -11)

പരിശോധനയിൽ യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമായ സ്ഥിരതയെ വെളിപ്പെടുത്തുന്ന രണ്ട് "**തികഞ്ഞപ്രവൃത്തി**" കളാണ്

തുടർന്ന് യാക്കോബ് അനുവാചകരുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

## A. യാചിക്കുന്ന മനോഭാവം (v. 5)

**"നിങ്ങളിൽ ഒരുത്തന് ജ്ഞാനം കുറവാകുന്നു എങ്കിൽ... ദൈവത്തോട് യാചിക്കട്ടെ; അപ്പോൾ അവന് ലഭിക്കും".**

### 1. യാചിക്കേണ്ടതിന്റെ ആവശ്യം

**"ഒരുത്തന് ജ്ഞാനം കുറവാകുന്നു എങ്കിൽ... യാചിക്കട്ടെ അപ്പോൾ അവന് ലഭിക്കും"** എന്നത് ഉയർന്ന IQ ആവശ്യമുള്ളവർക്ക് അത് ലഭിക്കുവാനുള്ള വാഗ്ദത്തമോ വ്യവസ്ഥയോ ആയിട്ടല്ല, പ്രത്യു ത, വിശ്വാസികൾ മാനസികമോ ശാരീരികമോ ആത്മികമോ ഭൗതി കമോ ആയ വിവിധ പരീക്ഷകളിലൂടെ കടന്നു പോകുമ്പോൾ, ദൈവവചന ത്തിന്റെയും ദൈവികപദ്ധതിയുടെയും വെളിച്ചത്തിൽ പരീക്ഷകളെ അശേഷം സന്തോഷം എന്ന് എണ്ണുവാനും, അതിലൂടെ സ്ഥിരതയുള വാക്കുവാനും, ആത്മികവും ധാർമ്മികവുമായ ജീവിതത്തിൽ ഒന്നിലും കുറവില്ലാതെ തികഞ്ഞവരും സമ്പൂർണ്ണരും ആകേണ്ടതിന് ജ്ഞാനം ആവശ്യമാണ്; മാത്രമല്ല, അതോട് ബന്ധപ്പെട്ടുതന്നെ എന്തുകൊണ്ട് ഇങ്ങനെ? എന്തിനു വേണ്ടി ഇങ്ങനെ? എത്രത്തോളം ഇങ്ങനെ? (2 ശമൂ . 21:1-3,14; 2 രാജാ. 18:19 c.f.) തുടങ്ങിയുള്ള പലവിധ ചോദ്യങ്ങൾ അവരിലുണ്ടാകുമ്പോൾ ഇക്കാര്യങ്ങളെ ഉൾക്കൊള്ളുവാനും, പ്രത്യേക സാഹചര്യങ്ങളെ ശരിയായി അഭിമുഖീകരിക്കുവാനും - അതിജീവി ക്കാനും, ശ്രദ്ധ ദൈവത്തിൽനിന്നും മാറി പരീക്ഷകളിൽ കേന്ദ്രീകരി ക്കാതിരിക്കുവാനും പരിശോധനയിലൂടെ ദൈവം ആഗ്രഹിക്കുന്ന ശുഭ ഭാവിയെ തിരിച്ചറിയുവാനും (**"അറിഞ്ഞു"** 1:3) ദൈവികജ്ഞാന ത്തിന്റെ പ്രത്യേകമായ ആവശ്യം അവർക്കുണ്ട് (ഇയ്യോബ് 21:7-15; 31:5 -40 c.f. യിരെ. 29:11) ഈ ജ്ഞാനത്തിനായി അവർ ദൈവത്തോടാണ് യാചിക്കേണ്ടത് (സദൃശ. 3:5-7); കാരണം, ദൈവമാണ് സകലജ്ഞാ നത്തിന്റേയും ഉറവിടം (ഇയ്യോബ് 28:12,23; റോമർ 11:33 എഫെ. 1:17; വെളി. 5:12; 7:12).

### 2. യാചിക്കുന്നതിനുള്ള പ്രചോദനം

വിശ്വാസികൾ പ്രത്യേക സാഹചര്യത്തിൽ ജ്ഞാനത്തിനായി ദൈവത്തോട് യാചിക്കുന്നതിനുള്ള പ്രചോദനം, ദൈവം **"ഭർത്സിക്കാതെ**

**എല്ലാവർക്കും ഔദാര്യമായി കൊടുക്കുന്ന"** തിനാലാണ്. പരീക്ഷിക്കപ്പെടുമ്പോൾ, സാധാരണ മനുഷ്യരിൽ സ്വഭാവികമായും ഉണ്ടാകാവുന്ന മുൻകാല പാപങ്ങളെയും നന്ദികേടിനെയും അതുപോലെയുള്ള മറ്റ് കുറവുകളെയും പോരായ്മകളെയും ഓർമ്മിപ്പിച്ചുകൊണ്ട് ജ്ഞാനത്തിനായി ദൈവത്തെ സമീപിക്കുന്ന വിശ്വാസിയെ ദൈവം കുറ്റപ്പെടുത്തുകയോ ശാസിക്കുകയോ അനർഹൻ എന്ന് പറഞ്ഞ് ആട്ടികളയുകയോ ചെയ്യുന്നില്ല (2 രാജാ. 13:2-5; 2 ദിന. 33:9-13 c.f. 16:7,12; ലൂക്കൊസ് 6:35). മറിച്ച്, **"ഔദാര്യമായി"** അർത്ഥാൽ നിർലോഭമായി തന്നെ അവൻ തരുന്നു; പ്രയോജനമുള്ളതൊന്നും മറച്ചുവെക്കാതെയും, പ്രത്യേക വ്യവസ്ഥ വെക്കാതെയും ധാരാളമായും വ്യക്തമായും തരുന്നു (യിരെ. 29:11:13; റോമർ 8:28).

ഇങ്ങനെ പറയുന്നതുകൊണ്ട് ദൈവം ആരെയും ഒരിക്കലും ഭർത്സിക്കുകയില്ലെന്ന് ഇതിനർത്ഥമില്ല (സദൃശ. 28:9; മർക്കൊസ് 16:14). മറിച്ച് ഭൗതിക നന്മകളെയോ പ്രശസ്ഥിയെയോ ആഗ്രഹിക്കാതെ ദൈവമഹത്വത്തിനായി ശലോമോനെപോലെ ജ്ഞാനം ചോദിക്കുന്നവർക്ക് ആവശ്യമായതെല്ലാം ദൈവം ഔദാര്യമായും നിർലോഭമായും കൊടുക്കുന്നു (1 രാജാ. 3:9-12; സദൃശ. 2:2-6).

### 3. യാചിക്കേണ്ടവിധം (6 - 8)

**"എന്നാൽ അവൻ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചിക്കണം..."**

വിശ്വാസജീവിതത്തിലെ പരിശോധനകളെ അതിജീവിക്കുവാൻ ജ്ഞാനത്തിനായി ദൈവത്തോട് യാചിക്കുന്ന ഒരു മനോഭാവം കൂടാതെ, വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ അത് നിവർത്തിപ്പാൻ അവൻ ശക്തൻ എന്ന വിശ്വാസത്തോടെ യാചിക്കേണ്ടതും ആവശ്യമാണ്. കാരണം, "വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വാസിക്കേണ്ടതല്ലോ" (എബ്രാ. 11:6) എന്നാണ് വചനം പറയുന്നത്. എന്നാൽ ദൈവത്തിൽ എപ്പോഴും പൂർണ്ണമായ ഈ ആശ്രയം, അഥവാ വിശ്വാസം ഇല്ലാത്തവർക്ക്, രണ്ട് പേരുകളാണ് യാക്കോബ് നൽകുന്നു. ഒന്നാമതായി, **"സംശയിക്കുന്നവൻ"**: അവൻ കാറ്റടിച്ച് അലയുന്ന **"കടൽതിരെക്കു സമൻ"** ആകുന്നു. സ്ഥിരതയും സ്വസ്ഥതയും ഇല്ലാതെ നിശ്ചലത

നഷ്ടപ്പെട്ട് എപ്പോഴും അങ്ങോട്ടും ഇങ്ങോട്ടും പോകുന്ന തിരയിൽ അകപ്പെട്ട ഒരു ഇലയുടെ അവസ്ഥയിൽ ആകുന്നു; ചിലപ്പോൾ ദൈവ ത്തിൽ ആശ്രയിക്കും; ചിലപ്പോഴും തന്നിൽതന്നെ ആശ്രയിക്കും; അതി നുള്ള കാരണമായി ചിലർ ചിന്തിക്കുന്നത്, അവരുടെ ആവശ്യങ്ങൾ ദൈവം നിറവേറ്റുവാനുള്ള അർഹത തങ്ങൾക്കില്ലായെന്നാണ്; ദൈവം ശ്രദ്ധിക്കുവാൻ മാത്രം മതിയായതല്ല തങ്ങളുടെ ആവശ്യമെന്ന് വേറെ ചിലരും ചിന്തിക്കുന്നു; എന്നാൽ മറ്റു ചിലരാകട്ടെ തങ്ങൾ അകപ്പെട്ടിരി ക്കുന്ന അവസ്ഥ ഓർത്ത് ദുഃഖിച്ച് നെടുവീർപ്പിടുകയാണ്; എന്നാൽ അതിൽനിന്നും രക്ഷപ്പെടുവാൻ ദൈവത്തോട് അപേക്ഷിക്കുന്നുമില്ല. **"ഇങ്ങനെയുള്ള മനുഷ്യൻ കർത്താവിങ്കൽനിന്ന് വല്ലതും ലഭിക്കും എന്ന് നിരൂപിക്കരുത്"** എന്നാണ് യാക്കോബ് തുടർന്നു പറയുന്നത് (v. 7); കാരണം പരീക്ഷകളിൽ ഞരങ്ങുന്നവർക്കല്ല, പ്രത്യുത, തന്നെ സത്യ മായി വിളിച്ചപേക്ഷിക്കുന്നവർക്ക് മാത്രമാണ് യഹോവ സമീപസ്ഥൻ ആയിരിക്കുന്നത് (സങ്കീ. 145:18). രണ്ടാമതായി, **"ഇരുമനസ്സുള്ള മനു ഷ്യൻ"** (v. 8); ഇരുമനസ്സുള്ളവൻ കപടഭക്തൻ അല്ല, മറിച്ച്, ചാഞ്ചാട്ട ക്കാരനാണ്; അവന്റെ ഭക്തിയും സമർപ്പണവും സ്നേഹവും കുറും എപ്പോഴും മാറുകയും ദൈവത്തിനും ലോകത്തിനും ഇടയിൽ പങ്കു വെക്കപ്പെടുകയും ചെയ്യുന്നു. അവൻ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു; അവൻ ലോകത്തിലും ദൈവത്തിലും ഒരുപോലെ മനസ്സുവെക്കുന്നു; ഒരേ സമയം ലോകത്തിന്റെ സ്നേഹിതനും ദൈവ ത്തിന്റെ സ്നേഹിതനുമായിരിക്കാൻ ആഗ്രഹിക്കുന്നു (4:4); ലോകപരമായ വഴി തിരഞ്ഞെടുക്കുകയും ദൈവിക സഹായം അഭ്യർത്ഥിക്കുകയും ചെയ്യുന്നു; തന്റെ ബുദ്ധിക്കനുസരിച്ച് കാര്യങ്ങൾ ക്രമീകരിക്കുകയും അപ്പോൾ തന്നെ അതിന്റെ നടത്തിപ്പിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു; ദൈവത്തിൽ വിശ്വാസം ഉണ്ടെന്ന് പറയുകയും എന്നാൽ പ്രവർത്തി കളാൽ അതിനെ നിഷേധിക്കുകയും ചെയ്യുന്നു (തീത്തോസ് 1:16). രണ്ട് യജമാനന്മാരെ സേവിക്കുന്ന അവസ്ഥയെക്കുറിച്ച് ഏലീയാവും (1 രാജാ. 18:21) കർത്താവും (മത്തായി 6:24) മുന്നിയിപ്പ് നൽകിട്ടുണ്ട്. ഇങ്ങനെ യുള്ള മനുഷ്യൻ **"തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു."** ഇവിടെ വഴികൾ സ്വഭാവത്തെയും ജീവിതത്തെയും സൂചിപ്പിക്കുന്നു (സങ്കീ. 1:1; 15:2; സദൃശ. 1:15). മാത്രമല്ല, ഇങ്ങനെയുള്ളവന് ശിക്ഷാ വിധിയുമുണ്ട് (സങ്കീ. 120:2,3 c.f. ആവ. 6:5).

## B. സുബോധത്തോടെയുള്ള ഭാവം (9-11)

എളിയവർ പരിശോധനയിൽ തങ്ങളുടെ ഭൗതിക അവസ്ഥയോർത്ത് പരിതപിക്കുകയും നിരാശപ്പെടുകയും നിലവിളിക്കുകയും ചെയ്യുമ്പോൾ, ഇങ്ങനെയുള്ള അവസ്ഥയിലൂടെ കടന്നുപോകാത്ത സമ്പന്നർ തങ്ങളുടെ സമ്പത്തിൽ അഹങ്കരിക്കാറുണ്ട് (സങ്കീ. 49:6,11,12). അത്യന്തമായ ഈ രണ്ട് നിലപാടുകൾക്കും പകരമായി സുബോധത്തോടെയുള്ള ഭാവമാണ് വിശ്വസികളിൽ പ്രകടമാകേണ്ടത് (റോമർ 12:3). അതുകൊണ്ടാണ് "**എന്നാൽ എളിയ സഹോദരൻ തന്റെ ഉയർച്ചയിലും ധനവാനോ പുല്ലിന്റെ പൂപോലെ ഒഴിഞ്ഞുപോകുന്നവനാകയാൽ തന്റെ എളിമയിലും പ്രശംസിക്കട്ടെ**" (v. 9) എന്ന് പറയുന്നത്. കാരണം, "**എളിയ സഹോദരൻ**" - സാമ്പത്തികമായി ദരിദ്രനായ സഹോദരൻ - ദൈവമകനെന്ന നിലയിൽ ദൈവരാജ്യത്തിൽ ഉയർന്ന പദവികൾ ഉള്ളവനാണ്; അവൻ ഇവിടെ വിശപ്പുള്ളവനായി ഇരിക്കുന്നുവെങ്കിലും ജീവന്റെ അപ്പത്തിൽ അവന് ഓഹരിയുണ്ട്; അവൻ ഇവിടെ ദരിദ്രനായി ഇരിക്കുന്നുവെങ്കിലും ക്ഷയം, മാലിന്യം, വാട്ടം മുതലായതൊന്നും ഇല്ലാത്ത ഒരവകാശം അവന് സ്വർഗ്ഗത്തിലുണ്ട്; അവൻ ഇവിടെ മനുഷ്യരാൽ ത്യജിക്കപ്പെട്ടവനും തുച്ഛീകരിക്കപ്പെട്ടവനുമായി ഇരിക്കുന്നുവെങ്കിലും അവൻ ദൈവത്താൽ സ്വീകരിക്കപ്പെട്ടവനാണ്; അവന് വസിക്കുവാൻ ഇവിടെ ഒരു ഇടമില്ലായെന്ന് വന്നാലും സ്വർഗ്ഗത്തിൽ അവന് നിലനില്ക്കുന്ന ഒരു ഭവനമുണ്ട്; അവൻ ലോകപ്രകാരം പരാജയപ്പെട്ടവനെങ്കിലും ദൈവികവ്യവസ്ഥ പ്രകാരം ലോകത്തെ ജയിച്ചവനാണ്. അതുകൊണ്ട് എളിയ സഹോദരൻ തന്റെ ഉയർച്ചയിൽ, അർത്ഥാൽ ക്രിസ്തുവിലുള്ള ഉയർന്ന സ്ഥാനം നിമിത്തം പ്രശംസിക്കട്ടെയെന്നാണ് യാക്കോബ് പറയുന്നത്. എന്നാൽ "**ധനവാനോ പുല്ലിന്റെ പൂപോലെ ഒഴിഞ്ഞു പോകുന്നവനാകയാൽ തന്റെ എളിമയിലും പ്രശംസിക്കട്ടെ**" (v. 10) എന്ന് യാക്കോബ് തുടർന്ന് പറയുന്നതിന്റെ കാരണം, അധികാരം സമ്പത്ത് സമൃദ്ധി സ്വാധീനം മുതലായ ഭൗതിക നേട്ടങ്ങളെല്ലാം താൽക്കാലികമെന്നും (സദൃശ. 18:11; 27:24) അതു മുഖാന്തരമുള്ള മഹത്വം പെട്ടെന്ന് നശിക്കുന്നതാണെന്നും തിരുവെഴുത്ത് ധനവാനെ പഠിപ്പിക്കുന്നതുകൊണ്ടാണ് (ഇയ്യോബ് 14:2; സങ്കീ. 103:15,16; യെശ. 40:6,7).

അതുകൊണ്ട് ധനവാൻ തന്റെ ധനത്തിൽ പ്രശംസിക്കാതെ ലൗകിക

നേട്ടങ്ങളെല്ലാം അതിൽതന്നെ വ്യർത്ഥമാണെന്നും അത് മറ്റുള്ളവരുടെ ക്ഷേമത്തിനും ദൈവിക ശുശ്രൂഷക്കുമായി ഉപയോഗിക്കുവാൻ ദൈവം ഏല്പിച്ച ദാനമാണെന്നും തിരിച്ചറിയുന്നതിൽ തന്നെ പ്രശംസിക്കണം (ലൂക്കൊസ് 12:13-21) കാരണം, അവസാനം വിജയിക്കുന്നത് ലോക പ്രകാരം ജ്ഞാനിയോ ബലവാനോ ധനവാനോ ആത്മപ്രശംസ നട ത്തുന്നവനോ അല്ല (യിരെ. 9:23,24), മറിച്ച് ദൈവേഷ്ടം ചെയ്യുന്നവൻ മാത്രമാണ് (1 യോഹ. 2:17 c.f. മത്തായി 5:3-12; ലൂക്കൊസ് 6:20-26). മാത്രമല്ല, തന്റെ ആരോഗ്യവും ആയുസ്സും പുല്ലുപോലെയും അതിന്റെ ഭംഗി പൂപോലെയും എത്ര ക്ഷണികമെന്നും തിരുവെഴുത്ത് അവനെ പഠിപ്പിക്കുന്നു (v. 11; 1 പത്രൊസ് 1:24 c.f. യെശ. 40:6-8). തന്നെയു മല്ല, പരിശോധനയിൽ ആവശ്യമായ ജ്ഞാനവും ആശ്വാസവും സഹായവും തന്റെ ധനം കൊണ്ട് ലഭിക്കുകയില്ലെന്ന് മനസ്സിലാക്കി അതിനായി അവൻ ദൈവത്തിൽ തന്നെ ആശ്രയിക്കേണ്ടതായി വരുന്ന അവസ്ഥ മൂലം അവൻ ദൈവമുമ്പാകെ താഴുന്നതിനും തന്നെക്കുറിച്ച് അവൻ ഭാവിക്കേണ്ടതിനുമീതെ ഭാവിക്കാതെ സുബോധമാകുംവണ്ണം ഭാവിക്കേണ്ടതിനും ഇടയാക്കുന്നു. ഈ അർത്ഥത്തിലാണ് ധനവാൻ തന്റെ എളിമയിൽ പ്രശംസിക്കട്ടെയെന്ന് യാക്കോബ് പറയുന്നത്. അതു കൊണ്ട്, പരിശോധനയിൽ, ദൈവത്തോട് യാചിക്കുന്ന മനോഭാവവും സുബോധത്തോടെയുള്ള ഭാവവും സ്ഥിരതയുടെ അടയാളമാണ് അഥവാ തികഞ്ഞ പ്രവർത്തിയാണ്.

## IV. സ്ഥിരതയുടെ അനുഗ്രഹം (v. 12)

**"പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ; അവൻ കൊള്ളാ കുന്നവനായി തെളിഞ്ഞശേഷം കർത്താവ് തന്നെ സ്നേഹി ക്കുന്നവർക്ക്, വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും."**

യഥാർത്ഥ വിശ്വാസിക്ക് പരിശോധനയിലൂടെ ലഭിക്കുന്ന സ്ഥിരത ദൈവമുമ്പാകെ ഒരനുഗ്രഹമാകുന്നുവെന്ന് മാത്രമല്ല, ഏറ്റവും വലിയ പ്രതിഫലവും അത് ലഭ്യമാക്കുന്നുവെന്നാണ് ഇതോടുള്ള ബന്ധത്തിൽ യാക്കോബ് അവസാനമായി പറയുന്നത്. **പരീക്ഷ സഹിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ:** പരീക്ഷ സഹിക്കുന്ന ഏവനും ഭാഗ്യവാൻ അല്ല; എന്നാൽ പരീക്ഷയിൽ കർത്താവിൽ തന്നെ ആശ്രയിച്ച് ദൈവിക പദ്ധതി യാണെന്ന തിരിച്ചറിവിൽ വിധേയപ്പെട്ട് ഇപ്പോഴത്തെ അവസ്ഥയിൽ നിരാശപ്പെടാതെ വരുവാനുള്ളതിൽ പ്രത്യാശവെച്ചിരിക്കുന്ന ഒരു

വിശ്വാസി ദൈവിക വ്യവസ്ഥപ്രകാരം ഭാഗ്യവാനാണ്. കാരണം, പരിശോധനയിൽ സാധാരണ മനുഷ്യർക്ക് അപ്രാപ്യമായ ദൈവിക ആനന്ദവും സന്തോഷവും അവൻ അനുഭവിക്കുന്നു; എന്നാൽ അതിലുമുപരിയായി **അവൻ കൊള്ളാകുന്നവനായി തെളിഞ്ഞശേഷം** – പരിശോധനയിൽ നേടിയ സ്ഥിരതയിലൂടെ യഥാർത്ഥ വിശ്വാസിയാകുന്നുവെന്ന് തെളിയിക്കപ്പെടുകയും ദൈവത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തശേഷം – **കർത്താവ് തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത ജീവകിരീടം പ്രാപിക്കും.** യഥാർത്ഥ വിശ്വാസികൾ കർത്താവിനെ ഒരിക്കൽ ഏറ്റുപറയുന്നവർ മാത്രമല്ല, മറിച്ച്, തുടർമാനമായി കർത്താവിനെ സ്നേഹിക്കുന്നവരുമാണ് (1 കൊരി. 16:22). എന്തെല്ലാം കഷ്ടങ്ങൾ വന്നാലും ആരെല്ലാം പഴിചെന്നാലും അന്ത്യത്തോളം അവർ കർത്താവിനെ സ്നേഹിച്ച് പ്രത്യാശയുടെ സ്ഥിരത വെളിപ്പെടുത്തും; അതുകൊണ്ട് അവരുടെ പ്രതിഫലം വലുതാണ്; അവർ **ജീവകിരീടം,** അർത്ഥാൽ, നിത്യജീവൻ എന്ന കിരീടം പ്രാപിക്കുന്നുമെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്. യഥാർത്ഥ വിശ്വാസികൾക്കെല്ലാം നിത്യജീവൻ ഉണ്ട്; കർത്താവിനെ പൂർണ്ണമായി സ്നേഹിക്കുന്നവരും (ആവ. 6:5). അവസാനത്തോളം പരിശോധനയിൽ സ്ഥിരതയുള്ളവരും (വെളിപ്പാട് 2:10) ഇഹത്തിലും പരത്തിലും നിത്യജീവന്റെ സമൃദ്ധി അനുഭവിക്കുകയും (യോഹ. 10:10) നിത്യജീവന്റെ ആത്യന്തിക കിരീടം പ്രാപിക്കയും ജീവനിൽ വാഴുകയും ചെയ്യും (റോമർ 5:17). അതുകൊണ്ട് ദൈവിക വീക്ഷണത്തിൽ, ക്രിസ്തുവിശ്വാസികൾ കടന്നുപോകുന്ന പരീക്ഷകളെല്ലാം വിശ്വാസത്തിന്റെ വിവിധ പരിശോധനകളാണ്; പരിശോധനയിലൂടെ ആർജ്ജിക്കുന്ന സ്ഥിരത അഥവാ സഹനശക്തി ഒരു ആത്മിക ഗുണവും യഥാർത്ഥവിശ്വാസത്തിന്റെ അടയാളവുമാണ്.

# 2

# പരിശോധനയിൽ ദൈവത്തെ കുറ്റപ്പെടുത്താത്ത ജീവിതം

**"പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്. ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു; താൻ ആരെയും പരീക്ഷിക്കുന്നതുമില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ടു മരണത്തെ പെറുന്നു. എന്റെ പ്രിയസഹോദരന്മാരേ, വഞ്ചിക്കപ്പെടരുത്. എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു. അവനു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല. നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിന് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു"** (യാക്കോബ് 1:13-18).

ക്രിസ്തീയ ജീവിതത്തിലെ പരീക്ഷകൾ യഥാർത്ഥവിശ്വാസിയുടെ വിശ്വാസത്തെ വെളിപ്പെടുത്തുകയും ക്രമപ്പെടുത്തുകയും സ്ഥിരപ്പെടുത്തുകയും ക്രിസ്തീയ സ്വഭാവത്തെ രൂപപ്പെടുത്തുകയും ചെയ്യുന്നുവെന്നാണ് 1:1-12 വാക്യങ്ങളിൽ കണ്ടത്. എന്നാൽ ഈ പരീക്ഷകൾ തന്നെ ദൈവവചനത്തോടുള്ള അനുസരണക്കേടുനിമിത്തം പരാജയത്തിനുള്ള മുഖാന്തരവുമാകാമെന്നാണ് 1:13-18 വരെ വാക്യങ്ങളിൽ കാണുന്നത്.

പരിശോധനയോട് വിശ്വാസി എങ്ങനെ പ്രതികരിക്കുന്നവെന്ന

തിന്റെ അടിസ്ഥാനത്തിലാണ് പരിശോധനയിലെ ജയവും പരാജയവും നിർണ്ണയിക്കപ്പെടുന്നത്. പരിശോധനയെ വചനം അനുസരിച്ചുകൊണ്ട് പ്രതികരിച്ചാൽ അത് ആത്മികവളർച്ചയ്ക്കുള്ള മുഖാന്തരമാകുന്നു; പരിശോധനയെ വചനം അവഗണിച്ചുകൊണ്ട് പ്രതികരിച്ചാൽ അത് പാപത്തിനും മരണത്തിനുമുള്ള മുഖാന്തരമായിത്തീരുന്നുവെന്നാണ് വചനം ഇവിടെ പറയുന്നത്. എന്നാൽ പരീക്ഷിക്കപ്പെടുമ്പോൾ മറ്റുള്ള വരെ കുറ്റപ്പെടുത്തുന്നത് മനുഷ്യസ്വഭാവമാണ്. പരീക്ഷയ്ക്കുള്ള സാഹചര്യങ്ങളെ ദൈവം അനുവദിക്കുന്നതാകകൊണ്ട് പരീക്ഷയിൽ പരാജയപ്പെടുമ്പോൾ ചിലർ ദൈവത്തെപോലും കുറ്റപ്പെടുത്താറുണ്ട്.

അതുകൊണ്ടാണ് ദൈവത്തോട് അനുസരണക്കേട് കാണിച്ച ആദാമിനെ ദൈവം വിളിച്ച്: “തിന്നരുതെന്ന് ഞാൻ നിന്നോട് കല്പിച്ച വൃക്ഷഫലം നീ തിന്നുവോ” എന്ന് ചോദിച്ചപ്പോൾ: “എന്നോടു കൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നു കയും ചെയ്തു” എന്ന് ആദാം പറഞ്ഞത് (ഉല്പത്തി 3:11-12). ദൈവം സ്ത്രീയോട്: “നീ ഈ ചെയ്തത് എന്ത്” എന്ന് ചോദിച്ചതിന്; “പാമ്പ് എന്നെ വഞ്ചിച്ചു, ഞാൻ തിന്നു പോയി” എന്നാണ് അവൾ പറഞ്ഞത് (ഉല്പത്തി 3:13). ഇങ്ങനെ പറഞ്ഞതിലൂടെ അങ്ങയുടെ സൃഷ്ടിയായ പാമ്പ് എന്നെ വഞ്ചിച്ചു, ഞാൻ തിന്നു പോയി എന്നാണ് ഹവ്വ ഉദ്ദേശി ച്ചത്. ഇങ്ങനെ പറഞ്ഞതിലൂടെ സ്ത്രീയും പുരുഷനും പരോക്ഷമായി ദൈവത്തെ കുറ്റപ്പെടുത്തുകയാണ് ചെയ്തത്. അതിനു ശേഷം അവരെ പ്പോലെ തന്നെ അവരുടെ തലമുറകളും അവരവർ ചെയ്യുന്ന കുറ്റത്തിന് ദൈവത്തെ കുറ്റപ്പെടുത്തുന്നതായി കാണുന്നു. ഇതിന് മറ്റൊരു ഉദാഹരണമാണ് യെശയ്യാവ് 63:17 ൽ, “യഹോവേ, നീ ഞങ്ങളെ നിന്റെ വഴി വിട്ടുതെറ്റുമാറാക്കുന്നതും നിന്നെ ഭയപ്പെടാതവണ്ണം ഞങ്ങളുടെ ഹൃദയത്തെ കഠിനമാക്കുന്നതും എന്ത്” എന്നുള്ള യിസ്രായേലിന്റെ ചോദ്യത്തിൽ കാണുന്നത്. യിസ്രായേലിന്റെ പാപത്തിന്റെ ആധിക്യം നിമിത്തം അവർ ദൈവത്തിനെതിരായ ഗുരുതരമായ ആരോപണം ഉന്നയിച്ച് തങ്ങളുടെ പാപത്തിന്റെ കാരണം ദൈവത്തിന്റെമേൽ കെട്ടി വെക്കുവാൻ ശ്രമിക്കുന്നു. ഇത് പാപിയായ മനുഷ്യന്റെ എക്കാലത്തെയും പ്രവണതയാണ്. അതുകൊണ്ടാണ്, മനുഷ്യന്റെ ഭോഷത്വം അവനെ നാശത്തിലേക്കു നയിക്കുമ്പോൾ അവന്റെ ഹൃദയം കർത്താവിനെ തിരെ രോഷം കൊള്ളുന്നുവെന്ന് വചനം പറയുന്നത് (സദൃശ. 19:3). സാഹചര്യങ്ങളെല്ലാം ദൈവം തന്നതാണ്; ചുറ്റുപാടുകളെല്ലാം ദൈവം

അനുവദിച്ചതാണ്; ബന്ധങ്ങളും ബന്ധനങ്ങളും ദൈവത്തിനറിയാവുന്ന താണ്; അതുകൊണ്ട് തങ്ങൾ ചെയ്യുന്ന എല്ലാ പ്രവർത്തികൾക്കും തങ്ങളല്ല മറിച്ച്, ദൈവമാണ് ഉത്തരവാദിയെന്ന് അവർ ചിന്തിക്കുന്നു. എന്നാൽ **"പരീക്ഷിക്കപ്പെടുമ്പോൾ ഞാൻ ദൈവത്താൽ പരീക്ഷിക്കപ്പെടുന്നു എന്ന് ആരും പറയരുത്"** എന്നാണ് യാക്കോബ് ഇവിടെ ആജ്ഞാരൂപത്തിൽ പറയുന്നത് (v. 13). ഇതിന് അടിസ്ഥാനമായി പ്രധാനമായും നാല് കാരണങ്ങളാണ് യാക്കോബ് ഇവിടെ നിരത്തുന്നത്.

## I. ദൈവികസ്വഭാവം നിമത്തം

**"...ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവൻ ആകുന്നു; താൻ ആരെയും പരീക്ഷിക്കുന്നതുമില്ല"** (v. 13).

പരിശീലനത്തോട് ബന്ധപ്പെട്ട് ദൈവം വിശ്വാസിയുടെ ജീവിതത്തിൽ പരീക്ഷകൾ അനുവദിക്കുന്നു എന്നാണ് യാക്കോബ് ഇതുവരെ പറഞ്ഞത്. എങ്കിലും പാപം ചെയ്യുവാൻ പരിക്ഷയിലൂടെ ദൈവം ആരെയും പ്രലോഭിപ്പിക്കുന്നില്ലായെന്നാണ് യാക്കോബ് തുടർന്നു പറയുന്നത്. മനുഷ്യൻ ദോഷത്തിനായി പരീക്ഷിക്കപ്പെടുമ്പോൾ അതിന് ദൈവം ഒരു നിലയിലും കാരണക്കാരനല്ലായെന്നതിന്റെ ഒന്നാമത്തെ തെളിവ് ദൈവികസ്വഭാവമാണ്; ദൈവികസ്വഭാവത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ദൈവികവിശുദ്ധി. ദൈവം വിശുദ്ധനാകയാൽ അവന് ദോഷം ചെയ്യുവാൻ കഴിയുകയില്ലെന്ന് മാത്രമല്ല, ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനുമാകുന്നു. ബൈബിൾ വെളിപ്പെടുത്തുന്ന ദൈവത്തിന് മാത്രമേ ഈ പ്രത്യേകതയുള്ളൂ. വിജാതീയ ദേവന്മാർ മനുഷ്യസൃഷ്ടിയായതുകൊണ്ട് മനുഷ്യസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നവയാകുന്നു; മനുഷ്യന്റെ കുറവുകളും പരാജയങ്ങളും; സ്വാർത്ഥതയും ദുഷ്ടതയും; അധാർമ്മികതയും അനാത്മീകതയും ഈ ദേവന്മാരിൽ പ്രകടമാണ്. അതുകൊണ്ടാണ് അവർ സ്വാർത്ഥരും പ്രതികാരചിന്തയുള്ളവരും, തിന്മചെയ്യുന്നവരും ദുഷ്ടനെ നീതികരിക്കുന്നവരുമായിരിക്കുന്നത്. എന്നാൽ യഹോവയായ ദൈവം വിശുദ്ധൻ ആയതുകൊണ്ട് അവന് ദോഷം ചെയ്യുവാൻ കഴിയുകയില്ലെന്നു മാത്രമല്ല, അവൻ ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനുമാകുന്നു.

വിശ്വാസജീവിതത്തിൽ പരീക്ഷകൾ ഉണ്ട്; ഈ പരീക്ഷകളെല്ലാം വിശ്വാസത്തിന്റെ വിവിധ പരിശോധനകൾ ആകുന്നു. സർവജ്ഞാനിയും പരമാധികാരിയും എന്ന നിലയിൽ പരീക്ഷിക്കപ്പെടുവാനുള്ള അവസര

ങ്ങൾ എല്ലാം ദൈവം അനുവദിക്കുന്നതാണെങ്കിലും പരീക്ഷയിൽ ദൈവത്തിനും ദൈവവചനത്തിനും വിരുദ്ധമായി പ്രവൃത്തിച്ച് പാപം ചെയ്യുവാനുള്ള പ്രേരണയും പ്രലോഭനവും പിശാചിൽനിന്നുള്ളതും തീരുമാനം മനുഷ്യഹൃദയത്തിൽനിന്നും ഉയരുന്നതുമാകുന്നു.

ശത്രുവായ പിശാച് ദൈവമക്കളെ ദോഷത്തിനായി പരീക്ഷിക്കാൻ രാപ്പകൽ അവരെ ദൈവമുമ്പാകെ കുറ്റപ്പെടുത്തുന്നതായും അനുവാദം ചോദിക്കുന്നതായും തിരുവെഴുത്തിൽ കാണുന്നു (ഇയ്യോബ 1,2; സെഖ. 3; ലൂക്കൊസ് 22:31,32; വെളി. 12:10). അതിലൂടെ ദൈവഭക്തരുടെ ദൈവിക സംരക്ഷണം അനാവരണം ചെയ്യുവാനാണ് സാത്താൻ ശ്രമിക്കുന്നത്; എന്നാൽ പിശാചിന്റെ ഇംഗിതത്തിന് വിധേയപ്പെടുന്ന ഒരു പ്രകൃതം ദൈവത്തിനില്ല; അവൻ ദോഷത്തിനായി ആരെയും പരോക്ഷമായും പ്രത്യക്ഷമായും പരീക്ഷിക്കുന്നില്ല.

എന്നാൽ ദോഷത്തിനായി ദൈവം തന്റെ മക്കളെ പരോക്ഷമായി പരീക്ഷിക്കുന്നുവെന്ന് തോന്നിപ്പിക്കുന്ന ചില വേദഭാഗങ്ങൾ തിരുവെഴുത്തിലുണ്ട്.

ഒന്നാമതായി, 2 ശമൂവേൽ 24:1 ൽ ദാവീദിനോടുള്ള ബന്ധത്തിൽ, "യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്റെ നേരെ ജ്വലിച്ചു; നീ ചെന്ന് യിസ്രായേലിനെയും യഹൂദയെയും എണ്ണുക എന്ന് അവർക്ക് വിരോധമായി ദാവീദിന് തോന്നിച്ചു എന്ന് എഴുതിയിരിക്കുന്നു. എന്നാൽ 1 ദിനവൃത്താന്തം 21:1 ൽ, സാത്താൻ യിസ്രായേലിന് വിരോധമായി എഴുന്നേറ്റ് യിസ്രായേലിനെ എണ്ണുവാൻ ദാവീദിന് തോന്നിച്ചു എന്നും എഴുതിയിരിക്കുന്നു. ഇതിൽനിന്നും യിസ്രായേലിനെ എണ്ണുവാൻ സാത്താൻ ദോഷത്തിനായി പ്രേരിപ്പിച്ചു അഥവാ പ്രലോഭിപ്പിച്ചു എന്നും, ദൈവം സാത്താനെ അത് അനുവദിച്ചു എന്നും മനസ്സിലാക്കാം. എന്നാൽ സാത്താന്റെ പ്രലോഭനത്തിന് വിധേയപ്പെടുവാനുള്ള തീരുമാനം ദാവീദിന്റെ സ്വന്തമായിരുന്നു.

രണ്ടാമതായി, ഇയ്യോബ് 1:12; 2:6 ൽ ഭക്തനായ ഇയ്യോബിനോടുള്ള ബന്ധത്തിൽ, അവനുള്ള സകലത്തെയും അവന്റെ ശരീരത്തെയും ദോഷങ്ങളാൽ പരീക്ഷിക്കാൻ സാത്താൻ ആവശ്യപ്പെട്ടു എന്നും ദൈവം സാത്താനെ അനുവദിച്ചു എന്നും കാണുന്നു; എന്നാൽ ഇതിലൊന്നിനാലും ഇയ്യോബ് പാപം ചെയ്തില്ലായെന്ന് നാം കാണുന്നു (ഇയ്യോബ് 1:22; 2:10).

മൂന്നാമതായി, ദൈവപുത്രനായ യേശുവിനോടുള്ള ബന്ധത്തിൽ (മത്തായി 4:1–10; ലൂക്കൊസ് 4:1–13), പിശാചിനാൽ ദോഷത്തിനായി പരീക്ഷപ്പെടുവാൻ ആത്മാവ് അവനെ മരുഭൂമിയിലേക്കു നടത്തി എന്നും എഴുതിയിരിക്കുന്നു. എന്നാൽ ദോഷത്തിനായുള്ള സാത്താന്റെ പരീക്ഷയ്ക്കു ക്രിസ്തുവും വിധേയപ്പെട്ടില്ല (c.f. എബ്രാ. 4:15).

ഇതിൽനിന്നും പരീക്ഷ ദൈവം അനുവദിക്കുന്നതാണെങ്കിലും ദൈവം പരോക്ഷമായി ആരെയും ദോഷത്തിനായി പരീക്ഷിക്കുന്നില്ലാ യെന്നും പരീക്ഷയിൽ പാപംചെയ്യുവാനുള്ള പ്രലോഭനം പൈശാചിക മാണെന്നും തെളിയുന്നു.

എന്നാൽ പരോക്ഷമായി മാത്രമല്ല, പ്രത്യക്ഷമായും താൻ ആരെയും ദോഷത്തിനായി പരീക്ഷിക്കുന്നില്ലായെന്നും വചനം പറയുന്നു. എങ്കിലും അങ്ങനെ തോന്നിപ്പിക്കുനന ചില വേദഭാഗങ്ങളും വചനത്തിലുണ്ട്.

അതിലൊന്ന് ദൈവം അബ്രഹാമിനെ പരീക്ഷിച്ചതാണ് (ഉല്പത്തി 22:1); അതുപോലെതന്നെ ദൈവം യിസ്രായേൽമക്കളെ പരീക്ഷിച്ച തായും കാണുന്നുണ്ട് (പുറ. 15:25; 16:4; ആവ. 8:2 c.f. യോഹ. 5:5,6). എന്നാൽ ഇത് ദോഷത്തിനായുള്ള പരീക്ഷയായിരുന്നില്ല, മറിച്ച് തന്റെ വാഗ്ദത്തത്തിലുള്ള വിശ്വാസവും തന്റെ വചനത്തോടുള്ള അനു സരണവും വെളിപ്പെടുത്തുവാനും തെളിയിക്കുവാനും ഉള്ളതായിരുന്നു. അങ്ങനെ നോക്കുമ്പോൾ പ്രത്യക്ഷമായും പരോക്ഷമായും ദൈവം ദോഷത്തിനായി ആരെയും പരീക്ഷിക്കുന്നില്ലായെന്നു തെളിയുന്നു.

എന്നാൽ ഗിരിപ്രഭാഷണത്തിൽ (മത്തായി 6:13) "ഞങ്ങളെ പരീക്ഷ യിൽ കടത്താതെ ദുഷ്ടങ്കൽനിന്ന് ഞങ്ങളെ വിടുവിക്കണമേ എന്നു കർത്താവ് ശിഷ്യന്മാരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചതിന് കാരണം - വഹിക്കാവുന്നതിലും വലിയ പരീക്ഷ അനുവദിക്കരുത് എന്ന അർത്ഥ ത്തിലാണ് (eg. ഇയ്യോബ്, ദാനീയേൽ, യേശു). എന്നാൽ ഇക്കാര്യ ത്തിൽ ദൈവം തന്റെ ദാസനിലൂടെ തന്റെ വാഗ്ദത്തം നമുക്ക് നല്കി യിട്ടുണ്ട്. അതുകൊണ്ടാണ്, "ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയു ന്നതിനുമീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ നിങ്ങൾക്ക് സഹി ക്കാൻ കഴിയേണ്ടതിന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും" (1 കൊരി. 10:13; c.f. മർക്കൊസ് 13:20) എന്ന് വചനം പറയു ന്നത്.

ദൈവം ദോഷത്തിനായി ആരെയും പരീക്ഷിക്കുന്നില്ലായെന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട തെളിവ് ദൈവം തിന്മയുടെ ഉറവിടമല്ല, മറിച്ച് നന്മയുടെ ഉറവിടമാകുന്നു എന്നതാണ്. അതുകൊണ്ടാണ്, "**എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു; അവന് വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല**" (V. 17) എന്ന് യാക്കോബ് ഉറപ്പിച്ച് പറയുന്നത്. ദൈവം തന്റെ ജനത്തിന് തിന്മയായി ഒന്നും കൊടുക്കുന്നില്ല; മറിച്ച്, ദൈവത്തിൽനിന്നും മനുഷ്യന് നന്മ മാത്രമാണ് ലഭിക്കുന്നത്; തന്നെയുമല്ല, എല്ലാ നന്മയും ദൈവത്തിനിന്നു മാത്രമാണ് ലഭിക്കുന്നത്. ബാഹ്യമായ ഒന്നിനാലും പരീക്ഷിക്കപ്പെടാതെ ദൈവം തന്റെ പദ്ധതി നിറവേറ്റുന്നു; അതുകൊണ്ട്, ദൈവികസ്വഭാവം നിമിത്തം ദൈവം ആരെയും തിന്മക്കായി പരീക്ഷിക്കുന്നില്ലായെന്ന് തെളിയുന്നു.

## II. മനുഷ്യന്റെ സ്വഭാവം നിമിത്തം

"**ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു**" (V. 14)

ദൈവം മനുഷ്യനെ തിന്മക്കായി പരീക്ഷിക്കുന്നില്ലായെന്നതിന്റെ രണ്ടാമത്തെ കാരണം മനുഷ്യന്റെ സ്വഭാവമാണ്. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു എന്നാണ് വചനം പറയുന്നത്. "**ഓരോരുത്തൻ**" എന്നത് പരീക്ഷയുടെ സാർവ്വത്രിക സ്വഭാവത്തെയാണ് കാണിക്കുന്നത്. എല്ലാ കാലഘട്ടത്തിലും എല്ലാസ്ഥലങ്ങളിലും എല്ലാ പ്രായത്തിലുള്ളവരും പരീക്ഷിക്കപ്പെടുന്നു എന്നാണ് ഇതിനർത്ഥം. "**സ്വന്തമോഹത്താൽ**" എന്ന് പറയുന്നതിലൂടെ കുറ്റം മനുഷ്യന്റെ ഭാഗത്താണ്, വീണ്ടെടുക്കപ്പെടാത്ത ജഡം നിമിത്തമാണ്, മനുഷ്യന്റെ സ്വഭാവികപ്രവണത പാപത്തിലേക്കായതുകൊണ്ടാണ് എന്ന് തെളിക്കുന്നു; അതുകൊണ്ടാണ് റോമർ 7:18-20 വാക്യങ്ങളിൽ, "എന്നാൽ, എന്നു വെച്ചാൽ, എന്റെ ജഡത്തിൽ നന്മ വസിക്കുന്നില്ല എന്ന് ഞാൻ അറിയുന്നു; നന്മ ചെയ്യുവാനുള്ള താല്പര്യം എനിക്കുണ്ട്; പ്രവർത്തിക്കുന്നതോ ഇല്ല" എന്ന് പൗലൊസ് പറയുന്നത്. "**ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ**" എന്നു പറയുന്നതുകൊണ്ട്, മൃഗങ്ങളും, പക്ഷികളും, മത്സ്യങ്ങളും ഇരയെ

കാണുമ്പോൾ അതിന്റെ പിന്നിലുള്ള വഞ്ചനയെ അറിയാതെ വേഗം അതിലേക്ക് ആകർഷിച്ച് വശീകരിക്കപ്പെട്ട് കുടുക്കിൽ അകപ്പെടുന്നതുപോലെ, മനുഷ്യന് പാപം ആകർഷണീയമായും ആസ്വാദ്യകരമായും തൃപ്തിപ്പെടുത്തുന്നതായും തോന്നിക്കുന്നു; തിന്മ നന്മയിലും, അധാർമ്മികത ധാർമ്മികതയിലും, ലൗകികകാര്യങ്ങൾ ദൈവികകാര്യത്തിലും നല്ലതായി തോന്നിപ്പിക്കുന്നു-അതിനുള്ള അവസരങ്ങൾ നൽകുന്നു. അതുകൊണ്ട് വിശ്വാസി പാപത്തിനായി പരീക്ഷിക്കപ്പെടുന്നതിനുള്ള പ്രഥമകാരണക്കാരൻ ദൈവമല്ല, പിശാചല്ല, മറ്റാരുമല്ല, മറിച്ച് തന്റെ തന്നെ ആന്തരിക മോഹങ്ങളാണ്. എന്തെന്നാൽ, ഓരോ വ്യക്തിയും ഓരോരോ മേഖലയിൽ മോഹത്തിന് വിധേയനാണ്. അത് സ്ഥാനമോ, സാമ്പത്തികമോ, ശാരീരമോ, ലൗകികമോ ആകാം. ഇവയിൽ ഏതു തന്നെയായാലും ഇവയ്ക്കുള്ള മോഹം മനുഷ്യന്റെ ഉള്ളിൽനിന്ന് തന്നെയാണ് വരുന്നത്. കാരണം, അത് അവന്റെ സ്വഭാവത്തിന്റെ ഭാഗമാണ്. അതുകൊണ്ട്, മനുഷ്യന്റെ സ്വഭാവം പരിഗണിച്ചാൽ, ദൈവമല്ല, താൻ തന്നെയാണ്. ദോഷത്തിനായി പരീക്ഷിക്കപ്പെടുന്നതിന്റെ കാരണക്കാരൻ എന്ന് തെളിയുന്നു.

എന്നാൽ മനുഷ്യന്റെ എല്ലാ ആഗ്രഹങ്ങളും മോഹമല്ല; ആഗ്രഹങ്ങൾ ദൈവദത്തമാണ്; എങ്കിലും അമിതമായി ആഗ്രഹിക്കുന്നതും അതിരു കടന്ന് ആഗ്രഹിക്കുന്നതും മോഹമാണ്; അതാണ് മനുഷ്യനെ പല തിന്മയിലേക്കും നയിക്കുന്നത്.

## III. മോഹത്തിന്റെ – പാപത്തിന്റെ സ്വഭാവം നിമിത്തം

**"മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു; പാപം മുഴുത്തിട്ട് മരണത്തെ പെറുന്നു"** (v. 15).

വിശ്വാസി പരീക്ഷിക്കപ്പെടുന്നതിന് ദൈവം കാരണക്കാരനല്ലായെന്നതിന്റെ മൂന്നാമത്തെ തെളിവ് മോഹത്തിന്റെ സ്വഭാവാണ് – പാപത്തിന്റെ സ്വഭാവമാണ്. **"മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു"** എന്ന് പറയുന്നതിലൂടെ പാപം ആരുടെ ജീവിതത്തിലും പെട്ടെന്ന് സംഭവിക്കുന്ന ഒരു കാര്യമായിരിക്കുന്നില്ലായെന്നും ഒരാൾ പാപം ചെയ്യുന്നതിന് മുൻപ് അയാളെ പാപത്തിലേക്ക് നയിക്കുന്ന പല പടികൾ ഉണ്ടെന്നും ഇതിലൂടെ വ്യക്തമാകുന്നു. അതിൽ ആദ്യത്തെതാണ് മോഹം. ഒരു വ്യക്തി രക്ഷിക്കപ്പെടുന്നതിന് മുൻപ് നാനാവിധമോഹങ്ങൾക്കും ഭോഗ

ങ്ങൾക്കും അവൻ അധീനനാണ്. എന്നാൽ രക്ഷിക്കപ്പെട്ടശേഷം മോഹത്തിനടിമയല്ലെങ്കിലും മോഹത്തിനുള്ള ആഗ്രഹം അവനിലുണ്ട്. അതുകൊണ്ടാണ് ഏതെങ്കിലും ഒന്ന് കാണുകയോ കേൾക്കുകയോ അറിയുകയോ ചെയ്യുമ്പോൾ തന്നെ അവന്റെ ശ്രദ്ധയെ അത് ആകർഷിക്കുകയും അത് സ്വന്തമാക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നത്; അങ്ങനെ നോക്കുമ്പോൾ, മോഹം ആദ്യം ബുദ്ധിയെയാണ് സ്വാധീനിക്കുന്നത്. മനുഷ്യനെ ആകർഷിച്ചതിനെ സ്വന്തമാക്കുവാനുള്ള ആഗ്രഹം വലുതാകുമ്പോൾ അത് മോഹമായി തീരുന്നു; ആ മോഹത്താലാണ് പിന്നീട് മനുഷ്യൻ നിയന്ത്രിക്കപ്പെടുന്നത്; മോഹത്തിന് വിധേയപ്പെട്ടാലുണ്ടാകാവുന്ന അപകടത്തെ കാണാൻ കഴിയാത്തവിധത്തിൽ മോഹം മനുഷ്യനെ മറയ്ക്കുന്നു.

മോഹം രണ്ടാമതായി വികാരത്തെയാണ് സ്വാധീനിക്കുന്നത്; അങ്ങനെ മോഹത്താൽ മനുഷ്യൻ വഞ്ചിതനാകുന്നു. തുടർന്ന് മോഹം പദ്ധതികൾ ആവിഷ്കരിക്കുന്നു; ആഗ്രഹിച്ചതിനെ സ്വന്തമാക്കുവാനുള്ള വ്യഗ്രതയിൽ ഏതു വിധം സ്വന്തമാക്കണമെന്ന് രൂപകല്പന ചെയ്യുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. രൂപകല്പന ഇച്ഛയിൽനിന്നുള്ളതാണ്; അതുകൊണ്ട് പാപത്തിന്റെ ശക്തി ഇവിടെയാണ്. മോഹം അവസാനമായി ഇച്ഛയെയാണ് സ്വാധീനിക്കുന്നത്; ഇവിടെയാണ് പാപത്തെ നേരിടേണ്ടതും തോല്പിക്കേണ്ടതും; അതിന് കഴിഞ്ഞില്ലായെങ്കിൽ "**മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു**"; ഇതാണ് മോഹത്തിന്റെ ഫലം.

ഏതൊരു പാപവും - മാനഭംഗം, മോഷണം, കൊലപാതകം ഈ നടപടിക്രമത്തിലാണ് സംഭവിക്കുന്നത്; അതുകൊണ്ടാണ് മോഹം ഗർഭം ധരിച്ച് പാപത്തെ പ്രസവിക്കുന്നു എന്ന് വചനം പറയുന്നത്. പാപത്തിന്റെ ഉത്ഭവം മോഹത്തിൽ നിന്നായതിനാൽ പാപം ചെയ്യാതിരിക്കണമെങ്കിൽ മോഹത്തോട് പോരാടണം; മോഹം ഉളവാക്കുന്ന അവസരങ്ങൾ സാഹചര്യങ്ങൾ വഴികൾ മുതലായവ ഉപേക്ഷിക്കണം; മോഹത്തിന് വിധേയപ്പെടുന്ന വികാരത്തെ നിയന്ത്രിക്കുവാൻ മനസ്സിനെ ശീലിപ്പിക്കണം; മ്ലേച്ഛമായവ കണ്ടും കേട്ടും ചിന്തിച്ചും മനസ്സിനെ വഷളാക്കാതെ "സത്യമായത് ഒക്കെയും... സത്ഗുണമോ പുകഴ്ചയോ അതൊക്കെയും ചിന്തിച്ചു" കൊണ്ട് മനസ്സിനെ രൂപപ്പെടുത്തണം (ഫിലി. 4:8). അതുകൊണ്ടാണ് "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണമന

സ്സോടുംകൂടെ സ്നേഹിക്കണം" (ലൂക്കൊസ് 10:27). എന്നും, "ഈ ലോകത്തിന് അനുരൂപമാകാതെ... മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ" (റോമർ 12:2) എന്നും വചനം പറയുന്നത്. അല്ലെങ്കിൽ പാപം അതിന്റെ ഉച്ചസ്ഥിതിയിലെത്തുകയും അത് മരണത്തെ കൊണ്ടുവരികയും ചെയ്യും; അങ്ങനെ "**പാപം മുഴുത്തിട്ട് മരണത്തെ പെറു**"മെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്.

പാപം നിമിത്തമുള്ള മരണം മൂന്ന് തലങ്ങളിലാണ് മനുഷ്യനെ ബാധിച്ചത്; ആത്മാവും-ദേഹിയും ദൈവത്തിൽനിന്നും വേർപ്പെട്ട അവസ്ഥയിൽ ആത്മമരണം (എഫെ. 2:1); ആത്മാവും ദേഹിയും ശരീരത്തിൽനിന്നും വേർപ്പെട്ട അവസ്ഥയിൽ ശാരീരിക മരണം (റോമർ 6:23; 1 കൊരി. 11:30; 1 യോഹ. 5:16); ആത്മാവും ദേഹിയും ദൈവത്തിൽനിന്നും എന്നേക്കുമായി വേർപ്പെട്ട അവസ്ഥയിൽ നിത്യമരണം അഥവാ രണ്ടാം മരണം (വെളി. 20:14,15).

ഇക്കാരണത്താലാണ് "**എന്റെ പ്രിയ സഹോദരന്മാരേ, വഞ്ചിക്കപ്പെടരുത്**" (v.16) അർത്ഥാൽ മോഹത്താൽ വഞ്ചിക്കപ്പെടരുത്, പാപത്താൽ വഞ്ചിക്കപ്പെടരുത്, പരീക്ഷിക്കപ്പെടുമ്പോൾ ദൈവത്തെ കുറ്റപ്പെടുത്തി വഞ്ചിക്കപ്പെടരുതെന്ന് വചനം പറയുന്നത്. കാരണം, ദൈവം ആരെയും ദോഷത്തിനായി പരീക്ഷിക്കുന്നില്ല; ദൈവം ഒരു തിന്മയുടെയും ഉറവിടമല്ല, പ്രത്യുത, "**എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു. അവന് വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല**" എന്ന് യാക്കോബ് പറയുന്നത് (v. 17).

ദൈവം വെളിച്ചങ്ങളുടെ പിതാവും (1 യോഹ. 1:5), എല്ലാ വെളിച്ചവും ദൈവത്തിന്റെ സൃഷ്ടിയും മനുഷ്യനു വേണ്ടിയുള്ള നല്ല ദാനവുമാണ് (സങ്കീർത്തനം 136:7-9); ലോകാരംഭം മുതൽ മനുഷ്യന് ലഭിച്ചിട്ടുള്ള ഓരോ നല്ല ദാനവും മനുഷ്യന്റെ ദോഷം കണക്കാക്കാതെ (ഉല്പത്തി 8:22 c.f. മത്തായി 5:45) സൂര്യചന്ദ്രന്മാരുള്ള കാലത്തോളം അങ്ങനെ തന്നെ തുടരുകയും ചെയ്യും (സങ്കീ. 72:5,7,17). ഇക്കാര്യത്തിൽ മനുഷ്യരോടുള്ള ബന്ധത്തിൽ ഇതുവരെ ദൈവത്തിന് ഒരു വ്യതിയാനവും ഉണ്ടായിട്ടില്ലെങ്കിൽ തന്റെ ജനത്തോടുള്ള ബന്ധത്തിൽ ഒരു വ്യതിയാനവും ഇനി ഉണ്ടാകയില്ല; ദൈവം തന്റെ ജനത്തിന് തിന്മയായി ഒന്നും

കൊടുക്കുകയില്ലെന്ന് മാത്രമല്ല, ദൈവത്തിൽനിന്നും നന്മ മാത്രമാണ് അവർക്ക് ലഭിക്കുകയുള്ളൂവെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്. കാരണം, നല്ലവനും പൂർണ്ണനുമായ ദൈവം നല്ലതും പൂർണ്ണതയുള്ളതുമായ ദാനം മാത്രമാണ് മനുഷ്യന് നൽകുന്നത് അതുകൊണ്ട് തന്റെ പുതിയ സൃഷ്ടിയും നല്ലതും പൂർണ്ണതയുള്ളതും ആകണമെന്ന് ആഗ്രഹിക്കുന്നതിനാൽ ദൈവം ആരെയും ദോഷത്തിനായി പരീക്ഷക്കുന്നില്ല.

ഇക്കാരണത്താൽ ദോഷം-പാപം ചെയ്യുവാൻ ദൈവം ആരെയും പ്രത്യക്ഷമായി പരീക്ഷിക്കുന്നില്ലായെന്ന് മാത്രമല്ല, പരോക്ഷമായി ദൈവം ആർക്കും അതിനു കൂട്ടു നില്ക്കുന്നില്ലായെന്നും ഇതിലൂടെ തെളിയുന്നു.

## IV. വീണ്ടും ജനനത്തിന്റെ സ്വഭാവം നിമിത്തം

**"നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിന് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു"** (v. 18).

വീണ്ടും ജനനത്തിന്റെ സ്വഭാവത്തിൽനിന്നും ദൈവം മനുഷ്യനെ ദോഷങ്ങളാൽ പരീക്ഷിക്കുകയില്ലെന്ന് തെളിയുന്നു. കാരണം, വെളിച്ചങ്ങളുടെ പിതാവായ ദൈവം ജനിപ്പിക്കുന്നതിലും വീണ്ടും ജനിപ്പിക്കുന്നതിലും പരമാധികാരിയാണ്. അതുകൊണ്ട് അവൻ തീരുമാനിച്ചപ്പോൾ അഥവാ തന്റെ ഇഷ്ടപ്രകാരം സത്യത്തിന്റെ വചനത്തിലൂടെ അവൻ നമ്മെ വീണ്ടും ജനിപ്പിച്ചു. (2 കൊരി. 6:7; എഫെ. 1:13; കൊലൊ. 1:5; 2 തിമൊ. 2:15). യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ദൈവം നല്കുന്ന പുതിയ ജീവൻ ഭക്തി ഉളവാക്കുന്നതും ക്രിസ്തീയ സ്വഭാവം വളർത്തുന്നതുമാണ്; മാത്രമല്ല, വീണ്ടും ജനനത്തിലൂടെ ഒരു വിശ്വസി പുതിയതായി സൃഷ്ടിക്കപ്പെടുകയും ദിവ്യസ്വഭാവത്തിന് പങ്കാളിയാകുകയും ചെയ്യുന്നു. ഇതെല്ലാം ദൈവം വിശ്വാസികൾക്കായി ചെയ്യുന്നതാകുന്നു; അങ്ങനെയിരിക്കെ ദൈവം വിശ്വാസിയെ ദോഷത്തിനായി പരീക്ഷിക്കുന്നതെങ്ങനെ? വിശ്വാസിയെ എല്ലാ നിലയിലും തന്റെ പുത്രനോട് അനുരൂപമാക്കുവാനാണ് ദൈവം നിർണ്ണയിച്ചിരിക്കുന്നത്; അങ്ങനെയിരിക്കെ ദോഷത്തിനായും പാപത്തിനായും പരീക്ഷിക്കുവാൻ ദൈവത്തിന് കഴിയുമോ? ഒരു നാളും കഴിയുകയില്ല. തന്നെയുമല്ല, വീണ്ടും

ജനനത്തിന്റെ ഉദ്ദേശ്യം "**നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിന്**" (1:8). ആണെന്നും യാക്കോബ് ഇവിടെ പറയുന്നു. "**ഒരുവിധം**" അഥവാ ഒരുതരം എന്നതുകൊണ്ട് ഒരേ നിറത്തിലും ഗുണത്തിലും രൂപത്തിലും സുഗന്ധത്തിലുമുള്ള ആദ്യഫലമാകേണ്ടതിനാണ് അവൻ തന്റെ ഇഷ്ടം ഹേതുവായി സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നത് - ഒരച്ചിലൂടെ മാത്രം രൂപപ്പെടുത്തിയിരിക്കുന്നത് (യോഹ. 1:13). അങ്ങനെയിരിക്കെ, വിശ്വാസികളെ ദോഷത്തിനായി പരീക്ഷിച്ച് പലവിധത്തിലുള്ളതാക്കി തീർക്കുമെന്ന് നിരൂപിക്കേണ്ടതില്ല. മാത്രമല്ല, വീണ്ടും ജനനത്തിന്റെ പ്രധാന ഉദ്ദേശ്യം പഴയനിയമ ശൈലിയിലാണ് "**ആദ്യഫലമാകേണ്ടതി**" നെന്ന് പറയുന്നത്. ആദ്യഫലകറ്റ ദൈവത്തിനായി വേർതിരിച്ച് സമർപ്പിക്കുവാനുള്ളതാണ്. അതുപോലെ, വീണ്ടും ജനനം വിശ്വാസികളെ ദൈവത്തിനായി വേർതിരിച്ച് സമർപ്പിക്കുവാൻ വേണ്ടിയുള്ളതാണ് (വെളിപ്പാട് 14:4); അതുകൊണ്ട് അവർ ഒരുപോലെയിരിക്കണം, ഒരുവിധത്തിൽ തന്നെയിരിക്കണം. അങ്ങനെയിരിക്കെ, അതിന് വിരുദ്ധമായിരിക്കുവാൻ ദൈവം ആരെയും പാപത്തിനായി പരീക്ഷിക്കുകയോ ദോഷത്തിനായി പരീക്ഷിക്കുകയോ പലവിധമാക്കുവാൻ ശ്രമിക്കുകയോ ഉപയോഗശൂന്യമാക്കുവാൻ ശ്രമിക്കുകയോ ചെയ്കയില്ല.

തിരഞ്ഞെടുപ്പിൽ യിസ്രായേൽ ദൈവത്തിന് ആദ്യഫലം ആകുന്നതുപോലെയും (യിരെ. 2:3), പുനരുത്ഥാനത്തിൽ ക്രിസ്തു പുനരുത്ഥാരണം ചെയ്യുന്ന എല്ലാവർക്കും ആദ്യഫലം ആകുന്നതുപോലെയും (1 കൊരി. 15:20) വീണ്ടു ജനനത്തിൽ ക്രിസ്തുവിശ്വാസികൾ പൊതുവിലും യാക്കോബിന്റെ അനുവാചകർ പ്രത്യേകമായും (യഹൂദാ ക്രിസ്ത്യാനികൾ) ദൈവത്തിന് ആദ്യഫലം ആകുന്നു.

പാപം നിമിത്തം മലിനമായ സർവപ്രപഞ്ചത്തെയും അതിലുള്ളതിനെയും പുനഃസൃഷ്ടിക്കുവാനുള്ള ദൈവികപദ്ധതിയുടെ ആദ്യഘട്ടമാണ് മനുഷ്യന്റെ വീണ്ടും ജനനം. അതുകൊണ്ട് ദൈവമക്കൾ പുനഃസൃഷ്ടിയിൽ ദൈവത്തിന് ആദ്യജാതന്മാർ ആകുന്നു.

മനുഷ്യന്റെ ആത്മാവിലാണ് വീണ്ടും ജനനത്തിന്റെ പ്രവൃത്തി ആദ്യം ദൈവം ആരംഭിച്ചത്. തുടർന്ന് രൂപാന്തരജീവിതത്തിലൂടെയും

ഉയിർപ്പിലൂടെയും ദേഹിയിലും ദേഹത്തിലും അതു പൂർത്തീകരിക്കും. മാത്രമല്ല, സർവപ്രപഞ്ചത്തിന്റെയും പുനഃസൃഷ്ടിയുടെ ഒരു ഉറപ്പും പ്രതീക്ഷയുമാണ് ഈ വീണ്ടും ജനനത്തിലൂടെ ലഭിക്കുന്നത് (റോമർ 8:19-23; വെളി. 21:1-5).

എന്നാൽ ദൈവത്തിന്റെ ഈ സമ്പൂർണ്ണ പുനഃസൃഷ്ടിയിൽവെച്ച് ആദ്യഫലം എന്ന നിലയിൽ ദൈവമക്കൾ എന്നും ദൈവത്തിന് വിശിഷ്ട മായ ഒരു ഓഹരി ആയിരിക്കും.

മേൽപ്രസ്താവിച്ച കാരണങ്ങളാൽ പരീക്ഷിക്കപ്പെടുമ്പോൾ വിശ്വാസി പാപത്തിൽ അകപ്പെടുന്നതിന് ദൈവം ഒരു കാരണമായിരി ക്കുന്നില്ലായെന്ന് തെളിയുന്നു; ദൈവം ദോഷങ്ങളാൽ പരീക്ഷിക്ക പ്പെടാത്തവനും ദോഷം ചെയ്യുവാൻ ആരെയും പരീക്ഷിക്കാത്തവനു മാകുന്നു; ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു; ഈ യാഥാർത്ഥ്യം അംഗീകരിക്കുവാൻ തയ്യാറാകാതെ, പരീക്ഷിക്കപ്പെടുമ്പോൾ ആരെങ്കിലും ദൈവത്തെ കുറ്റപ്പെടുത്തുന്നുവെങ്കിൽ അവർ യഥാർത്ഥ വിശ്വാസികൾ അല്ലായെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്.

3

# പരിശോധനയിൽ വചനത്തോട് ശരിയായി പ്രതികരിക്കുന്ന സ്വഭാവം

“പ്രിയ സഹോദരന്മാരോ, നിങ്ങൾ അത് അറിയുന്നുവല്ലോ. എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിനു താമസവുമുള്ളവൻ ആയിരിക്കട്ടെ. മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല. ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു നിങ്ങളുടെ ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളതും ഉൾനട്ടതു മായ വചനം സൗമ്യതയോടെ കൈക്കൊൾവിൻ. എങ്കലും വചനം കേൾക്കമാത്രം ചെയ്തുകൊണ്ടു തങ്ങളെ തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ. ഒരുത്തൻ വചനം കേൾ ക്കുന്നവൻ എങ്കിലും ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവികമുഖം കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു. അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു താൻ ഇന്ന രൂപം ആയി രുന്നു എന്ന് ഉടനെ മറന്നുപോകുന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ കേട്ടു മറക്കുന്നവനല്ല, പ്രവൃത്തി ചെയ്യുന്നവനായി താൻ ചെയ്യുന്ന തിൽ ഭാഗ്യവാൻ ആകും. നിങ്ങളിൽ ഒരുവൻ തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു താൻ ഭക്തൻ എന്നു നിരൂപിച്ചാൽ അവന്റെ ഭക്തി വ്യർത്ഥം അത്രേ. പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കട ത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാത്ത വണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു” (1:19–27).

യാക്കോബ് എഴുതിയ ലേഖനത്തിൽ യഥാർത്ഥവിശ്വാസത്തിന്റെ അടയാളമായി ഒന്നാമത് പറയുന്നത്, പരിശോധനയിൽ സ്ഥിരതയാണ്; രണ്ടാമത് പറയുന്നത്, ദൈവത്തെ കുറ്റപ്പെടുത്താത്ത ജീവിതമാണ്; യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമായി മൂന്നാമത് പറയുന്നത്, പരിശോധനയിൽ വചനത്തോട് ശരിയായി പ്രതികരിക്കുന്ന സ്വഭാവ മാണ്. വചനത്തോട് ശരിയായി പ്രതികരിക്കുക എന്നതുകൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? എന്തെല്ലാം അതിൽ അടങ്ങിയിരിക്കുന്നു? എന്തെല്ലാമാണ് അതിന്റെ പ്രയോജനങ്ങൾ? ഇക്കാര്യങ്ങളാണ് 1:19-27 വാക്യങ്ങളിൽ യാക്കോബ് പരാമർശിക്കുന്നത് ഇതോട് ബന്ധപ്പെട്ട് പ്രധാനമായും വചനം കേൾക്കുക, വചനം കൈക്കൊള്ളുക, വചനം ചെയ്യുന്നവരാകുക എന്നീ മൂന്ന് കാര്യങ്ങൾ യാക്കോബ് ഇവിടെ എടുത്തു പറയുന്നതായി കാണുന്നു.

## I. വചനം കേൾക്കുക (1:19)

വചനത്തോട് ശരിയായി പ്രതികരിക്കുന്നതിൽ ആദ്യം ചെയ്യേണ്ടത് വചനം ശരിയായി കേൾക്കുക എന്നതാണ്. വചനകേൾവിയോട് ബന്ധ പ്പെട്ട് 19-20 വാക്യങ്ങളിൽ പ്രധാനമായും രണ്ട് കാര്യങ്ങളാണ് ലേഖകൻ പരാമർശിക്കുന്നത്.

### A. വചനകേൾവിയുടെ ആഹ്വാനം

വചനകേൾവിക്കുള്ള ആഹ്വാനവും ആഹ്വാനത്തിന്റെ അടിസ്ഥാനവും അനുവാചകർക്ക് ഇവിടെയും അനുബന്ധവേദഭാഗങ്ങളിലും കാണു വാൻ സാധിക്കും. അതുകൊണ്ടാണ് "നാം അവന്റെ സൃഷ്ടികളിൽ ഒരുവിധം ആദ്യഫലമാകേണ്ടതിന്... സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിച്ചിരിക്കുന്നു" എന്നും (1:18), "കെടുന്ന ബീജത്താലല്ല കെടാത്തതി നാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നെ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു" എന്നും (1 പത്രൊസ് 1:23; 2:1,2) കാണുന്നത്. എന്നാൽ അതോടുള്ള ബന്ധത്തിൽ **"ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന് താമ സമുള്ളവൻ ആയിരിക്കട്ടെ"** എന്നാണ് യാക്കോബിന്റെ ബുദ്ധിയു പദേശം. അർത്ഥാൽ ഓരോ വ്യക്തിയും വചനം കേൾക്കുന്നതി നോടുള്ള ബന്ധത്തിൽ കേൾക്കാൻ വേഗതയും, വചനത്തിലെ അപ്രിയ സത്യങ്ങൾക്കെതിരെ പ്രതികരിക്കുവാൻ താമസവും കോപത്തിനു താമ സവുമുള്ളവൻ ആയിരിക്കണം. വചനകേൾവിയിൽ ഇക്കാര്യങ്ങൾ അനു

വാചകൾ അറിഞ്ഞിരിക്കണമെന്നു യാക്കോബ് ആവശ്യപ്പെടുന്നു. എന്നാൽ ഇതിനെ സാധാരണ ജീവിതത്തിൽ ഓരോ വ്യക്തിയും പാലിക്കേണ്ടതായ സാന്മാർഗ്ഗിക ഉപദേശമായി ഒറ്റ നോട്ടത്തിൽ ചിലർക്ക് തോന്നുവാൻ ഇടയുണ്ട്; കാരണം, ബുദ്ധിഹീനമായ സംസാരം നിമിത്തവും അതിനെ തുടർന്നുള്ള കോപം നിമിത്തവും പല അനർത്ഥങ്ങളും അനിഷ്ടസംഭവങ്ങളും ഉണ്ടാകാനിടയുണ്ട് (സദൃശ. 10:19; 15:1; 16:32; സഭാപ്രസംഗി 5:2; മത്തായി 5:21–26). എന്നാൽ വചനം എങ്ങനെ കേൾക്കണം എന്നതാണ് യാക്കോബിന്റെ ഇവിടത്തെ വിഷയം. കാരണം യഹൂദാ പശ്ചാത്തലത്തിലാണ് യാക്കോബിന്റെ ഈ വാക്കുകൾ മനസ്സിലാക്കേണ്ടത്.

## B. വചനകേൾവിയുടെ വിധം

"എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും..." (V. 19).

### 1. കേൾപ്പാൻ വേഗത:

ഈ വാക്യത്തിന് മുൻപും പിൻപും വചനം എന്ന വിഷയമാണ് യാക്കോബ് പരാമർശിക്കുന്നത് (1:18,21,22,23,25); അതായത്, ദൈവിക ജീവൻ ലഭിക്കുന്നതും, ജീവൻ നിലനിറുത്തുന്നതും വചനത്താലാണ്, വചനത്താൽ ദൈവത്തിൽനിന്നും ജനിച്ചവർ ദൈവത്തിനായി വളരേണ്ടതും വചനത്താലാണ്. മാത്രമല്ല, പരീക്ഷകളിലും പരിശോധനകളിലും ദൈവത്തെ കുറ്റപ്പെടുത്താതെ ദൈവികപദ്ധതിയെ തിരിച്ചറിയുന്നതിന് വചനം കേൾക്കണം: വചനം കേൾപ്പാൻ വേഗതയും താല്പര്യവും ഉത്സാഹവും ഉള്ളവർ ആകണം. ദൈവവചനം യഥാർത്ഥമായി പഠിപ്പിക്കുകയോ പ്രസംഗിക്കപ്പെടുകയോ ചെയ്യുന്ന ഏതൊരു സന്ദർഭവും വിശ്വാസി പ്രയോജനപ്പെടുത്തണം. കാരണം, താല്പര്യത്തോടെ വചനം കേൾക്കുവാനുള്ള ആഗ്രഹം ഏതൊരു വിശ്വാസിയുടെയും അടയാളമാണ്, അതുകൊണ്ടാണ് യോഹന്നാൻ 8:47 ൽ, "ദൈവസന്തതിയായവൻ ദൈവവചനം കേൾക്കുന്നു; നിങ്ങൾ ദൈവവസന്തതിയല്ലായ്കകൊണ്ട് കേൾക്കുന്നില്ല" എന്ന് കർത്താവ് യഹൂദന്മാരോട് പറഞ്ഞത്. അതുപോലെ തന്നെ 1 യോഹന്നാൻ 4–6 ൽ, "ഞങ്ങൾ ദൈവത്തിൽനിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നു; ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളുടെ വാക്ക് കേൾക്കുന്നില്ല; സത്യത്തിന്റെ ആത്മാവ് ഏതു എന്നും വഞ്ചനയുടെ ആത്മാവ് ഏത് എന്നും

നമുക്ക് ഇതിനാൽ അറിയാം" എന്ന് യോഹന്നാനും പറയുന്നു. അതു കൊണ്ട് ഓരോ വിശ്വാസിയും ദൈവവചനം കേൾക്കുന്നതിന് വേഗ തയുള്ളവനായിരിക്കണം, പരിശോധനയിൽ പ്രത്യേകിച്ചും; കാരണം അത് യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമാണ്.

2. പറവാൻ താമസം

"ഏതു മനുഷ്യനും... പറവാൻ താമസവും..." (v.19)

ഉള്ളവനായിരിക്കട്ടെയെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്. ഓരോ മനുഷ്യനും കേൾക്കുവാൻ രണ്ട് ചെവികൾ വീതം നൽകപ്പെട്ടിരി ക്കുന്നുവെങ്കിലും സംസാരിക്കുവാൻ ഒരു നാക്ക് മാത്രമാണ് നൽക പ്പെട്ടിരിക്കുന്നത്. അതുകൊണ്ട് ഏത് മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും ഉള്ളവനായിരിക്കണമെന്ന് ശരീരഘടന തന്നെ വ്യക്തമാക്കുന്നു. അതായത്, പ്രസ്താവിക്കപ്പെടുന്ന വചനത്തിന് എതിരെയും വചനം പ്രസ്താവിക്കുന്ന വ്യക്തിക്കെതിരെയും പറവാൻ താമസമുള്ളവൻ ആയിരിക്കട്ടെ എന്നാണ് അതിലൂടെ യാക്കോബ് അർത്ഥമാക്കുന്നത്. കാരണം, വചനം കേൾക്കുമ്പോൾ വചനത്തിലെ സത്യത്തോട് എല്ലാവർക്കും എപ്പോഴും സന്തോഷത്തോടെ പ്രതികരി ക്കുവാൻ കഴിയുകയില്ല. കാരണം, അവ ചിലപ്പോൾ ഹൃദയത്തിന് കുത്തുന്നതും, പ്രകോപ്പിക്കുന്നതും സ്വന്തം പദ്ധതിക്ക് എതിരായി നില്ക്കുന്നതും അപ്രിയ സത്യങ്ങളും ആയിരിക്കും; അങ്ങനെയുള്ള അവസരങ്ങളിൽ വചനത്തിലെ സത്യത്തിന് എതിരെയും വചനം പ്രസ്താവിക്കുന്നവർക്കെതിരെയും എന്തെങ്കിലും പറയുവാൻ പരീക്ഷിക്ക പ്പെടുകയും പ്രലോഭിപ്പിക്കപ്പെടുകയും ചെയ്താൽ പോലും ഏതു മനു ഷ്യനും പറവാൻ താമസമുള്ളവൻ ആയിരിക്കണമെന്നാണ് യാക്കോബ് ഇതിലൂടെ ഉപദേശിക്കുന്നത്.

3. കോപത്തിന് താമസം

"...കോപത്തിന് താമസമുള്ളവൻ ആയിരിക്കട്ടെ" (v.19).

അപ്രിയ സത്യങ്ങൾ കേൾക്കുമ്പോൾ വചനത്തിലെ സത്യത്തോടും വചനം പ്രസ്താവിക്കുന്നവരോടും ചിലർക്ക് കോപവും അമർഷവും ഉണ്ടാകുവാനും അത് പ്രകടിപ്പിക്കുവാനും ഇടയുണ്ട്. ഇങ്ങനെ സംഭവിച്ച ചില സന്ദർഭങ്ങൾ വചനത്തിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്.

യഹോവയുടെ പ്രവാചകനായ മീഖായാവ് ഒരിക്കൽ പ്രസ്താവിച്ച വചനം യിസ്രായേൽ രാജാവായ ആഹാബിന് അനിഷ്ടമായതിനാൽ അവൻ കോപം പൂണ്ട് മീഖായാവിനെ അടിക്കുവാൻ കൂട്ടുനില്ക്കുകയും അവനെ തടവിൽ പാർപ്പിക്കുകയും ചെയ്തു (1 രാജാ. 22:19–24, 26–27). മറ്റൊരിക്കൽ, യഹൂദരാജാവായ ആസ ദർശകനായ ഹനാനിയെ കാരാഗ്രഹത്തിലാക്കി (2 ദിന. 16:7–10). അതുപോലെ യെഹൂദരാജാവായ അമസ്യാവ് പ്രവാചകനെ ഭീഷണിപ്പെടുത്തി (2 ദിന. 25:14–16). അതുപോലെതന്നെ യിരെമ്യാവിന്റെ വചനങ്ങൾ യഹോയാക്കീം രാജാവിന്റെ ഇഷ്ടത്തിന് എതിരായതിനാൽ അവൻ അതിൽ കോപം പൂണ്ട് വചനം എഴുതിയിരുന്ന ചുരുൾ മുറിച്ച് തീയിൽ ഇടുകയും അത് എഴുതിയ യിരെമ്യാവെയും ബാരൂക്കിനെയും പിടിപ്പാൻ കല്പന പുറപ്പെടുവിക്കുകയും ചെയ്തു (യിരെ. 36:21–25,26).

പുതിയ നിയമത്തിലേക്ക് വരുമ്പോൾ പ്രവാചകനായ യോഹന്നാൻ സ്നാപകനെ ഹെരോദാവ് തടവിലാക്കി ശിരച്ഛേദം ചെയ്തു (ലൂക്കൊസ് 3:19 c.f. മത്തായി 23:34). എന്നും, യേശുവിനെതിരെ കോപം പൂണ്ട് യഹൂദന്മാർ അവനെ എറിവാൻ കല്ലെടുത്തു എന്നും അതുപോലെ പട്ടണത്തിന് പുറത്താക്കി തല കീഴായി തള്ളിയിടുവാൻ ഭാവിച്ചു എന്നും കാണുന്നു (യോഹ. 8:47–59; ലൂക്കൊസ് 4:28–29). മാത്രമല്ല, സഭയുടെ പ്രാരംഭഘട്ടത്തിൽ സുവിശേഷത്തിന് ശക്തമായ സാക്ഷ്യം വഹിച്ച സ്തേഫാനോസിനെതിരെ യഹൂദന്മാർ കോപപരവശരായി പല്ല് കടിച്ചും ഉറക്കെ നിലവിളിച്ചും ചെവി പൊത്തിയും ഒന്നിച്ച് പാഞ്ഞ് ചെന്ന് അവനെ തള്ളി നഗരത്തിന് പുറത്താക്കി കല്ലെറിഞ്ഞു എന്നും കാണുന്നു (അ.പ്ര. 7:51–55, 57–58; c.f. മത്തായി 23:29–37). യഹൂദരായ യാക്കോബിന്റെ അനുവാചകർക്ക് ഈ സംഭവങ്ങൾ പലതും അറിവുള്ളതാണ്. അതുകൊണ്ടാണ് വചനം കേൾക്കുമ്പോൾ അവരുടെ പിതാക്കന്മാരെപോലെ പ്രതികരിക്കാതെ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന് താമസവുമുള്ളവൻ ആകണമെന്ന് യാക്കോബ് അവരെ പ്രബോധിപ്പിക്കുന്നത്.

വചനകേൾവിയിൽ വിശ്വാസി കോപത്തിന് താമസമുള്ളവൻ ആകണമെന്ന് പറയുന്നതിനുള്ള മറ്റൊരു കാരണം **"മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല"** എന്നതാണ് (v. 20). വചനം കേൾക്കുന്നതിന്റെ ഉദ്ദേശ്യം, അതിലൂടെ മനുഷ്യന് ദൈവത്തിന്റെ നീതി അഥവാ നീതിയുള്ള നിലവാരം ലഭ്യമാക്കുവാൻ വേണ്ടി

യാണ്; ശരിയായ വചനകേൾവി അതിനുള്ള മുഖാന്തരമാണ്. എന്നാൽ വചനകേൾവിയിൽ പൂർവ്വികന്മാർ ചെയ്തതുപോലെ വചനത്തിലെ സത്യത്തോട് എതിർത്തു നില്ക്കുകയും വചനം പ്രസ്താവിക്കുന്നവരോട് കോപിക്കുകയും ചെയ്താൽ വചനകേൾവിയിലൂടെയുള്ള ദൈവിക ലക്ഷ്യം അനുവാചകർക്ക് ലഭിക്കാതെ പോകുമെന്നാണ് യാക്കോബ് പറയുന്നത്.

## II. വചനം കൈക്കൊള്ളുക (v. 21)

വചനത്തോട് ശരിയായി പ്രതികരിക്കുന്നതിൽ രണ്ടാമത് ചെയ്യേണ്ടത് വചനം ശരിയായി കൈക്കൊള്ളുക എന്നതാണ്. **"ആകയാൽ എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ട്... വചനം സൗമ്യതയോടെ കൈക്കൊൾവിൻ"** (v. 21). കൈക്കൊള്ളുക എന്നതുകൊണ്ട്, മനഃപൂർവ്വമായും ഒരുക്കത്തോടുകൂടിയും വരുംവരായ്കൾ അറിഞ്ഞുംകൊണ്ട് രാഹാബ് ഒറ്റുകാരെ കൈക്കൊണ്ടതുപോലെ (എബ്രാ. 11:31) വചനം കൈക്കൊള്ളുക എന്നാണ് ഇതിനർത്ഥം. വചനകേൾവിയിൽ ചെവിയാണ് മുഖ്യമുഖാന്തരമെങ്കിൽ വചനം കൈക്കൊള്ളുന്നതിൽ ഹൃദയമാണ് മുഖ്യമുഖാന്തരമായിരിക്കുന്നത്. ഇതോടുള്ള ബന്ധത്തിൽ വചനം എങ്ങനെ കൈക്കൊള്ളണം? വചനത്തിന്റെ പ്രത്യേകതയെന്താണ്? മുതലായ കാര്യങ്ങളാണ് യാക്കോബ് ഇവിടെ പരാമർശിക്കുന്നത്.

### A. വചനം എങ്ങനെ കൈക്കൊള്ളണം (v. 21)

1. **"എല്ലാ അഴുക്കും ദുഷ്ടതയുടെ ആധിക്യവും വിട്ടു"** കൊണ്ടാണ് വചനം കൈക്കൊള്ളേണ്ടത്. അതുകൊണ്ടു തന്നെയാണ് "ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കികളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപോലെ രക്ഷയ്ക്കായി വളുവാൻ വചനം എന്നമായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛരിപ്പിൻ" എന്ന് പത്രൊാസും പറയുന്നത് (1 പത്രൊാസ് 2:1–2). വചനം സ്വീകരിക്കുന്നതിനുള്ള ഒരുക്കത്തെയാണ് ഈ വാക്യങ്ങൾ ഊന്നി പറയുന്നത്. ഇവിടെ, **"വിട്ട്"**, **"നീക്കികളഞ്ഞ്"** മുതലായ വാക്കുകൾ മാന്യമായ ഒരു കാര്യത്തിൽ ഏർപ്പെടുവാൻ ഇട്ടുപഴകിയ വസ്ത്രം അഥവാ വർക്ക് ഡ്രസ്സ് നീക്കം ചെയ്യുന്നതിനുവേണ്ടി ഉപയോഗിക്കുന്ന ഒരു ശൈലിയാണ് (സെഖ. 3:3,5; വെളി. 7:14). മേൽപറഞ്ഞ അഴുക്കുകൾ ഉള്ളിടത്തോളം വചനം ശരിയായി സ്വീകരിക്കുവാനും ഉൾക്കൊള്ളുവാനും കഴിയുകയില്ല; കാരണം, വിത്ത് വിതയ്ക്കുമ്പോൾ വിത്തിനെ നിലം സ്വീകരിക്കണമെങ്കിൽ നിലം ഒരുക്കപ്പെടണം. നിലത്തിലുള്ള കല്ലും മുള്ളും പറക്കാരയും നീക്കം ചെയ്ത് തരിശു

നിലം ഉഴുതുമറിക്കണം (യിരെ. 4:3 c.f. ഹോശേയ 10:12). അതുപോലെ വചനം സ്വീകരിക്കുന്നതിനായി ഏതു വ്യക്തിക്കും ആന്തരികമായ ഒരുക്കം ആവശ്യമാണ്; എങ്കിൽ മാത്രമേ വചനം ശരിയായി കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

2. സൗമ്യതയോടെ

"വചനം സൗമ്യതയോടെ കൈക്കൊള്ളുവിൻ..." (v. 21)

ശമൂവേലിനെപോലെ, "അരുളിച്ചെയ്യണമെ; അടിയൻ കേൾക്കുന്നു" (1 ശമൂവേൽ 3:10) എന്ന മനോഭാവത്തിൽ വചനം കൈക്കൊള്ളണം; മറിയയെപോലെ, "കർത്താവിന്റെ കാല്ക്കൽ ഇരുന്ന് അവന്റെ വചനം" കൈക്കൊള്ളണം (ലൂക്കൊസ് 10:39); കൊർന്നേല്യൊസിനെ പോലെ, "കർത്താവ് നിന്നോട് കല്പിച്ചതൊക്കെയും കേൾപ്പാൻ ഞങ്ങൾ എല്ലാവരും ഇവിടെ ദൈവത്തിന്റെ മുമ്പാകെ കൂടിയിരിക്കുന്നു" (അ.പ്ര. 10:33) എന്ന ബോധ്യത്തിൽ വചനം കൈകൊള്ളണം; തെസ്സലോനിക്യയിലെ വിശ്വാസികളെപോലെ, "മനുഷ്യന്റെ വചനമായിട്ടല്ല; സാക്ഷാൽ... ദൈവ വചനമായി" (1 തെസ്സ. 2:13). തെറ്റുകളെയും കുറവുകളെയും കേൾക്കാനും തിരുത്താനുമുള്ള ഒരുക്കത്തോടെ വചനം കൈക്കൊള്ളുന്ന ഒരു മനോഭാവം വിശ്വാസികൾക്ക് ഉണ്ടാകണം; വചനത്തെ ആഹാരം പാനീയം വഴി വിളക്ക് വെളിച്ചം എന്നിവ പോലെ കൈക്കൊള്ളണം എങ്കിൽ മാത്രമേ, വചനകേൾവിയുടെ ശരിയായ ഫലം ലഭിക്കുകയുള്ളൂ.

## B. വചനം എന്തുകൊണ്ട് കൈക്കൊള്ളണം (വചനത്തിന്റെ പ്രത്യേകത) (v. 21)

ദൈവവചനത്തിന് പല പ്രത്യേകതകളുമുണ്ട്; അതിൽ രണ്ടെണ്ണം മാത്രമാണ് യാക്കോബ് ഇവിടെ പരാമർശിക്കുന്നത്.

1. **ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളത്**

"...**ആത്മാക്കളെ രക്ഷിപ്പാൻ ശക്തിയുള്ളത്**" (v. 21). ഇവിടെ "**ആത്മാക്കൾ**" എന്ന് വിവർത്തനം ചെയ്തതിന്റെ മൂലവാക്കിന് (psuche) "ജീവൻ", "പ്രാണൻ" എന്നാണർത്ഥം. മാത്രമല്ല, ഈ വാക്ക് മറ്റ് പല വേദഭാഗങ്ങളിലും "ജീവൻ", "പ്രാണൻ" എന്നുതന്നെയാണ് മലയാളത്തിൽ വിവർത്തനം ചെയ്തിരിക്കുന്നതും (മത്തായി 16:25-26; മർക്കൊസ് 3:4; ലൂക്കൊസ് 6:9; യാക്കോബ് 5:20 c.f. 1 പത്രൊസ് 1:9). കാരണം, ദൈവവചനത്തിന് മനുഷ്യനെ രക്ഷയ്ക്ക് ജ്ഞാനിയാക്കുവാനും (2 തിമൊ. 3:14), വീണ്ടും ജനിപ്പിച്ച് (1 പത്രൊസ് 1:23) പുതിയ

സൃഷ്ടിയാക്കുവാനും (2 കൊരി. 5:17; എഫെ. 2:10) മാത്രമല്ല, അനുസരിക്കുന്നതിലൂടെ വിശ്വാസിയുടെ ജിവനെ-പ്രാണനെ പാപത്തിന്റെ അത്യന്തഫലമായ മരണത്തിൽനിന്ന് രക്ഷിക്കുന്നതിനും വചനത്തിന് ശക്തിയുണ്ട് (c.f. റോമർ 6:23; യോഹ. 5:16). ചുരുക്കത്തിൽ, മനുഷ്യന്റെ ഭൂത വർത്തമാന ഭാവികാല രക്ഷയ്ക്ക് ശക്തിയുള്ളതാണ് വചനം. അതുകൊണ്ടാണ് വചനം സൗമ്യത്തോടെ കൈക്കൊള്ളണമെന്ന് ഇവിടെ പറയുന്നത്.

2. ഉൾനട്ടതുമായ വചനം

"ഉൾനട്ടതുമായ വചനം..." (v.21) ദൈവവചനത്തിന്റെ മറ്റൊരു പ്രത്യേകത അത് വിശ്വാസിയിൽ ഉൾനട്ടവചനമാണ് എന്നതാണ്; വിശ്വാസി വീണ്ടും ജനിച്ചത് വചനത്താലാണ് (യാക്കോബ് 1:18); അവൻ വിശുദ്ധീകരിക്കപ്പെടേണ്ടതും ആത്മികമായി വളരേണ്ടതും ഈ വചനത്താൽ തന്നെയാണ് (യോഹ. 17:17; അ.പ്ര. 20:32); അതിനായി ഈ വചനത്തിന്റെ വിത്ത് അവനിൽ വസിക്കുന്നുണ്ട് (1 യോഹ. 3:9). ഇത് പ്രവാചകന്മാരിലൂടെ പിതാക്കന്മാർക്ക് നല്കിയ വാഗ്ദത്തമാണ് (യിരെ. 3:31-34). ഇക്കാരണങ്ങളാലാണ് വചനം സൗമ്യതയോടെ കൈക്കൊള്ളണമെന്ന് യാക്കോബ് പറയുന്നത്.

## III. വചനം ചെയ്യുന്നവരാകുക (22-25)

വചനത്തോട് ശരിയായി പ്രതികരിക്കുന്നതിൽ അവസാനമായി ചെയ്യേണ്ടത് വചനം ശരിയായി ചെയ്യുന്നവരാകുക എന്നതാണ്. യഥാർത്ഥ വിശ്വാസി വചനത്തോട് താല്ക്കാലിക താല്പര്യത്തോടെ പ്രതികരിക്കുന്നവനല്ല, മറിച്ച്, തുടർച്ചയായ സമർപ്പണവും അനുസരണവും ഉള്ളവനായിരിക്കുന്നു; കർത്താവിന്റെ വചനത്തിൽ നിലനില്ക്കുന്നവനായിരിക്കുന്നു (യോഹ. 8:31); അവൻ വചനം കേൾക്കുന്നവൻ മാത്രല്ല, വചനം ചെയ്യുന്നവനുമായിരിക്കും. തുടർന്ന് വചനം കേൾക്കുകമാത്രം ചെയ്യുന്നവരുടെ പ്രശ്നം എന്താണെന്നും വചനം ചെയ്യുന്നവരുടെ പ്രത്യേകത എന്താണെന്നും യാക്കോബ് ഇവിടെ പറയുന്നു.

### A. വചനം കേൾക്കുക മാത്രം ചെയ്യുന്നവരുടെ പ്രശ്നം

1. അവർ തങ്ങളെ തന്നെ ചതിക്കുന്നു (v.2)

"എങ്കിലും വചനം കേൾക്ക മാത്രം ചെയ്തുകൊണ്ട് തങ്ങളെ തന്നെ ചതിക്കാതെ..."

ഇവിടെ "വചനം" എന്നതുകൊണ്ട് മോശെയുടെ ന്യായപ്രമാണത്തെയോ പഴയനിയമ തിരുവെഴുത്തിനെയോ അല്ല. മറിച്ച് ഇതിൽ അടി

സ്ഥാനപ്പെട്ടുള്ള യേശുക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശം അടങ്ങിയ പുതിയ നിയമ സംഹിതയെയാണ് സൂചിപ്പിക്കുന്നത്.

നാം വചനത്തിന്റെ വായനക്കാരും കേൾവിക്കാരും ആയാൽ മാത്രം പോരാ, മറിച്ച് വചനം ചെയ്യുന്നവരും ആയിരിക്കണമെന്ന് കർത്താവ് പറയുന്നു (മത്തായി 7:24–27; ലൂക്കൊസ് 6:46; വെളി. 1:3).

വചനം കേൾക്ക മാത്രം ചെയ്തുകൊണ്ട് വചനത്തെ ചെയ്യാത്തവരായിരിക്കുന്നവർ യഥാർത്ഥവിശ്വാസികളല്ല; അങ്ങനെ ആരെങ്കിലും കണക്ക് കൂട്ടിയിരിക്കുന്നെങ്കിൽ അവർക്ക് തെറ്റ് പറ്റിയിരിക്കുന്നു – അവർ വഞ്ചിക്കപ്പെട്ടിരിക്കുന്നു. കാരണം, ന്യായപ്രമാണം കേൾക്കുന്നവരല്ല, അനുസരിക്കുന്നവരത്രേ ദൈവമുമ്പാകെ നീതികരിക്കപ്പെടുന്നത് (റോമർ 2:13). യഥാർത്ഥ വിശ്വാസികൾ വചനം അനുസരിക്കുന്നവരാണ്; അനുസരിക്കുന്ന സ്വഭാവം അവരിലുണ്ട്; ന്യായപ്രമാണത്തിന്റെ നീതി നിവർത്തിക്കപ്പെടേണ്ടതിന് അവർ ജഡത്തെയല്ല, ആത്മാവിനെ അനുസരിച്ചാണ് നടക്കുന്നത് (റോമർ 8:4); ഇതാണ് അവരുടെ സാധാരണ ജീവിതം; എന്നാൽ വചനം കേൾക്കുകമാത്രം ചെയ്യുന്നവർ തങ്ങളെ തന്നെ ചതിക്കുന്നു.

അവർ എങ്ങനെ തന്നെത്താൻ ചതിക്കുന്നുവെന്നാണ് തുടർന്ന് ഒരു ദൃഷ്ടാന്തത്തിലൂടെ യാക്കോബ് പറയുന്നത് (v. 23). വചനം കേട്ടിട്ട് ചെയ്യാതിരിക്കുന്നവൻ തന്റെ സ്വാഭാവിക മുഖം കണ്ണാടിയിൽ നോക്കി തന്നെത്താൻ ചതിക്കുന്ന മനുഷ്യനോട് ഒക്കുന്നു എന്നാണ് താൻ ഇവിടെ പറയുന്നത്. മനുഷ്യൻ കണ്ണാടിയിൽ നോക്കുന്നതിന്റെ ഉദ്ദേശ്യം തന്റെ മുഖത്തിന്റെ രൂപം എങ്ങനെയുള്ളതെന്ന് തിരിച്ചറിയുന്നതിനും മുഖത്തിന്റെ ഭംഗിക്ക് ഭംഗം വരുത്തുന്ന അഴുക്കോ കറയോ കരടോ തന്റെ മുഖത്തുണ്ടോ എന്ന് കാണുന്നതിനുമാണ്; എന്നാൽ അവയെ കാണുക എന്നതല്ല കണ്ണാടിയിൽ നോക്കുന്നതിന്റെ മുഖ്യലക്ഷ്യം മറിച്ച് നീക്കം ചെയ്യുക എന്നതാണ്; എന്നാൽ ആ ലക്ഷ്യം സാധിക്കാതെ അവനെ ആത്മവഞ്ചനയിലേക്ക് നയിച്ച രണ്ട് കാര്യങ്ങൾ യാക്കോബ് ഇവിടെ ചൂണ്ടികാണിക്കുന്നു. ഒന്നാമതായി, **“അവൻ തന്നെത്താൻ കണ്ട് പുറപ്പെട്ട് പോകുന്നു”** (v. 24); അവൻ തന്റെ സ്വഭാവികമുഖം കണ്ണാടിയിൽ നോക്കി; അവൻ ശ്രദ്ധിച്ചും ആവശ്യത്തിനും നോക്കി; അവൻ എങ്ങനെയുള്ളവനെന്നും കണ്ടു; അവന്റെ വൈകല്യങ്ങളും പ്രശ്ന

ങ്ങളും അവൻ കണ്ടറിഞ്ഞു; എങ്കിലും കണ്ടതിന്റെ അടിസ്ഥാനത്തിൽ ഒന്നും ചെയ്യാതെ അവൻ പുറപ്പെട്ടുപോകുന്നു. രണ്ടാമതായി, **"താൻ ഇന്ന രൂപം ആയിരുന്നു എന്ന് ഉടനെ മറന്ന് പോകുന്നു"** (v. 24); കണ്ണാടിയിൽ നോക്കി താൻ ഇന്നരൂപമെന്ന് അവൻ കണ്ടു; പക്ഷേ, കണ്ടതിന്റെ അടിസ്ഥാനത്തിൽ ഉടൻ തന്നെ നടപടിയെടുക്കാതെ പുറപ്പെട്ട് പോയതിനാൽ തന്റെ രൂപം ഇന്നതെന്ന് അവൻ മറന്ന് പോയി. അവന്റെ യഥാർത്ഥ പ്രശ്നം സമയകുറവോ നോട്ടകുറവോ ഓർമ്മ കുറവോ അല്ല, മറിച്ച്, താൻ ഇന്ന രൂപം എന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാതിരുന്നതു തന്നെയാണ്.

വചനം കേട്ടതിന്റെ അടിസ്ഥാനത്തിൽ ഉടനടി നടപടിയെടുക്കാത്ത വ്യക്തി തന്റെ സ്വഭാവികമുഖം കണ്ണാടിയിൽ നോക്കി പുറപ്പെട്ടു പോകുന്ന മനുഷ്യനോട് ഒക്കുന്നു. താൻ വചനം കേട്ടുവെങ്കിലും തന്റെ യഥാർത്ഥ അവസ്ഥയും ആവശ്യകതയും ഉടനെ മറന്ന് പോകുന്നു.

വചനം കേട്ടിട്ടും വചനം അനുസരിക്കാത്തവരെ വെറുതെ പ്രേമഗീതം ആസ്വദിക്കുന്നവരോടാണ് ദൈവം ഉപമിച്ചിരിക്കുന്നത് (യെഹെ. 33:31,32).

കാരണം, തങ്ങളുടെ ആത്മികവളർച്ചയ്ക്കും ദൈവപ്രസാദമുള്ള ജീവിതത്തിനും വചനം കേട്ടാൽ തങ്ങളുടെ ഉത്തരവാദിത്വം തീർന്നു വെന്നു വിചാരിച്ചുകൊണ്ട് അവർ ആത്മവഞ്ചന നടത്തുന്നു.

## B. വചനം കേട്ട് ചെയ്യുന്നവന്റെ പ്രത്യേകത

**"സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ... പ്രവർത്തി ചെയ്യുന്നവനായിരിക്കുന്നു"** (v. 25)

വചനം കേട്ട് ചെയ്യുന്നവനെ വ്യത്യസ്തനാക്കുന്ന മൂന്ന് പ്രവർത്തികൾ ഇവിടെ കാണുന്നു.

### 1. അവൻ സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം ഉറ്റുനോക്കുന്നു (v.25a)

വചനം കേട്ട് ചെയ്യുന്നവന്റെ ഒന്നാമത്തെ പ്രത്യേകത അവൻ സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം ഉറ്റുനോക്കുന്നു എന്നതാണ്. ന്യായപ്രമാണത്തെ കണ്ണാടിയോടാണ് ഇവിടെ ഉപമിച്ചിരിക്കുന്നത്; കാരണം, ന്യായപ്രമാണത്തിൽനിന്ന് കണ്ണാടിയുടെ പ്രയോജനമാണ് മുഖ്യമായും ലഭിക്കുന്നത്; ന്യായപ്രമാണം നോക്കുന്നവന് അവന്റെ ആത്മീയ മുഖവും ധാർമ്മികമുഖവും കാണുവാൻ കഴിയും. ന്യായപ്രമാണത്തിന് മനുഷ്യന്റെ യഥാർത്ഥരൂപം അവനെ കാണിക്കുവാൻ കഴിയുമെങ്കിലും

അവനെ രൂപാന്തരപ്പെടുത്തുവാൻ കഴിയുകയില്ല; മനുഷ്യന്റെ കുറവുകൾ കാണിക്കുവാൻ കഴിയുമെങ്കിലും അവന്റെ കുറവുകൾ നീക്കുവാൻ കഴിയുകയില്ല; ഇതാണ് മോശയുടെ ന്യായപ്രമാണത്തിന്റെ ന്യൂനത (എബ്രാ. 8:7). എന്നാൽ ഇതിൽനിന്നും വ്യത്യസ്തമാണ് ഇവിടെ പരാമർശിക്കുന്ന സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം; മോശയുടെ ന്യായപ്രമാണം അടിമത്വത്തിന്റെയും നിർബന്ധത്തിന്റെയും ന്യായപ്രമാണമായിരിക്കുമ്പോൾ, സ്വാതന്ത്ര്യത്തിന്റെയും കൃപയുടെയും ന്യായപ്രമാണമാണ് ക്രിസ്തുവിന്റെ ന്യായപ്രമാണം - സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം (യോഹ. 8:32; ഗലാ. 4:24-26). മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ മനുഷ്യൻ ദൈവത്തെ ഭയത്തിൽനിന്നും സേവിച്ചപ്പോൾ സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്തിൻ കീഴിൽ സ്നേഹത്തിൽനിന്നും കൃതജ്ഞതയിൽനിന്നുമാണ് മനുഷ്യൻ ദൈവത്തെ സേവിക്കുന്നത്. യേശുക്രിസ്തുവിലൂടെ ദൈവം സ്ഥാപിച്ച പുതിയ ഉടമ്പടിയെയും സമ്പൂർണ്ണ വെളിപ്പാടിനെയുമാണ് സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം പ്രതിനിധാനം ചെയ്യുന്നത്; (അ. പ്ര. 13:39; 15:28) വചനം കേട്ട് ചെയ്യുന്നവൻ ഈ ന്യായപ്രമാണത്തിൽ ഉറ്റുനോക്കുന്നവനാണ്.

### 2. അവൻ ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നു (v. 25)

വചനം കേട്ട് ചെയ്യുന്നവൻ ന്യായപ്രമാണം ഉറ്റുനോക്കുന്നവൻ മാത്രമല്ല, "**...ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനുമാണ്.**" ന്യായപ്രമാണം നോക്കുന്നതിൽ ആദ്യം പരാമർശിക്കപ്പെട്ടവനും തല്പരനായിരുന്നു; കാരണം, താൻ എങ്ങനെയുള്ളവനെന്ന് അതിലൂടെ അവൻ കണ്ടു; പക്ഷേ, ഉടനെ പുറപ്പെട്ടുപോയതിനാൽ തന്റെ രൂപം അവൻ മറന്നുപോയി. എന്നാൽ രണ്ടാമത്തവൻ അങ്ങനെയല്ല; അവൻ കണ്ണാടിയിൽ - ന്യായപ്രമാണത്തിൽ ഉറ്റുനോക്കുന്നു; ഉറ്റുനോക്കി അവിടെ തന്നെ നില്ക്കുന്നു.

### 3. അവൻ പ്രവർത്തി ചെയ്യുന്നവനായിരിക്കുന്നു (v. 25)

ഒന്നാമത് പരാമർശിക്കപ്പെട്ട മനുഷ്യൻ ശരിയായി വചനം കേട്ടുവെങ്കിലും ഉടനടി നടപടി എടുത്തില്ല; പിന്നീട് നടപടി എടുക്കാമെന്ന് വിചാരിച്ചുവെങ്കിലും അവനതിന് കഴിഞ്ഞില്ല; കാരണം, അവൻ പുറപ്പെട്ടുപോയതിനാൽ അക്കാര്യം അവൻ മറന്നുപോയി. എന്നാൽ വചനം കേട്ട് ചെയ്യുന്നവന്റെ മൂന്നാമത്തെ പ്രത്യേകത, അവൻ "**പ്രവർത്തി**

ചെയ്യുന്നവനായി"രിക്കുന്നു എന്നതാണ് അവൻ വചനം കേട്ടപ്പോൾ തന്നെ നടപടി തുടങ്ങി; അവന്റെ കറ, കളങ്കം, അഴുക്ക് മുതലായവ അവൻ നീക്കം ചെയ്തുകൊണ്ടിരുന്നു; അതെല്ലാം നീക്കി തീരുവോളം അവൻ പുറപ്പെട്ടുപോകാതെ കണ്ണാടിയിൽ - ന്യായപ്രമാണത്തിൽ തന്നെ അവൻ നോക്കികൊണ്ടിരുന്നു എന്നതാണ്. അതുകൊണ്ട് അവൻ കേട്ട് മറക്കുന്നവനല്ല, മറിച്ച് പ്രവർത്തി ചെയ്യുന്നവനായിരിക്കുന്നു.

## C. വചനം കേട്ട് ചെയ്യുന്നവന്റെ പ്രയോജനം (25-27)

വചനം കേട്ട് ചെയ്യുന്നവന്റെ ആത്യന്തിക പ്രയോജനം യഥാർത്ഥ ഭക്തിയാണ്. ഇതിന്റെ ഫലം മൂന്ന് തലങ്ങളിൽ വെളിപ്പെടുമെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്.

### 1. തന്നോടുള്ള ബന്ധത്തിൽ

യഥാർത്ഥ ഭക്തിയുടെ ആദ്യത്തെഫലം തന്നോടുള്ള ബന്ധത്തിൽ **"താൻ ചെയ്യുന്നതിൽ ഭാഗ്യവാൻ ആകും"** എന്നതാണ് (V.25a). വചനം കേട്ട് ചെയ്യുന്നവന്റെ ഭാഗ്യവർണ്ണനയായി, "ദൈവത്തിന്റെ വചനം കേട്ട് പ്രമാണിക്കുന്നവർ അത്രേ ഭാഗ്യവാന്മാർ" (ലൂക്കൊസ് 11:28 c.f. സങ്കീ. 128:1-2 എന്ന് കർത്താവും പറഞ്ഞിട്ടുണ്ട്; മാത്രമല്ല, അങ്ങനെയുള്ളവരുടെ പ്രവർത്തി പരിശോധനയിൽ നിലനില്ക്കുമെന്ന് പാറമേൽ അടിസ്ഥാന മിട്ട് വീട് പണിത ബുദ്ധിയുള്ള മനുഷ്യന്റെ ഉപമയിലൂടെ കർത്താവ് തന്നെ വ്യക്തമാക്കുകയുണ്ടായി (മത്തായി 7:24-25 c.f. 1 കൊരി. 3:11-15).

### 2. മറ്റുള്ളവരോടുള്ള ബന്ധത്തിൽ

ഒരാൾ തന്റെ നാവിന് കടിഞ്ഞാൺ ഇടാതെ താൻ ഭക്തൻ എന്ന് വിചാരിച്ചുകൊണ്ടിരിക്കുന്നത് മൗഢ്യമാണ്; കാരണം യഥാർത്ഥ ഭക്തി ആചാര അനുഷ്ഠാനങ്ങളിലൂടെ വിളംബരം ചെയ്യേണ്ട ഒന്നല്ല. പ്രവാചകകാലഘട്ടത്തിലെ അനേകം യിസ്രായേല്യരും (യെശ. 1:10 -17; മീഖ 6:6,8) കർത്താവിന്റെ കാലഘട്ടത്തിലെ ജനത്തിന്റെ പ്രമാണി മാരും അങ്ങനെ ചിന്തിച്ചവർ ആയിരുന്നു. (മത്തായി. 23:3-5,13,23; ലൂക്കൊസ് 18:11,12). മറിച്ച്, യഥാർത്ഥ ഭക്തി പ്രവർത്തിയിലൂടെയാണ് വെളിപ്പെടുത്തേണ്ടതെന്ന് വചനം പറയുന്നു. (യാക്കോബ് 12:15,16; യോഹ. 3:17,18). യഥാർത്ഥ ഭക്തിയുടെ രണ്ടാമത്തെ ഫലം "അനാഥ രെയും വിധവ മാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നത്" ആകുന്നു

(v.27 c.f. 1 തിമൊ. 5:3,4). സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ളവരും സ്വയസംരക്ഷണത്തിനും നിലനിൽപ്പിനും അപ്രാപ്തരും പലവിധ ചൂഷണങ്ങൾക്ക് വേഗം ഇരയാകുന്നവരാണ് അനാഥരും വിധവമാരും ഏറ്റവും അടിയന്തര പരിഗണന അർഹിക്കുന്ന ഈ വിഭാഗത്തിൽ പെട്ട വർക്ക് അവരുടെ ആവശ്യങ്ങളിൽ നിരന്തര സഹായമായിരിക്കുന്നത് യഥാർത്ഥ ഭക്തിയുടെ - വിശ്വാസത്തിന്റെ അടയാളമാണ്. കാരണം, ദൈവം അവരുടെ പിതാവാണ് (സങ്കീർത്തനം 68:5); ആരും അവരെ പീഡിപ്പിക്കരുത് (പുറ. 22:22-24), എല്ലാവരും അവരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കണം (യെശ. 1:17).

### 3. ലോകത്തോടുള്ള ബന്ധത്തിൽ

യഥാർത്ഥ ഭക്തിയുടെ മൂന്നാമത്തെ ഫലം **"ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും"** ആകുന്നു (v.27).

പരിശോധനയിൽ ആത്മീകമൂല്യങ്ങളോട് വിട്ടുവീഴ്ചയില്ലാതെയും ലോകനിലവാരത്തിലേക്ക് താഴ്ന്ന്പോകാതെയും തന്നെത്താൻ സൂക്ഷിക്കുന്നത് യഥാർത്ഥ ഭക്തിയുടെ - വിശ്വാസത്തിന്റെ അടയാളമാണ്.

എന്നാൽ മതപരമായ ആചാരങ്ങൾ, ചടങ്ങുകൾ, കർമ്മങ്ങൾ പതിവു പരിപാടികൾ മുതലായ ഭക്തിയുടെ ബാഹ്യരൂപത്തെ, യഥാർത്ഥ ഭക്തിയെന്ന് തെറ്റിധരിച്ച് വാചാലതയിൽ **"തന്റെ നാവിനു കടിഞ്ഞാണിടാതെ തന്റെ ഹൃദയത്തെ വഞ്ചിച്ചുകൊണ്ടു താൻ ഭക്തൻ"** (v. 26) എന്നു നിരൂപിച്ചു ജീവിക്കുന്ന അനേകരുണ്ട്. തന്റെ മാനസാന്തരത്തിന് മുൻപ് അപ്പൊസ്തലനായ പൗലൊസും (അ.പ്ര. 26:5; ഫിലി. 3:4-7), കർത്താവിന്റെ കാലത്തെ അനേകം യഹൂദന്മാരും ഇങ്ങനെയുള്ളവൻ ആയിരുന്നു. (മത്തായി 6:1-8, ലൂക്കൊസ് 18:11,12). എന്നാൽ യഥാർത്ഥഭക്തിയുടെ മാനദണ്ഡം നിശ്ചയിക്കുന്നത് മനുഷ്യനല്ല, മറിച്ച്, ദൈവമാണ്; അതുകൊണ്ടാണ് യഥാർത്ഥഭക്തിയെ **"പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തി"**യെന്ന് പറയുകയും ദൈവം വിലമതിക്കുന്ന ഭക്തിയിൽ ബാഹ്യമായ ആചാരങ്ങളെക്കാൾ സ്നേഹം, ദയ, ന്യായം, കരുണ, വിശ്വസ്തത തുടങ്ങിയ ആന്തരിക ഗുണങ്ങളെ കൂടുതൽ ഘനമേറിയതായി യാക്കോബ് കാണുകയും ചെയ്യുന്നത് (യാക്കോബ് 12:27 c.f. മത്തായി 23:23).

# 4

# പരിശോധനയിൽ മുഖപക്ഷം കൂടാതെയുള്ള പെരുമാറ്റം

"സഹോദരന്മാരെ, തേജസ്സുള്ളവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത്. നിങ്ങളുടെ പള്ളിയിൽ മോടിയുള്ള വസ്ത്രം ധരിച്ചും പൊന്മോതിരം ഇട്ടുംകൊണ്ടു ഒരുത്തനും മുഷിഞ്ഞ വസ്ത്രം ധരിച്ചോരു ദരിദ്രനും വന്നാൽ നിങ്ങൾ മോടിയുള്ള വസ്ത്രം ധരിച്ചവനെ നോക്കി; ഇവിടെ സുഖേന ഇരുന്നാലും എന്നും ദരിദ്രനോടു: നീ അവിടെ നില്ക്ക; അല്ലെങ്കിൽ എന്റെ പാദപീഠത്തിങ്കൽ ഇരിക്ക എന്നും പറയുന്നു എങ്കിൽ നിങ്ങൾ ഉള്ളിൽ പ്രമാണമില്ലാതെ ന്യായരഹിതമായി വിധിക്കുന്നവരായില്ലയോ? പ്രിയ സഹോദരന്മാരെ, കേൾപ്പിൻ: ദൈവം ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളുമാകേണ്ടതിനു തിരഞ്ഞെടുത്തില്ലയോ? നിങ്ങളോ ദരിദ്രനെ അപമാനിച്ചിരിക്കുന്നു. ധനവാന്മാർ അല്ലയോ നിങ്ങളെ പീഡിപ്പിക്കുന്നത്? അവർ അല്ലയോ നിങ്ങളെ ന്യായസ്ഥാനങ്ങളിലേക്ക് ഇഴച്ചു കൊണ്ടുപോകുന്നത്? നിങ്ങളുടെമേൽ വിളിച്ചിരിക്കുന്ന നല്ല നാമത്തെ അവർ അല്ലയോ ദുഷിക്കുന്നത്? എന്നാൽ "കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" എന്ന തിരുവെഴുത്തിന് ഒത്തവണ്ണം രാജകീയന്യായപ്രമാണം നിങ്ങൾ നിവർത്തിക്കുന്നു എങ്കിൽനന്നു. മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു; നിങ്ങൾ ലംഘന

**ക്കാർ എന്നു ന്യായപ്രമാണത്താൽ തെളിയുന്നു. ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ചു നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായിത്തീർന്നു. വ്യഭിചാരം ചെയ്യരുത് എന്നു കല്പിച്ചവൻ കുല ചെയ്യരുത് എന്നും കല്പിച്ചിരിക്കുന്നു. നീ വ്യഭിചാരം ചെയ്യുന്നി ല്ലെങ്കിലും കുല ചെയ്യുന്നു എങ്കിൽ ന്യായപ്രമാണം ലംഘിക്കുന്ന വനായിത്തീർന്നു. സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാരിക്കയും പ്രവർത്തി ക്കയും ചെയ്വിൻ. കരുണ കാണിക്കാത്തവന്നു കരുണ യില്ലാത്ത ന്യായവിധി ഉണ്ടാകും; കരുണ ന്യായവിധിയെ ജയിച്ചു പ്രശംസിക്കുന്നു"** (യാക്കോബ് 2:1-13).

ശൈശവം മുതൽ വാർദ്ധക്യം വരെ മുഖപക്ഷം കണ്ടും കാണിച്ചു മാണ് സാധാരണ മനുഷ്യൻ വളരുന്നതും ജീവിക്കുന്നതും അതുകൊണ്ട്, **"മുഖപക്ഷം കാണിക്കരുത്"** എന്ന വചനത്തെ ഒരു സാരോപദേശ മായി മാത്രമാണ് പല വിശ്വാസികളും പരിഗണിക്കുന്നത്. എന്നാൽ, "കുല ചെയ്യരുത്", "വ്യഭിചാരം ചെയ്യരുത്", "മോഷ്ടിക്കരുത്" മുതലായ കല്പനകളുടെ പട്ടികയിൽ വരുന്ന ഒരു കല്പനയായിട്ടും, യഥാർത്ഥ വിശ്വാസത്തിന്റെ നാലാമത്തെ അടയാളമായിട്ടുമാണ് **"മുഖപക്ഷം കാണിക്കരുത്"** എന്ന വചനം യാക്കോബ് ഇവിടെ നല്കുന്നത്.

പഴയനിയമ തിരുവെഴുത്തിന്റെ പല ഭാഗത്ത് ഈ നിലയിലുള്ള കല്പനകൾ കാണാമെങ്കിലും ഇവിടെയിത് ലേവ്യ. 19:15 അടിസ്ഥാന മാക്കിയുള്ള കല്പനയാണ്; യാതൊരു കാര്യത്തിലും ആരോടും പക്ഷ പാതപരമായി ഇടപെടരുതെന്നാണ് ഇതിനർത്ഥം. യഥാർത്ഥ വിശ്വാസി കൾ മുഖപക്ഷം കാണിക്കുന്നവരല്ലായെന്നതിന് മൂന്ന് കാരണങ്ങളാണ് ലേഖകൻ 2:1-13 വരെയുള്ള വേദഭാഗത്ത് ചൂണ്ടികാണിക്കുന്നത്.

## I. മുഖപക്ഷം കാണിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിന് എതിരാണ് (2:1-4)

**''സഹോദരന്മാരേ, തേജസ്സുള്ളവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത്''** (2:1).

തേജസ്സുള്ളവനായ കർത്താവായ യേശുവിൽ വിശ്വസിക്കയും പക്ഷപാതപരമായ പ്രവർത്തികൾ തുടരുകയും ചെയ്യാമെന്ന് ആരും

നിരൂപിക്കരുത് (യോഹ. 1:14; 17:5; 1 കൊരി. 2:8; എബ്രാ. 1:3 c.f. 2 കൊരി. 3:18; 1 കൊരി. 15:43).

കാരണം, ആന്തരിക പരിഗണന കൂടാതെ ബാഹ്യമായ പരിഗണനയുടെ അടിസ്ഥാനത്തിൽ മാത്രം വിധിക്കുന്നവർ കർത്താവായ യേശുക്രിസ്തുവിലെ വിശ്വാസം മുറുകെ പിടിക്കുന്നവരല്ല. ഇതിനാധാരമായി പ്രധാനമായും നാല് കാരണങ്ങൾ വചനത്തിൽ കാണുവാൻ സാധിക്കും.

## A. ദൈവത്തിന് മുഖപക്ഷം ഇല്ല

ദൈവിക സ്വഭാവഗുണങ്ങളിൽ ഒന്നാണ് ദൈവത്തിന് മുഖപക്ഷം ഇല്ല എന്നത്. ദൈവത്തിന് മുഖപക്ഷം ഇല്ലാത്തതുകൊണ്ടാണ് "നിങ്ങളുടെ ദൈവമായ യഹോവ ദേവാധിദൈവവും കർത്താധികർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാദൈവമല്ലോ; അവൻ മുഖം നോക്കുന്നില്ല പ്രതിഫലം വാങ്ങുന്നതുമില്ല" (ആവ. 10:17) എന്നും, "നമ്മുടെ ദൈവമായ യഹോവയുടെ പക്കൽ അന്യായവും മുഖപക്ഷവും കൈക്കൂലി വാങ്ങുന്നതും ഇല്ലല്ലോ" (2 ദിന. 19:7) എന്നും വചനത്തിൽ പറഞ്ഞിരിക്കുന്നത്. മനുഷ്യനോടുള്ള ദൈവത്തിന്റെ പ്രധാന ഇടപെടലുകളിലെല്ലാം ഇത് പ്രകടമാണ്.

ഒന്നാമതായി, രക്ഷയോടുള്ള ബന്ധത്തിൽ ദൈവത്തിന് മുഖപക്ഷം ഇല്ല; അതുകൊണ്ടാണ് അ.പ്ര. 10:35 ൽ "ദൈവത്തിനു മുഖപക്ഷമില്ല എന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ട് നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു" എന്നും അപ്പൊസ്തലനായ പത്രൊസിന്റെ പ്രസംഗത്തിൽ കാണുന്നത്. അതുപൊലെ തന്നെ റോമർ 1:16 ൽ, "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും ആദ്യം യഹൂദനും പിന്നെ യവനനും അത് രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ" എന്നും, ഗലാത്യർ 3:26–28 ൽ, "ക്രിസ്തുയേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു... അതിൽ യഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല" എന്നും അപ്പൊസ്തലനായ പൗലൊസും പറയുന്നു.

രണ്ടാമതായി, ന്യായവിധിയോടുള്ള ബന്ധത്തിൽ ദൈവത്തിന് മുഖപക്ഷം ഇല്ല. ഇക്കാരണത്താലാണ് റോമർ 2:6–12 ൽ, "അവൻ ഓരോരുത്തന് അവനവന്റെ പ്രവർത്തിക്ക് തക്കപകരം ചെയ്യും... തിന്മ

പ്രവർത്തിക്കുന്ന ഏതു മനുഷ്യാത്മാവിനും കഷ്ടവും സങ്കടവും... നന്മ പ്രവർത്തിക്കുന്ന ഏവനും മഹത്വവും മാനവും സമാധാനവും... ലഭിക്കും; ദൈവത്തിന്റെ പക്കൽ മുഖപക്ഷം ഇല്ലല്ലോ" എന്നും, 1 പത്രൊസ് 1:17 ൽ "മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവർത്തിക്ക് തക്കവണ്ണം" ദൈവം ന്യായം വിധിക്കുമെന്നും കാണുന്നത്.

## B. ദൈവികപ്രമാണത്തിന് മുഖപക്ഷം ഇല്ല

ദൈവികപ്രമാണത്തിന് മുഖപക്ഷം ഇല്ലാത്തതുകൊണ്ടാണ് ലേവ്യ. 19:15 ൽ, "എളിയവന്റെ മുഖം നോക്കാതെയും വലിയവന്റെ മുഖം ആദരിക്കാതെയും നിന്റെ കൂട്ടുകാരന് നീതിയോടെ ന്യായം വിധിക്കണം" എന്നും, ആവർത്തനം 16:19 ൽ, ന്യായാധിപന്മാർ "നീതിയോടെ ന്യായപാലനം ചെയ്യണം, ന്യായം മറിച്ച് കളയരുത്, മുഖം നോക്കരുത്, സമ്മാനം വാങ്ങരുത്" എന്നും ദൈവികന്യായപ്രമാണത്തിൽ പറയുന്നത്.

## C. ദൈവപുത്രന് മുഖപക്ഷം ഇല്ല

ക്രിസ്തീയവിശ്വാസം കർത്താവായ യേശുക്രിസ്തു എന്ന വ്യക്തിയിൽ അധിഷ്ഠിതമാണ്. അവന്റെ നാമവിശേഷണമാണ് അവൻ തേജസ്സുള്ളവനാണ് എന്നത്. യേശുക്രിസ്തുവിന്റെ തേജസ്സ് ദൈവത്തിന്റെ തേജസ്സാണ്. അക്കാര്യമാണ് യോഹന്നാൻ 1:14 ൽ, "ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" എന്ന് അപ്പൊസ്തലനായ യോഹന്നാൻ പറയുന്നത്. ദൈവികസ്വഭാവത്തിന്റെ സ്വരൂപവും ആൾരൂപവുമാണ് യേശുക്രിസ്തു. ദൈവത്തിന്റെ എല്ലാ സ്വഭാവഗുണങ്ങളും യേശുക്രിസ്തുവിലുണ്ട് (കൊലൊ. 2:9; എബ്രാ. 1:3); അതുകൊണ്ട് യേശുക്രിസ്തുവിന് മുഖപക്ഷമില്ല; ഇക്കാര്യം അവന്റെ ശത്രുക്കൾപോലും അംഗീകരിച്ചിട്ടുള്ളതാണ്; അതുകൊണ്ടാണ് "ഗുരോ നീ സത്യവാനും ദൈവത്തിന്റെ വഴി നേരായി പഠിപ്പിക്കുന്നവനും മനുഷ്യരുടെ മുഖം നോക്കാത്തവൻ ആകയാൽ ആരെയും ശങ്കയില്ലാത്തവനും ആകുന്നു എന്ന് ഞങ്ങൾ അറിയുന്നു" എന്ന് പരീശന്മാരും ഹെരോദ്യരും അവനോട് പറഞ്ഞത് (മത്തായി 22:16).

## D. ദൈവസഭയ്ക്ക് മുഖപക്ഷം ഇല്ല

ദൈവത്തിന് മുഖപക്ഷമില്ലാത്തതുകൊണ്ട്, ദൈവികപ്രമാണത്തിന് മുഖപക്ഷമില്ലാത്തതുകൊണ്ട്, ദൈവപുത്രന് മുഖപക്ഷമില്ലാത്തതുകൊണ്ട്, ദൈവത്തിലും, ദൈവികപ്രമാണത്തിലും ദൈവപുത്രനിലും വിശ്വസിക്കുന്നവരും ദൈവപുത്രന്റെ തേജസ്സിനെ കണ്ണാടിപോലെ പ്രതി

ബിംബിക്കുന്നവരുമായ (2 കൊരി. 3:18; ഗലാ. 3:28) ദൈവസഭയിലെ അംഗങ്ങൾ മുഖപക്ഷം കാണിക്കുന്നത് ക്രിസ്തീയവിശ്വാസത്തിന് ചേർന്നതല്ലായെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്.

ഇവിടെ കാണുന്ന, "**വന്നാൽ**", "**പറയുന്നു എങ്കിൽ**" മുതലായ പ്രയോഗങ്ങൾ ഏതെങ്കിലും ഒരു സംഭവത്തോട് ബന്ധപ്പെട്ടുള്ളതല്ല, പ്രത്യുത, മുഖപക്ഷം കാണിക്കുന്നതിന്റെ ഒരു ചെറിയ ഉദാഹരണം മാത്രമാണ്. ഇത് പള്ളിയിൽ വരുന്നവർക്ക് ഇരിപ്പിടം കൊടുക്കുന്നതിനോട് ബന്ധപ്പെട്ട് മാത്രമല്ല, മറിച്ച്, എല്ലാവർക്കും എല്ലാകാര്യങ്ങളിലും ബാധകമായ ഒരു കല്പനയായിട്ടാണ് യാക്കോബ് ഇവിടെ പറയുന്നത്. "**നിങ്ങളുടെ പള്ളിയിൽ**" എന്ന് പറയുന്നതിലൂടെ വിശ്വാസികൾ സഭയുടെ ആദ്യനാളുകളിൽ ആരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി കൂടി വന്നിരുന്ന പൊതുസ്ഥലത്തെയാണ് ഉദ്ദേശിക്കുന്നത്. അതുപോലെ, "**മോടിയുള്ള വസ്ത്രം ധരിച്ചും പൊൻമോതിരം ഇട്ടുംകൊണ്ട് ഒരുത്തനും**" എന്നത് അക്കാലത്തെ യഹൂദന്മാരുടെയും യവനന്മാരുടെയും ഇടയിലുള്ള ധനികരെയാണ് ഇവിടെ ഉദ്ദേശിക്കുന്നത് (അ.പ്ര. 10:30; 12:21). അക്കാലത്തെ ധനികർ വിലയേറിയ വസ്ത്രവും വിരലുകളിൽ അവരുടെ സമ്പത്തിന്റെയും സമൂഹത്തിൽ അവർക്കുള്ള സ്ഥാനത്തിന്റെയും അടയാളമായി പൊൻമോതിരങ്ങളും ധരിച്ചിരുന്നു. അതുപോലെതന്നെ, "**മുഷിഞ്ഞവസ്ത്രം ധരിച്ചൊരു ദരിദ്രനും**" എന്നത് പകരം ധരിക്കുവാൻ മറ്റൊന്ന് ഇല്ലാത്തവനെയാണ് ഉദ്ദേശിക്കുന്നത്. "**ഇവിടെ സുഖേന ഇരുന്നാലും**" എന്നതുകൊണ്ട് പള്ളിയിലെ പ്രധാന ഇരിപ്പിടത്തെയാണ് യാക്കോബ് സൂചിപ്പിക്കുന്നത്. അക്കാലത്തെ യഹൂദപള്ളികളിൽ പരീശന്മാരും ശാസ്ത്രിമാരും ഇരിക്കാൻ ആഗ്രഹിച്ചിരുന്ന മുഖ്യാസനം ഇതായിരുന്നു (മത്തായി 23:6). മോടിയുള്ള വസ്ത്രം ധരിച്ചവനെ നോക്കി പള്ളിപ്രമാണി, "**ഇവിടെ സുഖേന ഇരുന്നാലും**" എന്ന് പറയുകയും മുഷിഞ്ഞവസ്ത്രം ധരിച്ച "**ദരിദ്രനോട് നീ അവിടെ നില്ക്ക അല്ലെങ്കിൽ എന്റെ പാദപീഠത്തിങ്കൽ ഇരിക്ക**" എന്ന് പറകയും ചെയ്യുന്നു എങ്കിൽ നിങ്ങൾ ഉള്ളിൽ ന്യായപ്രമാണം ഇല്ലാതെ ന്യായരഹിതമായി വിധിക്കുന്നവരല്ലയോ എന്നാണ് യാക്കോബ് അനുവാചകരോട് ചോദിക്കുന്നത്.

ഇവിടെ പരാമർശിക്കപ്പെടുന്ന ന്യായരഹിതമായ വിധി മോടിയുള്ള വസ്ത്രം ധരിച്ചും വിരലുകളിൽ പൊൻമോതിരം ഇട്ടും വന്ന ധനികന്

ഇരിപ്പിടം കൊടുത്തതല്ല; മുഷിഞ്ഞ വസ്ത്രം ധരിച്ചവനോട് അവിടെ നില്ക്ക അല്ലെങ്കിൽ പാദപീഠത്തിങ്കൽ ഇരിക്ക എന്നു പറഞ്ഞതുമല്ല; മറിച്ച്, ധനവാന്റെയും ദരിദ്രന്റെയും ഇടയിൽ സഭയിൽ കർത്താവിന്റെ പ്രതിനിധി ന്യായരഹിതമായി - ലോകനിലവാരത്തിൽ വിധിക്കുന്നു എന്നതാണ്. അവരുടെ ഹൃദയത്തിന്റെ അവസ്ഥ അറിയാതെയും സ്വഭാവം അറിയാതെയും ആളെയും ആത്മികനിലവാരത്തെയും അറിയാതെയും പുറമെ മാത്രം നോക്കി മോടിയുള്ള വസ്ത്രം ധരിച്ച വനെ യോഗ്യനായും മുഷിഞ്ഞവസ്ത്രം ധരിച്ചവനെ അയോഗ്യനായും വിധിച്ചു എന്നതാണ് ന്യായരഹിതവിധിയായി തീർന്നത്. ഇങ്ങനെ പുറമെ മാത്രം നോക്കി വിധിച്ചാൽ വിധി അബദ്ധജടിലമായി തീരുവാൻ ഇടയുണ്ട് (1 ശമൂവേൽ 16:7), ഇങ്ങനെ വിധിക്കുന്നവർ ധനവാന്റെ മോടിയുള്ള വസ്ത്രത്തെക്കാളും അവന്റെ പൊൻമോതിരത്തെക്കാളും മിന്നുന്നതാണ് യേശുക്രിസ്തുവിന്റെ തേജസ്സ് എന്ന് തിരിച്ചറിയാൻ കഴിയാത്തവർ ആകുന്നു. മാത്രമല്ല, ഇങ്ങനെ പുറമെ മാത്രം നോക്കി വിധിക്കുന്ന സ്വഭാവമുള്ളവർ ഉള്ളിൽ ന്യായപ്രമാണം ഇല്ലാത്തവരാണ്; അവർ ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ നിലപാടില്ലാതെ ബാഹ്യമായ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രം. വിധിക്കുന്നവർ ആകുന്നു. അതിനെ പഴയനിയമം ശക്തമായി വിലക്കുന്നു. (ആവ. 1:17; ലേവ്യ. 19:15; ഇയ്യോബ് 34:19). അങ്ങനെ യുള്ളവർ കർത്താവിന്റെ തേജസ്സിനെ പ്രതിബിംബിക്കാത്തവരാണ്. പുറംമോടിയുടെയും സമ്പത്തിന്റെയും സ്വാധീനത്തിന്റെയും സ്വാർത്ഥ താല്പര്യത്തിന്റെയും പേരിൽ വിശ്വാസികളുടെ ഇടയിൽ മുഖപക്ഷം കാണിക്കുന്നവരും പക്ഷം പിടിക്കുന്നവരും യഥാർത്ഥ ക്രിസ്തുവിശ്വാസി കളല്ല; കാരണം മുഖപക്ഷം കാണിക്കുന്നത് ക്രിസ്തീയ വിശ്വാസത്തിന് എതിരാണ്.

## II. മുഖപക്ഷം കാണിക്കുന്നത് ദൈവികപദ്ധതിക്ക് എതിരാണ് (vv. 5-7)

**''പ്രിയസഹോദരന്മാരെ, കേൾപ്പിൻ... തിരഞ്ഞെടുത്തില്ലയോ''** യിസ്രായേലിന്റെ തിരഞ്ഞെടുപ്പിലും (ആവ. 4:37; 7:7), ക്രിസ്തുവിശ്വാസികളുടെ തിരഞ്ഞെടുപ്പിലും (മത്തായി 5:3; ലൂക്കൊസ് 6:20; യോഹന്നാൻ 15:16; എഫെ. 1:4) ദൈവത്തിന്റെ പരമാധികാരം കാണുവാൻ കഴിയും. **''ലോകത്തിൽ ദരിദ്രർ ആയവരെ...''** അക്കാലത്ത് രോഗം, മരണം, കടം, യുദ്ധം, ക്ഷാമം, പ്രവാസജീവിതം അടിമത്തം മുതലായവയാണ് ദാരിദ്ര്യത്തിന് കാരണങ്ങൾ; അങ്ങനെ ലോകത്തിന്റെ

ദൃഷ്ടിയിൽ അഥവാ ലൗകിക കാര്യങ്ങളിൽ ദരിദ്രർ ആയവരെ **"വിശ്വാസത്തിൽ"** അഥവാ വിശ്വാസത്തിന്റെ മേഖലയിൽ സമ്പന്നർ ആകേണ്ടതിന് **"തിരഞ്ഞെടുത്തില്ലയോ"** (c.f. 1 കൊരി. 1:26-30) എന്നാണ് യാക്കോബ് ചോദിക്കുന്നത്.

ലോകത്തിൽ ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളും ആകേണ്ടതിന് തിരഞ്ഞെടുക്കുക എന്നതാണ് ദൈവികപദ്ധതി. അതുകൊണ്ടുതന്നെ ദരിദ്രനോട് മുഖപക്ഷം കാണിക്കുന്നത് ദൈവിക പദ്ധതിക്ക് എതിരാണ്. കാരണം, ദരിദ്രനോടുള്ള ബന്ധത്തിൽ ദൈവത്തിന് പ്രത്യേക കരുതൽ ഉള്ളതായി വചനം പറയുന്നു. അത് സാമൂഹ്യ നീതി ഉറപ്പാക്കുന്നതിലും (സങ്കീ. 72:12), യാഗാർപ്പണത്തിനുള്ള നിർദ്ദേശങ്ങളിലും (ലേവ്യ. 1:14), കടം ഇളച്ച് കൊടുക്കുന്നതിലും (ലേവ്യ. 25:8-13; ആവ. 15:12), കാലാപെറുക്കുന്നതിലും (ലേവ്യ. 19:9, 10), പലിശ ഈടാക്കുന്നതിലും കാണുവാൻ കഴിയും (ലേവ്യ. 25:35-37). ചുരുക്കത്തിൽ ദരിദ്രരെ സംരക്ഷിക്കുന്നതും സഹായിക്കുന്നതുമായ ഒരു നിയമമാണ് ദൈവം സ്ഥാപിച്ചത്. എന്നാൽ ദരിദ്രർക്കുവേണ്ടിയുള്ള ദൈവിക കരുതലിന്റെ ഏറ്റവും പ്രധാന തെളിവ് രക്ഷയ്ക്കായി ദൈവം ദരിദ്രരെ തിരഞ്ഞെടുത്തു എന്നതാണ് (v. 5). ഇതോടുള്ള ബന്ധത്തിലാണ് "ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്; ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" എന്ന് കർത്താവും (ലൂക്കൊസ് 4:18 c.f. മത്തായി 5:3), "...ദൈവം ലോകത്തിൽ ബലഹീനമായത് തിരഞ്ഞെടുത്തു... കുലഹീനവും നികൃഷ്ടവുമായതും ഏതുമില്ലാത്തതും തിരഞ്ഞെടുത്തു" എന്ന് പൗലൊസും പറയുന്നത് (1 കൊരി. 1:26-28).

ദൈവം ദരിദ്രരെ രക്ഷയ്ക്കായി തിരഞ്ഞെടുത്തതിന് പല കാരണങ്ങൾ ഉണ്ട്. ധനവാന്മാരുടെ അവസ്ഥയെ ദരിദ്രരുടെ അവസ്ഥയോട് താരതമ്യം ചെയ്താൽ ഇക്കാര്യം വേഗത്തിൽ മനസ്സിലാകും.

ഒന്നാമതായി, തങ്ങൾക്ക് ആവശ്യമുള്ളതെല്ലാം ഉണ്ടെന്നുള്ള തോന്നൽ ഉള്ളവരാണ് ധനവാന്മാർ. "ഞാൻ ധനവാൻ; സമ്പന്നനായിരി

ക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല..." (വെളി. 3:17) എന്നാണ് അവരുടെ സാധാരണ ചിന്താഗതി. രണ്ടാമതായി, തങ്ങൾ സംതൃപ്തരാണെന്നുള്ള തോന്നൽ ഉള്ളവരാണ് ധനവാന്മാർ (ലൂക്കൊസ് 6:24,25); അതുകൊണ്ട് മാനസാന്തരപ്പെടുവാനോ ദൈവത്തിൽ ആശ്രയിക്കുവാനോ പ്രത്യേകിച്ച് ഒരു കാരണവും ഈ ജീവിതത്തിൽ അവർ കാണുന്നില്ല. എന്നാൽ ദരിദ്രരുടെ അവസ്ഥ അങ്ങനെയല്ല; അവരുടെ പക്ഷത്ത് ആരുമില്ല; സ്വാധീനിച്ചും സമ്മർദ്ദം ചെലുത്തിയും അവരുടെ അവകാശങ്ങൾ നേടിയെടുക്കാൻ അവർക്ക് കഴിവില്ല. അതുകൊണ്ട് പൊതുവിൽ ദരിദ്രർ എപ്പോഴും ദൈവത്തിൽ ആശ്രയിക്കുന്നവരും എല്ലാറ്റിനായും ദൈവത്തോട് നിലവിളിക്കുന്നവരുമാണ്. ഇക്കാരണത്താലാണ് ദൈവം അവരെ തിരഞ്ഞെടുത്തത്. ദൈവികതിരഞ്ഞെടുപ്പിന്റെ രണ്ട് ഉദ്ദേശ്യങ്ങളാണ് യാക്കോബ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഒന്നാമതായി, രക്ഷയ്ക്ക് ആവശ്യമായ വിശ്വാസമുള്ളവർ ആക്കുവാനും. രണ്ടാമതായി ദൈവരാജ്യത്തിന് അവകാശികൾ ആക്കുവാനും. മാത്രമല്ല, ഇവിടെ രാജ്യം എന്നതുകൊണ്ട് ദൈവരാജ്യത്തെയാണ്/രക്ഷാമണ്ഡലത്തെയാണ് ഉദ്ദേശിക്കുന്നത്; കാരണം, രാജ്യത്തിലേക്കു വിളിക്കുക, രക്ഷയ്ക്കായി വിളിക്കുക, നിത്യജീവനായി വിളിക്കുക മുതലായവയെല്ലാം പര്യായപദങ്ങളായതുകൊണ്ട് (മത്തായി 19:16-30); ഇവയെല്ലാം രക്ഷാമണ്ഡലത്തെ സൂചിപ്പിക്കുന്നതാകുന്നു.

ദരിദ്രരോടുള്ള ബന്ധത്തിൽ ദൈവികപദ്ധതി ഇതായിരിക്കെ, ദൈവം രക്ഷയ്ക്കായി തിരഞ്ഞെടുത്ത ദരിദ്രരോട് മുഖപക്ഷം കാണിക്കുന്നവർ ദരിദ്രർക്കായുള്ള ദൈവിക പദ്ധതിക്ക് എതിരെനില്ക്കുന്നവരാണ്, അർത്ഥാൽ ദൈവത്തിന്റെ ശത്രുക്കളാണ്.

**"ധനവാന്മാർ അല്ലയോ നിങ്ങളെ പീഡിപ്പിക്കുന്നത്; അവർ അല്ലയോ നിങ്ങളെ ന്യായസ്ഥാനങ്ങളിലേക്ക് ഇഴച്ച് കൊണ്ടുപോകുന്നത്"** (v. 6) എന്നാണ് യാക്കോബ് വിശ്വാസികളോട് ചോദിക്കുന്നത്. ഇക്കാര്യം മത്തായി 18:23-25, 28-30 ൽ 10,000 താലന്ത് കടം വീട്ടുവാൻ വകയില്ലാതിരുന്ന ദാസനോട് അവന്റെ യജമാനൻ കല്പിച്ചതിൽനിന്നും, 100 വെള്ളിക്കാശ് കടപ്പെട്ട കൂട്ടുദാസനോട് അവൻ ചെയ്തതിൽനിന്നും മനസ്സിലാക്കുവാൻ സാധിക്കും. അവിശ്വാസികളും ധനികരുമായ റോമൻ പൗരന്മാരെ ആയിരിക്കാം യാക്കോബ് ഇവിടെ പ്രഥമമായി ഉദ്ദേശിക്കുന്നത്; എന്നാൽ യഹൂദപ്രമാണികളും തങ്ങളുടെ ഇടയിലെ എളിയവരെ ഈ നിലയിൽ പീഡിപ്പിച്ചിരുന്നു (യെഹെ. 22:29;

ആമോസ് 4:1 c.f. മത്തായി 10:17-23; അ.പ്ര. 16:19; 21:30; 13:50). അതു പോലെ തന്നെ, "നിങ്ങളുടെ മേൽ വിളിച്ചിരിക്കുന്ന നല്ല നാമത്തെ അവർ അല്ലയോ ദുഷിക്കുന്നത്" എന്നും യാക്കോബ് പറയുന്നു. ശിഷ്യ ന്മാർ (യോഹ. 9:28), ക്രിസ്ത്യാനികൾ (അ.പ്ര. 11:26). മാർഗ്ഗക്കാർ (അ.പ്ര. 9:2), ദൈവമക്കൾ (1 യോഹ. 3:1) മുതലായതാണ് ക്രിസ്തുവിശ്വാസി കൾക്ക് ലഭിച്ച നല്ല നാമം. അക്കാലത്തെ സദൂക്യരുടെ സുവിശേഷ ത്തോടുള്ള സമീപനത്തെ ഉദ്ദേശിച്ചാണ് യാക്കോബ് ഇങ്ങനെ പറയു ന്നത്. അവർ സമ്പന്നരും സമൂഹത്തിൽ ഉയർന്നവരും ഭൗതികവാദി കളും ആയിരുന്നു. ക്രിസ്തുവിനെയും അവന്റെ ഉപദേശത്തെയും എതിർത്തിരുന്ന അവർ ആദ്യനാളുകളിൽ സഭയെയും ഉപദ്രവിച്ചിരു ന്നതായി വചനത്തിൽ കാണുന്നുണ്ട് (അ.പ്ര. 4:1,3; 5:17,18).

## III. മുഖപക്ഷം കാണിക്കുന്നത് ദൈവികന്യായപ്രമാണത്തിന് എതിരാണ് (v. 8-13)

**"കൂട്ടുകാരനെ നിന്നെപോലെതന്നെ സ്നേഹിക്കണം" എന്ന തിരുവെഴുത്തിന് ഒത്തവണ്ണം രാജകീയന്യായപ്രമാണം നിങ്ങൾ നിവർത്തിക്കുന്നു എങ്കിൽ നന്നു; മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു..."** (8-9 a).

"കൂട്ടുകാരനെ നിന്നെപോലെ തന്നെ സ്നേഹിക്കണം" എന്ന കല്പനയിൽ മനുഷ്യരോട് ബന്ധപ്പെട്ട് ദൈവം മനുഷ്യന് നല്കി യിട്ടുള്ള സകല കല്പനകളും അടങ്ങിയിരിക്കുന്നു (മത്തായി 22:37-40) എന്നും, അന്യനെ (അപരനെ) സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നു എന്നും വചനം പറയുന്നു (റോമർ 13:8-10). ഇങ്ങനെ ചെയ്യുന്നവർ ന്യായപ്രമാണത്തോടുള്ള ബന്ധത്തിൽ ശരി യായി പ്രതികരിക്കുന്നവരും പ്രവർത്തിക്കുന്നവരുമാകുന്നുവെന്ന് യാക്കോബ് ഇവിടെ പരോക്ഷമായി പറയുന്നു. ഇവിടെ, കൂട്ടുകാരനെ നിന്നെപോലെതന്നെ സ്നേഹിക്കണം എന്ന തിരുവെഴുത്തിനെ **"രാജകീയ ന്യായപ്രമാണം"** എന്ന് വിശേഷിപ്പിക്കുന്നതുകൊണ്ട് എല്ലാവർക്കും ബാധകമായതും നിലവാരത്തിൽ ഏറ്റവും ഉയർന്നതും ഒരിക്കലും മാറ്റം വരുത്തുവാൻ കഴിയാത്തതും ഏറ്റവും അവസാനത്തേതുമായ രാജാ വിന്റെ കല്പന/പ്രമാണം എന്നാണർത്ഥം; കാരണം, ദൈവം മഹാരാജാ വാണ് (സങ്കീ. 48:2; മലാഖി 1:14; മത്തായി 5:35). ന്യായപ്രമാണത്തിലെ (ലേവ്യ. 19:12-18) വാക്യങ്ങൾ അടിസ്ഥാനമാക്കിയാണ് ഇതിനെ രാജകീയ

ന്യായപ്രമാണമെന്ന് യാക്കോബ് ഇവിടെ പറയുന്നത്. കാരണം സ്നേഹമാണ് അവിടെ മുഖ്യകല്പന; മാത്രമല്ല, തന്നെ സ്നേഹിക്കുന്നവർക്കാണ് ദൈവം തന്റെ രാജ്യം വാഗ്ദത്തം ചെയ്തത് (യാക്കോബ് 2:5); മാത്രമല്ല, കൂട്ടുകാരനെ തന്നെപ്പോലെതന്നെ സ്നേഹിക്കുന്നത് ദൈവത്തെ സ്നേഹിക്കുന്നതിന്റെ ഭാഗമാണ് (മത്തായി 22:37–40; മർക്കൊസ് 12:28–31). എന്നാൽ ന്യായപ്രമാണത്തിന്റെ ഈ പശ്ചാത്തലത്തിൽ ന്യായവിധിയിൽ മുഖപക്ഷം കാണിക്കരുതെന്ന് വചനം പറയുന്നു (ലേവ്യ. 19:15). **"മുഖപക്ഷം കാണിച്ചാലോ പാപം ചെയ്യുന്നു; നിങ്ങൾ ലംഘനക്കാർ എന്ന് ന്യായപ്രമാണത്താൽ തെളിയുന്നു"** (v. 9) എന്നാണ് യാക്കോബ് തുടർന്ന് പറയുന്നത്. മുഖപക്ഷം കാണിച്ച് പാപം ചെയ്യുന്നത് നീതിയുള്ള ന്യായവിധിക്ക് എതിരാണ്; അതായത് (ലേവ്യ. 19:15) മുഖപക്ഷം കാണിക്കരുത് എന്ന കല്പന ലംഘിക്കുന്നവൻ ലേവ്യ. 19:18 ലെ കൂട്ടുക്കാരനെ നിന്നെപോലെ സ്നേഹിക്കണം എന്ന കല്പന പാലിക്കുന്നില്ല എന്ന തെളിയുന്നു. അതിന് കാരണം, **"ഒരുത്തൻ ന്യായപ്രമാണം മുഴുവനും അനുസരിച്ച് നടന്നിട്ടും ഒന്നിൽ തെറ്റിയാൽ അവൻ സകലത്തിനും കുറ്റക്കാരനായി തീരുന്ന"**തുകൊണ്ടാണ് (v. 10).

അതായത്, വിഗ്രഹങ്ങളെ ഉണ്ടാക്കരുത്, അതിനെ നമസ്കരിക്കരുത്, യഹോവയുടെ നാമം വൃഥാ എടുക്കരുത്, കുല ചെയ്യരുത്, വ്യഭിചാരം ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, മോഹിക്കരുത് മുതലായ എല്ലാ കല്പനകളും ഒരാൾ പ്രമാണിച്ച് നടന്നിട്ടും മുഖപക്ഷം കാണിച്ചാൽ അയാൾ ന്യായപ്രമാണപ്രകാരം ലംഘനക്കാരൻ എന്ന് തെളിയുകയും ന്യായപ്രമാണപ്രകാരമുള്ള ശിക്ഷയ്ക്ക് അർഹനായി തീരുകയും ചെയ്യുന്നു. അതിന്റെ കാരണം, **"വ്യഭിചാരം ചെയ്യരുത്, എന്ന് കല്പിച്ചവൻ കുല ചെയ്യരുത് എന്നും കല്പിച്ചിരിക്കുന്നു; നീ വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും കുല ചെയ്യുന്നു എങ്കിൽ ന്യായപ്രമാണം ലംഘിക്കുന്നവനായിത്തീർന്നു"** (v. 11) എന്നതിനാലാണ്. കുലപാതകത്തിനും വ്യഭിചാരത്തിനും ദൈവം വധശിക്ഷ വിധിച്ചിട്ടുള്ളതുകൊണ്ട് (സംഖ്യാ 35:31; ആവ. 22:22) ഒരാൾ വ്യഭിചരിച്ചില്ലെങ്കിലും കുലചെയ്തുവെങ്കിൽ അയാൾ വധശിക്ഷയിൽനിന്നും വിടുവിക്കപ്പെടാതിരിക്കുന്നതുപോലെ മറ്റ് കല്പനകൾ അനുസരിക്കുന്നതു നിമിത്തം മുഖപക്ഷം കാണിക്കുന്ന കുറ്റത്തിന് പരിഹാരമോ പ്രായശ്ചിത്തമോ ആയി തീരുന്നില്ല. കാര

ണം, ന്യായപ്രമാണം പല കണ്ണികളുള്ള ഒരു ചങ്ങല പോലെയാണ്; അതിന്റെ ഏതിലൊന്ന് പൊട്ടിച്ചാലും ചങ്ങല പൊട്ടിച്ചതായി കണക്കാക്കപ്പെടുന്നതുപോലെ (റോമർ 7:2) ന്യായപ്രമാണം ദൈവത്തിന്റെ കല്പനയാണ്; അത് അംശമായി ലംഘിച്ചാലും ഭാഗികമായി ലംഘിച്ചാലും ലംഘനമാണ്. ദൈവം തന്നിരിക്കുന്ന ന്യായപ്രമാണത്തിലെ ചിലത് അനുസരിക്കുവാനും ചിലത് അനുസരിക്കാതിരിക്കുവാനും ആർക്കും അനുവാദമില്ല. മാത്രമല്ല, കല്പനയിൽ ഒന്ന് ലംഘിച്ചാൽ തുടർന്നുള്ളതും ലംഘിക്കുവാനുള്ള ഒരു പ്രവണതയും മനുഷ്യനിലുണ്ട്. (മോഹം → മോഷണം → കുലപാതകം → ഭോഷ്ക്/കള്ളസത്യം) അതുകൊണ്ട് വ്യഭിചാരം ചെയ്യരുത്, കുല ചെയ്യരുത്, മോഹിക്കരുത്, മോഷ്ടിക്കരുത്, മുതലായ കല്പനകളിൽ ഏത് ലംഘിച്ചാലും "കൂട്ടുക്കാരനെ നിന്നെപ്പോലെ സ്നേഹിക്കണം എന്ന കല്പനയുടെ ലംഘനമാണ് (റോമർ 13:9). എന്നാൽ യാക്കോബിന്റെ ഈ പരാമർശം പ്രത്യേകമായി അക്കാലത്തെ പരീശന്മാരെയും മതഭക്തരെയും (യാക്കോബ് 1:26) സൂചിപ്പിക്കുന്നത് ആകുന്നു. ഇക്കാരണത്താൽ **"സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുവാനുള്ളവരെപ്പോലെ സംസാരിക്കുകയും പ്രവർത്തിക്കയും ചെയ്വീൻ"** (V. 12) എന്നാണ് യാക്കോബ് ഇവിടെ വിശ്വാസികളോട് പറയുന്നത്. ഒരു നിയമംതന്നെ പല സ്വഭാവത്തിൽ വെളിപ്പെട്ടിരിക്കുന്നു. ന്യായപ്രമാണം എന്നതുകൊണ്ട് (2:9,11) ന്യായമായ പ്രമാണം എന്നാണ് അർത്ഥമാക്കുന്നത്; തികഞ്ഞ ന്യായപ്രമാണം (1:25) എന്നതുകൊണ്ട് ഒന്നിനും കുറവില്ലാത്ത സമ്പൂർണ്ണമായ പ്രമാണം എന്നാണർത്ഥം; മുഴുന്യായപ്രമാണം (2:10) എന്നതിന് ന്യായപ്രമാണത്തിന്റെ എല്ലാ കല്പനകളും എന്നാണർത്ഥം; രാജകീയ ന്യായപ്രമാണം (2:8) എന്നതിനു രാജാവിന്റെ പ്രമാണം എന്നും അർത്ഥം, വരുന്നു. ക്രിസ്തുവിന്റെ ന്യായപ്രമാണം (ഗലാത്യർ 6:2) എന്നത് ക്രിസ്തുവിലുള്ള പുതിയ ഉടമ്പടിയെ സൂചിപ്പിക്കുന്നു. എന്നാൽ സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണം - ദൈവത്തെ സേവിക്കുന്നതിനും സ്നേഹിക്കുന്നതിനും സ്വാതന്ത്ര്യം തരുന്ന പ്രമാണം ആകുന്നു. ന്യായപ്രമാണത്തിൽ മനുഷ്യൻ എന്ത് ചെയ്യണം, എന്ത് ചെയ്യരുത് എന്ന് സ്പഷ്ടമായി നിഷ്കർഷിക്കുമ്പോൾ (കൊലൊ. 2:16,21) ക്രിസ്തുവിന്റെ ന്യായപ്രമാണത്തിൽ അഥവാ സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്തിൽ പ്രത്യക്ഷമായും പരോക്ഷമായും ദൈവകല്പനയെ ലംഘിക്കാത്ത ഏതൊരു പ്രവൃത്തിയും ചെയ്യാം, ഏതൊരു ജീവിത

രീതിയും അനുവർത്തിക്കാം, ഏതൊരു ആരാധനയും കഴിക്കാം, ഏതൊരു ആഹാരവും കഴിക്കാം, ഏതൊരു പാനീയവും കഴിക്കാം, എവിടെയും താമസിക്കാം, ആരുമായും സഹകരിക്കാം. (c.f. 1 കൊരി. 10:31). സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണത്താൽ വിധിക്കപ്പെടുന്നത് വിശ്വാസികളാണ്. മോശെയുടെ ന്യായപ്രമാണപ്രകാരം അവർക്ക് ഇനിയൊരു ശിക്ഷാവിധിയില്ലെങ്കിലും (റോമർ 8:1), ലോകത്തോടുകൂടെ അവർ ശിക്ഷാവിധിയിൽ അകപ്പെടുകയില്ലെങ്കിലും (1 കൊരി. 11:31,32) ക്രിസ്തുവിന്റെ ന്യായപ്രമാണപ്രകാരം/സ്വാതന്ത്ര്യത്തിന്റെ ന്യായപ്രകാരം/ദൈവത്തിന്റെ സമ്പൂർണ്ണ വെളിപ്പാടിന് അനുസൃതമായി, "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തിയതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" (2 കൊരി. 5:10) എന്ന് വചനം പറയുന്നു. എന്നാൽ ഈ ന്യായവിധി പ്രതികാരത്തിന് വേണ്ടിയുള്ളതല്ല, മറിച്ച്, പ്രതിഫലത്തിന് വേണ്ടിയുള്ളതാകുന്നു (റോമർ 14:10-12; 2 കൊരി. 5:10). മുഖപക്ഷം കാണിക്കുന്നതിന് വിശ്വാസിയുടെ ജീവിതത്തിൽ സംജാതമാകുന്ന സാഹചര്യങ്ങളിൽ ഈ ബോധ്യത്തോടെ വേണം വിശ്വാസികൾ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവാൻ. കാരണം, ഈ ന്യായപ്രമാണപ്രകാരം പ്രവൃത്തികൾ മാത്രമല്ല, മനോഭാവവും വിധിക്കപ്പെടും. അല്ലെങ്കിൽ, "**കരുണ കാണിക്കാത്തവനു കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും**" (v. 13) എന്നാണ് ഇവിടെ പറയുന്നത്. ഈ വാക്യത്തിലൂടെ ദൈവിക ന്യായവിധിയുടെ സാർവ്വത്രിക സ്വഭാവം വെളിപ്പെട്ടിരിക്കുന്നു. കരുണ കാണിക്കുന്നവർ ന്യായവിധിയെ ഭയപ്പെടേണ്ടതില്ല (മത്തായി 7:2). കാരണം കരുണ ന്യായവിധിയെ ജയിക്കുന്നു (മത്തായി 18:21-27,33). എന്നാൽ മുഖപക്ഷം കാണിക്കുമ്പോൾ ദരിദ്രന് നിഷേധിക്കപ്പെടുന്നത് കരുണയാണ് (2:4); അതിന്റെ ഫലമായി കരുണ കാണിക്കാത്തവന് കരുണയില്ലാത്ത ന്യായവിധി ഉണ്ടാകും (v. 13 c.f. 1:27; 2:15,16). അതായത്, ആരെങ്കിലും തന്റെ സഹോദരനോട് മുഖപക്ഷം കാണിച്ചുകൊണ്ട് സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്താൽ, അതിലൂടെ കരുണ അർഹിക്കുന്നവനോട് കരുണ കാണിക്കാതിരുന്നാൽ അത് വ്യാജവിശ്വാസിയുടെ അടയാളമാണ്. അങ്ങനെ ചെയ്യുന്നവരോട് ദൈവം അവിശ്വാസികളോട് എന്നപോലെ ഇടപെടുകയും കരുണയില്ലാത്ത ന്യായവിധിക്ക് അവർ അർഹരായിത്തീരുകയും ചെയ്യും.

എന്നാൽ ആരെങ്കിലും തന്നെപോലെ തന്റെ കൂട്ടുകാരനെ സ്നേഹിച്ചു കൊണ്ട് സംസാരത്തിലും പ്രവർത്തിയിലും മുഖപക്ഷം കാണിക്കാതെ അവരോട് കരുണയോടെ ഇടപെടുന്നത് യഥാർത്ഥ വിശ്വാസിയുടെ അടയാളമാണ്. ഈ പ്രവർത്തിയാണ് ന്യായവിധിയിൽ അവന് ജയം തരുന്നതെന്നും യാക്കോബ് ഇവിടെ പറയുന്നു (c.f. മത്തായി 5:7).

ചുരുക്കത്തിൽ, മുഖപക്ഷം കാണിക്കുന്നത് ക്രിസ്തീയവിശ്വാസ ത്തിന് എതിരാണ്, ദൈവിക പദ്ധതിക്ക് എതിരാണ്, ദൈവികപ്രമാണ ത്തിന് എതിരാണ്. മുഖപക്ഷം കാണിക്കുവാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യങ്ങളിൽ സ്വാർത്ഥതക്കും സമ്മർദ്ദത്തിനും വഴങ്ങി അപരന് നീതി നിഷേധിക്കുന്ന തരത്തിൽ മുഖപക്ഷം കാണിക്കുന്നത് യഥാർത്ഥ വിശ്വാസമുള്ളവന്റെ അടയാളമല്ല, മറിച്ച്, വ്യാജവിശ്വാസമുള്ളവന്റെ അടയാളമാണ്; മാത്രമല്ല, **“മുഖപക്ഷം കാണിക്കരുത്”** എന്ന തിരു വചനത്തെ ഒരു സാരോപദേശമായിട്ടല്ല, പ്രത്യുത, എല്ലായിടത്തും എല്ലാ വർക്കും ബാധകമായ മഹാരാജാവിന്റെ കല്പനായായിട്ടാണ് വചനം പറയുന്നത്; **“കൂട്ടുകാരനെ നിന്നെപോലെ തന്നെ സ്നേഹിക്കണം”** എന്ന തിരുവെഴുത്തിനോട് ബന്ധപ്പെട്ടുള്ളതും ലംഘിച്ചാൽ ശിക്ഷയ്ക്ക് അർഹരാക്കുന്നതുമായ ഒരു രാജകീയ ന്യായപ്രമാണമായിട്ടാണ് വചന ത്തിൽ കാണുന്നത്.

# 5

# പരിശോധനയിൽ വിശ്വാസത്തിനനുസൃതമായ പ്രവർത്തി

"സഹോദരന്മാരെ, ഒരുത്തൻ തനിക്കു വിശ്വാസം ഉണ്ട് എന്നു പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്? ആ വിശ്വാസത്താൽ അവൻ രക്ഷപ്രാപി ക്കുമോ? ഒരു സഹോദരനോ, സഹോദരിയോ നഗ്നരും അഹോവൃത്തിക്കു വക ഇല്ലാത്തവരുമായിരിക്കെ നിങ്ങളിൽ ഒരുത്തൻ അവരോടു: സമാധാനത്തോടെ പോയി തീ കായു കയും വിശപ്പടക്കുകയും ചെയ്‌വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്ക് ആവശ്യമുള്ളത് അവർക്കു കൊടുക്കാതിരു ന്നാൽ ഉപകാരം എന്ത്? അങ്ങനെ വിശ്വാസവും പ്രവൃത്തിക ളില്ലാത്തതായാൽ സ്വതവെ നിർജ്ജീവമാകുന്നു. എന്നാൽ ഒരുത്തൻ: നിനക്കു വിശ്വാസം ഉണ്ട്; എനിക്കു പ്രവൃത്തി കൾ ഉണ്ട് എന്നു പറയുമായിരിക്കും. നിന്റെ വിശ്വാസം പ്രവൃ ത്തികൾ കൂടാതെ കാണിച്ചുതരിക; ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചുതരാം. ദൈവം ഏകൻ എന്നു നീ വിശ്വസിക്കുന്നുവോ; കൊള്ളാം; പിശാചുകളും അങ്ങനെ വിശ്വസിക്കയും വിറെക്കയും ചെയ്യുന്നു. വ്യർത്ഥമനുഷ്യാ, പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്നു ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ? (യാക്കോബ് 2:14-20).

യഥാർത്ഥ വിശ്വാസത്തിന്റെ വിവിധ പരിശോധനകളാണ് യാക്കോ ബിന്റെ ലേഖനത്തിൽ കാണുന്നത്. 2:14-26 വാക്യങ്ങളിൽ പരിശോ

ധനയിൽ വിശ്വാസത്തിനനുസൃതമായ പ്രവർത്തി യഥാർത്ഥവിശ്വാസത്തിന്റെ അടയാളമാണെന്ന് യാക്കോബ് പറയുന്നു; അതോടുള്ള ബന്ധത്തിൽ, യഥാർത്ഥവിശ്വാസം പ്രവർത്തിക്കുന്നുവെന്നും എന്നാൽ പ്രവർത്തിക്കാത്ത വിശ്വാസം വ്യാജവിശ്വാസം ആകുന്നുവെന്നും യാക്കോബ് ഇവിടെ പറയുന്നു. അതുകൊണ്ട് ഒരാളുടെ വിശ്വാസത്തിന്റെ നിജസ്ഥിതി അയാൾ എന്ത് പറയുന്നു എന്നതിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച്, എന്ത് പ്രവർത്തിക്കുന്നു, എങ്ങനെ ജീവിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനിക്കപ്പെടേണ്ടതെന്ന് ഈ വേദഭാഗം പഠിപ്പിക്കുന്നു. കർത്താവിൽ വിശ്വാസം ഉണ്ടെന്ന് അവകാശപ്പെടുന്ന വ്യക്തി പ്രസ്തുത വിശ്വാസത്തിനനുസൃതമായി ജീവിക്കുന്നില്ലായെങ്കിൽ ആ വ്യക്തിയുടെ വിശ്വാസവും ഏറ്റുപറച്ചിലും വ്യാജമാണ്; വ്യാജവിശ്വാസമുള്ളവർക്ക് ഒരിക്കലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല; അവരുടെ പ്രവർത്തികൾ എപ്പോഴും വ്യാജവിശ്വാസത്തെ വെളിപ്പെടുത്തുന്നതുമായിരിക്കും. വ്യാജവിശ്വാസത്തിന്റെ മൂന്ന് അടയാളങ്ങളാണ് യാക്കോബ് 2:14-20 വാക്യങ്ങളിൽ കാണുന്നത്.

## I. വ്യാജവിശ്വാസം നിഷ്ക്രിയമാണ് (v. 14)

**"ഒരുത്തൻ തനിക്ക് വിശ്വാസം ഉണ്ട് എന്ന് പറകയും പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ ഉപകാരം എന്ത്?"** എന്നാണ് യാക്കോബ് ഇവിടെ ചോദിക്കുന്നത്. ഒരുത്തൻ തനിക്ക് വിശ്വാസം ഉണ്ടെന്ന് പറയുന്നുവെങ്കിലും, താൻ എന്ത് വിശ്വസിക്കുന്നുവെന്നോ ഏതുതരം വിശ്വാസമാണ് തനിക്കുള്ളതെന്നോ അവൻ ഇവിടെ പറയുന്നില്ല. ഒരുപക്ഷേ, തിരുവെഴുത്ത് ദൈവവചനമാണെന്നുള്ള ബോധ്യമായിരിക്കാം, അല്ലെങ്കിൽ സുവിശേഷത്തിന്റെ അടിസ്ഥാന ഉപദേശങ്ങളെക്കുറിച്ചുള്ള അറിവായിരിക്കാം വിശ്വാസം എന്നതുകൊണ്ട് അവൻ ഉദ്ദേശിക്കുന്നത്, അതുമല്ലെങ്കിൽ ക്രിസ്തുയേശുവിന്റെ ജനനം ജീവിതം മരണം ഉയിർപ്പ് എന്നിവയിലുള്ള ചരിത്രപരമായ അറിവിനെയോ, ക്രിസ്തീയ ആചാരങ്ങൾ അനുഷ്ഠിക്കുന്നതിനെയോ, ദൈവത്തോട് അപേക്ഷിക്കുന്നവരെ ദൈവം ഉപേക്ഷിക്കയില്ല എന്ന ബോധ്യത്തെയോ ആയിരിക്കാം വിശ്വാസം എന്നതുകൊണ്ട് താൻ ഉദ്ദേശിക്കുന്നത്.

**"...പ്രവൃത്തികൾ ഇല്ലാതിരിക്കയും ചെയ്താൽ"** എന്ന് പറയുന്നതിലൂടെ, ഇവിടെ പരാമർശിക്കുന്നത് ഏതെങ്കിലും പ്രവൃത്തികളെ

ഉദ്ദേശിച്ചല്ല, മറിച്ച്, വിശ്വാസത്തിനനുസൃതമായതും, വിശ്വാസത്തെ സാധൂകരിക്കുന്നതും വെളിപ്പെടുത്തുന്നതുമായ വചനാനുസൃതമായ പ്രവൃത്തികളെ ഉദ്ദേശിച്ചാകുന്നു. ഇങ്ങനെയുള്ള ധാരാളം പ്രവൃത്തി കളെക്കുറിച്ച് പഴയനിയമവും പുതിയനിയമവും പരാമർശിക്കുന്നുണ്ട്.

പഴയനിയമത്തിൽ പ്രത്യേകിച്ച് സങ്കീർത്തനങ്ങളിൽ, ദൈവത്തി ലുള്ള യഥാർത്ഥവിശ്വാസത്തെ വെളിപ്പെടുത്തുന്ന ധാരാളം പ്രവൃത്തി കൾ പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, സങ്കീർത്തനം 15:1–5 വരെ വാക്യങ്ങളിൽ, നഷ്കളങ്കനായി നടന്ന് നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും കൂട്ടുകാരന് ദോഷം ചെയ്യാ തിരിക്കുകയും, കൂട്ടുകാരന് അപമാനം വരുത്താതിരിക്കുകയും, കുറ്റ മില്ലാത്തവന് വിരോധമായി കൈക്കൂലി വാങ്ങാതിരിക്കുകയും, സത്യം ചെയ്തിട്ട് ചേതം വന്നാലും മാറാതിരിക്കുകയും, വഷളനെ നിന്ദ്യനായി എണ്ണുകയും യഹോവഭക്തന്മാരെ ബഹുമാനിക്കുന്നതും, സങ്കീർത്തനം 40:4 ൽ പറയുന്നതുപോലെ യഹോവയെ തന്റെ ആശ്രയമാക്കി കൊള്ളു കയും, നിഗളികളെയും വ്യാജത്തിലേക്കു തിരിയുന്നവരെയും ആദരി ക്കാതിരിക്കുന്നതും, സങ്കീർത്തനം 26:4,5 ൽ പറയുന്നതുപോലെ വ്യർത്ഥ ന്മാരോടും ദുഷ്ടന്മാരോടും കൂടെ ഇരിക്കാതിരിക്കുന്നതും, ദുഷ്പ്രവർത്തി ക്കാരുടെ സംഘത്തെ പകയ്ക്കുന്നതും, കുറ്റമില്ലായ്മയിൽ കൈകളെ കഴുകുന്നതും, സങ്കീർത്തനം 50:18–20 ൽ പറയുന്നതുപോലെ, കള്ളനെ കണ്ടാൽ അനുകൂലപ്പെടാതിരിക്കുന്നതും, വായ് ഭോഷ്ക്കിന് വിട്ടുകൊടു ക്കാതിരിക്കുന്നതും, നാവ് വഞ്ചന പിണക്കാതിരിക്കുന്നതും സഹോദരന് വിരോധമായി അപവാദം പറയാതിരിക്കുന്നതും, സങ്കീർത്തനം 52:3,4 ൽ പറയുന്നതുപോലെ, നന്മയെക്കാൾ തിന്മയെയും, നീതിയെ സംസാരി ക്കുന്നതിനെക്കാൾ വ്യാജത്തെ ഇഷ്ടപ്പെടാതിരിക്കുന്നതും, റോമർ 1:32 ൽ കാണുന്നതുപോലെ, ഈ വക പ്രവർത്തിക്കാതിരിക്കയും അത് ചെയ്യുന്നവരിൽ പ്രസാദിക്കാതിരിക്കുകയും ദൈവത്തിലുള്ള വിശ്വാസ ത്തെ വെളിപ്പെടുത്തുകയും ചെയ്യുന്ന പ്രവൃത്തികളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

പുതിയനിയമത്തിലും, പ്രത്യേകിച്ച് സുവിശേഷങ്ങളിൽ, യഥാർത്ഥ വിശ്വാസത്തെ വെളിപ്പെടുത്തുന്ന ധാരാളം പ്രവൃത്തികൾ പരാമർശിക്ക പ്പെട്ടിട്ടുണ്ട്. അതിൽ ചിലതാണ്: മാനസാന്തരസ്നാനമേല്ക്കുന്നതു കൂടാതെ മാനസാന്തരത്തിന് യോഗ്യമായ പ്രവൃത്തികൾ ചെയ്ക

എന്നുള്ളത് (മത്തായി 3:7); കർത്താവേ കർത്താവേ എന്നു പറയുന്നത് കൂടാതെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്ക എന്നുള്ളത് (മത്തായി 7:21; ലൂക്കൊസ് 6:46); കർത്താവിൽ വിശ്വസിക്കുന്നതു കൂടാതെ കർത്താവിന്റെ വചനത്തിൽ നിലനില്ക്കുക എന്നുള്ളത് (യോഹ. 8:30,31); ദൈവത്തെ അറിഞ്ഞിരിക്കുന്നു എന്ന് പറയുന്നത് കൂടാതെ പ്രവൃത്തികളാൽ അവനെ നിഷേധിക്കാതിരിക്കുന്നത് (തീത്തൊസ് 1:16); കർത്താവിനെ അറിഞ്ഞിരിക്കുന്നു എന്ന് പറയുന്നതു കൂടാതെ കർത്താവിന്റെ കല്പനകളെ പ്രമാണിക്കുന്നത് (1 യോഹ. 2:4). പൊതുവിൽ ഇതെല്ലാമാണ് വിശ്വാസത്തിന് അനുസൃതമായ പ്രവൃത്തികൾ. എന്നാൽ ഇതൊടൊപ്പം തന്നെ പരീക്ഷയെ സഹിഷ്ണുതയോടെ നേരിടുന്നതും (1:12), പരീക്ഷിക്കപ്പെടുമ്പോൾ ദൈവത്തെ കുറ്റപ്പെടുത്താതിരിക്കുന്നതും (1:14–18), പരിശോധനയിൽ യഥാർത്ഥഭക്തി വെളിപ്പെടുത്തുന്നതും (1:26,27), പരിശോധനയിൽ മുഖപക്ഷം കൂടാതെ പ്രവർത്തിക്കുന്നതും (2:1–13), പരിശോധനയിൽ ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുന്നതും വിശ്വാസത്തെ വെളിപ്പെടുത്തുന്നതുമായ മറ്റ് എല്ലാ പ്രവൃത്തികളെയുമാണ് **“പ്രവൃത്തികൾ”** എന്നതുകൊണ്ട് യാക്കോബ് മുഖ്യമായും ഇവിടെ ഉദ്ദേശിക്കുന്നത് (2:14–26).

ഒരാളുടെ ആത്മരക്ഷയിൽ വീണ്ടും ജനനം അടങ്ങിയിരിക്കുന്നുവെങ്കിൽ, പുതുതായി ജനിക്കുന്നുവെങ്കിൽ, പുതിയ സൃഷ്ടിയായിത്തീരുന്നുവെങ്കിൽ, ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതുമനുഷ്യനെ ധരിച്ചിരിക്കുന്നുവെങ്കിൽ അത് അയാളുടെ സാധാരണ ജീവിതത്തിന്റെ ഭാഗമായി കാണപ്പെടണം; അതിനനുസൃതമായ പ്രവൃത്തികളിലൂടെ വെളിപ്പെട്ടുവരണം; അതിന് വിശ്വാസത്തെ വെളിപ്പെടുത്തുന്ന പ്രവൃത്തികൾ ആവശ്യമാണ്.

കാരണം, ദൈവം ഒരു വ്യക്തിയെ രക്ഷിക്കുമ്പോൾ തന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കുന്നതിനും, തന്റെ വിധികളെ പ്രമാണിച്ച് അനുഷ്ഠിക്കേണ്ടതിനും, ആ വ്യക്തിയെ നിർമ്മലീകരിച്ച് പുതിയൊരു ഹൃദയത്തെയും പുതിയൊരു ആത്മാവിനെയും കൊടുക്കുന്നു (യെഹെ. 36:25–27), പുതിയതായി സൃഷ്ടിക്കുകയും (1 കൊരി. 5:17), പുതുമനുഷ്യനാക്കി തീർക്കുകയും ചെയ്യുന്നു (കൊലൊ. 3:9,10); മാത്രമല്ല, ദൈവം ഒരു വ്യക്തിയിൽ തന്റെ ജീവനെ പകരുമ്പോൾ അവന്റെ ഉള്ളിൽ അവന്റെ ആത്മാവിനെ പുനരുജ്ജീവിപ്പിക്കുന്നു; അങ്ങനെ ആ വ്യക്തി മരണത്തിന്റെ അവസ്ഥയിൽനിന്നും ജീവന്റെ അവസ്ഥയിലേക്ക്

പ്രവേശിക്കുന്നു (യോഹ. 5:24); അതിന്റെ ഫലം ദൈവത്തിന്റെ ജീവനെ വെളിപ്പെടുത്തുന്ന ജീവിതമാണ്; വിശ്വാസത്തെ വെളിപ്പെടുത്തുന്ന വചനാനുസൃതമായ പ്രവൃത്തികളാണ്; അങ്ങനെയുള്ള പ്രവൃത്തികളിലൂടെ വെളിപ്പെടാത്ത വിശ്വാസം വ്യജവിശ്വാസമാണ്; അത് ഉപകാരമില്ലാത്തതും രക്ഷിപ്പാൻ കഴിയാത്തതുമാണ്; കാരണം, വിശ്വാസത്തിനനുസൃതമായ പ്രവൃത്തികളുടെ അടിസ്ഥാനത്തിലാണ് ഒരാളുടെ വിശ്വാസത്തെ ദൈവം വിലയിരുത്തുന്നതും വിധിക്കുന്നതും.

ഉദാഹരണമായി, നന്മ ചെയ്യാതെ തിന്മ ചെയ്ത് മരിച്ചവരുടെ അവസ്ഥയെക്കുറിച്ച് കർത്താവ് പറഞ്ഞത്, ഇതിങ്കൽ ആശ്ചര്യപ്പെടരുത്; കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ട്, നന്മ ചെയ്തവർ ജീവനായും തിന്മ ചെയ്തവർ ന്യായവിധിക്കായും പുനരുത്ഥാനം ചെയ്യുവാനുള്ള നാഴിക വരുന്നു" (യോഹ. 5:28,29) എന്നാണ്. അതുപോലെ, "അവൻ ഓരോരുത്തന് അവനവന്റെ പ്രവൃത്തിക്ക് തക്ക പകരം ചെയ്യും; നല്ല പ്രവൃത്തിക്കു വേണ്ടസ്ഥിരത പൂണ്ട് തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കുന്നവർക്ക് നിത്യജീവനും ശാഠ്യം പൂണ്ട് സത്യം അനുസരിക്കാതെ അനീതി അനുസരിക്കുന്നവർക്ക് കോപവും ക്രോധവും കൊടുക്കും" (റോമർ 2:6-8) എന്ന് പൗലൊസും പറയുന്നു.

വ്യജാവിശ്വാസമുള്ള ഒരാൾക്ക് യഥാർത്ഥ വിശ്വാസത്തിനനുസൃതമായ പ്രവൃത്തികൾ വെളിപ്പെടുത്താൻ കഴികയില്ല; കാരണം വ്യാജവിശ്വാസം നഷ്ക്രിയമാണ്, ന്യായവിധിയിൽനിന്ന് രക്ഷിക്കാൻ കഴിയാത്തതും ഉപകാരമില്ലാത്തതുമാകുന്നു.

## II. വ്യാജവിശ്വാസം നിർജ്ജീവമാണ് (15-17)

വ്യാജവിശ്വാസത്തിന്റെ രണ്ടാമത്തെ അടയാളം അത് നിർജ്ജീവമാണ് എന്നതാണ്. **"ഒരു സഹോദരനോ സഹോദരിയോ നഗ്നരും, അഹോവൃത്തിക്ക് വകയില്ലാത്തവരുമായിരിക്കെ"** എന്നതുകൊണ്ട്, കുളിർ മാറ്റുവാൻ ആവശ്യത്തിന് വസ്ത്രം ഇല്ലാതെയും ആരോഗ്യമുള്ള ജീവിതത്തിന് ആവശ്യമായ ആഹാരം ഇല്ലാതെയും വളരെ പ്രയാസപ്പെടുന്ന അവസ്ഥയിലുള്ള വിശ്വാസികളെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്; അവരോട് **"സമാധാനത്തോടെ പോയി തീ കായുകയും, വിശപ്പടക്കുകയും ചെയ്വിൻ"** എന്നു പറയുക മാത്രം ചെയ്യുന്നവർ യഥാർത്ഥ വിശ്വാസികൾ അല്ല; എന്തെന്നാൽ, "ഈ ലോകത്തിലെ വസ്തുവക

യുള്ളവൻ ആരെങ്കിലും തന്റെ സഹോദരന് മുട്ടുള്ളത് കണ്ടിട്ട് അവനോട് മനസ്സലിവ് കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും" എന്നാണ് യോഹന്നാൻ ചോദിക്കുന്നത് (1 യോഹ. 3:17). അതുകൊണ്ടാണ്, "കുഞ്ഞുങ്ങളെ, നാം വാക്കിനാലും നാവി നാലും അല്ല പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കുക" എന്നും (v. 18), "നാം സത്യത്തിന്റെ പക്ഷത്ത് നില്ക്കുന്നവർ എന്ന് ഇതിനാൽ അറിയും" എന്നും യോഹന്നാൻ തുടർന്ന് പറയുന്നത് (v. 19). അതുപോലെ, "ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാ വർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മചെയ്ക" എന്നും (ഗലാ. 6:10), "ഈ വചനം വിശ്വാസയോഗ്യം; ദൈവത്തിൽ വിശ്വസി ച്ചവർ സൽപ്രവൃത്തികളിൽ ഉത്സാഹികളായിരിപ്പാൻ" ഇത് ഉറപ്പിച്ച് പറയേണമെന്ന് (തീത്തൊസ് 3:8). പൗലൊസും പറയുന്നു.

കാരണം, പ്രവൃത്തിയില്ലാതെ വാക്കുകളിൽ മാത്രം ഒതുങ്ങുന്ന സ്നേഹം വ്യാജമാണ്, കാരുണ്യം വ്യാജമാണ്, വിശ്വാസം വ്യാജവും നിർജ്ജീവവുമാണ്. എന്തെന്നാൽ, ആവശ്യത്തിലിരിക്കുന്ന ഒരു വിശ്വാസി യോട് ശരിയായി പ്രതികരിക്കുവാൻ കഴിയാത്തതും നിർജ്ജീവ അവ സ്ഥയിൽ ഇരിക്കുന്നതുമായ ഒരാളുടെ ഹൃദയം എങ്ങനെയുള്ളതെന്നും, വിശ്വാസം എങ്ങനെയുള്ളതെന്നും മനസ്സിലാക്കുവാൻ പ്രയാസമില്ല.

ദൈവം സ്നേഹവാനും ദയാലുവും കരുണയുള്ളവനുമാണെന്ന് വിശ്വസിക്കുന്നുവെങ്കിൽ, അനാഥരുടെയും വിധവമാരുടെയും പരിപാല കനും ന്യായപാലകനും ആകുന്നുവെന്ന് വിശ്വസിക്കുന്നുവെങ്കിൽ, ഇങ്ങനെയുള്ള ദൈവത്തിന്റെ ജീവൻ ലഭിച്ചിട്ടുണ്ടെന്ന് വിശ്വസിക്കുന്നു വെങ്കിൽ (അവകാശപ്പെടുന്നുവെങ്കിൽ) ആ ദൈവികസ്വഭാവത്തെ പ്രവൃത്തിയിലൂടെ പ്രതിഫലിപ്പിക്കാത്തത് എന്തെന്നും അങ്ങനെയുള്ള വിശ്വാസംകൊണ്ട് എന്ത് പ്രയോജനമാണ് ഒരാൾക്ക് ലഭിക്കുന്നതെന്നു മാണ് യാക്കോബ് ചോദിക്കുന്നത്.

സാങ്കല്പിക കഥകളിൽ ഉള്ള് തേങ്ങുകയും കണ്ണ് നിറയുകയും അതിലെ പ്രമേയത്തോട് വേഗത്തിൽ ഏകീഭവിക്കുകയും ചെയ്യുന്ന മനുഷ്യൻ, യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുമ്പോൾ ഒരു തേങ്ങലു മില്ല; കരച്ചിലുമില്ല; എല്ലാം അറിഞ്ഞിട്ടും ഒന്നും അറിയാത്തവനെ പോലെ തിരിഞ്ഞ് നടക്കുന്നു.

അതുകൊണ്ട്, "വിശ്വാസവും പ്രവൃത്തികളില്ലാത്തതായാൽ

**സ്വതവേ നിർജ്ജീവമാകുന്നു**"; അത് ഉപകാരമില്ലാത്തതും ന്യായ വിധിയിൽനിന്നും മനുഷ്യനെ രക്ഷിക്കാത്തതുമാകുന്നു എന്ന് യാക്കോബ് പറയുന്നു; ഇക്കാര്യം തേജസ്സിന്റെ സിംഹാസനത്തോടുള്ള ബന്ധത്തിൽ കർത്താവ് പറഞ്ഞിട്ടുണ്ട്; അവിടെ, ഇടയൻ ചെമ്മരിയാ ടുകളെയും കോലാടുകളെയും വേർതിരിച്ച് നിറുത്തുന്നതുപോലെ, പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ കർത്താവ് ജാതികളെ വലത്തും ഇടത്തുമായി വേർതിരിച്ച് നിറുത്തും; എന്നിട്ട് വലത്തുള്ളവരോട്: എനിക്ക് വിശന്നു, ദാഹിച്ചു, നഗ്നനായിരുന്നു, രോഗിയായിരുന്നു, തട വിലായിരുന്നു... എന്റെ ഈ ഏറ്റവും ചെറിയ സഹോദരന്മാരിൽ ഒരു ത്തന് നിങ്ങൾ ചെയ്തേടത്തോളം എല്ലാം എനിക്കും ചെയ്തു. എന്നാൽ ഇടത്തുള്ളവരോട്: ഈ ചെറിയവരിൽ ഒരുത്തന് നിങ്ങൾ ചെയ്യാത്തിടത്തോളമെല്ലാം എനിക്കാകുന്നു ചെയ്യാത്തത് എന്ന് പറ ഞ്ഞതായി കാണുന്നു മത്തായി (25:35-46).

അതുകൊണ്ട്, ഒരാൾക്ക് യഥാർത്ഥവിശ്വാസത്തിന്റെ അടയാളമായ നല്ല പ്രവർത്തികളുള്ള ഒരു ജീവിതം ഇല്ലെങ്കിൽ അയാളുടെ വിശ്വാസം വ്യാജവും നിർജ്ജീവവുമാണ്; അത് ഉപകാരമില്ലാത്തതും, ന്യായവിധിയിൽ നിന്ന് രക്ഷിക്കാൻ കഴിയാത്തതുമാണെന്ന് നിസ്തർക്കം തെളിയുന്നു.

## III. വ്യാജവിശ്വാസം നിഷ്ഫലമാണ് (18-20)

വ്യാജവിശ്വാസം തെളിവില്ലാത്തതും തെളിയിക്കാൻ പറ്റാത്തതു മാണ്. അതുകൊണ്ടാണ് "**നിന്റെ വിശ്വാസം പ്രവൃത്തികൾ കൂടാതെ കാണിച്ച് തരിക; ഞാനും എന്റെ വിശ്വാസം പ്രവൃത്തികളാൽ കാണിച്ചുതരാം**" എന്ന് യാക്കോബ് പറയുന്നത്. കാരണം, പ്രവൃ ത്തികൂടാതെ വിശ്വാസത്തെ തെളിയിക്കാൻ ആർക്കും കഴിയുകയില്ല; എന്തെന്നാൽ വിശ്വാസം അദൃശ്യമാണ്. അദൃശ്യമായതിന്റെ അസ്തിത്വം അതിന്റെ പ്രവൃത്തിയിലൂടെയാണ് തെളിയിക്കുന്നത്; ബൾബിനെ പ്രകാശി പ്പിക്കുന്ന പ്രവൃത്തിയിലൂടെയാണ് അദൃശ്യമായ കറന്റിന്റെ അസ്തിത്വം തെളിയിക്കുന്നത്; വസ്തുക്കളെ ചലിപ്പിക്കുന്ന പ്രവൃത്തിയിലൂടെയാണ് അദൃശ്യമായ കാറ്റിന്റെ അസ്തിത്വം തെളിയിക്കുന്നത്; ഹൃദയത്തെ ചലിപ്പിക്കുന്ന പ്രവൃത്തിയിലൂടെയാണ് ശരീരത്തിൽ അദൃശ്യമായ ജീവന്റെ അസ്തിത്വം തെളിയിക്കുന്നത്; അതുപോലെ വിശ്വാസവും അദൃശ്യമാണ്; വിശ്വാസത്തെ തെളിയിക്കുന്ന പ്രവർത്തികളിലൂടെയാണ് അദൃശ്യമായ വിശ്വാസത്തിന്റെ അസ്തിത്വം തെളിയിക്കപ്പെടേണ്ടത്. കാരണം,

വിശ്വാസം പ്രവർത്തിയിലൂടെ മാത്രമേ തെളിയിക്കുവാൻ കഴിയുകയുള്ളൂ.

ഏതുതരം വിശ്വാസമാണ് ഒരാൾക്കുള്ളതെന്ന് അറിയണമെങ്കിൽ അയാൾ ഏതുതരം പ്രവൃത്തികൾ ചെയ്യുന്നുവെന്ന് നോക്കിയാൽ മതി; ഏതുതരം ഫലമാണ് ലഭിക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിൽ വൃക്ഷം ഏതെന്നും ഉറപ്പാക്കാം.

യാക്കോബ് 1:18 ൽ പറയുന്നതുപോലെ, സത്യത്തിന്റെ വചനത്താൽ വീണ്ടും ജനിച്ചുവെങ്കിൽ; 1:21 ൽ പറയുന്നതുപോലെ, ഉൾനട്ടത് ദൈവ വചനമാകുന്നുവെങ്കിൽ അതിന് അനുസൃതമായ ഫലം ലഭിക്കും; കാരണം, "ഫലങ്ങളാൽ നിങ്ങൾ അവരെ തിരിച്ചറിയും..." (മത്തായി 7:16,18 c.f. 13:18-23) എന്നാണ് കർത്താവ് പറഞ്ഞത്.

വിശ്വാസത്തെ തെളിയിക്കുന്ന പ്രവൃത്തിയില്ലാതെ, "**ദൈവം ഏകൻ എന്ന് നീ വിശ്വസിക്കുന്നുവോ; കൊള്ളാം; പിശാചുകളും അങ്ങനെ വിശ്വസിക്കയും വിറക്കയും ചെയ്യുന്നു**" എന്നാണ് യാക്കോബ് പറയുന്നത് (v. 19); യേശു ദൈവപുത്രനെന്ന് നീ വിശ്വസിക്കുന്നുവോ? - ഭൂതങ്ങൾ (പിശാചുകൾ) അങ്ങനെ വിശ്വസിക്കയും കർത്താവിന്റെ മുഖത്തു നോക്കി അങ്ങനെ നിലവിളിക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് യാക്കോബ് പറയുന്നത് (മത്തായി 8:29); നീതി കെട്ടവർക്ക് ന്യായവിധി ഉണ്ടാകുമെന്ന് നീ വിശ്വസിക്കുന്നുവോ? - ഭൂതങ്ങൾ (പിശാചുക്കൾ) അങ്ങനെ വിശ്വസിക്കയും സമയത്തിന് മുമ്പേ തങ്ങളെ അങ്ങോട്ടയച്ച് ദണ്ഡിപ്പിക്കരുതേ എന്നാണ് അവർ ഇപ്പോൾ പ്രാർത്ഥിക്കുന്നത് എന്നാണ് യാക്കോബിന്റെ മറുപടി (c.f. മർക്കൊസ് 1:24).

ഇതിൽനിന്നും മനസ്സിലാകുന്നത്, പിശാചിന് വിശ്വാസം ഉണ്ട് എന്നാൽ വീണ്ടും ജനനം ഇല്ല; ദൈവഭയമുണ്ട് എന്നാൽ ദൈവഭക്തിയില്ല; അറിവുണ്ട് എന്നാൽ അനുസരണമില്ല; മനസ്താപമുണ്ട് എന്നാൽ മാനസാന്തരമില്ല; അതുകൊണ്ട്, "**പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിപ്പാൻ നിനക്ക് മനസ്സുണ്ടോ?**" (v. 20) - ഇനിയെങ്കിലും നീ അതിന് തയ്യാറാണോ എന്നാണ് യാക്കോബ് ചോദിക്കുന്നത്. കാരണം പ്രവൃത്തിയില്ലാത്ത വിശ്വാസം നിഷ്ക്രിയമാണ്, നിർജ്ജീവമാണ്, നിഷ്ഫലമാണ്; അത് തെളിവില്ലാത്തതും ഉപകാരമില്ലാത്തതും ന്യായവിധിയിൽനിന്നും വിടുവിക്കാത്തതുമാണ്.

ഫലമില്ലാത്ത അവസ്ഥയും അതിന്റെ അവസാനവും അതിദാരുണമാകുമെന്ന് കർത്താവുതന്നെ പറഞ്ഞിട്ടുണ്ട്. അക്കാര്യമാണ് മത്തായി 13:24-30 ൽ കോതമ്പിന്റെ ഇടയിലെ "കള പറിച്ചുകൂട്ടി ചുട്ടുകളയേണ്ടതിന് കെട്ടുവാൻ... കല്പിക്കും" എന്നും, യോഹന്നാൻ 15:2,6 ൽ, "എന്നാൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കി കളയുന്നു"; "എന്നിൽ വസിക്കാത്തവനെ ഒരു കൊമ്പുപോലെ പുറത്ത് കളഞ്ഞിട്ട് അവൻ ഉണങ്ങിപോകുന്നു; ആ വക ചേർത്ത് തീയിൽ ഇടുന്നു" എന്നും പറഞ്ഞതിലൂടെ തെളിയുന്നത് (c.f. മത്തായി 3:10; ലൂക്കൊസ് 13:6-9).

വ്യാജവിശ്വാസത്തിന്റെ മൂന്ന് അടയാളങ്ങളാണ് 2:14-20 വാക്യങ്ങളിലൂടെ ലേഖകൻ വിശദീകരിച്ചത്; വ്യാജവിശ്വാസം നിഷ്ക്രിയമാണ്, നിർജ്ജീവമാണ്, നിഷ്ഫലമാണ്; അതിലൂടെ ഒരു മനുഷ്യനും തന്റെ വിശ്വാസത്തെ തെളിയിക്കുവാനോ രക്ഷപ്രാപിക്കുവാനോ കഴിയുകയല്ലെന്ന് സ്ഥാപിച്ചശേഷം 21-26 വാക്യങ്ങളിൽ നിർവ്യാജവിശ്വാസത്തിന്റെ മൂന്ന് സവിശേഷതകളാണ് യിസ്രായേൽ ചരിത്രത്തിലെ രണ്ട് ശ്രേഷ്ഠ വ്യക്തികളോടുള്ള ബന്ധത്തിൽ യാക്കോബ് പരാമർശിക്കുന്നത്.

1. അബ്രാഹാം (2:21-24)

**"നമ്മുടെ പിതാവായ അബ്രാഹാം തന്റെ മകനായ യിസഹാക്കിനെ യാഗപീഠത്തിന്മേൽ അർപ്പിച്ചിട്ടു പ്രവൃത്തിയാൽ അല്ലയോ നീതീകരിക്കപ്പെട്ടത്? അവന്റെ പ്രവൃത്തിയോടുകൂടെ വിശ്വാസം വ്യാപരിച്ചു എന്നും പ്രവൃത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും നീ കാണുന്നുവല്ലോ. അബ്രാഹാം ദൈവത്തെ വിശ്വസിക്കയും അത് അവനു നീതിയായി കണക്കിടുകയും ചെയ്ത് എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു. അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവൃത്തികളാൽ തന്നെ നീതീകരിക്കപ്പെടുന്നു" എന്നു നിങ്ങൾ കാണുന്നു."**

അബ്രാഹാമിനോടുള്ള ബന്ധത്തിൽ പ്രധാനമായും രണ്ട് കാര്യങ്ങളാണ് ലേഖകൻ പ്രാരംഭമായി അനുവാചകരുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നത്.

ഒന്നാമതായി; അബ്രാഹാമിന്റെ പൈതൃകം: "നമ്മുടെ പിതാവായ അബ്രാഹാം..." കർത്താവിന്റെ സഹോദരനും ദാസനുമായ

യാക്കോബ് ചിതറിപാർക്കുന്ന 12 ഗോത്രങ്ങളിൽനിന്നും നീതീകരണത്തിനായി കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കാണ് എഴുതുന്നത്. അതുകൊണ്ട് വംശാവലി പ്രകാരം/ജഡപ്രകാരം നോക്കുമ്പോൾ അബ്രഹാം **"നമ്മുടെ"** (യഹൂദന്മാരുടെ) പിതാവാണ്; എന്നാൽ ആത്മികമായും അബ്രാഹാം **"നമ്മുടെ"** - (നീതീകരണത്തിനായി ദൈവത്തിൽ വിശ്വസിക്കുന്ന ഏവരുടെയും) പിതാവാണ്. കാരണം, അബ്രാഹാം വിശ്വാസികൾക്ക് പിതാവാണെന്ന് ഗലാത്യർ 3:7,9 ൽ പൗലൊസ് പറയുന്നു.

രണ്ടാമതായി, അബ്രാഹാമിന്റെ പ്രവർത്തി: **"അബ്രാഹാം പ്രവർത്തിയാൽ അല്ലയോ നീതികരിക്കപ്പെട്ടത്"** എന്ന് യാക്കോബ് ഇവിടെ അനുവാചകരെ ഓർപ്പിക്കുന്നു. ദൈവികനീതീകരണത്തിന് ഇടയാക്കിയ അബ്രാഹാമിന്റെ വിശ്വാസത്തിന്റെ മൂന്ന് സവിശേഷതകളാണ് തുടർന്നുള്ള 22-23 വാക്യങ്ങളിലൂടെ യാക്കോബ് അനുവാചകരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

## A. അബ്രാഹാമിന്റെ വിശ്വാസം പ്രവർത്തിയോടുകൂടെ വ്യാപരിച്ചു:

**"അവന്റെ പ്രവർത്തിയോടുകൂടെ വിശ്വാസം വ്യാപരിച്ചു..."** (v. 22). അബ്രാഹാം വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചു; അബ്രാഹാമിന്റെ വിശ്വാസം യിസഹാക്കിനെ യാഗം കഴിച്ച പ്രവർത്തിയോടുകൂടെ വ്യാപരിക്കുകയും പ്രവർത്തിക്കുകയും പ്രതിഫലിക്കുകയും ചെയ്തു; കാരണം, യഥാർത്ഥവിശ്വാസത്തെ പ്രവർത്തി കൂടാതെ വെളിപ്പെടുത്തുവാൻ കഴിയുന്നതല്ല.

## B. അബ്രാഹാമിന്റെ വിശ്വാസം പ്രവർത്തിയാൽ പൂർണ്ണമായി

**"പ്രവർത്തിയാൽ വിശ്വാസം പൂർണ്ണമായി..."** (v. 22). അബ്രാഹാം പ്രവൃത്തിയാൽ തന്റെ വിശ്വാസം യഥാർത്ഥമെന്ന് തെളിയിച്ചു; അബ്രാഹാമിന് ദൈവത്തിലുള്ള വിശ്വാസത്തെ ആധികാരികമായി തെളിയിച്ചത് അബ്രാഹാമിന്റെ പ്രവർത്തിയാണ്. ഒരു സസ്യം ഫലം കായ്ക്കുമ്പോൾ അതിന്റെ ലക്ഷ്യത്തിലെത്തുകയും പൂർണ്ണത കൈവരിക്കുകയും ചെയ്യുന്നതുപോലെ യഥാർത്ഥവിശ്വാസം പ്രവർത്തിയാൽ പൂർണ്ണമാക്കപ്പെടുകയും പൂർണ്ണതയിൽ എത്തിചേരുകയും പൂർണ്ണലക്ഷ്യം സാധിക്കുകയും ചെയ്യുന്നു.

## C. അബ്രാഹാമിന്റെ വിശ്വാസം പ്രവർത്തിയാൽ തിരുവെഴുത്തിന് നിവൃത്തിയായി

**"അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു; അത് അവന് നീതിയായി കണക്കിട്ടു"** എന്ന തിരുവെഴുത്തിന്റെ പ്രഖ്യാപനത്തിന് അബ്രഹാമിന്റെ പ്രവർത്തിയിലൂടെയാണ് പൂർണ്ണമായ നിറവേറൽ ഉണ്ടായത് (c.f. യോഹ. 17:16; റോമർ 8:29).

എന്നാൽ അതോടനുബന്ധിച്ചു തന്നെ **"അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു"** വെന്നും യാക്കോബ് പറയുന്നു. അബ്രാഹാം ദൈവത്തിന്റെ സ്നേഹിതൻ എന്ന് അറിയപ്പെടുവാൻ (യെശ. 41:8; 2 ദിന. 20:7) പ്രധാനമായും രണ്ട് കാരണങ്ങളാണ് തിരുവെഴുത്തിൽ കാണുന്നത്.

ആദ്യത്തേത് ഉല്പത്തി 18:17 അടിസ്ഥാനമാക്കിയുള്ളതാകുന്നു. ദൈവത്തെ വിശ്വസിച്ചനുസരിച്ച് പുറപ്പെട്ട അബ്രാഹാമുമായി ദൈവം ഒരു വാഗ്ദത്ത ഉടമ്പടി ഉണ്ടാക്കുകയും അത് പലപ്രാവശ്യം ദൈവം അബ്രാഹാമിന് നേരിട്ട് ഉറപ്പാക്കുകയും ചെയ്തു (ഉല്പത്തി 12:1; 13:14; 15:1; 17:1; 18:1). അങ്ങനെ ഈ സമയത്തിനകംതന്നെ (ഉല്പത്തി 18:17) ദൈവം അബ്രാഹാമുമായി സൗഹൃദത്തിലാവുകയും അതു നിമിത്തം അബ്രാഹാമിനെ അറിയിക്കാതെ അബ്രഹാമിന്റെ സഹോദരൻ പാർക്കുന്ന സോദോമിന്റെ കാര്യത്തിൽ ഒന്നും ചെയ്യുവാൻ ദൈവത്തിന് കഴിയാത്ത ഒരു അവസ്ഥയുണ്ടായി (c.f. യോഹ. 15:15); അതായിരിക്കാം അബ്രാഹാമിന് ഈ പേര് ലഭിച്ചതിന് അടിസ്ഥാനം.

എന്നാൽ അതുപോലെതന്നെ, രണ്ടാമതായി, എബ്രായ ബൈബിളിന്റെ ഗ്രീക്ക് തർജ്ജമയിൽ (LXX) ഉല്പത്തി 22:16 ന് "നിന്റെ ഏകജാതനായ മകനെ എന്റെ പേർക്കായി തരുവാൻ മടിക്കായ്കകൊണ്ട്" എന്ന ആശയമാണുള്ളത്. ഇതും സ്നേഹിതനുമായി ബന്ധപ്പെട്ടുള്ളതാണ് (c.f. യോഹ. 15:13,14). ഒരുപക്ഷേ ഈ സംഭവം ഓർത്തിട്ടാകാം, ഈ പശ്ചാത്തലത്തിൽ, **"അബ്രാഹാം ദൈവത്തെ വിശ്വസിക്കുകയും അത് അവന് നീതിയായി കണക്കിടുകയും ചെയ്തു"** എന്ന വചനത്തോട് ചേർന്ന് **അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു** എന്നും കൂടെ യാക്കോബ് പറയുന്നത്.

മേൽ പ്രസ്താവിച്ച കാര്യങ്ങളുടെയെല്ലാം സാരാംശവും അന്തസ ത്തയുമാണ് **''അങ്ങനെ മനുഷ്യൻ വെറും വിശ്വാസത്താലല്ല പ്രവർത്തികളാൽ തന്നെ നീതീകരിക്കപ്പെടുന്നു''** (v. 24) എന്ന പ്രസ്താവനയിൽ കാണുന്നത്. അബ്രഹാമിന്റെ നീതീകരണത്തിന് ഇട യാക്കിയ വിശ്വാസത്തിന്റെ സവിശേഷതകളായി യാക്കോബ് ഇവിടെ പറയുന്ന കാര്യങ്ങളും അതോടനുബന്ധിച്ചുള്ള പ്രസ്താവനയും അപ്പൊ സ്തലനായ പൗലൊസിന്റെ ഉപദേശത്തിൽനിന്നും തികച്ചും വ്യത്യ സ്തമായിട്ടാണ് ഉപരിതലത്തിൽ കാണപ്പെടുന്നത്. കാരണം, അബ്ര ഹാമിന്റെ നീതീകരണത്തെക്കുറിച്ച് റോമർ 4:2-10 വാക്യങ്ങളിൽ, അബ്രാഹാം പ്രവർത്തിയാലല്ല വിശ്വാസത്താലത്രേ നീതീകരിക്കപ്പെ ട്ടത് എന്നാണ് പൗലൊസ് സമർത്ഥിക്കുന്നത് മാത്രമല്ല, ഗലാത്യർ 3:6 ൽ "അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു അത് അവനു നീതിയായി കണക്കിട്ടു" എന്നാണ് താൻ എഴുതിയിരിക്കുന്നത്; അതുപോലെ തന്നെ, എഫെസ്യർ 2:8 ൽ, "കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത് ...ആരും പ്രശംസിക്കാതിരിപ്പാൻ പ്രവർത്തി കളും കാരണമല്ലാ"യെന്നും; തീത്തൊസ് 3:4,5 ൽ, "...നമ്മുടെ രക്ഷി താവായ ദൈവത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തന്റെ കരുണപ്രകാര മത്രേ രക്ഷിച്ചത്" എന്നും പൗലൊസ് പറയുന്നു.

നീതീകരണത്തോടുള്ള ബന്ധത്തിൽ പൗലൊസിന്റെ ഉപദേശത്തിൽ നിന്നും വ്യത്യസ്തമായ പ്രസ്താവനകളാണ് യാക്കോബിന്റെ ലേഖന ത്തിന്റെ ഉപരിതലത്തിൽ കാണപ്പെടുന്നത്. എന്താണ് ഇതിന് കാരണം? എങ്ങനെ ഇത് പരിഹരിക്കാം? ഈ നിലയിലുള്ള സംശയമുള്ളവർ നിർബന്ധമായും മനസ്സിലാക്കേണ്ടതായ ചില കാര്യങ്ങൾ ഉണ്ട്.

ഒന്നാമതായി, പരിശുദ്ധാത്മാവ് വൈരുദ്ധ്യമായ ഉപദേശം തരികയി ല്ലായെന്നതുകൊണ്ട്, പൗലൊസിന്റെയും യാക്കോബിന്റെയും വാക്കു കൾ കൂട്ടികുഴക്കരുത്.

രണ്ടാമതായി മനസ്സിലാക്കേണ്ടകാര്യം, ഇരുവരുടെയും പ്രതിപാ ദ്യവിഷയങ്ങൾ എന്തെല്ലാമാണെന്ന് ആദ്യം അറിയുകയും അതോടുള്ള ബന്ധത്തിൽ തിരുവെഴുത്തിലെ ഇതര ഭാഗങ്ങൾ എന്താണ് പറയുന്ന തെന്ന് പരിശോധിക്കുകയും വേണം; എങ്കിൽ മാത്രമേ നീതീകരണ ത്തിന്റെ ഉപദേശം സംബന്ധിച്ച് ശരിയായ ഉപദേശം അനുവാചകർക്ക് ലഭിക്കുകയുള്ളൂ.

അപ്പൊസ്തലപ്രവർത്തി 15 ൽ രേഖപ്പെടുത്തിയിരിക്കുന്ന, യെരൂശേലേം കൗൺസിൽ എന്നറിയപ്പെടുന്ന യോഗത്തിൽ വെച്ച്, പ്രവർത്തി കൂടാതെ വിശ്വാസത്താലുള്ള നീതികരണത്തെ ന്യായീകരിച്ച് പത്രൊസും പൗലൊസും സംസാരിച്ചപ്പോൾ അതിന് അനുകൂലമായ നിലപാട് സ്വീകരിക്കുകയും ആ ഉപദേശത്തെ തിരുവെഴുത്തുകളാൽ തെളിയിക്കുകയും ചെയ്ത വ്യക്തിയാണ് യാക്കോബ് (അ.പ്ര. 15:6–20). അതുകൊണ്ട്, അവരുടെ ലേഖനങ്ങളിൽ ഈ വിഷയം സംബന്ധമായി വൈരുദ്ധ്യം വരുവാൻ സാധ്യതയില്ലായെന്ന് മാത്രമല്ല, അവർ തമ്മിലും ഈ വിഷയത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുവാൻ യാതൊരു സാധ്യതയുമില്ല. എങ്കിലും ഇരുവരുടെയും ലേഖനങ്ങളിൽ നീതീകരണത്തിന്റെ മുഖാന്തരം സംബന്ധിച്ച് ഉപരിതലത്തിൽ എന്തുകൊണ്ട് വൈരുദ്ധ്യം കാണപ്പെടുന്നുവെന്ന് അറിയണമെങ്കിൽ ഈ വിഷയം സംബന്ധിച്ചുള്ള പ്രസ്തുത വേദഭാഗങ്ങൾ സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

പ്രധാനമായും നാല് കാരണങ്ങളാണ് ഉപരിതലത്തിൽ കാണപ്പെടുന്ന വ്യത്യാസത്തിന് നിധാനമായിരിക്കുന്നത്.

1. വ്യത്യസ്ത ആവശ്യം

പൗലൊസിന്റെയും യാക്കോബിന്റെയും അനുവാചകർ വ്യത്യസ്തരും വ്യത്യസ്ത പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നവരുമായിരുന്നതുകൊണ്ട് വ്യത്യസ്ത ആവശ്യങ്ങൾ നിറവേറ്റുന്നതിനാണ് അവർ ഇരുവരും എഴുതിയിട്ടുള്ളത്.

ക്രിസ്തുയേശുവിലെ വിശ്വാസവും ന്യായപ്രമാണത്തിന്റെ പ്രവർത്തികളുമാണ് ദൈവികനീതീകരണത്തിനുള്ള മുഖാന്തരമെന്നു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന യഹൂദ മതാനുസാരികളുടെ ദുരുപദേശത്തെ ഖണ്ഡിക്കുവാനാണ് പൗലൊസ് എഴുതുന്നത് (റോമർ, ഗലാത്യർ); എന്നാൽ കർത്താവായ യേശുവിൽ വിശ്വാസം ഉണ്ടെന്ന് വെറുതെ അവകാശപ്പെടുകയും, കർത്താവിലുള്ള വിശ്വാസത്തിനനുസൃതമായ ജീവിതം ഇല്ലാതിരിക്കുകയും ചെയ്യുന്നവരുടെ വിശ്വാസത്തിന്റെ നിജസ്ഥിതി പരിശോധനയ്ക്ക് വിധേയമാക്കുവാനാണ് യാക്കോബ് എഴുതുന്നത്.

അതുപോലെ തന്നെ രക്ഷയ്ക്കായി, കർത്താവിലുള്ള വിശ്വാസത്തോട് ന്യായപ്രമാണത്തിന്റെ പ്രവർത്തികളും ചേർക്കണമെന്ന് വാദിക്കുന്നവർക്കാണ് പൗലൊസ് എഴുതുന്നത്. അവർക്ക് രക്ഷയുടെ സമവാക്യം: വിശ്വാസം + ന്യായപ്രമാണപ്രകാരമുള്ള പ്രവൃത്തികൾ = ആത്മരക്ഷ എന്നാണ്.

എന്നാൽ വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുക്രിസ്തുവിനോട് യാതൊരു പ്രതിബദ്ധതയുമില്ലാതെ വെറും വിശ്വാസത്താൽ ആത്മരക്ഷ വേണമെന്ന് വാദിക്കുന്നവർക്കാണ് യാക്കോബ് എഴുതുന്നത്; അവർക്ക് രക്ഷയുടെ സമവാക്യം: വെറും അറിവ് = ആത്മരക്ഷ എന്നാണ്.

### 2. വ്യത്യസ്ത അർത്ഥം

**"നീതീകരിക്കപ്പെട്ടു"** എന്ന വാക്കുകൊണ്ട് പൗലൊസും യാക്കോബും വ്യത്യസ്ത അർത്ഥമാണ് ഉദ്ദേശിക്കുന്നത്. പൗലൊസ് നീതീകരണത്തിന്റെ പ്രഖ്യാപനത്തെയും യാക്കോബ് നീതീകരണത്തിന്റെ ഫലമായ പ്രവർത്തിയെയുമാണ് ഉദ്ദേശിക്കുന്നത്. റോമർ 4:3 ൽ, ദൈവിക വാഗ്ദത്തങ്ങളിലുള്ള അബ്രഹാമിന്റെ വിശ്വാസമടിസ്ഥാനമാക്കിയുള്ള നീതീകരണത്തിന്റെ പ്രഖ്യാപനമാണ് പൗലൊസിന്റെ പ്രതിപാദ്യ വിഷയം; എന്നാൽ ദൈവിക നീതീകരണത്തിന് അടിസ്ഥാനമായ അബ്രഹാമിന്റെ വിശ്വാസം, യഥാർത്ഥ വിശ്വാസമാണെന്ന് തെളിയിക്കുന്ന പ്രവർത്തിക്ക് ലഭിച്ച അംഗീകാരത്തെയാണ് നീതീകരണമായി യാക്കോബ് പറയുന്നത്.

അതുപോലെ, റോമർ 4:2,3 ൽ, ദൈവമുമ്പാകെയുള്ള നീതീകരണമാണ് പൗലൊസ് വിഷയമാക്കുന്നത്; അത് ദൈവം മാത്രം അറിഞ്ഞതാണ്. എന്നാൽ യാക്കോബ് 2:21 ൽ മനുഷ്യന് മുമ്പാകെയുള്ള നീതീകരണമാണ് യാക്കോബ് വിഷയമാക്കുന്നത്; അത് മനുഷ്യർക്ക് വെളിപ്പെട്ടതാണ്.

### 3. വ്യത്യസ്ത സംഭവങ്ങൾ

നീതീകരണത്തോടുള്ള ബന്ധത്തിൽ വ്യത്യസ്ത സംഭവങ്ങളാണ് പൗലൊസും യാക്കോബും പരാമർശിക്കുന്നത്. ഉല്പത്തി 15:4-6 വേദഭാഗത്ത്, അസാധ്യമെന്ന് തനിക്കു തോന്നിയ സന്ദർഭത്തിൽ ദൈവം

തനിക്ക് സന്തതിയെ കൊടുക്കുകയും ആ സന്തതിയെ ഭൂമിയിൽ പെരുപ്പി ക്കുകയും ചെയ്യും എന്ന ദൈവിക വാഗ്ദത്തമായിരുന്നു അബ്രഹാമിന്റെ വിശ്വാസത്തിന്റെ പ്രമേയം. അക്കാര്യമാണ്, റോമർ 4:17-22 വരെയുള്ള വേദഭാഗത്ത്, തന്റെ ശരീരം നിർജ്ജീവമായി പോയിട്ടും സാറായുടെ ഗർഭപാത്രത്തിന്റെ നിർജ്ജീവത്വം ഗ്രഹിച്ചിട്ടും ദൈവ ത്തിന്റെ വാഗ്ദത്തപ്രകാരം അബ്രഹാമിന് പ്രായാധിക്യത്തിൽ സന്തതി ഉണ്ടാകുമെന്നും, അവന്റെ സന്തതി എണ്ണത്തിൽ ആകാശത്തിലെ നക്ഷത്ര ങ്ങൾപോലെ ആകുമെന്നും അവൻ വിശ്വസിച്ചു എന്ന് പറയുന്നത്. ഈ വിശ്വാസത്തെയാണ് ദൈവം നീതിയായി കണക്കിട്ടത്.

എന്നാൽ ഉല്പത്തി 22:1-2 ൽ, 30-40 വർഷങ്ങൾക്ക് ശേഷം തന്റെ ഏകജാതനായ യിസഹാക്കിനെ മോറിയ ദേശത്ത് ഹോമയാഗം കഴി ക്കാൻ കൊണ്ടുപോയതുമായി ബന്ധപ്പെട്ട സംഭവമാണ് യാക്കോബ് പരാമർശിക്കുന്നത്. അക്കാര്യമാണ് എബ്രാ. 11:17-19 വാക്യങ്ങളിൽ, യിസഹാക്കിൽനിന്ന് ജനിക്കുന്നവൻ നിന്റെ സന്തതി ആകുമെന്നും വാഗ്ദത്തങ്ങളെ കൈകൊണ്ടവൻ തന്റെ ഏകജാതനെ അർപ്പിച്ചു വെന്നും മരിച്ചവരുടെ ഇടയിൽനിന്ന് യിസഹാക്കിനെ ഉയർപ്പിപ്പാനും അവനിലൂടെ വാഗ്ദത്തങ്ങളെ നിവർത്തിപ്പാനും ദൈവം ശക്തൻ എന്ന് എണ്ണി അവനിൽ വിശ്വസിച്ച് തന്റെ ഏകജാതനായ യിസഹാക്കിനെ യാഗം അർപ്പിച്ചുവെന്നും പറയുന്നത്. ഇതോടുള്ള ബന്ധത്തിലാണ് "അബ്രഹാം പ്രവർത്തിയാൽ നീതികരിക്കപ്പെട്ടു" എന്ന് യാക്കോബ് പറയുന്നത്.

### 4. വ്യത്യസ്ത വശങ്ങൾ

പൗലൊസും യാക്കോബും നീതീകരണത്തിന്റെ വ്യത്യസ്തവശ ങ്ങളാണ് പ്രതിപാദിക്കുന്നത്.

യേശുക്രിസ്തുവിന്റെ പ്രായശ്ചിത്ത യാഗം മുഖാന്തരം തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിക്കുന്ന ദൈവികനീതീകരണത്തിന്റെ, വിശ്വാസ മടിസ്ഥാനമാക്കിയുള്ള പ്രാഥമിക പ്രഖ്യാപനമാണ് പൗലൊസ് നട ത്തുന്നത് (റോമർ 3:22).

എന്നാൽ ദൈവികനീതീകരണത്തിന്റെ പ്രവർത്തി അടിസ്ഥാന മാക്കിയുള്ള ആത്യന്തിക പ്രഖ്യാപനമാണ് യാക്കോബിന്റെ വിഷയം; സ്ഥാനീയവിശ്വാസത്തിന്റെ നീതീകരണമാണ് (സ്ഥാനീയ നീതീകരണം) പൗലൊസിന്റെ വിഷയം (c.f. റോമർ 8:30); എന്നാൽ സ്ഥിരീകരിക്കപ്പെട്ട

വിശ്വാസത്തിന്റെ നീതീകരണമാണ് യാക്കോബ് വിഷയമാക്കുന്നത്; ദൈവത്തിലുള്ള വിശ്വാസത്തിന്റെ വിത്തുപാകലിനെ നീതീകരണമായി പൗലൊസ് പറയുമ്പോൾ, ദൈവത്തിലുള്ള വിശ്വാസത്തിന്റെ വിളവിനെയാണ് നീതീകരണമായി യാക്കോബ് പറയുന്നത്; ദൈവത്തിലുള്ള വിശ്വാസത്തിന്റെ ആരംഭത്തെ നീതീകരണമായി പൗലൊസ് പറയുമ്പോൾ, ദൈവത്തിലുള്ള വിശ്വാസത്തിന്റെ അംഗീകാരത്തിനാണ് നീതീകരണമായി യാക്കോബ് പറയുന്നത്; വിശ്വാസം മാത്രമാണ് മനുഷ്യനെ ദൈവമുമ്പാകെ നീതീകരിക്കുന്നതെന്ന് പൗലൊസ് പറയുമ്പോൾ, ദൈവം നീതീകരിക്കുന്ന വിശ്വാസം പ്രവർത്തിയിലൂടെ വെളിപ്പെടുന്ന വിശ്വാസമാണെന്ന് യാക്കോബ് പറയുന്നു; നീതീകരിക്കപ്പെടുവാൻ എന്തു ചെയ്യണമെന്ന് പൗലൊസ് പറയുമ്പോൾ, നീതീകരിക്കപ്പെട്ടവർ എന്തു ചെയ്യുന്നുവെന്നാണ് യാക്കോബ് പറയുന്നത്; നീതീകരിക്കപ്പെടുവാൻ സൽപ്രവർത്തികൾ ആവശ്യമില്ലായെന്ന് പൗലൊസ് പറയുമ്പോൾ, നീതീകരിക്കപ്പെട്ടാൽ അത് സൽപ്രവർത്തികളിലൂടെ വെളപ്പെടുമെന്നാണ് യാക്കോബ് പറയുന്നത്. മാത്രമല്ല, അബ്രഹാമിന്റെ വിശ്വാസം പ്രവർത്തിയോടുകൂടെ വ്യാപരിച്ചു എന്നും, പ്രവർത്തിയാൽ വിശ്വാസം പൂർണ്ണമായി എന്നും, പ്രവർത്തിയാൽ തിരുവെഴുത്ത് നിവൃത്തിയായി എന്നും അങ്ങനെ അബ്രഹാമിന് ദൈവത്തിന്റെ സ്നേഹിതൻ എന്ന പേർ പ്രാപിച്ചു എന്നും യാക്കോബ് പറയുന്നു. ദൈവത്തിലുള്ള വിശ്വാസം അനുസരണത്തിലൂടെ വെളിപ്പെടുത്തുന്നവരെല്ലാം ദൈവത്തിന്റെ സ്നേഹിതർ ആകുന്നു; അതുകൊണ്ടാണ് യോഹന്നാൻ 15:14 ൽ, "ഞാൻ നിങ്ങളോട് കല്പിക്കുന്നത് ചെയ്താൽ നിങ്ങൾ എന്റെ സ്നേഹിതർ ആകുന്നു" എന്ന് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞത്.

2. രാഹാബ് ( 2:25,26 )

**"അവ്വണ്ണം രാഹാബ് എന്ന വേശ്യയും ദൂതരെ കൈക്കൊൾകയും വേറൊരു വഴിയായി പറഞ്ഞയക്കയും ചെയ്തതിൽ പ്രവൃത്തികളാൽ അല്ലയോ നീതീകരിക്കപ്പെട്ടത്? ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവൃത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു."**

## A. രാഹാബിന്റെ വിശ്വാസം/ഏറ്റുപറച്ചിൽ

രാഹാബിന്റെ വിശ്വാസം, "നിങ്ങളുടെ ദൈവമായ യഹോവ തന്നെ

മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവമാകുന്നു" (യോശുവ 2:11) എന്നാണ്.

## B. രാഹാബിന്റെ പ്രവർത്തി

രാഹാബിന്റെ പ്രവർത്തി തന്റെ ജീവനെ അപകടത്തിലാക്കികൊണ്ട് അവൾ വിശ്വാസത്തിനുവേണ്ടി നിലനിന്നതിൽ കാണുന്നു; അതിലൂടെ ഇതുവരെ അവൾക്കുണ്ടായിരുന്ന വീടും - നാടും, കൂട്ടവും - കൂറും, ഭാഷയും - സംസ്കാരവും, ദൈവവും - ദേശവും എല്ലാം ത്യജിച്ച് ദൈവത്തിന്റെ ജനത്തോടുകൂടെയുള്ള ഒരു പുതിയ ജീവിതത്തിനായി അവൾ തയ്യാറായി. അതോടുള്ള ബന്ധത്തിൽ തന്റെ ദേശം ഒറ്റുനോക്കുവാൻ ചെന്ന യിസ്രായേല്യരെ ദൈവദൂതന്മാരെപോലെയാണ് അവൾ സ്വീകരിച്ചതും, സൽക്കരിച്ചതും, സംരക്ഷിച്ചതും, രാഹാബിന്റെ വിശ്വാസം പ്രവർത്തികളാൽ വെളിപ്പെട്ടതിന്റെ ഫലമായി **"രാഹാബ് ...പ്രവർത്തികളാൽ അല്ലയോ നീതീകരിക്കപ്പെട്ടത്"** എന്ന് യാക്കോബ് പറയുന്നു.

അബ്രഹാമിന് ദൈവത്തിലുള്ള വിശ്വാസവും പ്രസ്തുത വിശ്വാസത്തെ വെളിപ്പെടുത്തിയ പ്രവർത്തിയും തമ്മിലുള്ള സമയത്തിന്റെ അന്തരം രാഹാബിന്റെ വിശ്വാസത്തിലും പ്രവർത്തിയിലും പ്രത്യക്ഷമായി കാണുന്നില്ല; അതിന് പല കാരണങ്ങൾ ഉണ്ടാകാം, അല്ലെങ്കിൽ, രാഹാബിനെ പോലെ ചിലരിൽ ഇത് വേർപിരിക്കാനാകാത്തവിധം ചേർന്നിരിക്കുന്നതായിരിക്കാമെന്നാണ് ഈ വ്യത്യസ്ത ദൃഷ്ടാന്തങ്ങൾ നല്കുന്ന പാഠം.

## C. രാഹാബിന്റെ വിശ്വാസത്തിന്റെ പ്രത്യേകത

സത്യദൈവവിശ്വാസികൾ ഉള്ള ഒരു രാജ്യത്തിലല്ല അവൾ ജീവിച്ചത്; ഒരു പ്രവാചകനിൽനിന്നും ദൈവിക ഉപദേശം അവൾ കേട്ടിട്ടുമില്ല; എഴുതപ്പെട്ട ഒരു ബൈബിൾ വചനവും അവൾക്കില്ലായിരുന്നു; സ്ത്രീകൾക്ക് പ്രത്യേകമായ യാതൊരു സംരക്ഷണവും സഹതാപവും പരിഗണനയും ലഭിക്കാത്ത രാജ്യത്ത് കേവലം ഒരു സ്ത്രീയായി തന്നെ അവൾ ജീവിച്ചു; ദൈവത്തെക്കുറിച്ചുള്ള ഒരു കേട്ടറിവ് മാത്രമായിരുന്നു അവളുടെ ആകെയുള്ള ആത്മികമൂലധനം; അവൾക്ക് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ, "നിങ്ങളുടെ ദൈവമായ യഹോവ തന്നെ മീതെ സ്വർഗ്ഗത്തിലും താഴെ ഭൂമിയിലും ദൈവമാകുന്നു" (യോശുവ 2:11) എന്ന്

അവൾ ഏറ്റുപറഞ്ഞു; ചെറിയതോതിലുള്ള ആ വലിയ അറിവ് അവളിൽ വിശ്വാസമായി പരിണമിച്ചു; അപ്പോൾ തന്നെ അവളാൽ സാധ്യമായ പ്രവർത്തികളിലൂടെ അത് വെളിപ്പെടുത്തി; അതിന്റെ ഫലമായി അവൾ ദൈവത്താൽ നീതീകരിക്കപ്പെട്ടു; അന്യജാതിക്കാരിയായ ഒരു സ്ത്രീ വംശാവലിപ്രകാരം മശിഹയുടെ വലിയ വലിയമ്മയായിത്തീർന്നു (മത്തായി 1:5).

അബ്രഹാമും രാഹാബും തങ്ങളുടെ വിശ്വാസത്തിന്റെ പരിശോധനയിലാണ് യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമായ വിശ്വാസത്തിനനുസൃതമായ പ്രവർത്തികൾ വെളിപ്പെടുത്തിയത്; കാരണം, പരിശോധനയിൽ വിശ്വാസത്തിനനുസൃതമായ പ്രവർത്തി യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമാകുന്നു.

# 6

# പരിശോധനയിൽ സംഭാഷണമിതത്വം

“സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്ന് അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്. നാം എല്ലാവരും പലതിലും തെറ്റിപ്പോകുന്നു; ഒരുത്തൻ വാക്കിൽ തെറ്റാതിരുന്നാൽ അവൻ ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി സൽഗുണപൂർത്തിയുള്ള പുരുഷൻ ആകുന്നു. കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ട് അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലോ. കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ച് ഓടുന്നതായാലും അമരക്കാരൻ ഏറ്റവും ചെറിയ ചുക്കാൻകൊണ്ടു തനിക്കു ബോധിച്ച ദിക്കിലേക്കു തിരിക്കുന്നു. അങ്ങനെ തന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു. കുറഞ്ഞ തീ എത്ര വലിയ കാടു കത്തിക്കുന്നു; നാവും ഒരു തീ തന്നെ; അതു നമ്മുടെ അംഗങ്ങളുടെ കൂട്ടത്തിൽ അനീതിലോകമായി ദേഹത്തെ മുഴുവൻ മലിനമാക്കി ജീവചക്രത്തിനു തീ കൊളുത്തുകയും നരകത്താൽ അതിനു തീ പിടിക്കയും ചെയ്യുന്നു. മൃഗം, പക്ഷി, ഇഴജാതി, ജലജന്തു ഈവക എല്ലാം മനുഷ്യജാതിയോടു മരുങ്ങുന്നു, മരുങ്ങിയുമിരിക്കുന്നു. നാവിനെയോ മനുഷ്യക്കാർക്കും മരുക്കാവതല്ല; അത് അടങ്ങാത്ത ദോഷം; മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു; ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽനിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരേ, ഇങ്ങനെ

**ആയിരിക്കുന്നതു യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽനിന്നു മധുരവും കൈപ്പുമുള്ള വെള്ളം പുറപ്പെട്ടു വരുമോ? സഹോദരന്മാരേ, അത്തിവൃക്ഷം ഒലിവുപഴവും മുന്തിരിവള്ളി അത്തിപ്പഴവും കായിക്കുമോ? ഉപ്പുറവിൽനിന്നു മധുരമുള്ള വെള്ളം പുറപ്പെടുകയുമില്ല”** (യാക്കോബ് 3:1–12).

യഥാർത്ഥ വിശ്വാസം പ്രവർത്തിക്കുന്നതും വിശ്വാസത്തിനനുസൃതമായ പ്രവൃത്തികൾ ചെയ്യുന്നതുമാണെന്ന് മുൻ അദ്ധ്യായങ്ങളിൽ കാണുകയുണ്ടായി. എന്നാൽ പൊതുവായ പ്രവൃത്തികളിൽനിന്നും പ്രത്യേകമായി ഒരു പ്രവൃത്തിയിലേക്കാണ് - സംഭാഷണമിതത്വം - യാക്കോബ് ഇവിടെ അനുവാചകരുടെ ശ്രദ്ധയെ തിരിക്കുന്നത്. ദൈവിക സൃഷ്ടിയിൽ മനുഷ്യന് മാത്രം നല്കപ്പെട്ടിരിക്കുന്ന ഒരു പ്രത്യേക കഴിവാണ് സംസാരശേഷി; മറ്റുള്ള ജീവികളിൽനിന്നും മനുഷ്യനുള്ള പ്രകടമായ ഒരു വ്യത്യാസം അതാണ്. ഒന്നരനൂറ്റാണ്ടു വരെ ആയുസുള്ള ആമക്കും കരയിലെ ഏറ്റവും വലിയ ജീവിയായ ആനക്കും സംസാരശേഷി ഇല്ലാതിരിക്കെയാണ് മനുഷ്യന് മാത്രം ഈ കഴിവ് നല്കപ്പെട്ടിരിക്കുന്നത്. എന്നാൽ ശ്രദ്ധിച്ചില്ലെങ്കിൽ ഈ വലിയ അനുഗ്രഹം ഒരു ശാപമായി മാറും; ഈ ഉപകാരം ഉപദ്രവമായിത്തീരും; ഈ ഗുണം ദോഷമായി പരിണമിക്കുമെന്ന മുന്നറിയിപ്പാണ് യാക്കോബ് ഈ വേദഭാഗത്തിലൂടെ അനുവാചകരിലേക്ക് പകരുവാൻ ശ്രമിക്കുന്നത്.

ദൈവിക നീതീകരണത്തിനായി ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യൻ ഒരു പുതു മനുഷ്യനായി തീരുന്നുവെങ്കിലും (2 കൊരി. 5:17), ആത്മാവിനോട് പോരാടുന്ന പഴയ ശരീരമാണ് അവനിപ്പോഴുമുള്ളത് (ഗലാ. 5:17); പുതിയ സൃഷ്ടി പഴയ ശരീരത്തിൽ ഇരിക്കുന്നുവെന്ന് പറയാം; അല്ലെങ്കിൽ ഒരു പുതിയ എൻജിൻ ലഭിച്ച പഴയ ഒരു വാഹനമാണ് യഥാർത്ഥ വിശ്വാസി; പുറമെയല്ല, അകമെയാണ് വ്യത്യാസമുള്ളത്; പുറം കാഴ്ചയിലല്ല, ഉൾക്കാഴ്ചയിലാണ് വ്യത്യാസമുള്ളത്.; ആമുഖത്തിലല്ല, അന്തരത്തിലാണ് വ്യത്യാസമുള്ളത്. ഈ വ്യത്യാസം എല്ലാ മേഖലകളിലും പ്രകടമായിരിക്കുമെങ്കിലും സംഭാഷണ മിതത്വത്തിലാണ് ഏറ്റവും അധികമായി വെളിപ്പെടുന്നത്. അതുകൊണ്ടാണ് യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമായി സംഭാഷണമിതത്വത്തെ യാക്കോബ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. മാത്രമല്ല, ഈ വിഷയം ക്രമാനുഗതമായി യാക്കോബ് വിശദീകരിക്കുന്നതും അനുവാചകർക്ക് ഈ ലേഖന

ത്തിൽ കാണുവാൻ സാധിക്കും (1:19, 26; 2:12; 3:5,6; 4:11; 5:12).

**യാക്കോബ് 3:1-12** വാക്യങ്ങളിൽ പരിശോധനയിൽ സംഭാഷണ മിതത്വം യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമാകുന്നുവെന്നാണ് യാക്കോബ് പറയുന്നത്. ഇതോടുള്ള ബന്ധത്തിൽ പ്രധാനമായും രണ്ടു കാര്യങ്ങളാണ് ലേഖകൻ ഇവിടെ പരാമർശിക്കുന്നത്.

## I. സംഭാഷണമിതത്വം സഭാജീവിതത്തിൽ (3:1)

**"സഹോദരന്മാരേ അധികം ശിക്ഷാവിധി വരും എന്ന് അറിഞ്ഞു നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്"**. സഭാജീവിത ത്തിൽ സംഭാഷണമിതത്വത്തിനുള്ള നിർദ്ദേശമാണ് യാക്കോബ് ഇവിടെ അനുവാചകർക്ക് കൊടുക്കുന്നത്; ഇതോടുള്ള ബന്ധത്തിൽ രണ്ട് കാര്യങ്ങളാണ് ലേഖകൻ ഇവിടെ സൂചിപ്പിക്കുന്നത്.

### A. നിർദ്ദേശത്തിന്റെ ഉള്ളടക്കം

**"നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്"** എന്നതു കൊണ്ട്, ചിതറിപാർക്കുന്ന യഹൂദാ ക്രിസ്ത്യാനികളെയും വിശ്വാസ ത്തിന്റെ വിവിധ പരിശോധനയിലൂടെ കടന്നു പോകുന്നവരെയും സഭ യിൽ ഉപദേഷ്ടാവിന്റെ സ്ഥാനം കാംക്ഷിക്കുന്ന മറ്റ് അനേകരെയുമാണ് യാക്കോബ് ഇവിടെ ഉദ്ദേശിക്കുന്നത്. മാത്രമല്ല, **"ആകരുത്"** എന്നു പറയുന്നതിലൂടെ നിലവിൽ കാണപ്പെടുന്ന ഒരു രീതിയെ അവസാനിപ്പി ക്കുവാനുള്ള ഒരു ആജ്ഞയും അതിൽ അടങ്ങിയിരിക്കുന്നു. കാരണം, ഉപദേശിക്കുക എന്നത് ഒരു ആത്മീയവരവും (1 കൊരി. 12:28; 14:26) ഇടയന്മാരുടെ ശുശ്രൂഷയും (എഫെ. 4:11; 1 തിമൊ. 3:2), പ്രവാചക ന്മാരോട് ബന്ധപ്പെട്ടിരിക്കുന്നതുമാകുന്നു. (അ.പ്ര. 13:1); അതുകൊണ്ട് ഉപദേഷ്ടാവായി നിയോഗം ലഭിച്ചവരാണ് ഈ ശുശ്രൂഷ ചെയ്യേണ്ടത്.

എന്നാൽ ഉപദേഷ്ടാവിന്റേത് യഹൂദന്മാരുടെ ഇടയിൽ മാന്യമായ ഒരു ശുശ്രൂഷ ആയിരുന്നതിനാലും യഹൂദന്മാരുടെ പള്ളികളിൽ അവർ ഏറ്റവും അധികമായി ബഹുമാനിക്കപ്പെട്ടിരുന്നതിനാലും തങ്ങളുടെ ആൺമക്കൾ റബീമാരുടെ പദവിയിലേക്കു വളരുവാൻ യഹൂദന്മാരായ മാതാപിതാക്കൾ ഏറ്റവും അധികമായി ആഗ്രഹിക്കുകയും പ്രോത്സാഹിപ്പി ക്കുകയും ചെയ്തിരുന്നു. റബീമാരെ ബഹുമാനിക്കണം എന്നത് തിരു വെഴുത്തിൻ പ്രകാരമുള്ള ഉപദേശമാണെന്ന് വരികിലും ദൈവത്തിന് മാത്രം കൊടുക്കേണ്ടതായ ബഹുമാനവും ആദരവും റബീമാർക്ക് കൊടുക്കുന്നതിനെ വചനം വിലക്കുന്നുണ്ട്. അതുകൊണ്ടാണ്, "ഭൂമി

യിൽ ആരെയും പിതാവ് എന്ന് വിളിക്കരുത്, ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്, സ്വർഗ്ഗസ്ഥൻ തന്നെ" എന്ന് കർത്താവ് പറഞ്ഞത് (മത്തായി 23:9). മാത്രമല്ല, അർഹിക്കുന്നതിനേക്കാൾ കൂടുതൽ ബഹുമാനം മനുഷ്യരിൽനിന്നും റബ്ബീമാർ ആഗ്രഹിക്കുകയും ആവശ്യപ്പെടുകയും ചെയ്തിരുന്നുവെന്നാണ് തിരുവെഴുത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിയുന്നത്; ജനത്തെ ഉപദേശിക്കുന്നതിലല്ല, മറിച്ച്, ഉപയോഗിക്കുന്നതിലായിരുന്നു അവരുടെ താല്പര്യം. അതുകൊണ്ടാണ്, അത്താഴത്തിൽ പ്രധാനസ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്ന് വിളിക്കുന്നതും അവർക്ക് പ്രിയമാകുന്നു എന്ന് കർത്താവ് പറഞ്ഞത് (മത്തായി 23:6,7). റബ്ബീമാർ യഹൂദാ പള്ളികളിലെ ഔദ്യോഗിക ഉപദേഷ്ടാക്കന്മാർ ആയിരുന്നു; എന്നാൽ ആ നിലയിൽ അല്ലാത്തവരും പള്ളികളിൽ ഉപദേശിച്ചിരുന്നതായി വചനത്തിൽ കാണുന്നുണ്ട്. അതുകൊണ്ടാണ് ലൂക്കൊസ് 4:15 ൽ കർത്താവിനെക്കുറിച്ച് "അവൻ അവരുടെ പള്ളികളിൽ ഉപദേശിച്ചു..." എന്ന് എഴുതിയിരിക്കുന്നത്. അതുപോലെതന്നെ, ഔദ്യോദിക ഉപദേഷ്ടാക്കന്മാർ അല്ലാതിരുന്നിട്ടും പൗലൊസും ബർന്നബാസും അന്ത്യോക്യയിലെ പള്ളികളിൽ ഉപദേശിച്ചിരുന്നതായും കാണുന്നുണ്ട് (അ.പ്ര. 13:15-42). സഭയുടെ ആരംഭ നാളുകളിലും ദൈവസഭകളിൽ അനൗദ്യോഗിക ഉപദേഷ്ടാക്കന്മാർ പ്രബോധിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തിരുന്നതായി അ.പ്ര. 18:24-26 (അപ്പൊല്ലോസ്) വാക്യങ്ങളിൽ കാണുന്നുണ്ട്.

## B. നിർദ്ദേശത്തിന്റെ ഉദ്ദേശ്യം

**"അധികം ശിക്ഷാവിധി വരും എന്ന് അറിഞ്ഞ്..."** (അധികം ശിഷാവിധി വരാതിരിക്കുവാൻ).

ഇവിടെ **"അധികം ശിക്ഷാവിധി"** എന്നതുകൊണ്ട് ഉപദേഷ്ടാക്കൾക്ക് സാധാരണ വിശ്വാസികളെക്കാൾ കൂടുതൽ ശിക്ഷാവിധി ലഭിക്കുമെന്നല്ല, മറിച്ച്, അവരുടെ ഉപദേശം നന്മക്കായാലും തിന്മക്കായാലും വലിയ സ്വാധീനം ചെലുത്താമെന്നതിനാൽ അവരുടെ പ്രവൃത്തികൾ കൂടുതൽ സൂക്ഷ്മതയോടെ വിലയിരുത്തപ്പെടുമെന്നാണർത്ഥം. എന്തുകൊണ്ടാണ് യാക്കോബ് ഇങ്ങനെ പറയുന്നതെന്ന് അറിയണമെങ്കിൽ, എന്തുകൊണ്ട് ഉപദേഷ്ടാക്കന്മാർ ആകുവാൻ അനേകർ താല്പര്യപ്പെടുന്നുവെന്ന് ആദ്യം അറിയണം.

സ്വന്ത അഭിപ്രായത്തെ പരസ്യമായി വെളിപ്പെടുത്തുവാൻ ഗ്രീക്ക്

സംസ്കാരത്തിൽ സ്വാതന്ത്ര്യം ഉണ്ടായിരുന്നതിനാലും, യഹൂദാ സുന്ന ഗോഗുകളിൽ കടന്നു വരുന്ന ഏവരേയും - സ്വദേശിയെയും, വിദേശി യെയും, പരദേശിയെയും - പ്രസംഗിക്കുവാനും പ്രബോധിപ്പിക്കുവാനും അനുവദിക്കുന്ന ഒരു കീഴ്വഴക്കം യഹൂദന്മാരുടെ ഇടയിൽ നിലനിന്നി രുന്നതിനാലും (അ.പ്ര. 13:15), ന്യായപ്രമാണം അറിയില്ലെങ്കിലും സ്ഥാന ത്തിനും മാനത്തിനും വേണ്ടി ന്യായപ്രമാണത്തിന്റെ ഉപദേഷ്ടാക്കന്മാർ ആകണമെന്നുള്ള അനേകരുടെ വ്യഗ്രതയുമാണ് ഉപദേഷ്ടാക്കന്മാരുടെ പെരുപ്പത്തിന് കാരണം.

അതിനുള്ള മറ്റൊരു കാരണം, ഉപദേഷ്ടാവിന്റേത് പ്രത്യേക പദവി യിലുള്ള ഒരു ഉദ്യോഗമായതുകൊണ്ടാണ്; എല്ലാ കേൾവിക്കാരിലും അധികമായ അറിവ് ഉപദേഷ്ടാവിന് ഉണ്ടെന്നാണ് പൊതുവിലുള്ള ധാരണ; ഈ ലക്ഷ്യത്തിൽ എത്തുന്നതിനായി ഉപദേഷ്ടാക്കന്മാർ എപ്പോഴും കഠിനപ്രയ്തനം നടത്തേണ്ടതുണ്ട്. ദൈവം നിയോഗിച്ച വർക്ക് ദൈവം പ്രാപ്തി കൊടുക്കും; ദൈവം നിയോഗിച്ചവരെ പ്രാപ്തി യിലൂടെ തന്നെ ദൈവജനം തിരിച്ചറിയുകയും ചെയ്യും; ആത്മികമർമ്മ ങ്ങൾ അവർക്ക് വെളിപ്പെട്ട് വരികയും ആത്മികമർമ്മങ്ങൾ അവർ വെളി പ്പെടുത്തുകയും ചെയ്യും (1 കൊരി. 2:10-13). എന്നാൽ ദൈവിക നിയോഗം ഇല്ലാത്തവർ ഉപദേഷ്ടാക്കന്മാർ ആകുവാൻ ശ്രമിച്ചാൽ അതിൽ ഒരു അപകടം ഒളിഞ്ഞ് കിടപ്പുണ്ട്. റബ്ബീമാരെപ്പോലെ, പണ ത്തിനും പദവിക്കും വേണ്ടി, അവസരത്തിനും അംഗീകാരത്തിനും വേണ്ടി, സ്ഥാനത്തിനും മാനത്തിനും വേണ്ടി ഉപദേഷ്ടാക്കൾ ആകുന്നത് ശിക്ഷാവിധിക്ക് കാരണമാകും. കാരണം, ജനത്തെ ഉപ യോഗിക്കുന്നതിലല്ലാതെ ഉപദേശിക്കുന്നതിൽ താല്പര്യമില്ലാത്തവർ കർത്താ വിനെയല്ല, സ്വയത്തെയാണ് സേവിക്കുന്നത്; ജനത്തെയല്ല, സ്വാർത്ഥ തയെയാണ് ശുശ്രൂഷിക്കുന്നത്; ഈ നിലയിലുള്ള ഉപദേഷ്ടാക്കൾ അധികം ശിക്ഷാവിധി ക്ഷണിച്ചു വരുത്തുമെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്.

എന്നാൽ ഉപദേഷ്ടാവായി നിയോഗം ലഭിച്ചവർ നിശ്ചയമായും ആ ശുശ്രൂഷ ഉത്തരവാദിത്തബോധത്തോടുകൂടി ചെയ്യേണ്ടതുണ്ട്. കാരണം, മക്കളെ നേർവഴിയിൽ അഭ്യസിപ്പിക്കുവാൻ മാതാപിതാക്കൾ ആവശ്യ മായിരിക്കുന്നതുപോലെ ദൈവത്തിന്റെ ജനത്തിനു നേർവഴി ഉപദേശി ക്കുവാൻ ഉപദേഷ്ടാക്കൾ ആവശ്യമാണ്. (ഹോശേയ. 4:1-6). മാത്രമല്ല, ആത്മികമായി വളർന്നവർ ഇളയവർക്ക് ഉപദേഷ്ടാക്കൾ ആകണ

മെന്നും ദൈവം ആഗ്രഹിക്കുന്നു (തീത്തൊസ് 2:3–5; എബ്രാ. 5:12). തന്നെയുമല്ല, കർത്താവ് "കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകലജാതികളെയും ശിക്ഷ്യരാക്കികൊൾവിൻ." എന്നാണ് മഹാനിയോഗത്തിൽ കാണുന്നത് (മത്തായി 28:20). എന്നാൽ ഇതിലും ഉപരിയായി, സകല സത്യത്തിലും വഴി നടത്തുന്ന ദൈവാത്മാവ് കൂടെയുള്ളവരാണ് യഥാർത്ഥ വിശ്വാസികൾ എന്ന് വരികിലും (യോഹ. 16:13; 1 യോഹ. 2:26,27), "...നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്വത്തിനായുള്ള ശുശ്രൂഷയുടെ വേലക്കും ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മികവർധനയ്ക്കും..." വേണ്ടി സഭയിൽ യഥാർത്ഥ ഉപദേഷ്ടക്കന്മാരുടെ ആവശ്യമുണ്ട്. (എഫെ. 4:12,13). എന്നാൽ ഈ നിലയിൽ ഒരാൾ ഉപദേഷ്ടാവായി തീരണമെങ്കിൽ അതിനുള്ള നിയോഗവും വരവും സമർപ്പണവും ആവശ്യമാണ് (1 തിമൊ. 1:12; 4:13; 2 തിമൊ. 2:15). മാത്രമല്ല, ഇത് വളരെ ഉത്തരവാദിത്തബോധത്തോടുകൂടി ചെയ്യേണ്ടതായ ഒരു ശുശ്രൂഷയുമാണ് (മത്തായി 23:1–8; റോമർ 2:17–22; 1 തിമൊ. 1:5–7). അല്ലെങ്കിൽ ഇയ്യോബിന്റെ സ്നേഹിതർക്കു ഭവിച്ചതുപോലെ, ചിലപ്പോൾ ദൈവകോപം ഉപദേഷ്ടാക്കൾക്കെതിരെ തിരിയുവാനും ഇടയുണ്ട് (ഇയ്യോബ് 42:7–9).

എന്നാൽ ഉപദേശിക്കുവാൻ നിയോഗം ലഭിക്കാത്തവരും യോഗ്യതയില്ലാത്തവരും ഉപദേഷ്ടാക്കന്മാർ ആയാൽ ശിക്ഷിക്കപ്പെടുമെന്നതിന് സംശയമില്ല; അക്കാര്യമാണ് സങ്കീ. 50:16–22 വാക്യങ്ങളിൽ, "...എന്നാൽ ദുഷ്ടനോട് ദൈവം അരുളിച്ചെയ്യുന്നു, നീ എന്റെ ചട്ടങ്ങളെ അറിയിപ്പാനും എന്റെ നിയമത്തെ നിന്റെ വായിൽ എടുപ്പാനും നിനക്കെന്തു കാര്യം; നീ ശാസനയെ വെറുത്തു, എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞുകളഞ്ഞുവല്ലോ; വ്യഭിചാരികളോട് നീ പങ്ക് കൂടുന്നു; നിന്റെ വായ് ദോഷത്തിന് വിട്ടുകൊടുക്കുന്നു; നിന്റെ സഹോദരന് വിരോധമായി സംസാരിക്കുന്നു; നിന്റെ അമ്മയുടെ മകനെക്കുറിച്ച് അപവാദം പറയുന്നു... ദൈവത്തെ മറക്കുന്നവരെ ഇത് ഓർത്തുകൊൾവിൻ അല്ലെങ്കിൽ ഞാൻ നിങ്ങളെ കീറികളയും, വിടുവിപ്പാൻ ആരുമുണ്ടാകയില്ല" എന്ന് പറയുന്നതിൽനിന്നും വ്യക്തമാകുന്നത്. കാരണം, മനുഷ്യരുടെ ആത്മാക്കളോടാണ് ഉപദേഷ്ടാക്കൾ സംവദിക്കുന്നത്. പൊളിഞ്ഞ

ജീവിതങ്ങളെ തുന്നിച്ചേർക്കുന്നതും തകർന്ന ജീവിതങ്ങളെ വിളക്കിച്ചേർക്കുന്നതും, ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിക്കുന്നതും, നിഷ്പ്രയോജന ദാസന്മാരെ ദൈവത്തിന് പ്രയോജനമുള്ളവരാക്കുന്നതും മനുഷ്യരുടെ ആത്മാക്കളുടെ ഭാവിഭാഗധേയം നിർണ്ണയിക്കുന്നതുമായ ഒരു ശുശ്രൂഷയാണിത്. അതുകൊണ്ട് അർഹിക്കുന്ന പ്രാധാന്യത്തോടെ (1 പത്രൊസ് 4:11) അതിനുള്ള നിയോഗം ലഭിച്ചവരും യോഗ്യതയുള്ളവരുമാണ് അത് ചെയ്യേണ്ടത്; അല്ലെങ്കിൽ അവർക്ക് അധികം ശിക്ഷാവിധി വരും (യാക്കോബ് 3:1). അറിയപ്പെടുന്ന ചില സംഘടനകളുടെ പേരിലും, സ്വന്തം പേരിലും സഭാ സന്ദർശനത്തിന് ഇറങ്ങുന്ന പലരും ശരിയായ സഭാകൂട്ടായ്മയും ശിക്ഷണവും ഉള്ളവരല്ല; ആത്മികമായി യാതൊരു മേൽവിലാസവുമുള്ളവരല്ല; സ്വന്തം സഭകളിൽ അംഗികരിക്കപ്പെട്ട ഉപദേഷ്ടാക്കന്മാരുമല്ല. സ്വന്തം സഭയിൽ അയോഗ്യരാക്കപ്പെട്ടവർ മറ്റു സഭകളിൽ ഉപദേശിവേഷം കെട്ടുവാൻ ശ്രമിക്കുന്നു - മുൻപിൽ ഇരിക്കുവാനും, പ്രസംഗിക്കുവാനും, കൂട്ടായ്മ സ്വീകരിക്കുവാനും, സൽക്കരിക്കപ്പെടുവാനും, പരിഗണിക്കപ്പെടുവാനും അർഹരാണെന്ന് സ്വയം വിധിക്കുന്നു - ഈ പ്രവണതയെ പ്രോത്സാഹിപ്പിക്കരുതെന്നാണ് യാക്കോബ് ഇവിടെ പരോക്ഷമായി പറയുന്നത്.

## II. സംഭാഷണമിതത്വം സാധാരണജീവിതത്തിൽ (3:2-12)

ഇതോടുള്ള ബന്ധത്തിൽ പ്രധാനമായും മൂന്നും കാര്യങ്ങളാണ് യാക്കോബ് അനുവാചകരുടെ ശ്രദ്ധയിൽപ്പെടുന്നത്.

### A. സംഭാഷണമിതത്വത്തിന്റെ ആവശ്യകത (2-5)

ശരീരത്തിലെ മറ്റ് അവയവങ്ങളെ അപേക്ഷിച്ച് നാവ് വളരെ ചെറിയ അവയവമെങ്കിലും നാവിന്റെ നിയന്ത്രണമുള്ള മനുഷ്യൻ ശരീരത്തിലെ മറ്റ് അവയവങ്ങളെയെല്ലാം നിയന്ത്രിക്കുവാൻ പ്രാപ്തൻ ആകുന്നു അർത്ഥാൽ, സംഭാഷണമിതത്വമുള്ളവർക്ക് ശരീരത്തെ മുഴുവനും നിയന്ത്രിക്കുവാനും അതിന്റെ ഗതി നിർണ്ണയിക്കുവാനും സാധിക്കും; ഇതിനുള്ള ചില ദൃഷ്ടാന്തങ്ങളാണ്:

#### 1. കുതിരക്ക് കടിഞ്ഞാൺ (v. 3)

**"കുതിരയെ അധീനമാക്കുവാൻ വായിൽ കടിഞ്ഞാൺ ഇട്ടു അതിന്റെ ശരീരം മുഴുവനും തിരിക്കുന്നുവല്ലോ"**. കുതിര ശക്തിയുള്ള

ഒരു മൃഗമാണെങ്കിലും ഒരു ചെറിയ കടിഞ്ഞാണിലൂടെ അതിന്റെ ഗതിയെ നിർണ്ണയിക്കുവാൻ സാധിക്കും കുതിരക്ക് വളരെ ശക്തിയുണ്ടെങ്കിലും ബുദ്ധികുറവായതിനാൽ ഒരു കടിഞ്ഞാണും മുഖപട്ടയും ഉപയോഗിച്ചാണ് അതിനെ നിയന്ത്രിക്കുന്നത്; അല്ലെങ്കിൽ അത് ആർക്കും സ്വാധീനമാകയില്ല (സങ്കീ. 32:9). എന്നാൽ കടിഞ്ഞാൺ തന്നെ ത്താൻ ഒരിക്കലും കുതിരയെ നിയന്ത്രിക്കുന്നില്ല. മറിച്ച് കടിഞ്ഞാൺ കൈയിലുള്ള അശ്വരുഢനാണ് നിയന്ത്രിക്കുന്നത്; അങ്ങനെ തന്നെ ദൈവജനത്തിന്റെ നാവ് ദൈവാത്മാവിനാൽ നിയന്ത്രിക്കപ്പെടണം.

2. കപ്പലിന് ചുക്കാൻ (v. 4)

**"കപ്പലും എത്ര വലിയത് ആയാലും കൊടുങ്കാറ്റടിച്ച് ഓടുന്നതായാലും അമരക്കാരൻ (കപ്പലിനെ അപേക്ഷിച്ച്) ഏറ്റവും ചെറിയ ചുക്കാൻകൊണ്ട് തനിക്ക് ബോധിച്ച ദിക്കിലേക്ക് തിരിക്കുന്നു"**. ആയിരക്കണക്കിന് ടൺ ഭാരമുള്ള കപ്പലിന്റെ ഗതി വലിയ കൊടുങ്കാറ്റിൽ പോലും നിർണ്ണയിക്കുവാൻ ചെറിയ ചുക്കാൻ (Rudder) മാത്രമാണ് കപ്പിത്താൻ ഉപയോഗിക്കുന്നത്. വലിയ കപ്പലിനെ നിയന്ത്രിക്കുന്നത് ഒരു ചെറിയ ചുക്കാൻ ആകുന്നുവെങ്കിലും, വാസ്തവത്തിൽ അതിന്റെ ചുക്കാൻ നിയന്ത്രിക്കുന്നത് അമരക്കാരൻ ആകുന്നു. അതുപോലെതന്നെ നമ്മുടെ നാവിനെ നിയന്ത്രിക്കുന്ന ശക്തി നാം തന്നെ ആകുന്നു; നമ്മുടെ ഹൃദയം ആകുന്നു (യാക്കോബ് 1:14,15; 2:2,18; 3:13,17; 4:1,2). കാരണം നാവിന് അതിൽതന്നെ നിയന്ത്രണശക്തിയില്ല, അതിനെ ഒരു വ്യക്തിയാണ് നിയന്ത്രിക്കുന്നത്, അർത്ഥാൽ പ്രസ്തുതവ്യക്തിയുടെ ആഗ്രഹങ്ങൾ, മനോഭാവങ്ങൾ, നിർണ്ണയങ്ങൾ etc. അതുകൊണ്ട് തെറ്റായ സംസാരത്തിന് അവനവൻ തന്നെയാണ് ഉത്തരവാദി.

3. കാടിന് തീ (v. 5)

**"കുറഞ്ഞ തീ എത്ര വലിയ കാട് കത്തിക്കുന്നു"**. ഒരു വലിയ കാടിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കുവാൻ ഒരു ചെറിയ തീ കൊണ്ട് സാധിക്കും. **"അങ്ങനെതന്നെ നാവും ചെറിയ അവയവം എങ്കിലും വളരെ വമ്പു പറയുന്നു"**; ഒരു വലിയ ശരീരത്തിന്റെ ഗതി നിർണ്ണയിക്കുവാൻ ഒരു ചെറിയ നാവിന് സാധിക്കും (സദൃശ. 18:21; മത്തായി 12:37);

കാരണം, “നാവും ഒരു തീ തന്നെ” എന്ന് യാക്കോബ് പറയുന്നു.

## B. സംഭാഷണമിതത്വത്തിന്റെ അനിവാര്യത ( v. 6)

നിയന്ത്രണ വിധേയമായ കുതിരയും, നിയന്ത്രണവിധേയമായ കപ്പലും, നിയന്ത്രണവിധേയമായ തീയും മനുഷ്യന് ഉപകരിക്കുന്നതു പോലെ നിയന്ത്രണവിധേയമായ നാവ് തനിക്കും മറ്റുള്ളവർക്കും വളരെ പ്രയോജനപ്രദമാണെന്ന് യാക്കോബ് പറയുന്നു. അതിലൂടെ ഏതൊരു വ്യക്തിയുടെയും കൂട്ടത്തിന്റെയും മനോഭാവവും പ്രതികരണവും സാഹചര്യവും മാറ്റുവാനും സമാധാനവും സ്വസ്ഥതയും ശാന്തതയും പ്രദാനം ചെയ്യുവാനും സാധിക്കും. മാത്രമല്ല, നിയന്ത്രണവിധേയമായ നാവിലൂടെ വിശ്വാസികൾക്ക് തങ്ങളെ തന്നെ ദൈവമക്കൾ എന്നു വെളിപ്പെടുത്തുവാനും സാധിക്കും (സങ്കീ. 34:13, 39:1; സദൃശ. 31:8,9). എന്നാൽ സംഭാഷണമിതത്വമില്ലാത്ത നാവുകൊണ്ട് പല ഉപദ്രവങ്ങൾ ഉണ്ട്.

1. **സംഭാഷണമിതത്വമില്ലാത്ത നാവ് അനീതി ലോകമാണ്** (v. 6) ദൈവിക വ്യവസ്ഥയ്ക്ക് എതിരെ നില്ക്കുന്ന ലൗകിക തിന്മകൾ; അതിലെ പൗരന്മാർ ദൂഷണം, ദുർഭാഷണം, ഭോഷ്ക്, വ്യാജവർത്തമാനം, ചതി, ശാപം, മുതലായവയാണ്.

2. **സംഭാഷണമിതത്വമില്ലാത്ത നാവ് ദേഹത്തെ മുഴുവനും മലിനമാക്കുന്നു** (v. 6) അതുകൊണ്ടാണ് “വായിൽനിന്ന് പുറപ്പെടുന്നതോ ഹൃദയത്തിൽനിന്ന് വരുന്നു; അത് മനുഷ്യനെ അശുദ്ധമാക്കുന്നു... ദുശ്ചിന്ത, കുലപാതകം, വ്യഭിചാരം, പരസംഗം, മോഷണം, കള്ളസാക്ഷ്യം, ദൂഷണം എന്നിവ ഹൃദയത്തിൽനിന്ന് പുറപ്പെട്ട് വരുന്നു; മനുഷ്യനെ അശുദ്ധമാക്കുന്നത് ഇതത്രേ” എന്ന കർത്താവ് പറഞ്ഞത് (മത്തായി 15:18,19). ഒരാളുടെ ജീവിതത്തെ മുഴുവനും മലിനവും അറപ്പും വെറുപ്പും ഉള്ളതാക്കി പ്രയോജന രഹിതമാക്കാൻ നിയന്ത്രണമില്ലാത്ത നാവിന് കഴിയും.

3. **സംഭാഷണമിതത്വമില്ലാത്ത നാവ് ജീവചക്രത്തിന് തീ കൊളുത്തുകയും നരകത്താൽ അതിന് തീ പിടിക്കുകയും ചെയ്യുന്നു** (v. 6 c.f. സങ്കീ. 39:1). ചുരുക്കത്തിൽ, മിതത്വം ഇല്ലാത്ത സംഭാഷണം ജീവിതത്തെ നരകത്തിൽ എത്തിക്കുന്നു. അതുകൊണ്ടാണ് “നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടുകയും നിന്റെ വാക്കുകളാൽ കുറ്റം വിധിക്കപ്പെടുകയും ചെയ്യും” എന്ന് കർത്താവ് പറഞ്ഞത് (മത്തായി 12:34-37 c.f. സദൃശ. 18:21); മാത്രമല്ല, യഥാർത്ഥ ഭക്തിക്കും, നിത്യജീവന്റെ

ലഭ്യതക്കും, ദൈവസന്നിധിയിലെ വാസത്തിനും സംഭാഷണമിതത്വം ആവശ്യമാണെന്ന് വചനം പറയുന്നുണ്ട്. അതുകൊണ്ടാണ്, "അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്ന് കാണുന്നതും ലോക ത്താലുള്ള കളങ്കം പറ്റാതെ തന്നെത്താൻ കാത്തുകൊള്ളുന്നതും" ശുദ്ധവും നിർമ്മലവുമായ ഭക്തി ആകുന്നു എന്നും (യാക്കോബ് 1:26,27), "ജിവനെ ആഗ്രഹിക്കുകയും നന്മ കാണേണ്ടതിനു ദീർഘായുസ്സ് ഇച്ഛി ക്കുകയും ചെയ്യുന്നവൻ ആര്? ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ നിന്റെ അധരത്തെയും കാത്തു കൊൾക"' എന്നും (സങ്കീ. 34:11-13), "യഹോവെ, നിന്റെ കൂടാരത്തിൽ ആർ പാർക്കും? നിന്റെ വിശുദ്ധ പർവ്വതത്തിൽ ആർ വസിക്കും; നിഷ്കളങ്കനായി നടന്ന് നീതി പ്രവർത്തിക്കുകയും ഹൃദയപൂർവ്വം സത്യം സംസാരിക്കുകയും ചെയ്യുന്നവൻ. നാവുകൊണ്ട് കുരള പറയാതെയും... ഇരിക്കുന്നവൻ" എന്നും (സങ്കീ. 15:1-3) പറഞ്ഞിരിക്കുന്നത്. വിശ്വാസികളിൽ അനേകരും മദ്യപാനം, വ്യഭിചാരം, കുലപാതകം, മോഷണം എന്നിവയിൽനിന്ന് ഒഴിവുള്ളവരും എന്നാൽ ദൂഷണം, ദൂർഭാഷണം, വഞ്ചന, അർദ്ധസത്യം, മുഖസ്തുതി, ഭോഷ്ക്, ശാപം എന്നിവക്ക് അടിമകളും അവയെ നിസാര വൽക്കരിക്കുന്നവരുമാണ്. എന്നാൽ മനുഷ്യന്റെ ഭാവിഭാഗദേയം നിർണ്ണയി ക്കുന്നതിൽ അവന്റെ നാവിന് നിർണ്ണായക പങ്കുണ്ടെന്ന് യാക്കോബ് ഇവിടെ അടിവരയിട്ട് പറയുന്നു.

## C. സംഭാഷണമിതത്വത്തിലെ അസ്വഭാവികത (7-12)

1. **സംഭാഷണമിതത്വത്തിലുള്ള ഒന്നാമത്തെ അസ്വഭാവികത ആർക്കും വഴങ്ങാത്ത നാവ് ആകുന്നു.** എല്ലാ ജീവികളും മനുഷ്യന് മരുങ്ങുന്നു, മരുങ്ങിയുമിരിക്കുന്നു; എന്നാൽ നാവിനെയോ മനുഷ്യർ ക്കാർക്കും മരുക്കാവതല്ല (7-8); ആന, സിംഹം, കരടി, മുതലായ വന്യ ജീവികളും പാമ്പ്, ഉടുമ്പ് മുതലായ ഉരഗജീവികളും, ഡോൾഫിൻ, പെൻഗ്വിൻ മുതലായ സമുദ്രജീവികളും തത്ത, മയിൽ മുതലായ പക്ഷി കളും **"മനുഷ്യജാതിയോട് മരുങ്ങുന്നു, മരുങ്ങിയുമിരിക്കുന്നു"**. (v. 7) എന്നാൽ നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല (v. 8); അർത്ഥാൽ, ദിവ്യമായ സഹായം കൂടാതെ സ്വന്ത പരിശ്രമത്താൽ കഴി കയില്ല. നാവിന്റെ തിന്മയ്ക്കുള്ള ആഗ്രഹം വന്യമാണ്; അതുകൊണ്ട് അതിനെ മെരുക്കുക വളരെ ശ്രമകരമാണ്. എന്നാൽ ദൈവം സകല സൃഷ്ടിയെയും മനുഷ്യന് കീഴ്പ്പെടുത്തികൊടുത്ത് അവനെ സകല ത്തിനും യജമാനൻ ആക്കിയതുപോലെ നാവിനും മനുഷ്യൻ യജമാനൻ

ആകണം; കാരണം അത് അത്യധികം അപകടകാരിയാണ്, സർപ്പ വിഷം അധരങ്ങൾക്കു കീഴെ ഉണ്ട് (സങ്കീ. 140:3 റോമർ 3:13). അത് അടങ്ങാത്ത ദോഷവും മരണകരമായ വിഷം നിറഞ്ഞതും ആകുന്നു. (v. 8 c.f. റോമർ 3:13,14). അതുകൊണ്ട് നാവിന്റെ കാര്യത്തിൽ വിശ്വാസിക്ക് വലിയ ജാഗ്രതയും നിരന്തര പ്രാർത്ഥനയും ആവശ്യമാണ്; ഇക്കാരണത്താലാണ്, "യഹോവെ, എന്റെ വായ്ക്ക് ഒരു കാവൽ നിറുത്തി എന്റെ അധരദ്വാരം കാക്കേണമെ" എന്ന് സങ്കീർത്തന രചയിതാവ് പ്രാർത്ഥിക്കുന്നത് (സങ്കീ. 141:3).

2. **സംഭാഷണമിതത്വത്തിലുള്ള രണ്ടാമത്തെ അസ്വഭാവികത എന്തിനും വഴങ്ങുന്ന നാവ് ആകുന്നു.** സാധാരണ ജീവിതത്തിൽ ഒരേ നാവിൽനിന്നു തന്നെ സ്തുതിയും - ശാപവും, സ്തോത്രവും - ശാപവും, മധുരവും - കയ്പും പുറപ്പെട്ടു വരുന്നു. (vv. 9–11); എന്നാൽ അത്തിവൃക്ഷത്തിൽനിന്നും ഒലിവ് പഴവും, മുന്തിരിവള്ളിയിൽനിന്നും അത്തിപഴവും, ഉപ്പുറവയിൽനന്നും മധുരമുള്ള വെള്ളവും പുറപ്പെടാത്തതു പോലെ (v. 12), സാധാരണ ജീവിതത്തിൽ, ഒരേ നാവിൽനിന്നു തന്നെ സംഭാഷണത്തിൽ ഈ നിലയിലുള്ള അസ്വഭാവികത യഥാർത്ഥ വിശ്വാസിക്ക് അനുഭവപ്പെടുകയില്ല. ശുദ്ധിയുള്ള ഹൃദയത്തിന് ശപിക്കുവാനും അനുഗ്രഹിക്കുവാനുമായി രണ്ട് നാവുകൾ ഇല്ല. ദൈവസ്വരൂപത്തിലുള്ള മനുഷ്യന്റെ കുലപാതകം ദൈവത്തിനെതിരെയുള്ള കുറ്റകൃത്യം ആയിരിക്കുന്നതുപോലെ (ഉല്പത്തി 9:6), കൂട്ടുക്കാരനെ ശപിക്കുന്നതും ദൈവത്തിനെതിരെയുള്ള കുറ്റമാണ്. മത്തായി 15:11,30 ൽ വായിലേക്കു പോകുന്നതല്ല. വായിൽനിന്ന് വരുന്നതാണ് മനുഷ്യനെ അശുദ്ധനാക്കുന്നത് എന്ന് കാണുന്നു. മത്തായി 12:32–37 വാക്യങ്ങളുടെ അടിസ്ഥാനത്തിൽ ഒരാളുടെ സംസാരമാണ് അയാളുടെ ആത്മികതയുടെ അളവുകോൽ എന്നും സംസാരം ഹൃദയത്തെ വെളിപ്പെടുത്തുന്നതുകൊണ്ട് ഹൃദയത്തിന്റെ വഞ്ചനയും കപടവുമെല്ലാം ക്രമേണ സംഭാഷണത്തിൽ വെളിപ്പെടുമെന്നും കാണുന്നു. യാക്കോബ് 1:8 ൽ ഇരുമനസ്സുള്ള മനുഷ്യനെക്കുറിച്ച് പറയുമ്പോൾ 3:12 ൽ ഇരുനാവുള്ള മനുഷ്യനെയാണ് യാക്കോബ് പരാമർശിക്കുന്നത്. ഒരു ഉറവിലെ വെള്ളം നല്ലതോ ചീത്തയോ ആകാം (പുറ. 15:23; വെളി. 8:11); എന്നാൽ ഒരു ഉറവിൽനിന്നും മാറി മാറി രണ്ടുതരം വെള്ളം പുറപ്പെടുകയില്ല; ഒരു ഫലവൃക്ഷവും മാറി മാറി മധുരവും കയ്പ്പുമുള്ള ഫലം പുറപ്പെടുവിക്കുന്നില്ല. (മത്തായി 7:16; ലൂക്കൊസ് 6:44). ഒരാൾക്കും മാറി മാറി ദൈവത്തെ സ്തുതിക്കു

വാനും ദൈവത്തിന്റെ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ശപിക്കുവാനും കഴികയില്ല; ആരാധനയ്ക്ക് ഉപയോഗിച്ച നാവ് മിനിറ്റുകൾക്കു ശേഷം ആക്ഷേപത്തിന് ഉപയോഗിക്കാൻ കഴികയില്ല.

3. **സംഭാഷണമിതത്വത്തിലുള്ള മൂന്നാമത്തെ അസ്വഭാവികത ഒന്ന് നിരൂപിക്കുകയും മറ്റൊന്ന് വെളിപ്പെടുത്തുകയും ചെയ്യുന്ന വഞ്ചനയുള്ള നാവ് ആകുന്നു.** ആർക്കും വഴങ്ങാത്ത നാവിനെയും എന്തിനും വഴങ്ങുന്ന നാവിനെയും പോലെയോ അതിലേറെയോ അപകട കാരിയാണ് ഒന്ന് നിരൂപിക്കുകയും മറ്റൊന്ന് വെളിപ്പെടുത്തുകയും ചെയ്യുന്ന വഞ്ചനയുള്ള നാവ്. ഈവിധ നാവുള്ളവരെക്കുറിച്ചാണ്, "അവരുടെ വായിൽ ഒട്ടും നേരില്ല; അവരുടെ അന്തരംഗം നാശകൂപം തന്നെ; അവരുടെ തൊണ്ട തുറന്ന ശവക്കുഴിയാകുന്നു; നാവുകൊണ്ട് അവർ മധുരവാക്ക് പറയുന്നു" (സങ്കീ. 5:9) എന്നും, "അവന്റെ വായ് വെണ്ണ പോലെ മൃദുവായത്; ഹൃദയത്തിലോ യുദ്ധമത്രേ; അവന്റെ വാക്കുകൾ എണ്ണയെക്കാൾ മയമുള്ളവ; എങ്കിലും അവ ഊരിയ വാളുകൾ ആയിരുന്നു." (സങ്കീ 55:21). എന്നും, "... അവർ ഭോഷ്കിൽ ഇഷ്ട പ്പെടുന്നു; വായ് കൊണ്ട് അവർ അനുഗ്രഹിക്കുന്നു; എങ്കിലും ഉള്ളു കൊണ്ട് അവർ ശപിക്കുന്നു" (സങ്കീ. 62:4) എന്നും, "കണ്ണുകടിയുള്ള വന്റെ അപ്പം തിന്നരുത്; അവന്റെ സ്വാദുഭോജനങ്ങളെ ആഗ്രഹിക്കയു മരുത്: അവൻ തന്റെ മനസ്സിൽ കണക്ക് കൂട്ടുന്നതുപോലെയാകുന്നു. തിന്ന് കുടിച്ചുകൊൾക എന്ന് അവൻ നിന്നോട് പറയും അവന്റെ ഹൃദയമോ നിനക്ക് അനുകൂലമല്ല" (സദൃശ. 23:6,7 c.f. സങ്കീ. 120:2-4) എന്നും വചനത്തിൽ പറയുന്നത്. അതുകൊണ്ട് യഥാർത്ഥവിശ്വാസിയുടെ സാധാരണ ജീവിതത്തിൽ ഈ നിലയിലുള്ള അസ്വഭാവികത അനുഭവ പ്പെടുന്നുവെങ്കിൽ ആ വ്യക്തിക്ക് സംഭാഷണമിതത്വമില്ല; അങ്ങനെ യെങ്കിൽ ആ വ്യക്തി യഥാർത്ഥ വിശ്വാസിയുമല്ലായെന്നാണ് മനസ്സിലാ ക്കേണ്ടത്.

എന്നാൽ വിശ്വാസികളെ സംഭാഷണമിതത്വമുള്ളവരാക്കുന്ന മുഖ്യ പ്രേരകശക്തി: ഒന്നാമതായി, മനുഷ്യൻ പറയുന്ന ഓരോ വാക്കിനും ദൈവ ത്തിന് കണക്ക് കൊടുക്കേണ്ടവരാണെന്നുള്ള ബോധ്യവും (യാക്കോബ് 3:1,2; മത്തായി 12:36,37), രണ്ടാമതായി, ദ്രുതഗതയിൽ ആരെയും നന്നാക്കുവാനും നശിപ്പിക്കുവാനും, പണിയുവാനും പൊളിക്കുവാനും, ഗുണമായും ദോഷമായും പ്രവർത്തിക്കുവാൻ കഴിവുള്ള നാവിന്റെ

ശക്തിയെ മനസ്സിലാക്കി ആത്മസംയമനത്തോടെയുള്ള ജീവിതവുമാണ് (യാക്കോബ് 3:3–5, 9–12; സദൃശ. 12:18; 16:24 c.f. എഫെ. 4:29); ഇതാണ് യഥാർത്ഥ വിശ്വാസികളെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തരാക്കുന്നത്.

# 7

# പരിശോധനയിൽ ദൈവികജ്ഞാനം

**"നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ലനടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കട്ടെ. എന്നാൽ നിങ്ങൾക്കു ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിനു വിരോധമായി പ്രശംസിക്കയും ഭോഷ്ക്കു പറകയുമരുത്. ഇത് ഉയരത്തിൽനിന്നു വരുന്ന ജ്ഞാനമല്ല, ഭൗമികവും പ്രാകൃതവും പൈശാചികവും ആയതത്രേ. ഈർഷ്യയും ശാഠ്യവും ഉള്ളേടത്തു കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ട്. ഉയരത്തിൽനിന്നുള്ള ജ്ഞാനമോ ഒന്നാമതു നിർമ്മലവും പിന്നെ സമാധാനവും ശാന്തതയും അനുസരണവുമുള്ളതും കരുണയും സൽഫലവും നിറഞ്ഞതും പക്ഷപാതവും കപടവും ഇല്ലാത്തതുമാകുന്നു. എന്നാൽ സമാധാനം ഉണ്ടാക്കുന്നവർ സമാധാനത്തിൽ വിതെച്ചു നീതി എന്ന ഫലംകൊയ്യും"** (യാക്കോബ് 3:13-18).

തിരുവെഴുത്തിലെ ഒരു പ്രധാന വിഷയമാണ് ജ്ഞാനം. രണ്ട് വിധത്തിലുള്ള ജ്ഞാനത്തെക്കുറിച്ച് തിരുവെഴുത്ത് പ്രധാനമായും പരാമർശിക്കുന്നുണ്ട്: **ദൈവികജ്ഞാനവും ലൗകികജ്ഞാനവും.** ലൗകിക ജ്ഞാനം ആവോളം ആർജിച്ച ഒരു വ്യക്തിയായിരുന്നു യിസ്രായേൽ രാജാവായിരുന്ന ശലോമോൻ. "യെരൂശലേമിൽ തനിക്ക് മുമ്പുണ്ടായിരുന്ന എല്ലാവരെക്കാളും അധികം ജ്ഞാനം ഞാൻ സമ്പാദിച്ചിരിക്കുന്നു; എന്റെ ഹൃദയം ജ്ഞാനവും അറിവും ധാരാളം പ്രാപിച്ചിരിക്കുന്നു... ജ്ഞാനബാഹുല്യത്തിൽവ്യസനബാഹുല്യം ഉണ്ട്" (സഭാപ്രസംഗി 1:16-18); "...ഭോഷൻ മരിക്കുന്നതുപോലെ ജ്ഞാനിയും മരിക്കു

ന്നു..." (2:16) എന്നാണ് ഈ ജ്ഞാനി പറഞ്ഞത്.

ജ്ഞാനിയുടെയും ഭോഷന്റെയും അവസാനം ഒരുപോലെയെങ്കിലും എല്ലാവരും അറിവ് വർദ്ധിപ്പിക്കുകയും ജ്ഞാനം നേടുകയും ചെയ്യുന്നു. വിഡ്ഢിയെന്ന് സ്വയം ഏറ്റുപറയുന്ന ഒരു മനുഷ്യനുമില്ല. കാരണം, ഓരോ വ്യക്തിയും അവനവന്റെ നോട്ടത്തിൽ ജ്ഞാനിയാണ്. ഒരു വിഷയ ത്തോട് എങ്ങനെ പ്രതികരിക്കണം; അതിനെ എങ്ങനെ പ്രതിരോധി ക്കണം; എങ്ങനെ പ്രത്യാക്രമണം നടത്തണം ഇത്യാദികാര്യങ്ങളെല്ലാം തങ്ങൾക്കറിയാം, ഇതിൽ ആരും തങ്ങളെ ഉപദേശിക്കേണ്ടതില്ലാ യെന്നാണ് പൊതുവിൽ എല്ലാ മനുഷ്യരുടെയും ചിന്താഗതി. അങ്ങനെ യുള്ളവരോടാണ് "**നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ?**" (v. 13) എന്ന് യാക്കോബ് ചോദിക്കുന്നത്. ദൈവവിഷയമായി ജ്ഞാനിയും വിവേകിയുമെന്ന് നിരൂപിക്കുകയും അവകാശപ്പെടുകയും ചെയ്യുന്നവനാർ? ദൈവീകജ്ഞാനം സിദ്ധിച്ചുവെന്ന ചിന്തയോടിരി ക്കുന്നവനാർ? അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ "**അവർ ജ്ഞാന ലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവർത്തികളെ കാണിക്കട്ടെ**", അല്ലെങ്കിൽ, അവൻ ഉയരത്തിലെ ജ്ഞാനത്തിന്റെ അടയാളമായ സൗമ്യതയോടെയും നല്ല പെരുമാറ്റത്തിലൂടെയും തന്റെ പ്രവർത്തികൾ ചെയ്യട്ടെ എന്നാണ് യാക്കോബ് ഇവിടെ പറയുന്നത്.

ഹൃദയത്തിൽനിന്നും ഉയരുന്ന കൃപയും ദാക്ഷിണ്യവും മയവുള്ള ഒരു ശാന്തസ്വഭാവത്തെയാണ് സൗമ്യത സൂചിപ്പിക്കുന്നത്; ഇത് ഒരു സത്ഗുണമായും പരിഗണിക്കപ്പെടുന്നു; മശിഹയ്ക്ക് ഉണ്ടായിരുന്ന ഈ സത്ഗുണം തന്നെ അനുഗമിക്കുന്നവർക്കെല്ലാം ഉണ്ടാകണമെന്ന് താൻ ആഗ്രഹിക്കുന്നു (മത്തായി 11:29; 21:4; 2 കൊരി. 10:1 c.f. മത്തായി 5:5).

ലൗകികമായി അഥവാ ബുദ്ധിപരമായി മാത്രം ജ്ഞാനമുള്ളവർ ഉന്നതഭാവമുള്ളവരും അഹങ്കരിക്കുന്നവരും തങ്ങളുടെ പെരുമാറ്റ ത്തിലും പ്രവൃത്തിയിലും അതു വെളിപ്പെടുത്തുന്നവരും ആകുന്നതു പോലെ, ഉയരത്തിൽനിന്നുള്ള ദൈവികജ്ഞാനം ഉള്ളവർ സൗമ്യത യോടെയും നല്ല പെരുമാറ്റത്തിലൂടെയും അതു വെളിപ്പെടുത്തുന്നു.

അഭിപ്രായവ്യത്യാസം കലഹം ഏറ്റുമുട്ടൽ മുതലായ പരിശോധന യുടെ സന്ദർഭങ്ങളിൽ പ്രത്യേകിച്ച് വിശ്വാസികൾ സൗമ്യതയുള്ളവരാ യിരിക്കുവാൻ വചനം പ്രബോധിപ്പിക്കുന്നു (ഗലാ. 6:1; എഫെസ്യർ 4:2; 2 തിമൊ. 2:5; തിത്തൊസ് 3:2; 1 പത്രൊസ് 3:15). ഇങ്ങനെയുള്ള സന്ദർഭ ങ്ങളിൽ ദൈവത്തിന്റെ ദാസനായ മോശെയും ദൈവപുത്രനായ

ക്രിസ്തുവും തന്നെത്താൻ പ്രതിരോധിച്ചില്ലായെന്നും വചനം പറയുന്നു (സംഖ്യ. 12:3; 2 കൊരി. 10:1).

അതുകൊണ്ട്, ജ്ഞാനിയും വിവേകിയും എന്നതുകൊണ്ട്, ഒരു സാഹചര്യത്തെ ശരിയായി മനസ്സിലാക്കി അതിനനുസൃതമായി ശരിയായി പ്രവൃത്തിക്കാനുള്ള പ്രാപ്തിയാണ്; അർത്ഥാൽ വചനത്തിലെ യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ട് ജീവിക്കുന്നതും അതിനനുസൃതമായി പ്രവർത്തിക്കുന്നതുമാണ് യഥാർത്ഥ ജ്ഞാനവും വിവേകവും (ആവ. 4:5-6; ഇയ്യോബ് 28:28). ഒരു ഉപദോഷ്ടാവിന്റെ അടയാളവും ഇതു തന്നെയാണ് (മത്തായി 11:19). കാരണം, യഥാർത്ഥ ജ്ഞാനം പ്രസംഗത്തിലൂടെയല്ല, മറിച്ച്, പ്രവർത്തിയിലൂടെയാണ് വെളിപ്പെടുത്തേണ്ടത്. ഇക്കാരണത്താൽ തന്നെ ഉപദേഷ്ടാവിന്റെ വരത്തിൽ പ്രാപ്തിയോടുകൂടി നല്ല പെരുമാറ്റവും - യോഗ്യമായ ജീവിതരീതിയും ഒരു പ്രവാചക ആത്മാവും അടങ്ങിയിരിക്കുന്നതായി കാണുന്നു.

എന്നാൽ ഇതിന് വിരുദ്ധമായി, ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവുമായി നടക്കുന്ന ഉപദേഷ്ടാക്കൾ അസത്യപ്രസ്താവനകളിലൂടെ മറ്റുള്ളവരെ തെറ്റിദ്ധരിപ്പിക്കുന്നവരും അവിഹിതമാർഗ്ഗങ്ങളിലൂടെ അധികാരം പിടിച്ചെടുത്ത് എല്ലാവരുടെ മുകളിൽ നില്ക്കുവാൻ എരിവ് കാണിക്കുന്നവരുമാകുന്നു (3 യോഹ. 1:9,10). ഇത് ദൈവികജ്ഞാനമുള്ളവരുടെ അടയാളമല്ല, മറിച്ച്, ലൗകികജ്ഞാനമുള്ളവരുടെ അയാളമാകുന്നുവെന്ന് യാക്കോബ് പറയുന്നു.

അതുകൊണ്ട്, ലൗകികജ്ഞാനം വ്യാജവിശ്വാസത്തിന്റെയും ദൈവികജ്ഞാനം നിർവ്യാജവിശ്വാസത്തിന്റെ അടയാളമായിരിക്കുന്നു എന്നതാണ് 3:14-18 വാക്യങ്ങളിലെ പ്രതിപാദ്യവിഷയം.

## I. ലൗകികജ്ഞാനം (3:14-16)

### A. ലൗകികജ്ഞാനത്തിന്റെ ഉത്ഭവം (v.14)

"ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും" ഉള്ള അവസ്ഥയിൽനിന്നാണ് ലൗകികജ്ഞാനം/മാനുഷീകജ്ഞാനം ഉത്ഭവിക്കുന്നത്. "ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യ" എന്നതുകൊണ്ട്, മറ്റുള്ളവരുടെ നന്മയിൽ താല്പര്യമില്ലാത്തതും, ദോഷം നിരൂപിക്കുന്നതും, നാശം ആഗ്രഹിക്കുന്നതുമായ ഒരു ഹൃദയത്തിന്റെ അവസ്ഥയെയാണ് ഉദ്ദേശിക്കുന്നത്. തനിക്കില്ലാത്ത ഒന്ന് മറ്റൊരാൾക്ക് ഉണ്ടാകുമ്പോൾ ഉണ്ടാകുന്ന ഒരുതരം അസ്വസ്ഥതയാണിത് (അ.പ്ര. 5:17; 13:45; 1 കൊരി.

3:3; 2 കൊരി. 12:20). അതുപോലെ 'ശാഠ്യം' എന്നതുകൊണ്ട് സ്വാർത്ഥ മായ ആഗ്രഹമുള്ളതും സ്വാർത്ഥതാല്പര്യത്തിനു വേണ്ടിയുള്ളതും, സ്വാർത്ഥതയ്ക്കുള്ള പ്രവർത്തികൾ നിരൂപിക്കുന്നതുമായ ഹൃദയത്തെ യാണ് ഉദ്ദേശിക്കുന്നത്. കൈപ്പുള്ള ഈർഷ്യയിൽനിന്നും സ്വാർത്ഥ താല്പര്യമുള്ള ഹൃദയത്തിൽനിന്നുമാണ് മാനുഷികജ്ഞാനം ഉത്ഭവി ക്കുന്നത്. അതുകൊണ്ട് മാനുഷികജ്ഞാനത്തിന് സ്വതവേ മറ്റുള്ള വരോട് അതൃപ്തിയുള്ള ഒരു മനോഭാവം ഉണ്ട്. കാരണം, അത് സ്വാർത്ഥതയിൽ മാത്രം കേന്ദ്രീകൃതവും സ്വാർത്ഥതയിലൂടെ മാത്രം പ്രവർത്തിക്കുന്നതുമാണ്; അതിന്റെ ആഗ്രഹത്തിന് ഭീഷണിയാകുന്ന തിനെയും, അതിന്റെ നിലനില്പിനെ ചോദ്യം ചെയ്യുന്നതിനെയും അതി നോട് അഭിപ്രായവ്യത്യാസം പ്രകടിപ്പിക്കുന്നതിനെയും അത് അംഗീ കരിക്കുകയില്ലെന്ന് മാത്രമല്ല, ശത്രുവായും ഭീഷണിയായും കണക്കാ ക്കുകയും ചെയ്യുന്നു. കാരണം, മാനുഷ്യജ്ഞാനം കൈപ്പുള്ള ഈർഷ്യ യിൽനിന്നും സ്വാർത്ഥതയുള്ള ഹൃദയത്തിൽനിന്നും രൂപപ്പെടുന്നതാണ്.

എന്നാൽ **"ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിന് വിരോധമായി പ്രശംസിക്കയും ഭോഷ്ക്ക് പറകയുമരുത്"** എന്നാണ് യാക്കോബ് പറയുന്നത് (v. 14). അതായത് ദൈവീകജ്ഞാനം ഇല്ലാതിരിക്കെ, ഇല്ലാത്തതൊന്ന് ഉണ്ടെന്ന് അവകാശ പ്പെടുകയും അതിൽ പ്രശംസിക്കുകയും ചെയ്യരുത്; അങ്ങനെ ചെയ്യുന്നത് യാഥാർത്ഥ്യത്തിന് നിരക്കാത്തതും ഭോഷ്ക്കുമാണ്. കാരണം, ക്രിസ്തീയ വിശ്വാസം കേവലം ചിലകാര്യങ്ങൾ മനസ്സിലാക്കാനുള്ളത് മാത്രമല്ല, മറിച്ച്, ജീവിക്കുവാനും (യാക്കോബ് 5:19; 1 യോഹ. 1:6; 2 യോഹ. 1:4). അനുസരിക്കുവാനും ഉള്ളതാണ് (ഗലാ 5:7; 1 പത്രൊസ് 1:22); അതില്ലാത്ത വിശ്വാസം നിർജ്ജീവമാണ്. (യാക്കോബ് 2:17). കാരണം ഈർഷ്യയുള്ള ഒരാൾക്ക് ജ്ഞാനിയായിരിക്കാൻ കഴിയില്ല; മാത്രമല്ല, ജ്ഞാനം സൗമ്യതയിലൂടെ വെളിപ്പെടുത്തേണ്ടതായതു കൊണ്ടാണ് അതില്ലാത്തവർ സത്യത്തിന് വിരോധമായി പ്രശംസി ക്കരുത് എന്ന് പറയുന്നത് (1:18,21). അതുകൊണ്ട് കൈപ്പുള്ള ഈർഷ്യയും ശാഠ്യമുള്ള ഹൃദയവും മാനുഷികജ്ഞാനത്തിന്റെ മാത്രം പ്രഭവികേന്ദ്രമാണ്, ദൈവികജ്ഞാനത്തിന്റേതായിരിക്കുന്നില്ല.

## B. ലൗകികജ്ഞാനത്തിന്റെ സ്വഭാവം (v. 15)

### 1. ലൗകികജ്ഞാനം പ്രാപഞ്ചികമാണ് (ഭൗമികം)

അത് കാലത്തിനും വസ്തുവിനും അധീനമാണ്. അതുകൊണ്ട്, പ്രപഞ്ചത്തിന് പുറത്തുള്ള ഒന്നിനെകുറിച്ചും അറിവില്ലാത്തതാകുന്നു; എല്ലാ കാര്യങ്ങളിലും അത് ഭൗമികമായും പ്രാപഞ്ചികമായും പരിമിതപ്പെട്ടിരിക്കുന്നു. മനുഷ്യന് വെളിപ്പെട്ടിരിക്കുന്നതും മനസ്സിലാകുന്നതുമായ ചില മേഘലകളിൽ മാത്രം ഒതുങ്ങി നില്ക്കുന്നു; മാനുഷികമായ ചില പരീക്ഷണങ്ങളിലും നിരീക്ഷണങ്ങളിലും അനുഭവത്തിലും മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഭൗമിക പരിമിതിയിൽനിന്നുമാത്രം കാര്യങ്ങളെ വിശകലനം ചെയ്യുകയും വിശദീകരിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് അതിലൂടെ മനുഷ്യന് ദൈവത്തെ കണ്ടെത്തുവാൻ കഴിയാത്തത് (അ.പ്ര. 17:27); മരണാനന്തര ജീവിതത്തെക്കുറിച്ച് വ്യക്തത നേടുവാൻ കഴിയാത്തത്; ജീവിതത്തെക്കുറിച്ച് വ്യക്തത നേടുവാൻ കഴിയാത്തത് (ഇയ്യോബ് 14:14); ദൈവത്തെക്കുറിച്ച് അറിയാതെ പോയത് (1 കൊരി. 2:6,7).

### 2. ലൗകികജ്ഞാനം പ്രാകൃതമാണ് (v. 15)

ലൗകികജ്ഞാനം വീണ്ടും ജനിക്കാത്ത പ്രാകൃതമനുഷ്യഹൃദയത്തിൽ രൂപപ്പെട്ടതും പ്രാകൃതമനുഷ്യന്റെ നിലവാരത്തിലുള്ളതും പ്രാകൃതമനുഷ്യനെ തൃപ്തിപ്പെടുത്തുന്നതുമാണ്. അത് ആത്മികമായതിൽ നിന്നും തികച്ചും വ്യത്യസ്തമായി, ജഡികവും മാനുഷികവുമായ യുക്തിക്കും തോന്നലുകൾക്കും മാത്രം വിധേയമായതും ആത്മികവും ദൈവികവുമായി കാര്യങ്ങളെ വിവേചിക്കാത്തതുമാകുന്നു (1 കൊരി. 2:14). എങ്കിലും അത് ചീർപ്പിക്കുന്നതും അഹങ്കരിക്കുന്നതുമാണെന്ന് അപ്പൊസ്തലൻ പറയുന്നു (1 കൊരി. 8:1).

### 3. ലൗകികജ്ഞാനം പൈശാചികമാണ് (v. 15)

ലൗകികജ്ഞാനം പിശാചിനാൽ പരീക്ഷിക്കപ്പെടുന്നവർക്ക് പിശാച് വാഗ്ദാനം ചെയ്യുന്നതാണ്. “നിങ്ങൾ മരിക്കയില്ല... നിങ്ങളുടെ കണ്ണു തുറക്കും... നിങ്ങൾ ദൈവത്തെപോലെ ആകും” എന്നാണല്ലോ പഴയ പാമ്പ് സ്ത്രീയോട് പറഞ്ഞത് (ഉല്പത്തി 3:5). അങ്ങനെ പുതിയ അറിവും പുതിയ ആശയവും പുതിയ ആകർഷണവും വാഗ്ദാനം ചെയ്ത് ഉപായത്താൽ ചതിക്കുന്നതാണ് ലൗകികജ്ഞാനം (മത്തായി 4:6–8; 2 കൊരി. 11:3,4). മാത്രമല്ല, ലൗകികജ്ഞാനം അശുദ്ധാത്മാക്കളിൽനിന്നും വരുന്നതാണ്. ആഹാബിന് ഗിലയാദിലെ രാമോത്തിൽ വെച്ച് പട്ട് പോകുവാനായി സകല പ്രവാചകന്മാരുടെയും വായിൽ ഭോഷ്ക്കിന്റെ ആത്മാവിനെ നല്കി അവനെ വഞ്ചിച്ചത് അങ്ങനെയാണ്

(1 രാജാ. 22:21,22); തന്നെയുമല്ല, ലൗകികജ്ഞാനം ഭൂതങ്ങളുടെ ഉപദേശമാണെന്നും വചനം പറയുന്നു (1 തിമൊ. 4:1).

### C. ലൗകികജ്ഞാനത്തിന്റെ ഫലങ്ങൾ (v.16)

ഇൻർഷ്യയും ശാഠ്യവും ഉള്ളേടത്ത് **"കലക്കവും സകല ദുഷ്പ്രവർത്തിയും ഉണ്ട്"** (v. 16). **"കലക്കം"** എന്നതുകൊണ്ട്, കലാപം, മത്സരം, അരാജകത്വം എന്നിവയെയാണ് ഉദ്ദേശിക്കുന്നത്; എന്നാൽ ദൈവം കലക്കത്തിന്റെ ദൈവം അല്ല, മറിച്ച്, സമാധാനത്തിന്റെ ദൈവം ആകുന്നുവെന്ന് വചനം അസനിഗ്ദമായി പ്രഖ്യാപിക്കുന്നു (1 കൊരി. 14:33). മാത്രമല്ല, ലൗകികജ്ഞാനത്താൽ മനുഷ്യരുടെ ഇടയിലുള്ള സകല ദുഷ്പ്രവർത്തിയും വിശ്വാസകളിലേക്ക് പ്രവേശിക്കുകയും ചെയ്യും (ഗലാ. 5:15). അതുകൊണ്ട് ലൗകികജ്ഞാനത്തിന്റെ ഉത്ഭവം, സ്വഭാവം, ഫലങ്ങൾ മുതലായവ പരിഗണിച്ചാൽ ഇത് വ്യാജവിശ്വാസത്തിന്റെ അടയാളമാണെന്ന് തെളിയുന്നു.

## II. ദൈവികജ്ഞാനം (3:17,18)

യഥാർത്ഥ ജ്ഞാനം മനുഷ്യനുവേണ്ടിയുള്ള ദൈവിക പദ്ധതിയാണ്; അത് മനുഷ്യൻ സ്വന്തം നിലക്കല്ല, ദൈവത്തിൽനിന്നാണ് പ്രാപിക്കേണ്ടത് (സദൃശ. 2:1-6; 3:11-18; 9:15) c.f. ഉല്പത്തി 2:16,17; 3:22).

### A. ദൈവികജ്ഞാനത്തിന്റെ ഉത്ഭവം (v. 17)

യാക്കോബ് പ്രതിപാതിക്കുന്ന ഈ ജ്ഞാനം വിശ്വാസികൾക്ക് വായനയിലൂടെയോ പഠനത്തിലൂടെയോ മാനുഷിക ബുദ്ധിയിലൂടെയോ ലഭിക്കുന്നതല്ല; മറിച്ച്, ഉയരത്തിൽനിന്നും, അർത്ഥാൽ, ദൈവത്തിൽനിന്നും ദൈവവചനത്തിലൂടെയാണ് ലഭിക്കുന്നത് (സദൃശ. 6); അതുകൊണ്ടാണ്. **"എല്ലാ നല്ലദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽനിന്ന് ഇറങ്ങിവരുന്നു"** എന്ന് യാക്കോബ് തന്നെ പറയുന്നത് (1:17). **"ഉയരത്തിൽനിന്നു"**വരുന്നതുകൊണ്ട് തന്നെയാണ് "ഞങ്ങളുടെ പ്രബോധനം അബദ്ധത്തിൽനിന്നോ അശുദ്ധിയിൽനിന്നോ വ്യാജത്തോടെയോ വന്നതല്ല" എന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നതും (1 തെസ്സ. 2:3).

### B. ദൈവികജ്ഞാനത്തിന്റെ സ്വഭാവം (സവിശേഷതകൾ) (v.17)

ദൈവികജ്ഞാനത്തിന് പല സവിശേഷതകൾ ഉണ്ട്. അതിൽ ചിലതാണ് യാക്കോബ് ഇവിടെ അക്കമിട്ട് നിരത്തുന്നത്.

**ഒന്നാമതായി, ദൈവികജ്ഞാനം നിർമ്മലം ആകുന്നുവെന്ന്** യാക്കോബ് പറയുന്നു. അതിലൂടെ ദൈവികജ്ഞാനം കളങ്കപ്പെടാത്തതും, സമ്മിശ്രമാക്കത്തതും, തെറ്റും ശരിയും, നന്മയും തിന്മയും, സത്യവും മിഥ്യയും തമ്മിൽ കൂടികലരാത്തതും ഈർഷ്യയിൽനിന്നും സ്വാർത്ഥത യിൽനിന്നും സ്വതന്ത്രമായതും ഉദ്ദേശ്യശുദ്ധിയുള്ളതുമാകുന്നുവെന്നാണ് ലേഖകൻ ഇവിടെ ഉദ്ദേശിക്കുന്നത്.

അർത്ഥാൽ ധാർമ്മികമായി, യാതൊരു ന്യൂനതയോ ഊനമോ ഇല്ലാത്തതാകുന്നു.

**രണ്ടാമതായി, ദൈവികജ്ഞാനം സമാധാനം ഇഷ്ടപ്പെടുന്നത് അകുന്നു.** “സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവ ത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും” എന്ന് കർത്താവും (മത്തായി 5:9), “ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കു കയും ചെയ്‌വിൻ” (എഫെ. 4:3) എന്ന് അപ്പൊസ്തലനായ പൗലൊസും പറയുന്നുണ്ട്. അതോടുള്ള ബന്ധത്തിൽ **ദൈവികജ്ഞാനം ശാന്തത യുള്ളത് ആകുന്നു** എന്നും പറയുന്നു. ദൈവികജ്ഞാനം ഉള്ളവർ അപമാനവും ഉപദ്രവവും ഏറ്റുകൊണ്ട് ശാന്തത/സൗമ്യത നിലനിറുത്തുന്നു. കർത്താവിന് ഈ സ്വഭാവഗുണം ഉണ്ടായിരുന്നു (2 കൊരി. 10:1); മൂപ്പ ന്മാർക്ക് ഇത് ഉണ്ടാകേണ്ടതുമാണ് (1 തിമൊ. 3:3). മാത്രമല്ല, “സൗമ്യത യുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും” എന്ന് കർത്താവ് പറഞ്ഞിട്ടുമുണ്ട് (മത്തായി 5:5). അതുപോലെതന്നെ **ദൈവികജ്ഞാനം അനുസരണമുള്ളതും ആകുന്നു;** അതു സത്യത്തിനു വിധേയപ്പെടുന്നതും, ഉപദേശിക്കതക്കതും, മത്സരമില്ലാതെ വസ്തുത കളെ അംഗീകരിക്കുന്നതും വസ്തുതകൾക്ക് കീഴ്പ്പെടുന്നതും ആകുന്നു.

**മൂന്നാമതായി, ദൈവികജ്ഞാനം കരുണയുള്ളത് ആകുന്നു.** അത് കഷ്ടതയിൽ കരുണ കാണിക്കുന്നതും കരുണയോടെ ഇട പെടുന്നതും ആകുന്നു. എപ്പോൾ കരുണ കാണിക്കണം, എങ്ങനെ കരുണ കാണിക്കണം മുതലായതെല്ലാം ദൈവികജ്ഞാനമുള്ളവർക്ക് അറിയാം (c.f. മത്തായി 5:7). അതുപോലെ **ദൈവികജ്ഞാനം സൽഫലം നിറഞ്ഞതും ആകുന്നു.** അത് എല്ലാവിധ സൽഫലം നിറഞ്ഞതും സൽഗുണങ്ങൾ വെളിപ്പെടുത്തുന്നതും ആകുന്നു; വിശ്വാസിയിൽ വ്യാപരിക്കുന്ന ദൈവികശക്തിയുടെ പ്രകടമായ തെളിവാണ് ഈ സൽഫലങ്ങൾ (ഫിലിപ്പിയർ 1:9-11).

നാലാമതായി, ദൈവികജ്ഞാനം പക്ഷപാതം ഇല്ലാത്തത് ആകുന്നു. സ്വർഗ്ഗീയ ജ്ഞാനമുള്ള വ്യക്തി ഒരിക്കലും പക്ഷപാതമുള്ളവൻ ആയിരിക്കുകയില്ലെന്നു മാത്രമല്ല, തന്റെ അഭിപ്രായത്തിലും പ്രവൃത്തിയിലും ആത്മാർത്ഥതയും നിർമ്മലതയും ഉണ്ടായിരിക്കും അതു മുഖം നോക്കാതെ എല്ലാവരെയും ഒരുപോലെ കാണുകയും, ഒരുപോലെ അളക്കുകയും വിധിക്കുകയും ചെയ്യുന്നു (c.f. 2:1). അതുപോലെ ദൈവികജ്ഞാനം കപടം ഇല്ലാത്തതും ആകുന്നു. അത് ചതിവ്, വ്യാജഭാവം എന്നിവ ഇല്ലാത്തതും വഞ്ചന പിണക്കാത്തതും ആകുന്നു (1 പത്രൊസ് 2:1). അങ്ങനെയുള്ളവർക്ക് ആരെയെങ്കിലും സ്വാധീനിക്കുവാനായി നടിക്കുവാനോ അഭിനയിക്കുവാനോ കഴികയില്ല (1 പത്രൊസ് 1:22; റോമർ 12:9; 2 കൊരി 6:6; 1 തിമൊ. 1:5). അതുകൊണ്ട്, ദൈവികജ്ഞാനമുള്ളവർ സ്ഥിരതയുള്ളവരും, നേരുള്ളവരും, സുതാര്യത ഉറപ്പു വരുത്തുന്നവരുമായിരിക്കും.

ദൈവികജ്ഞാനത്തിന്റെ ചില സവിശേഷതകളാണ് യാക്കോബ് ഇവിടെ അക്കമിട്ട് നിരത്തിയത്; ഈ സവിശേഷതകളെല്ലാം യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമായിരിക്കുന്നു എന്നാണ് ഈ ഭാഗത്തുനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

## C. ദൈവികജ്ഞാനത്തിന്റെ ഫലം (v. 18)

ദൈവികജ്ഞാനം ഉള്ളവർ സമാധാനമുണ്ടാക്കുന്നവരും സമാധാനത്തിൽ വിതയ്ക്കുന്നവരും അതിന്റെ ഫലമായി നീതി എന്ന ഫലം കൊയ്യുന്നവരും നീതിയുടെ നന്മ അനുഭവിക്കുന്നവരുമായിരിക്കും. കാരണം, സമാധാനപ്രവൃത്തികൾ ചെയ്യുന്നതിന്റെ ഫലം നീതിയാണ് (സദൃശ. 3:18; 11:30). ഒരു കൊയ്ത്തും യാദൃശ്ചികമല്ല; അതിനു ദീർഘനാളുകളുടെ അദ്ധ്വാനവും അനുകൂല കാലാവസ്ഥയും മതിയായ കാത്തിരിപ്പും ആവശ്യമാണ് (ഹോശേയ 10:12,13; ഗലാ 6:7,8; ഫിലി. 1:9–11). അതുകൊണ്ടാണ്, ജ്ഞാനിയും വിവേകിയുമായി അവകാശപ്പെടുന്ന വ്യക്തി ജ്ഞാനത്തിന്റെ അടയാളമായ സൗമ്യതയോടെയും നല്ല പെരുമാറ്റത്തിലൂടെയും തന്റെ പ്രവർത്തികളെ കാണിക്കട്ടെയെന്ന് യാക്കോബ് പറയുന്നത്. കാരണം, ഒരാൾ ഏതുവിധസ്വഭാവം പ്രകടിപ്പിക്കുന്നു എന്നതിലൂടെ ഏതുവിധ ജ്ഞാനം സമ്പാദിച്ചിരിക്കുന്നുവെന്ന് തെളിയുന്നു; ഏതുവിധ ജ്ഞാനം സമ്പാദിച്ചിരിക്കുന്നുവെന്നത് ഏതുവിധ വിശ്വാസത്തോടെ ഇരിക്കുന്നുവെന്നതിന്റെ തെളിവാണ്; ഒരാൾ ഏതു

വിധ വിശ്വാസത്തോടെ ഇരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിൽ ആ വ്യക്തിയുടെ ഭാവി ഏതുവിധമായിരിക്കുമെന്ന് ഉറപ്പാക്കാം.

# 8

# പരിശോധനയിൽ ലോകത്തോടുള്ള വിരക്തി

"നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്നു? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽനിന്നല്ലയോ? നിങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല; നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകയും ചെയ്തിട്ടും ഒന്നും സാധിക്കുന്നില്ല; നിങ്ങൾ കലഹിക്കയും ശണ്ഠയിടുകയും ചെയ്തിട്ടും യാചിക്കായ്കകൊണ്ടു കിട്ടുന്നില്ല. നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്നു വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല. വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു. അല്ലെങ്കിൽ തിരുവെഴുത്തു വെറുതെ സംസാരിക്കുന്നു എന്നു തോന്നുന്നുവോ? അവൻ നമ്മിൽ വസിക്കുമാറാക്കിയ ആത്മാവ് അസൂയെക്കായി കാംക്ഷിക്കുന്നുവോ? എന്നാൽ അവൻ അധികം കൃപ നല്കുന്നു; അതുകൊണ്ടു "ദൈവം നിഗളികളോട് എതിർത്തുനില്ക്കയും താഴ്മയുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു" എന്നു പറഞ്ഞിരിക്കുന്നു. ആകയാൽ നിങ്ങൾ ദൈവത്തിനു കീഴടങ്ങുവിൻ; പിശാചിനോട് എതിർത്തുനില്പിൻ; എന്നാൽ അവൻ നിങ്ങളെ വിട്ടു ഓടിപോകും. ദൈവത്തോടു അടുത്തു ചെല്ലുവിൻ എന്നാൽ അവൻ നിങ്ങളോട് അടുത്തുവരും. പാപികളെ, കൈകളെ

**വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളോരേ, ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ; സങ്കടപ്പെട്ടു ദുഃഖിച്ചു കരവിൻ; നിങ്ങളുടെ ചിരി ദുഃഖമായും സന്തോഷം വിഷാദമായും തീരട്ടെ. കർത്താവിന്റെ സന്നിധിയിൽ താഴുവിൻ; എന്നാൽ അവൻ നിങ്ങളെ ഉയർത്തും"** (യാക്കോബ് 4:1-10).

ഒരു വ്യക്തിക്ക് ലോകത്തോടുള്ള മനോഭാവത്തിൽനിന്നും ആ വ്യക്തിയുടെ വിശ്വാസത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുവാൻ സാധിക്കും. ദൈവാത്മാവിനോടും ദൈവപുത്രനോടും ദൈവത്തോടും ദൈവിക പദ്ധതിയോടും ദൈവജനത്തോടും എതിരായുള്ളതും പൈശാചിക നിയന്ത്രണത്തിലുള്ളതുമായ ഒരു വ്യവസ്ഥിതിയെയാണ് ഇവിടെ ലോകം എന്ന് പറയുന്നത്. ഇതിൽ ദൈവത്തിന് വിരോധമായതും ദൈവത്തെ നിഷേധിക്കുന്നതുമായ ലോകത്തിന്റെ സ്ഥാപനങ്ങൾ, മൂല്യങ്ങൾ, നിലവാരം, ജീവിതരീതികൾ മുതലായതെല്ലാം അടങ്ങിയിരിക്കുന്നു.

യാദൃശ്ചികമായി ഒരാളിൽ പെട്ടെന്ന് സംഭവിക്കുന്ന ഒരു പ്രതിഭാസമല്ല ലോകസ്നേഹം; മറിച്ച്, മനഃപൂർവ്വമായതും ആലോചിച്ചുറപ്പിച്ച് ക്രമപ്പെടുത്തിയതുമായ ഒരു ആകർഷണവും അടുപ്പവും വിധേയത്വവുമാണ് ലോകസ്നേഹം; സ്വാർത്ഥതയും സ്വയ പ്രശംസയും സ്വയ പുകഴ്ചയും ദൈവത്തെ കൂടാതെയുള്ള സ്വയ സംതൃപ്തിയുമാണ് ലോകത്തിന്റെ ലക്ഷ്യം; അതിനോട് അനുരൂപരാകുന്നതാണ് ലോകസ്നേഹം. യഥാർത്ഥ ക്രിസ്തീയജീവിതം ആഗ്രഹിക്കുന്ന ഒരു വ്യക്തി ലോകത്തിൽനിന്നും അതിന്റെ മോഹങ്ങളിൽനിന്നും വേർപെടേണ്ടതുണ്ട്; അങ്ങനെ വേർപെടുന്നില്ലായെങ്കിൽ അത് ലോകസ്നേഹത്തിന്റെ അടയാളമാണ്. യാക്കോബ് 4:1-10 വാക്യങ്ങളിൽ ലോകസ്നേഹികളുടെ അടയാളം, ലോകസ്നേഹികളുടെ അപകടം, ലോകസ്നേഹികൾക്കുള്ള അരുളപ്പാട് മുതലായ കാര്യങ്ങളാണ് ലേഖകൻ വിശദീകരിക്കുന്നത്.

## I. ലോകസ്നേഹികളുടെ അടയാളം (4:1-3)

### A. നിയന്ത്രിക്കപ്പെടാത്ത മോഹം (4:1)

**"നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്നു? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽ നിന്ന**

ല്ലയോ?'' ഒന്നാമ
ത്തെ ചോദ്യത്തിന് ഉത്തരം രണ്ടാമത്തെ ചോദ്യം തരുന്നുണ്ട്.

മനുഷ്യരുടെ ഇടയിൽ ശണ്ഠയും കലഹവും ഉണ്ടാകുന്നതിനുള്ള പ്രധാനകാരണം മനുഷ്യനിലുള്ള ഭോഗേച്ഛകളാണ്. ഉപദ്രവങ്ങളുടെ സമ്മർദ്ദവും പിരിമുറുക്കവുമായിരിക്കാം അവരിൽ ശണ്ഠയും കലഹവും ഉളവാക്കിയതെന്ന് പ്രഥമദൃഷ്ട്യാ തോന്നുമെകിലും (1:2-4; 2:6,7; 5:4-6), ശണ്ഠയുടെയും കലഹത്തിന്റെയും അടിസ്ഥാനകാരണം ആന്തരിക സംഘർഷമാണ് (4,5; 1:10,11; 3:9-11); ആന്തരികസംഘർഷത്തിനു കാരണം സ്വാർത്ഥതാൽപര്യമുള്ള ഭോഗേച്ഛകളാണ്; ഈ ആഗ്രഹങ്ങൾ ശരീരത്തിന്റെ അവയവങ്ങളുമായി നിരന്തരം പോരാട്ടത്തിലാണ്. ഹൃദയ ത്തെ തൃപ്തിപ്പെടുത്താൻ ആഗ്രഹിക്കുന്ന മതിവരാത്ത മോഹങ്ങൾ (ഭോഗേച്ഛകൾ) ഓരോ മനുഷ്യനിലുമുണ്ട്. മനുഷ്യന്റെ സ്വാർത്ഥ ഹൃദയം തന്നിലുള്ള ഭോഗേച്ഛകളെ ജീവിതലക്ഷ്യമാക്കി തീർക്കുന്നു. സ്വയം ശക്തനാകുന്നതിലൂടെയും ആഗ്രഹിച്ചതെല്ലാം സ്വന്തമാക്കുന്നതി ലൂടെയും എല്ലാവരിലും എല്ലാറ്റിലും മികച്ച് നില്ക്കുന്നതിലൂടെയും ഈ മോഹങ്ങൾ എല്ലാം സാക്ഷാത്ക്കരിക്കാമെന്നാണ് പൈശാചിക നിയന്ത്രണത്തിലുള്ളതും ലോകവ്യവസ്ഥിതിയിൽ അധിഷ്ടിതമായതു മായ ലോകജ്ഞാനം അവനെ പ്രലോഭിപ്പിക്കുന്നത്.

മാത്രമല്ല, ഈ ഭോഗേച്ഛകൾ ശരീരത്തിലൂടെയും മനസ്സിലൂടെയും പ്രവർത്തിപ്പിക്കുന്ന ജഡത്തിന്റെ അവയവങ്ങളുമായി (കൊലൊ. 3:5) ചേർന്ന് വിശ്വാസിയോട് പോരാട്ടം നടത്തുകയും അവനെ കീഴ്പ്പെടുത്തു വാൻ ശ്രമിക്കുകയും ചെയ്യുന്നു (റോമർ 7:23). ഈ പോരാട്ടം പഴയ പ്രകൃതവും പുതിയ പ്രകൃതവും തമ്മിലല്ല, മറിച്ച്, പുതുമനുഷ്യന്റെ - അകമെയുള്ള മനുഷ്യന്റെ പ്രമോദമായ ദൈവത്തിന്റെ ന്യായപ്രമാണവും, ശരീരത്തിലൂടെയും മനസ്സിലൂടെയും പ്രവർത്തിക്കുന്നതുമായ ജഡ ത്തിന്റെ അവയവങ്ങളും തമ്മിലാണ് (റോമർ 7:18, 22-24; 1 പത്രൊസ് 2:11). എന്നാൽ ജഡസംതൃപ്തിക്കായുള്ള ഭോഗേച്ഛകളെ ജഡത്തിന് നിരസിക്കുമ്പോൾ, ഈ ഭോഗേച്ഛകൾ ജഡത്തെ തന്നെ ഉപയോഗിച്ചു കൊണ്ട് മനുഷ്യന് എതിരായി പോരാട്ടം നടത്തുന്നു; അതാണ് അവനെ തന്നോടുതന്നെയും മറ്റുള്ളവരോടും ശണ്ഠക്കും കലഹത്തിനും സംഘർഷത്തിനും ഇടയാക്കുന്നത്. തന്നെയുമല്ല, ഈ ഭോഗേച്ഛകൾ അവിശ്വാസികളുടെ അടയാളമാണെന്നും (ലൂക്കൊസ് 8:14) അന്ത്യകാല ത്തിന്റെ അടയാളമാണെന്നും (2 തിമൊ. 3:4) തിരുവെവുത്ത് തന്നെ

പറയുന്നു. അതുകൊണ്ടാണ് അവിശ്വാസികൾ നാനാവിധമോഹ ങ്ങൾക്കും ഭോഗങ്ങൾക്കും അധീനരും ഈർഷ്യയിലും അസൂയയിലും കാലം കഴിക്കുന്നവരും (തീത്തൊസ് 3:3) നീതികെട്ടവരും മലിനമോഹം കൊണ്ട് ജഡത്തെ അനുസരിച്ച് നടക്കുന്നവരും... വ്യഭിചാരിണിയെ കണ്ട് രസിക്കുകയും പാപം കണ്ട് തൃപ്തിപ്പെടാത്ത കണ്ണുള്ളവരുമാ കുന്നുവെന്നും വചനം പറയുന്നത് (2 പത്രൊസ് 2:10-14). എന്നാൽ വീണ്ടും ജനിച്ചവർ - ക്രിസ്തു യേശുവിനുള്ളവർ ഭോഗേച്ഛകൾക്കായി അവരിൽ പോരാടുന്ന ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമോഹം, അത്യാഗ്രഹം മുതലായ ജഡത്തിന്റെ അവയവങ്ങളെ മരിപ്പിക്കുകയും - നിർജ്ജീവമാക്കുകയും പ്രവർത്തിക്കാൻ അനുവദിക്കാതിരിക്കുകയും (കൊലൊ. 3:5); ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശി ക്കുകയും ചെയ്തിരിക്കുന്നു (ഗലാ. 5:14).

## B. തൃപ്തിപ്പെടാത്ത മോഹം (4:2)

**"നിങ്ങൾ മോഹിച്ചിട്ടും പ്രാപിക്കുന്നില്ല."** മോഹിക്കുക എന്നതിന് ആഗ്രഹത്തോടെ ഒന്നിലേക്ക് നോക്കുക, ആഗ്രഹിച്ചുകൊണ്ട് ഒന്നിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നാണർത്ഥം. ലോകത്തെ സ്നേഹിക്കുന്ന വർക്ക് പലവിധ മോഹങ്ങൾ ഉണ്ട്. സ്ഥാനം, മാനം, ധനം പ്രശസ്തീ സുഖം തുടങ്ങിയുള്ള സ്വാർത്ഥ താല്പര്യങ്ങളും മോഹങ്ങളും ലോക മനുഷ്യനുണ്ട്. എന്നാൽ മോഹം സാധിക്കാതെ വരുമ്പോൾ അത് നേടി യെടുക്കുന്നതിനായി ശണ്ഠയും കലഹവും മാത്രമല്ല, കുലയുടെയും അസൂയയുടെയും പാത മനുഷ്യൻ സ്വീകരിക്കുന്നുവെങ്കിലും ഒന്നും സാധിക്കാതെ വരുന്നു. അസൂയയും പകയും കുലപാതകത്തിലേക്കു നയിക്കുന്നു (മത്തായി 5:21,22 c.f. ഉല്പത്തി 37:11,20). പൗലൊസും ഈ ശൈലി ഉപയോഗിച്ചിട്ടുണ്ട് (ഗലാ. 5:15). അതുകൊണ്ടാണ്, "നിങ്ങൾ കൊല്ലുകയും അസൂയപ്പെടുകയും ചെയ്തിട്ടും ഒന്നും സാധി ക്കുന്നില്ല" (4:2) എന്ന് യാക്കോബ് ഇവിടെ പറയുന്നത്.

യിസ്രയേലിന്റെ രാജാവാകുവാനുള്ള മോഹത്തിൽ അബ്ശാലോം, തന്റെ പിതാവും രാജാവുമായ ദാവീദിനെതിരെ ആദ്യം മത്സരിക്കുകയും പിന്നീട് രാജാവിനെ കൊല്ലുവാൻ പോലും തരം നോക്കി നടന്നതായി 2 ശമൂവേൽ 15:1; 17:1-4 ൽ കാണുന്നുണ്ട്.

എന്നാൽ **"നിങ്ങൾ കലഹിക്കുകയും ശണ്ഠ കൂടുകയും ചെയ്തിട്ടും യാചിക്കായ്ക കൊണ്ട് കിട്ടുന്നില്ല"** എന്നാണ് യാക്കോബ് തുടർന്ന്

പറയുന്നത്. യാചിക്കുക എന്നതിന് അപേക്ഷിക്കുക എന്നാണർത്ഥം. മാത്രമല്ല, അപേക്ഷിക്കുന്നത് ആശ്രയിക്കുന്നതിന്റെ ഒരു അടയാളവു മാണ്. എന്നാൽ അനേകർക്കും ഈ നിലയിൽ ദൈവത്തോട് യാചിക്കു വാൻ കഴിയുന്നില്ല. അതിന് കാരണം, ആരുടെയും സഹായം ആവ ശ്യമില്ലാത്തതും ആരോടും കടപ്പാടില്ലാത്തതുമായ ഒരു സ്വതന്ത്ര ജീവി തശൈലി അവർ തിരഞ്ഞെടുത്തതുകൊണ്ടാണ്.

മാത്രമല്ല, അനേകരും മാനുഷിക വഴികളിലൂടെ തങ്ങളുടെ ആവശ്യ ങ്ങളെല്ലാം നേടിയെടുക്കാമെന്ന് നിരൂപിക്കുന്നതുകൊണ്ട് ദൈവത്തോട് സഹായം ചോദിപ്പാൻ താല്പര്യമില്ലാത്തവരാണ്. ലോകജ്ഞാനം പഠിപ്പിക്കുന്നതുപോലെ ജഡത്തെ അനുസരിച്ച് പ്രവർത്തിക്കുമ്പോൾ പ്രായോഗികത പ്രാർത്ഥനയിലും മികച്ചതും ഫലവത്തായും മനുഷ്യന് തോന്നുന്നു. ഇക്കാരണങ്ങളാൽ മനുഷ്യൻ ദൈവത്തോട് യാചിക്കു വാനും ചോദിക്കുവാനും ആഗ്രഹിക്കുന്നില്ല. എന്നാൽ യാചിച്ച് നേടുക എന്നത് ദൈവരാജ്യത്തിലെ ഒരു വ്യവസ്ഥയാണെന്നിരിക്കെ (മത്തായി 7:7; യോഹ. 16:24), ലോകസ്നേഹികൾ ദൈവത്തോട് യാചിക്കായ്ക കൊണ്ട് അവർക്ക് ദൈവത്തിൽനിന്നും ഒന്നും ലഭിക്കുന്നില്ല.

## C. സ്വാർത്ഥമായ മോഹം (4:3)

**"നിങ്ങൾ യാചിക്കുന്നു എങ്കിലും തിങ്ങളുടെ ഭോഗങ്ങളിൽ ചെല വിടേണ്ടതിന് വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല"**. എല്ലാ പ്രാർത്ഥനകളും ചെവികൊള്ളാതെ ചട്ടപ്രകാരം നടത്തുന്ന പ്രാർത്ഥനകൾ മാത്രമേ ദൈവം അംഗീകരിക്കുകയും അനുവദിക്കുകയും ചെയ്യുന്നുള്ളൂ വെന്നാണ് യാക്കോബ് ഇതിലൂടെ പറയുന്നത്. മാത്രമല്ല, **"നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല"** എന്ന് പറയുന്നതിലൂടെ, പല പ്രാർത്ഥനകൾക്കും മറുപടി ലഭിക്കാത്തതിന്റെ ഒരു കാരണവും യാക്കോബ് ഇവിടെ വെളിപ്പെടുത്തു കയാണ്. ഇവിടെ വല്ലാതെ യാചിക്കുക എന്നതുകൊണ്ട്, തെറ്റായ വാക്കുകൾ ഉച്ചരിക്കുക എന്നോ അർത്ഥമില്ലാതെ അധരചർവ്വണം നട ത്തുക എന്നോ അർത്ഥമില്ല, മറിച്ച് തെറ്റായ ലക്ഷ്യത്തോടെ യാചി ക്കുക എന്നാണർത്ഥം (ലൂക്കൊസ് 15:14). ഭോഗേച്ഛകൾ, കുലപാതകം അസൂയ ശണ്ഠ കലഹം ഇതൊന്നും, ശരിയായി യാചിക്കുന്നതിന്റെ അടയാളമല്ല; ശരിയായി പ്രാർത്ഥിക്കുന്നവർക്ക് ആവശ്യമുള്ളതെല്ലാം ലഭിക്കും. (മത്തായി 6:31,32); അതുകൊണ്ട് നല്ല കാര്യങ്ങൾ ചോദി

ച്ചാൽ മാത്രം പോരാ, നല്ല മനോഭാവത്തോടെ ചോദിക്കണം. ഭോഗേച്ഛ കൾ തങ്ങളുടെ ലക്ഷ്യമാക്കിയവർ പ്രാർത്ഥിക്കുന്നത് ദൈവത്തെ സേവി ക്കുന്നതിനല്ല, മറിച്ച്, തങ്ങളുടെ സ്വാർത്ഥതയെ തൃപ്തിപ്പെടുത്തുന്നതി നാണ് ഉപയോഗിക്കുന്നത്. തങ്ങളുടെ ലക്ഷ്യം ദൈവത്തെ സേവി ക്കുക എന്നതാണെങ്കിൽ, ദൈവം പ്രതികരിക്കുന്ന തരത്തിലുള്ള ആഗ്ര ഹങ്ങളും പ്രാർത്ഥനകളുമാണ് അവർക്കുണ്ടാവുക (മത്തായി 6:31-33 c.f. യാക്കോബ് 1:5). തെറ്റായ ആഗ്രഹങ്ങളും താൽപര്യങ്ങളും പ്രാർത്ഥ നയെ തടസ്സപ്പെടുത്തുന്നു; മനുഷ്യൻ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് ഭൗമിക സമൃദ്ധിക്കായി വല്ലാതെ യാചിക്കുമ്പോൾ തെറ്റായ ലക്ഷ്യമാണ് അതിലുള്ളത്. എല്ലാ നല്ല ദാനവും ദൈവത്തിൽനിന്ന് വരുന്നതുകൊണ്ട് മനുഷ്യന്റെ സ്വാർത്ഥതയെ നിറവേറ്റുവാനുള്ള ATM മെഷീനായി മനുഷ്യൻ ദൈവത്തെ കാണുന്നു. ഇതിലൂടെ ദൈവത്തിന് പ്രസാദകര മായ യാചനയും പ്രസാദമില്ലാത്ത യാചനയും ഉണ്ടെന്ന് തെളിയുന്നു. എന്നാൽ ലോകസ്നേഹിയായ മനുഷ്യൻ ഇതൊന്നും അറിയാതെ ലോകജ്ഞാനത്തിൽനിന്നും ലൗകിക പ്രചോദനം ഉൾക്കൊണ്ട് ലൗകിക പ്രാർത്ഥനകൾ നടത്തുന്നു. അങ്ങനെയുള്ള പ്രാർത്ഥനകൾ ദൈവേഷ്ടം നിറവേറ്റപ്പെടുവാനല്ല, മറിച്ച് സ്വന്ത ഇഷ്ടം നിറവേറ്റപ്പെടു വാനാണ്; എന്നാൽ യഥാർത്ഥ വിശ്വാസികൾ ദൈവഹിതപ്രകാരമാണ് പ്രാർത്ഥിക്കുക (1 യോഹ. 5:14). ഒരുവൻ ദൈവഹിതപ്രകാരം ചോദിച്ചാൽ, ചോദിക്കുന്നതിലും ആഗ്രഹിക്കുന്നതിലും അധികമായി ദൈവം നല്കു മെന്നതിന് നല്ലൊരു തെളിവാണ് യുവരാജാവായ ശലോമോന്റെ പ്രാർത്ഥനയിൽ കാണുന്നത്; അവൻ ദൈവത്തോട് ജ്ഞാനവും വിവേകവും ചോദിച്ചു; ദൈവം അവന് അതോടുകൂടി ധനവും സമ്പത്തും മാനവും നൽകി (2 ദിന. 1:7-12). അതുപോലെ തന്നെ ഒരു പക്ഷവാതരോഗിയെ കർത്താവിന്റെ അടുക്കൽ സൗഖ്യത്തിനായി കൊണ്ടുവന്നപ്പോൾ സൗഖ്യത്തോടുകൂടെ കർത്താവ് അവന് പാപ മോചനവും കൊടുത്തതായി കാണുന്നു (മത്തായി 9:2).

എന്നാൽ ലോകസ്നേഹികൾ യാചിക്കുന്നത് ദൈവഹിതപ്രകാര മല്ല, കർത്താവിന്റെ നാമത്തിലല്ല, മറിച്ച്, അവരുടെ സ്വാർത്ഥമോഹം നിറവേറ്റുന്നതിനാണ് - അവരുടെ ഭോഗങ്ങളിൽ ചിലവിടേണ്ടതിന് മാത്ര മാണ്. എന്നാൽ പ്രാർത്ഥനയോടുള്ള ബന്ധത്തിൽ കർത്താവ് വ്യവസ്ഥ യായി പറഞ്ഞത് "നിങ്ങൾ എന്റെ നാമത്തിൽ അപേക്ഷിക്കുന്നത് ഒക്കെയും ഞാൻ ചെയ്തു തരും" എന്നാണ് (യോഹ. 14:13,14). അതു

കൊണ്ട് കർത്താവിന്റെ ഇഷ്ടപ്രകാരം, കർത്താവ് ചോദിക്കുന്നതു പോലെ, കർത്താവിനുവേണ്ടി, കർത്താവിലൂടെ ദൈവം മഹത്വപ്പെടേണ്ട തിന് ചോദിക്കുന്നതിനാണ് എന്റെ നാമത്തിൽ ചോദിക്കുക എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. അങ്ങനെ ചോദിക്കുന്ന സകലവും തീർച്ച യായും കർത്താവ് തന്റെ ജനത്തിനു വേണ്ടി ചെയ്തുതരും. എന്നാൽ ലോകസ്നേഹികൾക്ക് ഭോഗത്തിനായുള്ള നിയന്ത്രിക്കപ്പെടാത്ത മോഹവും തൃപ്തിപ്പെടാത്ത മോഹവും സ്വാർത്ഥമോഹവും ഉള്ളതിനാൽ അവർക്ക് അങ്ങനെ ചോദിക്കുവാൻ ഒരു നാളും കഴിയുകയില്ല. അതു കൊണ്ട് അവർക്ക് ദൈവത്തിൽനിന്നും ഒന്നും ലഭിക്കുന്നില്ല. യാക്കോബ് 1:6-8 വരെ വാക്യങ്ങളിൽ സംശയിക്കുന്നവന്റെ പ്രാർത്ഥനയ്ക്ക് ദൈവ ത്തിന്റെ പ്രതികരണമില്ലായെന്ന് പറയുമ്പോൾ 4:2,3 വാക്യങ്ങളിൽ ലോകസ്നേഹികളുടെ സ്വാർത്ഥതയോടെയുള്ള പ്രാർത്ഥനയ്ക്ക് ദൈവ ത്തിന്റെ പ്രതികരണമില്ലായെന്ന് പറയുന്നു.

## II. ലോകസ്നേഹികളുടെ അപകടം ( v. 4-6)

**"വ്യഭിചാരിണികളായുള്ളോരേ, ലോകസ്നേഹം ദൈവ ത്തോടു ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛി ക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിതീരുന്നു."**

ലോകസ്നേഹികളെ "വ്യഭിചാരിണികളായുള്ളോരേ" എന്നാണ് യാക്കോബ് അഭിസംബോധന ചെയ്യുന്നത്. "വ്യഭിചാരിണികളായുള്ളോരേ" എന്ന് സ്ത്രീലിംഗത്തിൽ പറഞ്ഞിരിക്കുന്നത് ഒരു പഴയനിയമശൈലി യിലാണ്. കാരണം, ദൈവജനത്തെ ദൈവത്തിന്റെ മണവാട്ടിയായിട്ടാണ് യാക്കോബ് ഇവിടെ ഉപമിച്ചിരിക്കുന്നത് (യെശ. 54: 5,6). മാത്രമല്ല, യിസ്രായേലിന്റെ ദൈവത്തോടുള്ള അവിശ്വസ്തതയെ ഭാര്യയ്ക്ക് ഭർത്താവിനോടുള്ള അവിശ്വസ്തതയായും തിരുവെഴുത്ത് ഉപമിച്ചിട്ടുണ്ട്. തന്നെയുമല്ല, ഇവിടെ പരാമർശിക്കുന്ന വ്യഭിചാരം ദുർന്നടപ്പല്ല, മറിച്ച്, തിരുവെഴുത്തിൽ ധാരാളം കാണുന്ന ഒരു ആലങ്കാരിക പ്രയോഗമാണ്. ദൈവ ത്തോട് അവിശ്വസ്തത പുലർത്തിയ യിസ്രായേലിനെ ദൈവത്തിന്റെ പ്രവാചകൻ ഈ പേരിൽ വിളിച്ചിട്ടുണ്ട് (യിരെ. 3:8); വിശ്വാസത്യാഗി യായ യഹൂദയെയും പ്രവാചകൻ ഈ പേരിൽ വിളിച്ചിട്ടുണ്ട് (യെ ഹെ. 16:32-34). യേശുക്രിസ്തുവിന്റെ കാലത്തുണ്ടായിരുന്ന അവിശ്വാ സികളായ യിസ്രായേൽ മക്കളെ നോക്കി "ദോഷവും വ്യഭിചാരവു

മുള്ള തലമുറ” എന്ന് കർത്താവും പറഞ്ഞിട്ടുണ്ട് (മത്തായി 12:39, 16:4;) അതുകൊണ്ട്, ക്രിസ്തുവിശ്വാസിയെന്ന് അവകാശപ്പെടുകയും എന്നാൽ ലോകത്തെയും അതിലുള്ളതിനെയും സ്നേഹിക്കുകയും ലൗകിക വഴി അവലംബിക്കുകയും ചെയ്യുന്നവരെയാണ് വ്യഭിചാരിണി കളായുള്ളോരേ എന്ന് യാക്കോബ് ഇവിടെ വിളിക്കുന്നത്. “**ലോക സ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ**”. ക്രിസ്തുവിശ്വാസികളായ എല്ലാവരും പൊതു വിൽ അറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു യാഥാർത്ഥ്യ മാണിത്. എന്നാൽ അവരുടെ മനോഭാവവും പ്രവർത്തികളും അവ രുടെ അറിവിന് അനുസരണമുള്ളതായിരുന്നില്ല. ലോകസ്നേഹികളുടെ മനോഭാവവും പ്രവർത്തികളും ദൈവത്തിനും ദൈവികവ്യവസ്ഥയ്ക്കും എതിരാണ് (ശണ്ഠയും കലഹവും, സ്വാർത്ഥമായ ഭോഗേച്ഛയും). മാത്ര മല്ല ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ആഗ്രഹിക്കുന്നവരെല്ലാം അവരുടെ പരിശ്രമത്തിൽ വിജയിച്ചാലും ഇല്ലെങ്കിലും ദൈവത്തിന്റെ ശത്രു ക്കളാണ്. ദേഹിയുടെ ശത്രുവായ ലോകത്തെയും അതിലുള്ളതിനെയും (1 യോഹ. 2:15,16). എതിർക്കുവാൻ നാം ദൈവത്തോടു കുറുള്ളവർ ആകണം; അതല്ലാതെ ലോകക്രമത്തിന് വിധേയരായവർ ദൈവക്രമ ത്തിന് വിരുദ്ധരാകുന്നു. കാരണം, ദൈവത്തെ അനുസരിച്ച അബ്രഹാമിന് ദൈവത്തിന്റെ സ്നേഹിതൻ എന്ന് പേർ ലഭിച്ചപ്പോൾ ലോകത്തിന്റെ സ്നേഹിതന് ദൈവത്തിന്റെ ശത്രു എന്നാകുന്നു പേർ കാരണം, ക്രിസ്തു വി ശ്വാസികൾക്കും ലോകത്തിനും വ്യത്യസ്ത താല്പര്യങ്ങളാണുള്ളത്; ക്രിസ്തുവിശ്വാസികൾ ലോകത്തിന്റെ ആത്മാവിനെയല്ല പ്രാപിച്ചത് (1 കൊരി. 2:12); അവർക്ക് ലോകസ്നേഹം വിലക്കപ്പെട്ടിരിക്കുകയും (1 യോഹ. 2:15), പ്രപഞ്ചമോഹങ്ങളെ വർജ്ജിച്ചു ജീവിക്കുവാൻ കല്പന ലഭിക്കുകയും ചെയ്തിരിക്കുന്നു (തീത്തൊസ് 2:13); മാത്രമല്ല, അവർ ലോകത്തോട് അനുരൂപർ ആകരുതെന്നും (റോമർ 12:2), ലോകത്താ ലുള്ള കളങ്കം പറ്റാതെ തന്നെത്താൻ കാത്തുകൊള്ളണം എന്നും (യാക്കോബ് 1:27), അവരെ ക്രിസ്തു എന്ന ഏക പുരുഷന് നിർമ്മല കന്യകയായി ഏല്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു എന്നും (2 കൊരി. 11:2) വചനം പറയുന്നു. അതുകൊണ്ട്, കർത്താവിൽ വിശ്വസി ക്കുന്നവരുടെ ലോകസ്നേഹം ആത്മിക വ്യഭിചാരവും ദൈവത്തിനെ തിരായുള്ള വിശ്വാസവഞ്ചനയുമാണ്; “**ആകയാൽ ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ**

**ശത്രുവായിത്തീരുന്നു"** (v. 4). ഇക്കാരണത്താൽ തന്നെ ലോക സ്നേഹികളോട്, തന്റെ ശത്രുക്കളോട് എന്നപോലെ ദൈവം ഇടപെടുമെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്. ദൈവം തന്റെ ശത്രുക്കളെ തകർത്തുകളയും എന്നും (സങ്കീ. 68:21), യഹോവ തന്റെ ശത്രുക്കളോട് പ്രതികാരം ചെയ്യുമെന്നും (നഹൂം 1:2), അവൻ തന്റെ ശത്രുക്കളെ പാദപീഠമാക്കുമെന്നും (സങ്കീ. 110:1) വചനം പറയുന്നുണ്ട്.

സ്വാർത്ഥതയിൽ അധിഷ്ഠിതമായതും ദൈവികമൂല്യങ്ങൾക്ക് സ്ഥാനമില്ലാത്തതുമായ ഈലോക വ്യവസ്ഥിതിപ്രകാരം ജീവിക്കുവാൻ ആഗ്രഹിക്കുന്നവരെല്ലാം ദൈവത്തിന്റെ ശത്രുക്കളായി തന്നെത്താൻ തീർക്കുകയാണ് ചെയ്യുന്നത്; മാത്രമല്ല ലോകത്തെ സ്നേഹിക്കുന്നവരിൽ പലരും തങ്ങൾ ദൈവത്തിന്റെ ശത്രുകൾ ആകുന്നുവെന്നുള്ള അറിവില്ലാത്തവരുമാണ്. പുറമെ ധാർമ്മികതയും മാന്യതയും വെളിപ്പെടുത്തുന്നവരെല്ലാം ദൈവത്തെ പ്രസാദിപ്പിക്കുന്നവരും ദൈവത്തെ സ്നേഹിക്കുന്നവരുമാണെന്നാണ് പൊതുവിൽ കരുതപ്പെടുന്നതെങ്കിലും, അവർ ലോകത്തെ സ്നേഹിക്കുന്നവർ ആകയാൽ ദൈവത്തിന്റെ ശത്രുക്കളാണ്. ഒരു വശത്ത് ആത്മീയകൂട്ടങ്ങളോട് ചേർന്നുനില്ക്കുകയും മറുവശത്ത് ലൗകികകാര്യങ്ങളിൽ മുഴുകിയുമിരിക്കുന്നവർ ദൈവത്തിന്റെ ശത്രുക്കളാണ്; അവരുടെ അവസാനം നാശമാണ്; അവരുടെ ദൈവം വയറ്; ലജ്ജയായതിൽ അവർക്ക് മാനം തോന്നുന്നു; അവർ ഭൂമിയിലുള്ളത് ചിന്തിക്കുന്നു (ഫിലി. 3:18,19; 2 തിമൊ. 3:4,5).

**"അല്ലെങ്കിൽ തിരുവെഴുത്ത് വെറുതെ സംസാരിക്കുന്ന എന്ന് തോന്നുന്നുവോ".** തിരുവെഴുത്ത് വെറുതെ പറയുന്നതാണെന്ന് പരിഹാസികൾ ചിന്തിക്കുന്നുവെങ്കിലും (സദൃശ. 3:34), തിരുവെഴുത്ത് യാതൊന്നും വെറുതെ പറയുന്നില്ല (സംഖ്യ. 14:29). എന്നാൽ ഏതെങ്കിലും തിരുവെഴുത്തിനെ പ്രത്യേകമായി പരാമർശിക്കുകയല്ല യാക്കോബ് ഇവിടെ പറയുന്നത്; മറിച്ച്, ഈ വിഷയത്തിൽ പഴയനിയമ തിരുവെഴുത്തിലെ പൊതുവായ ഒരു ഉപദേശത്തെയാണ് പരാമർശിക്കുന്നത് (ഗലാ. 5:17). അതുകൊണ്ട് **"ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നു"** എന്ന് തിരുവെഴുത്ത് വെറുതെ പറയുകയല്ല, കാരണം, ലോകസ്നേഹവും സ്വന്തമാക്കാനുള്ള അസൂയയും മോഹവും ദൈവത്തിൽനിന്നല്ല, ലോകത്തിൽനിന്നാണ് പ്രാപിച്ചത് (യാക്കോബ് 3:14,16 c.f. 1 യോഹ 2:16).

**“അവൻ നമ്മിൽ വസിക്കുമാറാക്കിയ ആത്മാവ് അസൂയെക്കായി കാംക്ഷിക്കുന്നുവോ?”** (v. 5) എന്നാണ് യാക്കോബ് തുടർന്ന് ചോദിക്കുന്നത്. കാരണം, ലോകസ്നേഹം ദൈവത്തോട് ശത്രുത്വം ആകുന്നുവെന്നും, ലോകത്തിന്റെ സ്നേഹിതൻ ആകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദൈവത്തിന്റെ ശത്രുവായിത്തീരുന്നുവെന്നുമുള്ള വചനമുള്ളതുകൊണ്ട്, ലോകസ്നേഹികളെ തന്റെ വചനപ്രകാരം ദൈവം ന്യായം വിധിക്കുമെന്നുള്ള നമ്മിൽ അധിവസിക്കുന്ന ആത്മാവിന്റെ ആ തീക്ഷ്ണതയുള്ളതായ വാഞ്ഛ വെറുതെയാണെന്ന് ദൈവിക സ്വഭാവത്തെ അറിയുന്ന ആരെങ്കിലും നിരൂപിക്കുമോ? ആർക്കെങ്കിലും അങ്ങനെ കരുതുവാൻ കഴിയുമോ എന്നാണ് യാക്കോബ് അനുവാചകരോട് ചോദിക്കുന്നത്. ലോകത്തിന്റെ ആത്മാവ് നമ്മിൽ ലോകമോഹങ്ങൾക്കുവേണ്ടി അസൂയയോടെ കാംക്ഷിക്കുമ്പോൾ, ദൈവം നമ്മിൽ അധിവസിക്കുമാറാക്കിയ തന്റെ ആത്മാവ് (പരിശുദ്ധാത്മാവ്) ദൈവത്തിനുവേണ്ടി വളരെ കാംക്ഷിക്കുന്നു.

**“എന്നാൽ അവൻ അധികം കൃപ നല്കുന്നു”**. അതുകൊണ്ട് ലോകത്തോടുള്ള പ്രലോഭനത്തെ അതിജീവിക്കുവാനും ദൈവത്തിനുവേണ്ടിയുള്ള എരിവിനായി തന്നെത്താൻ സമർപ്പിക്കാനുമുള്ള കൃപയാണ് ഇവിടെ വിഷയം.

ലോകസ്നേഹികൾ ദൈവമുമ്പാകെ നിഗളികളും, ദൈവകോപത്തിനും തീക്ഷ്ണതയ്ക്കും അർഹരുമായിരിക്കുമ്പോൾ (പുറ. 20:5; 34:14; സെഖ. 8:2), ദൈവത്തെ സ്നേഹിക്കുന്നവർ ദൈവമുമ്പാകെ താഴ്മയുള്ളവരും ദൈവത്തിന്റെ അധിക കൃപയ്ക്ക് അർഹരുമായിത്തീരുന്നു (റോമർ 5:20 c.f. എബ്രാ. 4:16). അതുകൊണ്ടാണ് **“ദൈവം നിഗളികളോട്”** - തന്നെത്താൻ മറ്റുള്ളവർക്കുമീതെ ഉയർത്തികാണിക്കുന്നവരോട് - **“എതിർത്ത് നില്ക്കയും”** - യുദ്ധംചെയ്കയും, **“താഴ്മയുള്ളവർക്ക്”** - ദൈവമുമ്പാകെ താഴ്മയുള്ളവർക്ക് **“കൃപ നല്കുകയും ചെയ്യുന്നു”** എന്ന് വചനത്തിൽ കാണുന്നത് (സദൃശ. 3:34; മത്തായി 23:12; 1 പത്രൊസ് 5:5).

അഹങ്കാരികൾക്കും നിഗളികൾക്കും ദൈവാശ്രയം ഇല്ല; അവർ ലോകത്തിന്റെ വഴിയിൽ നടന്ന് ദൈവത്തിന്റെ ശത്രുക്കളായി ജീവിക്കുമ്പോൾ, ദൈവമുമ്പാകെ താഴ്മയുള്ളവർ ദൈവത്തിൽ ആശ്രയിക്കയും ലോകത്തിന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാൻ ദൈവം അവർക്ക് അധികം കൃപ നൽകുകയും ചെയ്യുന്നു.

## III. ലോകസ്നേഹികൾക്കുള്ള അരുളപ്പാട് (7–10)

ദൈവികജ്ഞാനം ലഭിക്കണമെങ്കിൽ, ആത്മിക വ്യഭിചാരം ഒഴിവാക്കണമെങ്കിൽ വിശ്വാസികളുടെ ഭാഗത്തുനിന്നും അടിയന്തിരമായി ഉണ്ടാകേണ്ടതായ ചില പ്രതികരണങ്ങളാണ് 7–10 വാക്യങ്ങളിലൂടെ ലേഖകൻ അനുവാചകരുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

### A. ദൈവത്തിന് കീഴടങ്ങുവിൻ (v. 7a)

പൗരന്മാർ ശ്രേഷ്ഠാധികാരങ്ങൾക്ക് കീഴടങ്ങുന്നതുപോലെ, ദാസന്മാർ യജമാനന്മാർക്ക് കീഴടങ്ങുന്നതുപോലെ, മക്കൾ മാതാപിതാക്കൾക്ക് കീഴടങ്ങുന്നതുപോലെ, (ലൂക്കൊസ് 2:51; റോമർ 13:1; എഫെ. 5:22; തീത്തൊസ് 2:9; 1 പത്രൊസ് 2:13) ദൈവത്തിന്റെ മക്കൾ ദൈവത്തിന്റെ അധികാരത്തിൻ കീഴിൽ അണിനിരക്കുവാനും ക്രമപ്പെടുവാനും, ദൈവത്തിന് പ്രാധാന്യമുള്ളത് തങ്ങൾക്ക് പ്രാധാന്യമുള്ളത് ആക്കി തീർക്കുവാനും ദൈവത്തിന്റെ മുൻഗണനകൾ തങ്ങളുടെ മുൻഗണനകൾ ആക്കിതീർക്കുവാനുമായി ദൈവത്തോട് ഒരു സമർപ്പണവും ദൈവം തന്റെ ജനത്തിന്റെ മേൽ അധികാരികൾ ആക്കിയവരോട് ഒരു എളിയ മനോഭാവവും കൈകൊള്ളുന്നതിനെയുമാണ് (എബ്രാ. 13:17) ദൈവത്തിന് കീഴടങ്ങുവിൻ എന്ന വചനത്തിലൂടെ ഉദ്ദേശിക്കുന്നത്.

### B. പിശാചിനോട് എതിർത്തു നില്പിൻ (v. 7b)

പ്രതിയോഗിയായ പിശാചാണ് സകല തിന്മയുടെയും ഉറവിടം. അവൻ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റിനടക്കുന്നു (1 പത്രൊസ് 5:8). പിശാച് മനുഷ്യനെയും ക്രിസ്തുവിനെയും പല നിലയിൽ പരീക്ഷിച്ചിട്ടുണ്ട്. അതിൽനിന്നും അവിശ്വാസം അനുസരണക്കേട്, ഭോഷക്ക് ദൈവഹിതമല്ലാത്തത് ചെയ്യുവാനുള്ള പ്രേരണ, ദൈവഹിതമല്ലാത്തത് ദൈവത്തിൽ ആശ്രയിച്ച് ചെയ്യുവാനുള്ള പ്രേരണ, ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാതെ കുറുക്കുവഴിയിലൂടെ നേടിയെടുക്കാനുള്ള പ്രേരണ മുതലായതെല്ലാം ദൈവജനത്തെ തോല്പിക്കുവാനുള്ള പിശാചിന്റെ തന്ത്രങ്ങളാണ്. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ച് പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിച്ച് പിശാചിന്റെ തന്ത്രങ്ങളെ വചനം കൊണ്ട് പ്രതിരോധിക്കുമ്പോഴാണ് (എഫെ. 6:13–18 c.f. മത്തായി 4:8) പിശാചിനോട് എതിർത്തു നില്ക്കുവാൻ ദൈവജനം സജ്ജരാകുന്നതും എതിർത്ത് നില്ക്കുന്നതും; അപ്പോൾ മാത്രമേ അവൻ ദൈവജനത്തെ വിട്ട് ഓടിപോകുകയുള്ളൂ –ഒഴിഞ്ഞുപോകുകയുള്ളു (1 പത്രൊസ് 5:8).

## C. ദൈവത്തോട് അടുത്ത് ചെല്ലുവിൻ ( v. 8)

ദൈവവുമായി നിരപ്പിനുള്ള ഒരു ആഹ്വാനമാണിത് (ഹോശ. 12:6); ദൈവത്തിന്റെ അടുത്ത് ചെല്ലുവാനുള്ള മുഖാന്തരവും സാധ്യതയും ദൈവജനത്തിനുണ്ടെങ്കിലും (യോഹ. 14:6; എബ്രാ. 4:16; 10:19–22) അധരം കൊണ്ടല്ല, മറിച്ച്, ഹൃദയംകൊണ്ട് അവർ അടുത്തു ചെല്ലണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത് (യെശ. 29:13). എന്നാൽ യഹോവയോട് അടുക്കുന്നവർക്ക് യഹോവ ഹാനിവരുത്താതിരിക്കേണ്ടതിന് അടുക്കുന്നതിന് മുൻപ് അവർ ശുദ്ധിവരുത്തണം എന്നും വചനം പറയുന്നുണ്ട് (പുറ. 19:22 c.f. 1 പത്രൊസ് 2:9). ലോകസ്നേഹം നിമിത്തം വിശ്വാസികളുടെ മനോഭാവത്തിലും പ്രവർത്തിയിലും അടിഞ്ഞുകൂടിയ മലിനതയെ നീക്കി ശുദ്ധീകരിക്കുന്നതിന്റെ പ്രതീകമായിട്ടാണ് കൈകളെ വെടിപ്പാക്കുവാനും ഹൃദയങ്ങളെ ശുദ്ധീകരിക്കുവാനും തുടർന്ന് ലേഖകൻ അനുവാചകരെ ആഹ്വാനം ചെയ്യുന്നത്. കാരണം, ദൈവത്തോട് അടുക്കുന്നവർക്ക് ഈ നിലയിലുള്ള ശുദ്ധീകരണം ആവശ്യമാണ് (പുറ. 30:19–21 c.f. യോഹ. 13:10); അല്ലെങ്കിൽ തന്നോട് അടുക്കുന്നവരാൽ യഹോവ ശുദ്ധീകരിക്കപ്പെടുമെന്ന് (യഹോവ അവർക്കതിരെ ന്യായവിധി നടത്തും) വചനം മുന്നറിയിപ്പ് നല്കിയിട്ടുണ്ട് (ലേവ്യ. 10:3). ഈ നിലയിൽ ശുദ്ധീകരിച്ചുകൊണ്ട് ദൈവത്തോട് അടുക്കുന്നവരുടെ അടുക്കലേക്ക് ദൈവം അടുത്തുവരും എന്നാണ് ലേഖകൻ അനുവാചകരെ ഓർപ്പിക്കുന്നത് (ആവ. 4:7; സങ്കീ 145:18; സെഖ. 1:3).

**“പാപികളെ കൈകളെ വെടിപ്പാക്കുവിൻ; ഇരുമനസ്സുള്ളവരേ ഹൃദയങ്ങളെ ശുദ്ധീകരിപ്പിൻ”**. പ്രവൃത്തിയിലും നിരൂപണത്തിലുമുള്ള കളങ്കം നീക്കുവാനുള്ള ആലങ്കാരിക ആഹ്വാനം കാരണം യിസ്രായേലിലെ ആചാരശുദ്ധി ആന്തരികവിശുദ്ധിയും ധാർമ്മിക വിശുദ്ധിയും സൂചിപ്പിക്കുന്നതായിരുന്നു (പുറ. 30:17–21; യെശ. 1:16). യഹോവയുടെ വാസസ്ഥലമായ വിശുദ്ധ പർവ്വതത്തിൽ കയറാൻ പ്രവൃത്തിയിലും മനോഭാവത്തിലും വിശുദ്ധി ആവശ്യമാണ്. (സങ്കീ. 24:3,4 c.f. മത്തായി 5:8).

## D. സങ്കടപ്പെട്ട് ദുഃഖിച്ച് കരവിൻ (v. 9)

**“സങ്കടപ്പെട്ട് ദുഃഖിച്ച് കരവിൻ”** ദേശീയ ദുരന്തത്തോടുള്ള ബന്ധത്തിൽ ഉണ്ടാകുന്ന യിസ്രായേലിന്റെ പ്രതികരണമാണിത് (യോവേൽ 1:10–13; 2:17).

പാപത്തെ തിരിച്ചറിയുന്നതിന്റെ ഭാഗമായി മനുഷ്യനിൽ ഉണ്ടാകുന്ന ഹൃദയതകർച്ചയുടെ അഗാധമായ ദുഃഖത്തിന്റെയും അടയാളമാണിത് (ലൂക്കൊസ് 7:37,38). പാപികൾക്കു നേരെയുള്ള ദൈവകോപത്തെ നീക്കുവാൻ അത് മാത്രമാണ് മതിയായ വഴി (യിരെ. 4:8). **"നിങ്ങളുടെ ചിരി ദുഃഖമായും സന്തോഷം വിഷാദമായും തീരട്ടെ"** എന്നും യാക്കോബ് ഇവിടെ പറയുന്നു. യഹോവയുമായുള്ള ഉടമ്പടിയെ ഉപേക്ഷിച്ച വിശ്വാസത്യാഗികളായ യിസ്രായേലിന്റെ ശിക്ഷക്കായി പഴയനിയമ പ്രവാചകർ ഈ ശൈലിയിൽ സംസാരിക്കുന്നുണ്ട്; പുതിയ നിയമത്തിലും വിലാപത്തിനായി പറയുന്നത് (മത്തായി 5:4; ലൂക്കൊസ് 6:25). ലേഖകൻ ഇവിടെ ഉദ്ദേശിക്കുന്ന പൂർണ്ണതോതിലുള്ള തിരിവ് (180°) സ്വന്തപരിശ്രമത്തിലൂടെ ആർക്കും സാധിക്കാത്ത കാര്യമായതുകൊണ്ട്, ഇതിനായി തങ്ങളിൽ കർത്താവ് പ്രവർത്തിക്കുവാൻ തന്റെ ജനം കർത്താവിനോട് വിളിച്ചപേക്ഷിക്കണം (വിലാപങ്ങൾ 5:15).

## E. കർത്താവിന്റെ സന്നിധിയിൽ താഴുവിൻ (v. 10)

എപ്പോഴും കർത്താവിന്റെ ദൃഷ്ടിയിലും നിരീക്ഷണത്തിലുമാണ് ആയിരിക്കുന്നതെന്ന ബോധ്യത്തോടെ ജീവിക്കുന്നതിനാണ് കർത്താവിന്റെ സന്നിധിയിൽ താഴുക എന്നതിലൂടെ ലേഖകൻ ഇവിടെ അർത്ഥമാക്കുന്നത്; **"എന്നാൽ"** - അങ്ങനെ ചെയ്താൽ, ഈർഷ്യയും ശാഠ്യവും ശണ്ഠയും കലഹവും ഒന്നും കൂടാതെ തന്നെ ശരിയായ സമയത്ത് ശരിയായ സ്ഥാനത്തേക്ക് **"അവൻ നിങ്ങളെ ഉയർത്തും"** എന്നാണ് യാക്കോബ് ഇവിടെ പറയുന്നത് (ഇയ്യോബ് 5:11, 22:29; ലൂക്കൊസ് 14:11; പത്രൊസ് 5:6; c.f. ഫിലി. 2:8-11).

ചുരുക്കത്തിൽ, യഥാർത്ഥവിശ്വാസികൾ പരിശോധനയിൽ ലോകത്തോട് വിരക്തിയുള്ളവരും ദൈവത്തോട് കൂറുള്ളവരുമായിരിക്കും; ഇത് യഥാർത്ഥവിശ്വാസികളുടെ മാത്രം അടയാളമായിരിക്കുന്നു.

# 9

# പരിശോധനയിൽ ദൂഷണം കൂടാതെയുള്ള ജീവിതം

**“സഹോദരന്മാരേ, അന്യോന്യം ദുഷിക്കരുത്; തന്റെ സഹോദരനെ ദുഷിക്കയും വിധിക്കയും ചെയ്യുന്നവൻ ന്യായ പ്രമാണത്തെ ദുഷിക്കയും ന്യായപ്രമാണത്തെ വിധിക്കയും ചെയ്യുന്നു. ന്യായപ്രമാണത്തെ വിധിക്കുന്നു എങ്കിൽ നീ ന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നവനല്ല, വിധിക്കുന്നവന ത്രേ. ന്യായപ്രമാണകർത്താവും ന്യായാധിപതിയും ഒരുവനേ യുള്ളു: രക്ഷിപ്പാനും നശിപ്പിപ്പാനും ശക്തനായവൻ തന്നേ; കൂട്ടുകാരനെ വിധിപ്പാൻ നീ ആർ?”** (യാക്കോബ് 4:11,12).

വിശ്വാസത്തിന്റെ വിവിധ പരിശോധനകളാണ് യാക്കോബിന്റെ ലേഖനത്തിൽ കാണുന്നത്. ദൂഷണം കൂടാതെയുള്ള ജീവിതം യഥാർത്ഥ വിശ്വാസത്തിന്റെ അടയാളമായി 4:11,12 വാക്യങ്ങളിൽ യാക്കോബ് പറയുന്നു. സംഭാഷണമിതത്വം മുൻപ് പൊതുവായി പരാമർശിക്കപ്പെട്ടതെങ്കിലും (3:1,2) ദൂഷണമാണ് യാക്കോബ് ഇവിടെ പ്രത്യേകം പരാമർശിക്കുന്നത്. ഒരു വ്യക്തിയുടെ കഷ്ടത്തിനും അപമാന ത്തിനും നഷ്ടത്തിനും ശിക്ഷയ്ക്കും കാരണമാകണമെന്നുള്ള ദുഷ്ട ലാക്കോടെ അവാസ്തവമായതും അടിസ്ഥാനരഹിതവുമായ ആരോപണ ങ്ങൾ ഉയർത്തുകയോ വെളിപ്പെടുത്തുകയോ ചെയ്യുന്നതിനാണ് ദൂഷണം എന്നു പറയുന്നത്. അതിൽ വ്യാജ പ്രസ്താവനകൾ ഇറക്കുക, വ്യാജവർത്തമാനം പരത്തുക, വസ്തുതകളെ പർവ്വതീകരിക്കുക, വസ്തു തകളുടെ അനാവശ്യമായ ആവർത്തനം നടത്തുക, വസ്തുതകളുടെ സാഹചര്യവും ഉദ്ദേശ്യവും ഭാഷയും കോട്ടികളയുക - ഇതെല്ലാം ദൂഷണമാണ്. എന്നാൽ വിലയിരുത്തുക, വിയോജിപ്പ് അറിയിക്കുക,

വിമർശിക്കുക, തെറ്റ് ചൂണ്ടികാണിക്കുക മുതലായതൊന്നും ദൂഷണമല്ല. ദൂഷണം സമൂഹത്തിലും രാജ്യത്തും ശിക്ഷാർഹമായ കുറ്റമാണ്; മാത്രമല്ല, ദുഷിക്കുന്നതിനെ ദൈവം ശക്തമായി വിലയ്ക്കുന്നുമുണ്ട്; അതുകൊണ്ട്, ദൈവമക്കൾ ആരെയും ദുഷിക്കുന്ന സ്വഭാവമുള്ളവരല്ല; അങ്ങനെയുള്ളവർക്ക് ദൈവമക്കൾ ആയിരിക്കുവാൻ കഴിയുകയുമില്ല. കാരണം, ദൂഷണത്തെ വിലക്കുന്ന വിവിധ നിലയിലുള്ള അനേകം കല്പനകൾ ദൈവം തന്റെ വചനത്തിൽ നല്കിയിട്ടുണ്ട്. അതുകൊണ്ടാണ് പഴയനിയമത്തിൽ, "വ്യാജവർത്തമാനം പരത്തരുത്" എന്നും, "നിന്റെ ജനത്തിന്റെ നടുവിൽ ഏഷണി പറഞ്ഞ് നടക്കരുത്" എന്നും (പുറ. 23:1; ലേവ്യ. 19:16), "കൂട്ടുക്കാരനെക്കുറിച്ച് ഏഷണി പറയുന്നവനെ ഞാൻ നശിപ്പിക്കും" എന്നും (സങ്കീ. 101:5), "വാവിഷ്ഠണക്കാരൻ ഭൂമി യിൽ നിലനിൽക്കയില്ലാ"യെന്നും (സങ്കീ. 140:11), "വിടുവായനോട് ഇട പെടരുത്" എന്നും (സദൃശ. 20:19), പറയുമ്പോൾ, പുതിയനിയമത്തിൽ ദൂഷണം ദുഷ്ടഹൃദയത്തിൽ ഉത്ഭവിക്കുന്നു എന്നും (മത്തായി 15:19), ദൂഷണം നിങ്ങളെ വിട്ട് ഒഴിഞ്ഞുപോകട്ടെ എന്നും (എഫെ. 4:31), ദൂഷണം വിട്ടുകളവിൻ എന്നും (കൊലൊ. 3:8) കാണുന്നത്.

## I. ദൂഷണത്തിന്റെ ആരംഭം

ദൂഷണം ഏദെൻ തോട്ടത്തിലാണ് ആരംഭിച്ചത്; പഴയ പാമ്പായ പിശാച് ദൈവത്തിന്റെ സത്യസന്ധതയെ ദുഷിച്ചുകൊണ്ട് ഹവ്വയോട് ആദ്യം, "ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ" എന്ന് ചോദിച്ചു; പിന്നീട്, ദൈവത്തിന്റെ ഉദ്ദേശ ശുദ്ധിയെ ദുഷിച്ചുകൊണ്ട്, "നിങ്ങൾ ദൈവത്തെപോലെ ആകും എന്ന് ദൈവം അറിയുന്നു" എന്നും പറഞ്ഞു.

## II. ദൂഷണത്തിന്റെ അപകടം

അസൂയയിൽനിന്നും അഹങ്കാരത്തിൽനിന്നും പകയിൽനിന്നും ഒരാളുടെ വാക്കിനെയോ പ്രവർത്തിയെയോ വിലയിരുത്തുന്നതും, അപരന്റെ ഉദ്ദേശ്യവും മനോഭാവവും തന്നെക്കാൾ നന്നായി അറിയാമെന്ന നിലയിൽ മറ്റുള്ളവരെ വിധിക്കുന്നതും ദൈവിക നിലവാരം കൂടാതെ സ്വന്തം നിലവാരം വെച്ച് മറ്റുള്ളവരെ അളന്ന് സംസാരിക്കുന്നതും ദൂഷണമാണ് (റോമർ 14:3,4).

## III. ദൂഷണത്തിന്റെ അനന്തരഫലം

ദൂഷണം കൂട്ടുകാരെ തമ്മിൽ തെറ്റിക്കുന്നു; കൂട്ടായ്മ ഇല്ലാതാക്കുന്നു; മനുഷ്യർ തമ്മിൽ ശണ്ഠക്കും കലഹത്തിനും ഇടയാക്കുന്നു;

ഇത് മറ്റ് അനവധി പ്രശ്നങ്ങൾക്കും മരണത്തിനു പോലും കാരണമാക്കുന്നു. ഉദാഹരണമായി, 1 രാജാക്കന്മാർ 21:13 ൽ, നീചരായ ചില യാളുകൾ നാബോത്തിനെ ദുഷിച്ച് അവനെതിരെ സാക്ഷ്യം പറഞ്ഞതിനാൽ ജനം അവനെ കല്ലെറിഞ്ഞ് കൊല്ലുവാൻ ഇടയായി. അതുപോലെ തന്നെ, എസ്രാ 4:11-16 വാക്യങ്ങളിൽ, പ്രവാസത്തിൽനിന്നും മടങ്ങി വന്ന യഹൂദന്മാർക്കെതിരെ അവരുടെ ശത്രുക്കൾ പാർസിരാജാവിന് പരാതി കൊടുത്തതിനാൽ (ദുഷിച്ച് സാക്ഷ്യം പറഞ്ഞതിനാൽ) യെരൂശലേമിന്റെ മതിൽ പണിയും ദേവാലയ പണിയും ചില ആണ്ടുകൾ മുടങ്ങി കിടന്നുവെന്നും കാണുന്നു. പുതിയ നിയമത്തിലേക്ക് വരുമ്പോൾ (മത്തായി 26:61). മന്ദിരം പൊളിച്ച് മൂന്നുനാൾ കൊണ്ട് വീണ്ടും പണിയുവാൻ എനിക്ക് കഴിയും എന്ന് ഇവൻ പറഞ്ഞു എന്ന് ബോധിപ്പിച്ച് രണ്ടു പേർ യേശുവിനെ ദുഷിച്ചു എന്നും കാണുന്നുണ്ട്.

## IV. ദൂഷണത്തിനെതിരെയുള്ള ആലേഖനം (4:11,12)

ദൈവജനത്തിന്റെ ഇടയിൽ ദൂഷണം വിലക്കപ്പെട്ടിരിക്കുന്നതിന്റെ മൂന്ന് ദൈവിക കാരണങ്ങളാണ് യാക്കോബ് ഇവിടെ പറയുന്നത്.

### A. ദൈവജനത്തിന്റെ കുടുംബബന്ധം നിമിത്തം (v. 11a)

"സഹോദരന്മാരെ അന്യോന്യം ദുഷിക്കരുത്". ഇവിടെ "സഹോദരന്മാരേ" എന്ന നാമത്തിലൂടെ വിശ്വാസികളെയാണ് യാക്കോബ് ഇവിടെ അഭിസംബോധന ചെയ്യുന്നത്. വിശ്വാസികൾ തമ്മിൽ ദൈവത്തിന്റെ മക്കൾ എന്ന നിലയിലുള്ള ഒരു കുടുംബബന്ധത്തെയും ഇത് സൂചിപ്പിക്കുന്നു. കാരണം, സഭ ദൈവത്തിന്റെ ഭവനമാണ് - കുടുംബമാണ്. ഈ കുടുംബത്തിലുള്ളവർ എല്ലാം ഒരേ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരും ആദരിക്കപ്പെട്ടവരുമാണ്; അതുകൊണ്ട് അന്യോന്യം സ്നേഹിപ്പാനും സഹായിപ്പാനും സംരക്ഷിപ്പാനും ഒരുപോലെ കടപ്പെട്ടവരുമാണ്. ഈ കാഴ്ചപ്പാടാണ് ഓരോ വിശ്വാസിക്കും സഹവിശ്വാസികളെക്കുറിച്ച് ഉണ്ടാകേണ്ടത്. "അന്യോന്യം ദുഷിക്കരുത്" എന്നത് കല്പനയാൽ വിലക്കിയിരുന്ന ഒരു ദുഷ്പ്രവൃത്തി ചെയ്യാതിരിക്കുന്നതിനൊ തുടരാതിരിക്കുന്നതിനൊ അല്ലെങ്കിൽ അതോടുള്ള ബന്ധത്തിൽ പൊതുവായ ഒരു നിർദ്ദേശമോ ആകാം ഇത്. എന്നാൽ ദൂഷണം അവിശ്വാസികളുടെയും വ്യാജവിശ്വാസികളുടെയും അടയാളം ആകയാൽ അവരിൽനിന്നും ദൂഷണം പ്രതീക്ഷിക്കണമെന്നും വചനം മുന്നറിയിപ്പ് നല്കുന്നുണ്ട്. അതുകൊണ്ടാണ്, (1 പത്രൊസ് 3:16 ൽ, "ക്രിസ്തുവിൽ

നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ... ലജ്ജിക്കേണ്ടതിന് നല്ല മനസാക്ഷിയുള്ളവരായിരിപ്പിൻ" എന്നും 1 പത്രൊസ് 2:11 ൽ "...ജാതികൾ നിങ്ങളെ ദുഷ്പ്രവർത്തിക്കാർ എന്ന് ദുഷിക്കുന്തോറും... അവരുടെ ഇടയിൽ നിങ്ങളുടെ നടപ്പ് നന്നായിരിക്കണം" എന്നും വചനം പറയുന്നത്. വിശ്വാസിയുടെ ഐക്യം നിലനിർത്തുവാൻ ദൂഷണം ഒഴിവാക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ടാണ് മറ്റ് ദുഷ്പ്രവൃത്തികളോടൊപ്പം ദൂഷണവും നീക്കം ചെയ്യുവാൻ വചനം ആവശ്യപ്പെടുന്നത് (റോമർ 1:30; 2 കൊരി. 12:20; 1 പത്രൊസ് 2:11).

## B. ദൈവത്തിന്റെ കല്പനനിമിത്തം (v. 11)

**"തന്റെ സഹോദരനെ ദുഷിക്കയും വിധിക്കയും ചെയ്യുന്നവൻ ന്യായപ്രമാണത്തെ ദുഷിക്കയും ന്യായപ്രമാണത്തെ വിധിക്കയും ചെയ്യുന്നു. ന്യായപ്രമാണത്തെ വിധിക്കുന്നു എങ്കിൽ നീ ന്യായപ്രമാണത്തെ അനുഷ്ഠിക്കുന്നവനല്ല, വിധിക്കുന്നവനത്രേ."** തിരുവെഴുത്തിൽ, "ന്യായപ്രമാണം" എന്ന വാക്ക് ഓരോ പ്രാവശ്യവും ഉപയോഗിച്ചിരിക്കുന്നത് വ്യത്യസ്ത അർത്ഥത്തിലാണ്. അതുകൊണ്ട്, "ന്യായപ്രമാണം" എന്ന വാക്ക് യാക്കോബ് 2:8 ൽ, ദൈവത്തിന്റെ സംമ്പൂർണ്ണ വെളിപ്പാടിനെയും, മത്തായി 22:40 ൽ, പഴയ നിയമപുസ്തകങ്ങളെയും മോശയുടെ പഞ്ചഗ്രന്ഥങ്ങളെയും, മത്തായി 19:17-19; റോമർ 13:9 വാക്യങ്ങളിൽ, 10 കല്പനകളെയും, മത്തായി 22:36 -40 ൽ, രണ്ട് കല്പനകളെയും റോമർ 13:10 ൽ, ഒരു കല്പനയെയുമാണ് ഉദ്ദേശിക്കുന്നത്. ചുരുക്കത്തിൽ, ന്യായപ്രമാണത്തിന്റെ ഉള്ളടക്കം സ്നേഹമാണ് - ദൈവത്തോടുള്ള സ്നേഹവും മനുഷ്യനോടുള്ള സ്നേഹവും; അതുകൊണ്ടാണ് അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ എന്ന് പറയുന്നത് (റോമർ 13:8). എന്നാൽ അന്യോന്യം ദുഷിക്കുന്നത് ന്യായപ്രമാണലംഘനവും നിയമത്തോടുള്ള വെല്ലുവിളിയും ന്യായപ്രമാണത്തിന് അധീനനെന്ന് സ്വയം പ്രഖ്യാപിക്കലുമാണ്; ഒരു യഥാർത്ഥവിശ്വാസി ഒരിക്കലും ഇങ്ങനെ ചെയ്യുകയില്ല.

## C. ദൈവത്തിന്റെ പരമാധികാരം നിമിത്തം (v. 12)

**"ന്യായപ്രമാണ കർത്താവും ന്യായധിപതിയും ഒരുവനെയുള്ളൂ"** സഹോദരനെ ദുഷിക്കുന്നവൻ ന്യായപ്രമാണത്തെ ദുഷിക്കുന്നു; ന്യായപ്രമാണത്തെ ദുഷിക്കുന്നവൻ ന്യായപ്രമാണം കൊടു

ത്തവനെ ദുഷിക്കുന്നു. സർവ്വാധികാരിയും ന്യായപ്രമാണ കർത്താവു മായവനെ ദുഷിക്കുന്നു; അങ്ങനെ ദൈവത്തിനു മീതെ തന്നെത്താൻ ഉയർത്തുന്നു. മറ്റുള്ളവരെ ഇങ്ങനെ ദുഷിക്കുകയും വിധിക്കുകയും ചെയ്യുന്നവർ, വിധിക്കുന്നതിനും ദുഷിക്കുന്നതിനുമായി ദൈവത്തിന്റെ തിലും നല്ല മാനദണ്ഡം തങ്ങൾക്ക് ഉണ്ടെന്ന് ഉറച്ച് ചിന്തിക്കുന്നവരാണ്. എന്നാൽ അങ്ങനെ ചെയ്യുവാൻ ആർക്കും അധികാരമില്ലെന്ന് മാത്ര മല്ല, അങ്ങനെ ചെയ്യുന്നവരെ ദൈവം വിധിക്കുമെന്നും വചനം പറ യുന്നു. ന്യായപ്രമാണം അനുസരണം ആവശ്യപ്പെടുന്നു; എങ്കിലും ദൂഷകൻ ന്യായപ്രമാണം അനുസരിക്കുവാൻ തയ്യാറാകാതെ ന്യായ പ്രമാണത്താൽ വിധിക്കപ്പെടേണ്ടവർ ന്യായപ്രമാണത്തെ വിധിക്കുന്ന വരായിത്തീർന്നിരിക്കുന്നു.

‘‘രക്ഷിപ്പാനും നശിപ്പിപ്പാനും ശക്തനായവൻ തന്നെ’’. ദൈവം മനുഷ്യനെ രക്ഷിക്കുന്നു (ആവ. 33:29; ന്യായാധിപന്മാർ 2:16; 3:9; യെശ. 19:20; യിരെ. 15:20; സെഖ. 9:16); ദൈവം മനുഷ്യനെ ശിക്ഷി ക്കുന്നു (പുറ. 19:24; ലേവ്യ. 17:10; സംഖ്യാ. 14:12; സങ്കീ. 9:6). അതു കൊണ്ടാണ്, മത്തായി 5:22 ൽ, സഹോദരനോട് നിസ്സാര എന്ന് പറഞ്ഞാലോ ന്യായാധിപ സഭയുടെ മുമ്പിൽ നിൽക്കേണ്ടിവരും; മൂഢാ എന്ന് പറഞ്ഞാലോ അഗ്നിനരകത്തിന് യോഗ്യനാകും” എന്നും പറയുന്നത്. “കൂട്ടുക്കാരനെ വിധിപ്പാൻ നീ ആർ”... എന്നും യാക്കോബ് ചോദിക്കുന്നു (റോമർ 14:4,10-12).

അതുകൊണ്ടാണ് “ജീവനെ ആഗ്രഹിക്കുകയും ശുഭകാലം കാണ്മാൻ ഇച്ഛിക്കുകയും ചെയ്യുന്നവൻ ദോഷം ചെയ്യാതെ തന്റെ നാവിനെയും വ്യാജം പറയാതെ തന്റെ അധരത്തെയും അടക്കി കൊള്ളട്ടെ... കർത്താ വിന്റെ മുഖം ദുഷ്പ്രവർത്തിക്കാർക്ക് പ്രതികൂലമായിരിക്കുന്നു” എന്ന് പത്രൊസും പറയുന്നത് (1 പത്രൊസ് 3:10-12). അതുകൊണ്ട് തന്നെ യാണ് “സഹോദരന്മാരെ, അന്യോന്യം ദുഷിക്കരുത്” എന്ന് വചനം പറയുന്നത്. കാരണം ദുഷിക്കുന്ന പ്രകൃതമുള്ളവർ യഥാർത്ഥ വിശ്വാസി കളല്ല; ദൈവമക്കളുടെ കുടുംബബന്ധം നിമിത്തവും, ദൈവത്തിന്റെ കല്പനനിമിത്തവും, ദൈവത്തിന്റെ പരമാധികാരം നിമിത്തവും യഥാർത്ഥ വിശ്വാസിക്ക് അങ്ങനെ ചെയ്യുവാൻ കഴിയുകയില്ലെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്.

# 10

# പരിശോധനയിൽ ദൈവാശ്രയമുള്ള ജീവിതം

**“ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ടു കഴിച്ചു വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പറയുന്നവരേ, കേൾപ്പിൻ: നാളെത്തേതു നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്? അല്പനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ. കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്നു ഇന്നിന്നതു ചെയ്യും എന്നല്ലയോ പറയേണ്ടത് നിങ്ങളോ വമ്പു പറഞ്ഞു പ്രശംസിക്കുന്നു; ഈവക പ്രശംസ എല്ലാം ദോഷം ആകുന്നു. നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അതു പാപം തന്നേ”** (യാക്കോബ് 4:13-17).

ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ദൈവഹിതപ്രകാരം ജീവിതം ക്രമീകരിക്കുന്നവരാണ് ദൈവമക്കളെന്ന് കർത്താവും തന്റെ അപ്പൊസ്തലന്മാരും പലനിലയിൽ വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് “സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ എന്റെ സഹോദരനും സഹോദരിയും അമ്മയും ആകുന്നു” എന്ന് കർത്താവും (മത്തായി 12:50), ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു” എന്ന് കർത്താവിന്റെ അപ്പൊസ്തലനായ യോഹന്നാനും പറഞ്ഞിട്ടുള്ളത് (1 യോഹ. 2:17). മാത്രമല്ല, കർത്താവ് ലോകത്തിൽ വന്നത് ദൈവേഷ്ടം ചെയ്യാനായിരുന്നുവെന്ന് താൻ തന്നെ പറഞ്ഞിട്ടുമുണ്ട് (യോഹ. 4:34; 5:30); അതുകൊണ്ടാണ്, “നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപോലെ ഭൂമിയിലും

ആകണമേ”യെന്ന് താൻ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത് (മത്തായി 6:10). അതുകൊണ്ട്, ദൈവഹിതപ്രകാരം ജീവിതം ക്രമീകരിക്കാത്തവർ ദൈവത്തിൽ ആശ്രയിച്ചു ദൈവമക്കൾ എന്ന നിലയിൽ തങ്ങളുടെ ജീവിതം ക്രമീകരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്. എന്നാൽ ദൈവമെന്ന പരമാധികാരിയായ ഒരു വ്യക്തിത്വം പ്രപഞ്ചത്തെയും അതിലെ ക്രമീകരണങ്ങളെയും നിയന്ത്രിക്കുന്നില്ലായെന്നും മനുഷ്യരുടെ ജീവിതത്തിൽ ഇടപെടുന്നില്ലായെന്നുമുള്ള നിഗമനത്തിലാണ് അനേകർ ഇന്ന് ജീവിക്കുകയും തങ്ങളുടെ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നത്. മനുഷ്യൻ സ്വന്തം നിലക്ക് തന്റെ പദ്ധതികൾ ആലോചിക്കുന്നതും ആസൂത്രണം ചെയ്യുന്നതും മാത്രമല്ല, അവന്റെ പദ്ധതികളിൽ ദൈവത്തിനും ദൈവഹിതത്തിനും സ്ഥാനമില്ലായെന്നതാണ് അവരുടെ ഏറ്റവും വലിയ ന്യൂനതയായി ഇവിടെ ചൂണ്ടികാണിക്കപ്പെടുന്നത്. തങ്ങൾ അമർത്യരും, സർവ്വശക്തരും, സർവ്വജ്ഞാനികളും ആകുന്നുവെന്ന നിഗമനത്തിലാണ് അവർ തങ്ങളുടെ പദ്ധതികൾ ആവിഷ്കരിക്കുന്നത്. ഇത് യഥാർത്ഥവിശ്വാസികളുടെ രീതിയല്ല യഥാർത്ഥ വിശ്വാസികൾ സമ്പൂർണ്ണമായി ദൈവത്തിൽ ആശ്രയിക്കുന്നു, ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുതന്നെ അവരുടെ പദ്ധതികൾ ആവിഷ്കരിക്കുന്നു; അപ്പൊസ്തലനായ പൗലൊസിന്റെ ജീവിതത്തിൽ നാമത് കാണുന്നു (അ.പ്ര. 18:21; 1 കൊരി. 4:19; 16:7; ഫിലി. 2:24). ലത്തീൻ ഭാഷയിൽ ദൈവഹിതമായാൽ എന്നതിനായി ഉപയോഗിക്കുന്ന deovolente (D.V.) ലോകത്തിന്റെ എല്ലാ ഭാഗത്തുമുള്ള ക്രൈസ്തവരുടെ ഇടയിൽ സാധാരണയായി ഉപയോഗിക്കുന്ന ഒരു ശൈലിയാണ്. അതുകൊണ്ട് ഏതൊരു തീരുമാനം എടുക്കുമ്പോഴും ദൈവമക്കൾ ഈ വാക്കുകൾ ഉരുവിടണമെന്നല്ല, മറിച്ച്, ഏതൊരു കാര്യത്തിൽ ഏർപ്പെടുമ്പോഴും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കണമെന്നു തന്നെയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത് (1 കൊരി. 16:5,8). എന്നാൽ അവിശ്വാസികൾ ഇങ്ങനെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് തങ്ങളുടെ പദ്ധതികൾ ആവിഷ്കരിക്കുന്നതായി കാണുന്നില്ല; കാരണം, അവരുടെ ആസൂത്രണശൈലി മൗഢ്യവും തിന്മയും പാപവും നിറഞ്ഞതാണെന്ന് യാക്കോബ് ഈ വേദഭാഗത്ത് പറയുന്നു (യാക്കോബ് 4:13-17).

## I. ദൈവാശ്രയമില്ലാത്തവരുടെ ആസൂത്രണശൈലി (v. 13)

“ഇന്നോ നാളെയോ ഞങ്ങൾ ഇന്ന പട്ടണത്തിൽ പോയി അവിടെ ഒരാണ്ട് കഴിച്ച് വ്യാപാരം ചെയ്ത് ലാഭം ഉണ്ടാക്കും എന്ന് പറയുന്ന

വരേ കേൾപ്പീൻ". അവർ ദൈവത്തെ കൂടാതെയാണ് തങ്ങളുടെ പദ്ധതികൾ ആവിഷ്കരിക്കുന്നതെന്ന് ഇവിടെ പറയുന്നു. തങ്ങളുടെ ജീവിതത്തിലും ഇടപാടുകളിലും ദൈവത്തിന് സ്ഥാനമില്ലായെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ട് അവർ തങ്ങളുടെ പ്രവർത്തന സമയം തീരുമാനിക്കുന്നു (ഇന്നോ നാളെയോ), പ്രവർത്തനസ്ഥലം തീരുമാനിക്കുന്നു (ഇന്ന പട്ടണത്തിൽ), പ്രവർത്തനകാലം തീരുമാനിക്കുന്നു (ഒരാണ്ട് കഴിച്ച്), പദ്ധതികൾ തീരുമാനിക്കുന്നു (വ്യാപാരം ചെയ്ത്), പ്രവർത്തന ലക്ഷ്യം തീരുമാനിക്കുന്നു (ലാഭം ഉണ്ടാക്കും). അവരുടെ തീരുമാനങ്ങളിൽ ദൈവഹിതം ആരായുന്നതോ, ദൈവത്തോട് പ്രാർത്ഥിക്കുന്നതോ, ദൈവികസമയത്തിനായി കാത്തിരിക്കുന്നതോ ആയ യാതൊരു നടപടിയും അവരുടെ ഭാഗത്തുനിന്ന് കാണുന്നില്ല. മറിച്ച്, എല്ലാം ഇങ്ങനെതന്നെ എന്നേക്കുമിരിക്കുമെന്ന് നിരൂപിച്ചുകൊണ്ട് (2 പത്രൊസ് 3:4) നോഹയുടെ തലമുറയിലെ മനുഷ്യരെപോലെ തിന്നും കുടിച്ചും, വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തും അവർ തങ്ങളുടെ പദ്ധതികളുമായി മുന്നോട്ട് പോകുന്നു (മത്തായി 24:38). തങ്ങളുടെ ബുദ്ധിയും ശക്തിയും കഴിവും ഉപയോഗിച്ച് ആഗ്രഹിക്കുന്നതെല്ലാം നേടിയെടുക്കുവാൻ കഴിവും, ആർക്കും നിയന്ത്രണമില്ലാത്തതുമായ സ്വതന്ത്രജീവികളാണ് തങ്ങളെന്ന് അവർ നിരൂപിക്കുന്നു; അനർത്ഥമോ, മരണമോ തങ്ങളുടെ പദ്ധതികളെ നിഷ്ഫലമാക്കുമെന്ന് അവർ ചിന്തിക്കുന്നില്ല (സങ്കീ. 49:11-13). ദൈവികനിർണ്ണയം കൂടാതെ ഒന്നും സാധിക്കുകയില്ലെന്നും സംഭവിക്കുകയില്ലെന്നും അവർ അംഗീകരിക്കുന്നില്ല (മത്തായി 10:29; സങ്കീ. 127) എന്നാൽ ഇത് മൗഢ്യമാണെന്ന് യാക്കോബ് തുടർന്ന് പറയുന്നു.

## II. ദൈവാശ്രയമില്ലാത്തവരുടെ ആസൂത്രണത്തിലെ മൗഢ്യം (v. 14)

**"നാളത്തേത് നിങ്ങൾ അറിയുന്നില്ലല്ലോ; നിങ്ങളുടെ ജീവൻ എങ്ങനെയുള്ളത്; അല്പനേരത്തേക്ക് കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ".** മനുഷ്യജീവിതത്തിൽ ദൈവിക ഇടപെടലുകളെക്കുറിച്ച് ആവിശ്വാസികളിൽ അനേകർക്കും അറിവില്ലാത്തതുകൊണ്ട് തങ്ങളുടെ ആഗ്രഹങ്ങളെയെല്ലാം നിവർത്തിക്കുവാൻ ലോകമനുഷ്യർ ശ്രമിക്കുന്നു; എന്നാൽ ഇത് ഭോഷത്വമാണ്; കാരണം, ലൗകിക ജ്ഞാനത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്ന മനുഷ്യജീവിതം അനിശ്ചിതത്വം നിമിത്തം എപ്പോഴും ആശയകുഴപ്പവും നിരാശയും നിറഞ്ഞതാണ് (സദൃശ 27:1); നേട്ടത്തിനായുള്ള നെട്ടോട്ടത്തിൽ ദൈവത്തെ അവ

ഗണിച്ചുകൊണ്ട് മനുഷ്യൻ പദ്ധതികൾ ആവിഷ്കരിക്കുന്നുവെങ്കിലും അപ്രതീക്ഷിത സംഭവങ്ങൾ ഈ പദ്ധതികളെയെല്ലാം തകിടം മറിക്കുന്നു (ലൂക്കൊസ് 12:16-21); അതിന്റെ ഫലമായി അവൻ ആശയകുഴപ്പത്തിലും നിരാശയിലും അടിഞ്ഞുപോകുന്നു. വാസ്തവത്തിൽ, വലിയൊരു ദൈവികപദ്ധതിയിൽ ചെറിയൊരു റോൾ മാത്രം നിറവേറ്റുവാനുള്ള ദൗത്യമാണ് ഓരോ മനുഷ്യനുമുള്ളത്; അത് എപ്പോൾ തുടങ്ങണം എപ്പോൾ തീരണം എന്നെല്ലാം ദൈവം മാത്രം നിർണ്ണയിക്കുന്നതാണെങ്കിലും അനേകരും ഇത് അറിയുന്നില്ല (ഇയ്യോബ് 7:6; സങ്കീ. 90:10-12). എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്ന മനുഷ്യൻ തന്റെ പദ്ധതികളെ ദൈവത്തിന് സമർപ്പിച്ച് ദൈവികനടത്തിപ്പിനായി കാത്തിരിക്കുന്നു; **"കർത്താവിന് ഇഷ്ടമുണ്ടെങ്കിൽ ഞങ്ങൾ ജീവിച്ചിരുന്ന് ഇന്നിന്നതു ചെയ്യും"** എന്നാണ് അവർ പറയുന്നത് (അ.പ്ര. 18:21; 21:14; 1 കൊരി. 4:19; 16:7 ഫിലി. 2:19, 24). എന്നാൽ ഒരു വ്യക്തി ചെയ്യുവാനാഗ്രഹിക്കുന്ന ഒരു പ്രവൃത്തി കർത്താവിന് ഇഷ്ടമാണോ അല്ലയോ എന്ന് എങ്ങനെ തിരിച്ചറിയാമെന്ന് ചോദിച്ചാൽ, മനുഷ്യൻ അറിയണമെന്ന് ദൈവം ആഗ്രഹിക്കുന്ന ഒരു കാര്യവും ദൈവം മനുഷ്യന് മറച്ച് വെച്ചിട്ടില്ലായെന്നാണ് അതിനുത്തരം. മറിച്ച്, ദൈവം തന്റെ ഇഷ്ടം എല്ലാവർക്കും വെളിപ്പെടുത്തിയിരിക്കുന്നു; എല്ലാവരും മാനസാന്തരപ്പെടണം (അ.പ്ര. 17:30), എല്ലാവരും രക്ഷിക്കപ്പെടണം (തിമൊ. 2:4), എല്ലാവരും പരിശുദ്ധാത്മനിറവുള്ളവരായി ജീവിക്കണം (എഫെ. 5:18), എല്ലാവരും വിശുദ്ധജീവിതം നയിക്കണം (1 പത്രൊസ് 2:11,12) മുതലായ ദൈവിക ആലോചനകളെല്ലം തന്നെ മനുഷ്യനുവേണ്ടി ദൈവം വെളിപ്പെടുത്തിതന്ന ദൈവഹിതമാണ്. മാത്രമല്ല, മേൽപറഞ്ഞ ദൈവിക ആലോചനപ്രകാരം ജീവിക്കുന്ന ഒരു വിശ്വാസി ഈ അവസ്ഥയ്ക്ക് ഭംഗം വരാത്ത നിലയിൽ ഏതൊരു പ്രവൃത്തിയിൽ ഏർപ്പെട്ടാലും അതും ആ വ്യക്തിയോടുള്ള ബന്ധത്തിൽ ദൈവവഹിതം തന്നെയാണ്. കാരണം, ദൈവം മനുഷ്യന് നല്കിയ സ്വാതന്ത്ര്യപ്രകാരം മനുഷ്യൻ എന്തു ചെയ്യുന്നുവെന്നല്ല ദൈവം നോക്കുന്നത്, മറിച്ച്, ദൈവം വ്യക്തമായും കൃത്യമായും മനുഷ്യന് വെളിപ്പെടുത്തി കൊടുത്ത തന്റെ ഹിതത്തെ (കല്പനയെ) മനുഷ്യൻ പ്രത്യക്ഷമായോ പരോക്ഷമായോ ലംഘിക്കാതെ ദൈവത്തിൽ തന്നെ ആശ്രയിച്ചുകൊണ്ട് ജീവിക്കുന്നുണ്ടോയെന്നാണ് ദൈവം നോക്കുന്നത്. ദൈവത്തിൽ ആശ്രയിച്ച് തന്റെ പദ്ധതികൾ ആവിഷ്കരിക്കുന്ന ഒരു വിശ്വാസി തനിക്കെതിരെ വരുന്ന

അനിഷ്ടസംഭവങ്ങളിലും അപ്രതീക്ഷിതസംഭവങ്ങളിലും നിരാശപ്പെട്ട് പോകയില്ല; മറിച്ച്, ദൈവത്തിന്റെ സർവ്വജ്ഞാനത്തിലും സർവ്വശക്തിയിലും സമ്പൂർണ്ണനിയന്ത്രണത്തിലും ആശ്രയിച്ചുകൊണ്ട് അപ്രതീക്ഷിതസംഭവങ്ങളെയും അനിഷ്ടസംഭവങ്ങളെയും തന്റെ നന്മയ്ക്കായുള്ള ദൈവഹിതവും ദൈവികപദ്ധതിയുമായി അംഗീകരിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

## III. ദൈവാശ്രയമില്ലാത്തവരുടെ ആസൂത്രണത്തിലെ തിന്മ (v. 16)

**"നിങ്ങളോ വമ്പു പറഞ്ഞ് പ്രശംസിക്കുന്നു; ഈവക പ്രശംസ എല്ലാം ദോഷം ആകുന്നു".** മനുഷ്യന്റെ ആഗ്രഹത്തിനും തീരുമാനത്തിനും അതീതമായി ദൈവഹിതത്തിനും ദൈവികപദ്ധതിക്കും മനുഷ്യജീവിതത്തിൽ സ്ഥാനമുണ്ടെന്ന് അറിയാതെയും, ദൈവത്തിൽ ആശ്രയിക്കാതെയും, ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാതെ സ്വന്തകഴിവിലും ശക്തിയിലും പരിചയത്തിലും ആശ്രയിച്ച് സ്വന്തം പദ്ധതികളുമായി മുന്നോട്ടുപോകുന്ന മനുഷ്യൻ മനഃപൂർവ്വമായി ദൈവത്തോട് മത്സരിക്കുകയും വെല്ലുവിളി നടത്തുകയുമാണ് ചെയ്യുന്നത് (v. 16); അങ്ങനെ ചെയ്യുന്നത് ദൈവത്തിൽനിന്നും കൃപ ലഭിപ്പാനായി ദൈവമുമ്പാകെ താഴുകയും കീഴടങ്ങുകയും ചെയ്യുന്നവരുടെ അടയാളമല്ല മറിച്ച്, ഉള്ളതിലും അധികം അധികാരം തങ്ങൾക്ക് ഉണ്ടെന്ന് കാണിക്കുന്നവരുടെ അടയാളമാണ് (4:6,7). തങ്ങളുടെ ഭാവി തങ്ങൾ തന്നെ തീരുമാനിക്കും, തങ്ങൾ എന്നേക്കും നിലനില്ക്കും, തങ്ങളുടെ തീരുമാനങ്ങൾക്ക് മാറ്റമുണ്ടാകയില്ല, തങ്ങളെ നിയന്ത്രിക്കുവാൻ തങ്ങളുടെ മുകളിൽ ഒരു ശക്തിയും അധികാരവുമില്ലായെന്നാണ് അവർ നിരൂപിക്കുന്നത്; ഇങ്ങനെ ചെയ്യുന്നതിലൂടെ ദൈവത്തിന്റെ സ്ഥാനമാണ് മനുഷ്യൻ അപഹരിക്കുന്നത്. എന്നാൽ ദൈവിക കരം കൂടാതെയുള്ള മാനുഷിക കർമ്മവും (സങ്കീ. 127:1), ദൈവിക കാവൽ കൂടാതെയുള്ള മാനുഷിക കാവലും (127:1), ദൈവിക കരുതൽ കൂടാതെയുള്ള മാനുഷിക അദ്ധ്വാനവും വ്യർത്ഥമാണെന്ന് (127:2) അവർ അറിയുന്നില്ല.

## IV. ദൈവാശ്രയമില്ലാത്തവരുടെ ആസൂത്രണത്തിലെ പാപം (v. 17)

**"നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ".** മനുഷ്യജീവിതത്തിൽ ദൈവത്തിനും ദൈവഹിതത്തിനുമുള്ള പ്രാധാന്യം അറിയുന്നവർ, വ്യക്തിതാല്പര്യത്തിനും താല്ക്കാലിക നേട്ടത്തിനും മാത്രം പ്രാധാന്യം കൊടുത്തുകൊണ്ട് തങ്ങളുടെ പദ്ധതികളുമായി

മുന്നോട്ടു പോയാൽ അവർ ദൈവത്തെയും ദൈവഹിതത്തെയും മനഃപൂർവ്വം അവഗണിക്കുന്നവരാണ്. അങ്ങനെയുള്ളവർ കൂടുതൽ ശിക്ഷയ്ക്ക് അർഹരാകും (ലൂക്കൊസ് 12:47). ഇവിടെ, "നന്മ ചെയ്‌വാനറിഞ്ഞിട്ടും ചെയ്യാത്തവന് അത് പാപം തന്നെ" എന്ന് പറയുന്നത് ഈ വിഷയത്തോട് ബന്ധപ്പെട്ടാണ്. വിശ്വാസിയുടെ പദ്ധതികൾ ദൈവത്തെ കൂടാതെ ആസൂത്രണം ചെയ്യുന്നത് തെറ്റാണെന്ന് അറിഞ്ഞിട്ടും, ദൈവത്തിൽ ആശ്രയിക്കുന്നതിന് പകരമായി സ്വന്തകഴിവിൽ ആശ്രയിച്ച് വമ്പ് പറഞ്ഞ് പ്രശംസിക്കുന്നത് തെറ്റാണെന്ന് അറിഞ്ഞിട്ടും, ദൈവഹിതപ്രകാരം പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് അറിഞ്ഞിട്ടും അങ്ങനെ ചെയ്യാതിരിക്കുന്നവന് അത് മനഃപൂർവ്വമായ പാപം ആകുന്നുവെന്നാണ് യാക്കോബ് ഇവിടെ അനുവാചകരെ ഓർമ്മിപ്പിക്കുന്നത്.

ചുരുക്കത്തിൽ, പരിശോധനയിൽ ദൈവാശ്രയമുള്ള ജീവിതം യഥാർത്ഥവിശ്വാസത്തിന്റെയും ദൈവാശ്രയമില്ലാത്ത ജീവിതം വ്യാജവിശ്വാസത്തിന്റെയും അടയാളം ആകുന്നു.

# 11

# പരിശോധനയിൽ യോഗ്യമായ ധനസമ്പാദനവും ധനവിനിയോഗവും

**"അല്ലയോ ധനവാന്മാരേ, നിങ്ങളുടെ മേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞു മുറയിടുവിൻ. നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പു പുഴുവരിച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു; ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും: അതു തീ പോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും. അന്ത്യകാലത്തു നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു. നിങ്ങളുടെ നിലങ്ങളെ കൊയ്ത വേലക്കാരുടെ കൂലി നിങ്ങൾ പിടിച്ചുവല്ലോ; അതു നിങ്ങളുടെ അടുക്കൽ നിന്നു നിലവിളിക്കുന്നു. കൊയ്തവരുടെ മുറവിളി സൈന്യങ്ങളുടെ കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഡംബരത്തോടെ സുഖിച്ചു പുളെച്ചു കുലദിവസത്തിൽ എന്ന പോലെ നിങ്ങളുടെ ഹൃദയത്തെ പോഷിപ്പിച്ചിരിക്കുന്നു. നിങ്ങൾ നീതിമാനെ കുറ്റം വിധിച്ചു കൊന്നു; അവൻ നിങ്ങളോടു മറുത്തു നില്ക്കുന്നതുമില്ല"** (യാക്കോബ് 5:1-6).

മനുഷ്യൻ പൊതുവിൽ ധനത്തിൽ ആകൃഷ്ടനാണ്. അത് അന്വേഷിച്ച് കണ്ടെത്തുന്നതിനും കൈവശപ്പെടുത്തി അനുഭവിക്കുന്നതിനും ശേഷിപ്പ് സൂക്ഷിച്ച് വെക്കുന്നതിനുമുള്ള ആഗ്രഹം മിക്കവാറും എല്ലാവർക്കുമുണ്ട്. എന്നാൽ ഒരു വ്യക്തിയുടെ ധനസമ്പാദനത്തിൽനിന്നും ധനവിനിയോഗത്തിൽനിന്നും ആ വ്യക്തിയുടെ വിശ്വാസത്തിന്റെ നിജസ്ഥിതി ഒരു വലിയ പരിധിവരെ മനസ്സിലാക്കുവാൻ സാധിക്കുമെന്ന് വചനം പറയുന്നു. ഭൗതികനേട്ടം മാത്രം അടിസ്ഥാനമാക്കിയുള്ള ധന

സമ്പാദനവും ധനവിനിയോഗവും വ്യാജവിശ്വാസത്തിന്റെ അടയാള മാണ്. അതുകൊണ്ടാണ് തന്നിൽ വിശ്വസിക്കുന്നവരും തന്നെ അനുഗമി ക്കുന്നവരുമായവരോട്, "...ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപി ക്കരുത്..." (മത്തായി 6:19-21) എന്ന് കർത്താവ് പറഞ്ഞത്. എന്നാൽ അനേകർ കർത്താവിന്റെ ഈ കല്പനയെ അവഗണിച്ചുകൊണ്ട് ഭൗതിക നേട്ടം മാത്രം ലക്ഷ്യമാക്കി ധനസമ്പാദനവും ധനവിനിയോഗവും നടത്തുന്നുണ്ട്; അവർക്കെതിരെ ദൈവത്തിന്റെ അധികഠിനമായ ന്യായ വിധി വരുമെന്നുറപ്പാണ്; അതിനുള്ള മൂന്ന് പ്രധാന കാരണങ്ങളാണ് 5:1-6 വാക്യങ്ങളിൽ ലേഖകൻ നിരത്തുന്നത്.

## I. ധനം അന്യായമായി കൂട്ടിവെക്കുന്നതു നിമിത്തം (1-3)

**"അല്ലയോ ധനവാന്മാരേ, നിങ്ങളുടെമേൽ വരുന്ന ദുരിത ങ്ങൾ നിമിത്തം കരഞ്ഞ് മുറയിടുവിൻ... അന്ത്യകാലത്ത് നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു."** ഈ ലേഖനത്തിൽ യാക്കോബ് ധനവാന്മാരെ അഭിസംബോധന ചെയ്യുന്നത് ആദ്യമായി ട്ടല്ല (1:10,11; 2:6;4:3-6). എങ്കിലും അവർ ന്യായവിധിയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കേണ്ടെന്ന് പറയുന്നത് ആദ്യമായിട്ടാണ്.

**"അല്ലയോ ധനവാന്മാരേ"** എന്ന് യാക്കോബ് ഇവിടെ അഭിസംബോധന ചെയ്യുന്നത് കേവലം ധനം ഉള്ളവരെയല്ല, മറിച്ച്, സ്വാർത്ഥരും, സ്വയം സംതൃപ്തരും, ദൈവത്തെ അവഗണിച്ചുകൊണ്ട് ധനസമ്പാദനത്തിനും ധനവിനിയോഗത്തിനുമുള്ള സ്വന്തം പദ്ധതിക ളുമായി മുന്നോട്ട് പോകുന്ന ധനമോഹികളായ ധനവാന്മാരെയാണ്. കാരണം, ശരിയായ മാർഗ്ഗത്തിലൂടെ ധനം സമ്പാദിക്കുന്നതും, ഉടനെ യുള്ളതും ക്രമേണയുള്ളതും ഭാവിയിലുള്ളതുമായ ആവശ്യങ്ങൾക്കു വേണ്ടി കരുതി വെക്കുന്നതും വളരെ ശരിയായ ഒരു രീതിയാണ്. അതി നാണ് നിക്ഷേപം എന്ന് പറയുന്നത്. നിക്ഷേപം എല്ലായ്പോഴും ഒരു ആവശ്യത്തെ മുന്നിൽ കണ്ടുള്ളതാണ്, അതിന് ഒരു ലക്ഷ്യമുണ്ട്. എന്നാൽ സമീപഭാവിയിലോ വിദൂരഭാവിയിലോ പ്രത്യേകിച്ച് ഒരു ആവ ശ്യവും മുന്നിലില്ലായെങ്കിലും ധനം കൂട്ടി കൂട്ടി വെക്കുകയും വർദ്ധി പ്പിച്ചു കൊണ്ടിരിക്കുകയും അതിൽ ആശ്രയം വെക്കുകയും ചെയ്യുന്ന വരെയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. അങ്ങനെയുള്ളവർ ലവോദിക്യ സഭയിലെ ധനവാന്മാരിൽനിന്നും വ്യത്യസ്തരാണ്; കാരണം, ലവോ ദിക്യ സഭയിലെ ധനവാന്മാർക്ക് മാനസാന്തരത്തിന് അവസരവും

ആഹ്വാനവുമുണ്ട് (വെളി. 3:16–18); എന്നാൽ യാക്കോബ് ഇവിടെ അഭി സംബോധന ചെയ്യുന്ന ധനവാന്മാർ മാനസാന്തരത്തിന് ഇടം കാണാത്തവരും ന്യായവിധി എന്ന ഏകപ്രതീക്ഷയോടെ ഇരിക്കുന്നവരുമാണ്. അതുകൊണ്ടാണ്, **"നിങ്ങളുടെമേൽ വരുന്ന ദുരിതങ്ങൾ നിമിത്തം കരഞ്ഞ് മുറയിടുവിൻ"** എന്ന് യാക്കോബ് അവരെ ആഹ്വാനം ചെയ്യുന്നത്. എന്നാൽ കരഞ്ഞ് മുറയിടുവാനുള്ള ആഹ്വാനം വചനത്തിൽ സാധാരണയായി കാണുന്നത് ദൈവമുമ്പാകെ താഴുവാനും മാനസാന്തരപ്പെടുവാനുമായിരിക്കെ, ഇവിടെ പറഞ്ഞിരിക്കുന്നത് ധനം കൂട്ടിവെക്കുന്നവർക്കുള്ള ന്യായവിധിയോട് ബന്ധപ്പെട്ടാണ് (ഗലാ. 6:7–10); കാരണം, ഏത് നിസാര സാഹചര്യത്തിൽ പോലും ധനം നഷ്ടപ്പെടുവാൻ സാധ്യതയുള്ളതുകൊണ്ട്, ധനത്തിൽ ആശ്രയിച്ച് ജീവിക്കുന്നവർക്ക് ഒരിക്കലും സുരക്ഷിതത്വവും സ്ഥിരതയും ലഭിക്കുകയില്ല, മറിച്ച്, അപ്രതീക്ഷിത ദുരിതങ്ങൾ മാത്രമാണ് ലഭിക്കുന്നത്; അതുകൊണ്ടാണ് കരഞ്ഞ് മുറയിടുവാൻ യാക്കോബ് അവരോട് പറയുന്നത്.

പുരാതന മനുഷ്യർ മൂന്ന് വിധത്തിലായിരുന്നു തങ്ങളുടെ നിക്ഷേപങ്ങളെ (സമ്പത്ത്) സൂക്ഷിച്ചിരുന്നത്. അതിലൊന്ന്, ഫലങ്ങൾ ധാന്യങ്ങൾ മാംസം മുതലായ ഭക്ഷ്യവസ്തുക്കൾ ആയിട്ടായിരുന്നു. ഈ ഭക്ഷ്യ വസ്തുക്കളെല്ലാം സൂക്ഷിച്ചുവെക്കാമെങ്കിലും കേടുകൂടാതെ ദീർഘകാലം സൂക്ഷിച്ചു വെക്കുവാനാകുമായിരുന്നില്ല; പുരാതന മനുഷ്യൻ സമ്പത്ത് സൂക്ഷിച്ചിരുന്ന രണ്ടാമത്തെ രീതി, വിശേഷവസ്ത്രങ്ങൾ ആഡംബര വസ്തുക്കൾ മുതലായവ ആയിട്ടായിരുന്നു; എന്നാൽ ഇവയും ദീർഘകാലം കേടുകൂടാതെ സൂക്ഷിച്ചുവെക്കുവാൻ കഴിയുമായിരുന്നില്ല; കാലപഴക്കം കൊണ്ട് അവയും കൃമിച്ചും നരച്ചും ഉപയോഗശൂന്യമാകുമായിരുന്നു. പുരാതന മനുഷ്യൻ സമ്പത്ത് സൂക്ഷിച്ചിരുന്ന മൂന്നാമത്തെ രീതി, പൊന്ന് വെള്ളി മുതലായ വിലയേറിയ ലോഹങ്ങൾ ആയിട്ടായിരുന്നു; പൊന്നും വെള്ളിയും ഉൾപ്പെടെയുള്ള വിലയേറിയ ലോഹങ്ങൾ മുൻ പറഞ്ഞ വസ്തുക്കളെ അപേക്ഷിച്ച് ദീർഘകാലം കേടുകൂടാതെ ഇരിക്കുമെങ്കിലും അക്കാലത്ത് ലഭ്യമായിരുന്ന പവിത്രത കുറഞ്ഞ ഈ ലോഹങ്ങളെല്ലാം കാലപഴക്കം കൊണ്ട് നിറം മങ്ങുകയും കറപിടിക്കുകയും ഉപയോഗശൂന്യമായി തീരുകയും ചെയ്യും. മാത്രമല്ല, അക്കാലത്തെ വീടുകൾ സുരക്ഷിതമല്ലാത്തവ ആയതിനാൽ, കള്ളന്മാർ തുറന്ന് മോഷ്ടിക്കാതിരിക്കുവാൻ, പലരും

തങ്ങളുടെ ധനത്തെ ദൂരെയുള്ള വയലയിൽ കുഴിച്ചിടുക പതിവായിരുന്നു (c.f. മത്തായി 13:44); അങ്ങനെയും ദ്രവിച്ചും കറപിടിച്ചും സമ്പത്തിന്റെ മൂല്യം നഷ്ടപ്പെടുവാൻ ഇടയുണ്ട്. അതുകൊണ്ടാണ് **"നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പ് പുഴുവരിച്ചും പോയി; നിങ്ങളുടെ പൊന്നും വെള്ളിയും കറപിടിച്ചു; ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും; അത് തീ പോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും"** (v. 2-3) എന്ന് യാക്കോബ് പറയുന്നത്.

2-3 വാക്യങ്ങളിൽ കാണുന്ന മൂന്ന് അപൂർണ്ണ ക്രിയകളും ധനവാന്മാരുടെ സമ്പത്തിന്റെ ഇപ്പോഴത്തെ അഴുകിയ/നശിച്ച അവസ്ഥയെ സൂചിപ്പിക്കുന്നു; പാറ്റ തിന്ന് പഴഞ്ചനായ/ഉപയോഗശൂന്യമായ അവരുടെ വസ്ത്രത്തെ സൂചിപ്പിക്കുന്നു; വിലയേറിയ ധനം/നമ്പത്ത് മുതലായ തുരുമ്പിച്ച് ദ്രവിച്ച അവസ്ഥയെ സൂചിപ്പിക്കുന്നു. മാത്രമല്ല, അപൂർണ്ണ ക്രിയ അവർക്ക് വരുന്ന ദുരിതത്തിന്റെ ആസന്നതയെ സൂചിപ്പിക്കുന്നു. ഒരു മനുഷ്യന്റെ വെറുതെ കൂട്ടിവെച്ചിരിക്കുന്ന സമ്പാദ്യത്തിലെ കറ തന്റെ സമ്പത്തിനോട് ബന്ധപ്പെട്ടുള്ള കാര്യവിചാരകത്വത്തിലെ അവിശ്വസ്തതയുടെ തെളിവാണ്; അതുകൊണ്ടാണ് **"ആ കറ നിങ്ങളുടെ നേരെ സാക്ഷിയാകും"** (v. 3) എന്ന് പറയുന്നത്.

ധനവാന്മാർ സമ്പത്ത് പൂഴ്ത്തിവെക്കുന്നതിലെ പാപം വ്യക്തമാക്കിയ ശേഷം അവർക്കെതിരെ വരുന്ന ന്യായവിധിയാണ് തുടർന്ന് ലേഖകൻ വിഷയമാക്കുന്നത്. ദുഷ്ടരായ സമ്പന്നരെ ന്യായംവിധിക്കുവാൻ അവർ പൂഴ്ത്തിവെച്ച് കൃമിച്ചതും, നരച്ചതും, കറപിടിച്ച് പോയതുമായ സമ്പാദ്യം തന്നെ അവർക്കെതിരെ ഒരു സാക്ഷിയായിരിക്കും എന്നാണ് ഇവിടെ പറയുന്നത്; അവരുടെ ഭൗതിക സ്നേഹത്തിനും വീണ്ടും ജനിക്കാത്ത പ്രകൃതത്തിനും **"ആ കറ"** ഒരു തെളിവായിരിക്കും; **"അതു തീ പോലെ നിങ്ങളുടെ ജഡത്തെ തിന്നുകളയും."** കാരണം, ദൈവത്തിന്റെ ക്രോധദിവസത്തിൽ സമ്പത്ത് ഉപകരിക്കുന്നതല്ലായെന്ന് വചനം പറയുന്നുണ്ട് (സദൃശ. 11:4; യെഹെ. 7:19; സെഫ. 1:18). മാത്രമല്ല, ധനം തീ പോലെയുള്ള ഒരു വസ്തുവാണ്; അത് കൈവശമുള്ളവർ അയോഗ്യമായി വിനിയോഗിച്ചാൽ തങ്ങൾക്കും മറ്റുള്ളവർക്കും വലിയ ദോഷം വരുത്തുവാനും അതിന് കഴിയും.

ധനവാന്മാർക്ക് എതിരെയുള്ള യാക്കോബിന്റെ മറ്റൊരു ആരോപണം, **"അന്ത്യകാലത്ത് നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു"**

എന്നതാണ്. തിരുവെഴുത്തിൽ ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കുന്നതിന് എതിരെയും ധനത്തിൽ ആശ്രയിക്കുന്നതിനെതിരെയും പരാമർശമുണ്ട് (മർക്കൊസ് 4:19; ലൂക്കൊസ് 12:21; തിമൊ. 6:9). പുഴുവും തുരുമ്പും കെടുക്കാത്തതും കള്ളന്മാർ തുരന്ന് മോഷ്ടിക്കാത്തതുമായ സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ എന്നും പറയുന്നു (മത്തായി 6:19,20; ലൂക്കൊസ് 12:33). **"അന്ത്യകാലത്ത്"** എന്നതുകൊണ്ട് കർത്താവിന്റെ ഒന്നാമത്തെ വരവിനും രണ്ടാമത്തെ വരവിനും ഇടയിലുള്ള കാലഘട്ടത്തെയാണ് സൂചിപ്പിക്കുന്നത്; കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനും പുനരാഗമനത്തിനും ഇടയിലുള്ള സമയത്തെയാണ് അന്ത്യകാലം എന്നതുകൊണ്ട് വചനം ഉദ്ദേശിക്കുന്നത് (അ.പ്ര. 2:16,17; എബ്രാ. 9:26; 1 പത്രൊസ് 1:20; 1 യോഹ. 2:18). എന്നാൽ ഭൗതികനേട്ടം മാത്രം ലക്ഷ്യമാക്കി ധനവിനിയോഗം നടത്തുന്നവർ, ദൈവത്തിന്റെ സമയക്രമത്തെയും ദൈവിക പദ്ധതിയെയും കുറിച്ച് അറിവില്ലാത്തവരും, അറിഞ്ഞാൽ തന്നെ അതിനെ ഹൃദയപൂർവ്വം അംഗീകരിക്കാത്തവരുമാണ്; അവർ അന്ത്യകാലത്തിന്റെ ദൈവിക മുൻഗണനകളെയെല്ലാം അവഗണിച്ചുകൊണ്ട് (പ്രാർത്ഥന, സ്നേഹം, ശുശ്രൂഷ 1 പത്രൊസ് 4:7,8,10), ഭൂമിയിൽ **"നിക്ഷേപങ്ങളെ ശേഖരിച്ചിരിക്കുന്നു"** എന്നതാണ് അവർക്കെതിരെയുള്ള കുറ്റം. ഭാവികാലത്തിനുവേണ്ടി സ്വരൂകൂട്ടിയ ധനം അവർക്ക് പ്രയോജനപ്പെട്ടില്ല, കാരണം അവർ അന്ത്യകാലത്താണ് അത് സ്വരൂപിച്ചിരിക്കുന്നത്. സ്വാർത്ഥരായ ധനികർക്കുവേണ്ടി കരുതിവച്ചിരുന്ന ഭാവികാല ന്യായവിധിയുടെ സൂചനകൾ ഇവിടെ കാണുന്നു. ക്രിസ്തുവിശ്വാസികളെ സംബന്ധിച്ചിടത്തോളം അന്ത്യകാലത്ത് അഥവാ കർത്താവിന്റെ വരവ് ആസന്നമായ ഈ കാലഘട്ടത്തിൽ ധനം കൂട്ടിവെയ്ക്കുന്നത് ക്രിസ്തുവിലുള്ള അവരുടെ വിശ്വാസത്തോട് പൊരുത്തപ്പെടാത്ത ഒരു കാര്യമാണെന്ന് വചനത്തിൽ കാണുന്നു. (1 കൊരി. 7:29-31). യാക്കോബിനെ സംബന്ധിച്ചിടത്തോളം ധനവും സമ്പാദ്യവുമല്ല ഇവിടെ വിഷയം, മറിച്ച് അതിൽ ആശ്രയിക്കുന്നതും. അതിൽ സുരക്ഷിതത്വം കണ്ടെത്തുന്നതുമാണ്.

## II. ധനം അന്യായമായി സമ്പാദിക്കുന്നതു നിമിത്തം (5:4)

യാക്കോബ് അഭിസംബോധന ചെയ്യുന്ന ധനവാന്മാർ രണ്ട് നിലയിലാണ് ധനം സമ്പാദിച്ചിരിക്കുന്നത്.

## A. വേലക്കാരുടെ കൂലി പിടിച്ചു വെച്ചുകൊണ്ട് ( v. 4)

"നിങ്ങളുടെ നിലങ്ങളെ കൊയ്ത വേലക്കാരുടെ കൂലി നിങ്ങൾ പിടിച്ചുവല്ലോ; അത് നിങ്ങളുടെ അടുക്കൽനിന്ന് നില വിളിക്കുന്നു; കൊയ്തവരുടെ മുറവിളി സൈന്യങ്ങളുടെ കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നു" ധനവാന്മാർ ദരിദ്രരോട് ഉദാരമനോഭാവമുള്ളവരാകണമെന്നുള്ള തിരുവെഴുത്തിനെ (ആവ. 15:9 –11) അവഗണിച്ചുകൊണ്ട് ഈ ധനവാന്മാർ ദരിദ്രരെ ചൂഷണം ചെയ്കയും അവരുടെ വയലിൽ പണിയെടുത്തവർക്ക് അർഹമായ കൂലികൊടുക്കാതെ കൂലി പിടിച്ചുവെയ്ക്കുകയും ചെയ്തതുനിമിത്തം, കൊയ്തവരുടെ മുറവിളി സൈന്യങ്ങളുടെ കർത്താവിന്റെ ചെവിയിൽ എത്തിയിരിക്കുന്നു എന്നാണ് യാക്കോബ് ഇവിടെ പറയുന്നത്. അവരുടെ ഈ പ്രവർത്തി കല്പനാലംഘനവും ദൈവമുമ്പാകെ ശിക്ഷാർഹവുമായ കുറ്റമായിരിക്കുന്നു (ലേവ്യ. 19:13; ആവ. 24:14,15; യെശ. 5:9; 22:14; മലാഖി 3:5). കാരണം, "ഭൂമിയിൽനിന്നുള്ള മർത്യൻ ഇനി ഭയപ്പെടുത്താതിരിപ്പാൻ നീ അനാഥനും പീഡിതനും ന്യായപാലനം ചെയ്യേണ്ടതിന് യഹോവേ നീ സാധുക്കളുടെ അപേക്ഷ കേട്ടിരിക്കുന്നു; അവരുടെ ഹൃദയത്തെ നീ ഉറപ്പിക്കുകയും നിന്റെ ചെവി ചായ്ച്ച് കേൾക്കുകയും ചെയ്യുന്നു" (സങ്കീ. 10:17,18) എന്നാണ് വചനം പറയുന്നത്. അതുകൊണ്ട്, സർവ്വസൈന്യാധിപനായ സൈന്യങ്ങളുടെ യഹോവയായ കർത്താവിന് (2 രാജാ. 19:35) അതിക്രമക്കാർക്ക് എതിരെയുള്ള ന്യായവിധിക്ക് ഒട്ടും താമസം വരികയില്ലായെന്നാണ് യാക്കോബ് ഇവിടെ പറയുന്നത്. കാരണം യിസ്രായേൽ മക്കൾ തങ്ങളുടെ കഷ്ടതനിമിത്തം യഹോവയോട് നിലവിളിച്ചതുപോലെ (പുറപ്പാട് 3:9; ന്യായാധിപന്മാർ 4:3) കൊയ്തവരുടെ മുറവിളി കർത്താവിന്റെ സന്നിധിയിൽ എത്തിയിരിക്കുന്നു.

## B. നീതിമാനെ കുറ്റം വിധിച്ചു കൊന്നുകൊണ്ട് ( v. 6)

"നിങ്ങൾ നീതിമാനെ കുറ്റംവിധിച്ചുകൊന്നു", അവന്റെ സമ്പത്ത് കൈവശപ്പെടുത്തി; അമിതവ്യയത്തിനും ആഡംബരജീവിതത്തിനുമായി (v. 5) അവർ നീതിമാനെ കുറ്റം വിധിച്ച് കൊന്നു എന്നും യാക്കോബ് ഇവിടെ പറയുന്നു. ന്യായാധിപന്മാർക്ക് കൈക്കൂലി കൊടുത്തും, പണം കൊടുത്ത് കള്ളസാക്ഷികളെ ഹാജരാക്കിയും ധനവാ

ന്മാർ ന്യായവിധി അവർക്ക് അനുകൂലമാക്കിയെടുക്കുകയും, നീതി മാനെ കുറ്റം വിധിച്ച് കൊല്ലുകയും അവന്റെ സമ്പത്ത് തട്ടിയെടുക്കുകയും ചെയ്യുന്നു (c.f. 1 രാജാ. 21:13-16). എന്നാൽ ഇത് യഥാർത്ഥ വിശ്വാസികളുടെ ധനസമ്പാദനത്തിനും ധനവിനിയോഗത്തിനുമുള്ള രീതിയല്ല. യഥാർത്ഥവിശ്വാസികളുടെ ധനവിനിയോഗത്തിൽ മൂന്ന് പ്രത്യേകതകൾ ഉണ്ട്.

1. അവർ ധനത്തിൽ ദൈവത്തോട് വിശ്വസ്തരായിരിക്കുന്നു. ദൈവം നല്കിയ (ഏല്പിച്ച) ധനത്തിന് ഒരു നാളിൽ ദൈവത്തിന് കണക്കുകൊടുക്കേണ്ടിവരും എന്ന ബോധ്യത്തോടെ അവർ ധനം വിനിയോഗിക്കുകയും വിനിമയം ചെയ്കയും ചെയ്യുന്നു (c.f. മത്തായി 25:14-19).
2. അവർ ധനത്തിലൂടെ സഹവിശ്വാസികളോട് സ്നേഹം വെളിപ്പെടുത്തുന്നു. പ്രാപ്തിയില്ലാത്തവരെ സഹായിച്ചുകൊണ്ടും (അ.പ്ര. 20:34,35) ദരിദ്രരെ ഓർത്തുകൊണ്ടും (ഗലാ. 2:9,10), മുട്ടുള്ളവനോട് മനസ്സലിവ് കാണിച്ചും (1 യോഹ. 3:17) യഥാർത്ഥ വിശ്വാസികൾ സഹവിശ്വാസികളോട് ധനത്തിലൂടെ സ്നേഹം വെളിപ്പെടുത്തുന്നു.
3. അവർ ധനം ദൈവരാജ്യത്തിന്റെ വ്യാപ്തിക്കായി ഉപയോഗിക്കുന്നു. അനീതിയുള്ള മാമോനെകൊണ്ട് അവർ തങ്ങൾക്ക് സ്നേഹിതരെ ഉണ്ടാക്കുകയും (ലൂക്കൊസ് 16:9); നന്മ ചെയ്തും, ദാനശീലരും ഔദാര്യ മനസ്സുള്ളവരുമായി സൽപ്രവർത്തികളിൽ സമ്പന്നരാകുവാൻ ശ്രമിക്കുകയും ചെയ്യുന്നു (1 തിമൊ. 6:17,18).

## III. ധനം അന്യായമായി വിനിയോഗിക്കുന്നതു നിമിത്തം (5:5)

**"നിങ്ങൾ ഭൂമിയിൽ ആഡംബരത്തോടെ സുഖിച്ചു പുളെച്ചു കുലദിവസത്തിൽ എന്നപോലെ നിങ്ങളുടെ ഹൃദയത്തെ പോഷിപ്പിച്ചിരിക്കുന്നു"** (v. 5).

മറ്റുള്ളവർക്ക് അർഹമായ ധനം കൊണ്ട്, കശാപ്പു ദിവസത്തിലേക്കായി തടിപ്പിച്ച് ഒരുക്കുന്ന കശാപ്പു മൃഗങ്ങളെപോലെ, ധനവാന്മാർ മറ്റുള്ളവരുടെ ചിലവിൽ ആഡംബരവും അമിതവ്യയവുമുള്ള ഒരു ജീവിത ശൈലിയിലൂടെ ന്യായവിധിയുടെ ദിവസത്തിലേക്കായി ആലങ്കാരികമായും ആക്ഷരീകമായും തങ്ങളുടെ ഹൃദയത്തെയും ശരീരത്തെയും

തടിപ്പിച്ച് ഒരുക്കിയിരിക്കുന്നു എന്നാണ് യാക്കോബ് പറയുന്നത്.

ദൈവം തന്റെ മക്കൾക്ക് ധനം കൊടുക്കുന്നത് തന്റെ മഹത്വത്തിനായി ഉപയോഗിപ്പാൻ വേണ്ടിയാണ് (1 ദിന. 29:3; മർക്കൊസ് 12:42-44; 1 കൊരി. 16:1,2). കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ, തങ്ങളുടെ കുടുംബത്തെ പുലർത്തുവാനും (1 തിമൊ. 5:8), ആവശ്യത്തിലിരിക്കുന്നവരെ സഹായിക്കുവാനും (2 കൊരി. 8:3,4), ആത്മാക്കളെ നേടുവാനും (ലൂക്കൊസ് 16:9), ശുശ്രൂഷയെ സഹായിക്കുവാനും (1 കൊരി. 9:4-14), വേണ്ടിയാണ്.

എന്നാൽ ഈ ധനവാന്മാർ അന്യായമാർഗ്ഗത്തിലൂടെ ധനം സമ്പാദിക്കുകയും (യാക്കോബ് 5:4,6) അന്ത്യകാലത്തേക്കുള്ള ദൈവിക മുൻഗണനകളെയെല്ലാം അവഗണിച്ചുകൊണ്ട് അന്യായമായി ധനം കൂട്ടിവെയ്ക്കുകയും, മറ്റുള്ളവർക്ക് അർഹമായ ധനം ആഡംബരജീവിതത്തിനും സ്വാർത്ഥതയെ തൃപ്തിപ്പെടുത്തുന്നതിനുമായി അന്യായമായി വിനിയോഗിക്കുന്നവരുമാകയാൽ യഥാർത്ഥ വിശ്വാസികളല്ല, മറിച്ച്, അഭക്തരും അവിശ്വാസികളുമാണ്. അവരാരും ശിക്ഷിക്കപ്പെടാതെ പോകുകയില്ല. കാരണം, പരിശോധനയിൽ യോഗ്യമായ ധനസമ്പാദനവും ധനവിനിയോഗവും യഥാർത്ഥവിശ്വാസത്തിന്റെ അടയാളമാണ്.

# 12

# പരിശോധനയിൽ സഹിഷ്ണുത

**"എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷത വരെ ദീർഘക്ഷമയോടിരിപ്പിൻ; കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തു കൊണ്ടു മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ. നിങ്ങളും ദീർഘക്ഷമയോടിരിപ്പിൻ; നിങ്ങളുടെ ഹൃദയം സ്ഥിരമാക്കുവിൻ; കർത്താവിന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു. സഹോദരന്മാരേ, വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങിപ്പോകരുത്, ഇതാ, ന്യായാധിപതി വാതില്ക്കൽ നില്ക്കുന്നു. സഹോദരമാരേ, കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ കഷ്ടാനുഭവത്തിനും ദീർഘക്ഷമെക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ. സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാർ എന്നു പുകഴ്ത്തുന്നു. യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവു വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു; കർത്താവു മഹാകരുണയും മനസ്സലിവുമുള്ളവനല്ലോ" (യാക്കോബ് 5:7-11).**

എല്ലാ ക്രിസ്തുവിശ്വാസികളും ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ വിശ്വാസത്തിന്റെ പരിശോധനയിലൂടെ കടന്നുപോകുന്നവരും കഷ്ടത അനുഭവിക്കുന്നവരുമാണ്. കാരണം കഷ്ടത ഇഹലോക ജീവിതത്തിന്റെ ഭാഗമാണ്; മാത്രമല്ല, കഷ്ടത എല്ലായിടത്തുമുണ്ട്, എക്കാലത്തുമുണ്ട്. അതുകൊണ്ടാണ്, "മനുഷ്യൻ കഷ്ടതക്കായി ജനിച്ചിരിക്കുന്നു"യെന്ന് ഭക്തനായ ഇയ്യോബും (ഇയ്യോബ് 5:7), (ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്" എന്ന് കർത്താവായ യേശു

ക്രിസ്തുവും (യോഹ. 16:33), “നാം അനേകം കഷ്ടങ്ങളിൽ കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു”വെന്ന് വിശുദ്ധപൗലൊസും (അ.പ്ര. 14:22) പറഞ്ഞിരിക്കുന്നത്.

മനുഷ്യജീവിതത്തിൽ സാധാരണയായി ഉണ്ടാകുന്ന കഷ്ടങ്ങൾക്ക് പുറമെ, ക്രിസ്തുവിശ്വാസികൾ കർത്താവിന്റെ ശിഷ്യന്മാർ എന്ന നിലയിൽ കൂടുതൽ കഷ്ടത അനുഭവിക്കേണ്ടിവരുമെന്ന് വചനത്തിൽ കാണുന്നുണ്ട് (മത്തായി 5:10; യോഹ. 15:20; 2 തിമൊ. 1:8; 1 പത്രൊസ് 4:13). ക്രിസ്തുവിശ്വാസികൾക്ക് തിരുവെഴുത്ത് ഈ നിലയിലുള്ള മുന്നറിയിപ്പുകൾ തരുന്നുവെങ്കിലും, കഷ്ടതയിലൂടെ കടന്നുപോകുമ്പോൾ പലരും തളർന്ന് പോകുകയും ദൈവത്തോട് പിറുപിറുക്കുകയും ചുരുക്കം ചിലർ വിശ്വാസം വിട്ടുപോകുകയും ചെയ്യാറുണ്ട്. എന്നാൽ യഥാർത്ഥ വിശ്വാസികൾ കഷ്ടതയിലൂടെ കടന്നുപോകുമ്പോഴും, ആകുലചിന്തയും വിഫലശ്രമവും നിമിത്തം കോപവും മനോഭാരവും ഉണ്ടാകുമ്പോഴും, പ്രതികാരത്തിനായി ജഡം ദാഹിക്കുമ്പോഴും ഓരോ സംഭവത്തിലും ഓരോ നിമിഷവും കർത്താവിന്റെ പ്രത്യക്ഷതക്കായി ദീർഘക്ഷമയോടെ കാത്തിരിക്കുന്നവരാണ്; ഇത് യഥാർത്ഥവിശ്വാസത്തിന്റെ അടയാളവുമായിരിക്കുന്നു. കഷ്ടതയെ ഇങ്ങനെ ദീർഘക്ഷമയോടെ - സഹിഷ്ണുതയോടെ അഭിമുഖീകരിക്കുവാൻ അനുവാചകർ പ്രധാനമായും നാല് കാര്യങ്ങൾ അറിയണമെന്ന് യാക്കോബ് ഈ വേദഭാഗത്തിലൂടെ ആഗ്രഹിക്കുന്നു.

## I. സഹിഷ്ണുതയുടെ ദൈർഘ്യം (7-8)

**“എന്നാൽ സഹോദരന്മാരേ, കർത്താവിന്റെ പ്രത്യക്ഷതവരെ ദീർഘക്ഷമയോടിരിപ്പിൻ”** (v. 7). ഈ അധ്യായത്തിന്റെ 4-6 വരെ വാക്യങ്ങളിൽ ധനവാന്മാർ നിമിത്തം ദരിദ്രരായ വേലക്കാരുടെ കഷ്ടതയെ വിവരിച്ചശേഷം 7-11 വരെ വാക്യങ്ങളിൽ കർത്താവ് തന്റെ ജനത്തിന് പ്രതിഫലം തരുന്നതുകൊണ്ട് കർത്താവിന്റെ പ്രത്യക്ഷത വരെ ക്ഷമയോടിരിപ്പാൻ യാക്കോബ് പറയുന്നു.

മഹോപദ്രവ കാലത്തിന്റെ അന്ത്യത്തിലും സഹസ്രാബ്ദ വാഴ്ചയുടെ ആരംഭത്തിലുമായി സംഭവിക്കുന്ന കർത്താവിന്റെ വരവിനെയാണ് സാങ്കേതികമായി കർത്താവിന്റെ പ്രത്യക്ഷത എന്ന് പറയുന്നത് (മത്തായി 24:37); അപ്പോഴാണ് ദൈവം തന്റെ ജനത്തിന്റെ ശത്രുക്കൾക്ക് പ്രതികാരം ചെയ്യുന്നത്. എന്നാൽ ഉൽപ്രാപണത്തെയും ഇത്

സൂചിപ്പിക്കുന്നുണ്ട് (1 തെസ്സ. 4:15–17); അതിലൂടെയാണ് ദൈവജന ത്തിന്റെ കഷ്ടതകൾക്ക് എന്നെന്നേക്കുമായി ഒരു അവസാനം ഉണ്ടാ കുന്നത്.

യാക്കോബ് ഇവിടെ ഉദ്ദേശിക്കുന്നത് ഇതിൽ ഏതുതരം പ്രത്യ ക്ഷത ആയിരുന്നാലും, ക്രിസ്തുവിശ്വാസികളുടെ ഏറ്റവും വലിയ പ്രത്യാശയായ കർത്താവിന്റെ പ്രത്യക്ഷതയെക്കുറിച്ച് യാക്കോബ് ഇവിടെ രണ്ടു പ്രാവശ്യം വ്യക്തമായി പരാമർശിക്കുന്നുണ്ട് (7,8). കർത്താവിന്റെ നാമം നിമിത്തം ഏറ്റവുമധികം ഉപദ്രവിക്കപ്പെടുന്നവ രായിരിക്കും കർത്താവിന്റെ പ്രത്യക്ഷതക്കായി ഏറ്റവുമധികം കാത്തി രിക്കുന്നത്; അവരുടെ പ്രാർത്ഥനയാണ്, “യഹോവേ, മടങ്ങിവരണമേ എത്രത്തോളം താമസം? അടിയങ്ങളോട് സഹതാപം തോന്നേണമേ” എന്നത് (സങ്കീ. 90:13).

കർത്താവിനെ സ്നേഹിക്കുന്നവരുടെ ഏറ്റവും വലിയ പ്രത്യാശ, തങ്ങളെ സ്നേഹിക്കുന്ന തങ്ങൾ സ്നേഹിക്കുന്ന കർത്താവിന്റെ പ്രത്യക്ഷതയാണ് (1 പത്രൊാസ് 1:7–9). ഇതിനെക്കുറിച്ച് തിരുവെഴുത്തിൽ 500 ൽ അധികം വാക്യങ്ങളിൽ പരാമർശിച്ചിട്ടുണ്ട്; മാത്രമല്ല, കർത്താ വിന്റെ പ്രത്യക്ഷതയെക്കുറിച്ച് കർത്താവുതന്നെ വളരെയധികം പറഞ്ഞി ട്ടുണ്ട്; ഒലിവുമല പ്രഭാഷണത്തിൽ, തന്റെ പ്രത്യക്ഷതയുടെ ആവശ്യം, അടയാളം, ഉദ്ദേശ്യം എന്നിവയെ താൻ ശിഷ്യന്മാർക്ക് വ്യക്തമാക്കി കൊടുക്കുകയുണ്ടായി; അതുകൊണ്ട് കർത്താവിന്റെ പ്രത്യക്ഷതയുടെ പ്രത്യാശയിലാണ് ഓരോ വിശ്വാസിയും എപ്പോഴും ജീവിക്കേണ്ടത്; അതിന് പല കാരണങ്ങൾ ഉണ്ട്. **ഒന്നാമതായി:** വിശ്വാസികളുടെ സകല പ്രശ്നങ്ങൾക്കും ഉപദ്രവങ്ങൾക്കും, കഷ്ടതകൾക്കും, പരിഹാസത്തിനും നിന്ദക്കും അറുതി വരുന്നത് അവന്റെ പ്രത്യക്ഷതയിലാണ് (1 പത്രൊാസ് 4:7); **രണ്ടാമതായി,** വിശ്വാസികളുടെ പ്രവർത്തികൾക്കുള്ള പ്രതിഫലം കർത്താവിന്റെ പ്രത്യക്ഷതയിലാണ് ലഭിക്കുന്നത് (2 കൊരി. 5:10 c.f. വെളി. 22:12); **മൂന്നാമതായി,** സഹിഷ്ണുതയുടെ വില വിശ്വാസി പൂർണ്ണ മായി മനസ്സിലാക്കുന്നത് കർത്താവിന്റെ പ്രത്യക്ഷതയിലാണ് (റോമർ 8:18; 2 കൊരി. 4:18). അതുകൊണ്ടാണ്, “നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷത യിൽ പുകഴ്ചക്കും, തേജസിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇടവരും” എന്ന് വചനം പറയുന്നത് (1 പത്രൊാസ് 1:7).

കർത്താവിന്റെ പ്രത്യക്ഷതയിൽ പ്രത്യാശയില്ലാതെ ഈ ആയുസ്സിൽ മാത്രം ആശവെച്ചിരിക്കുന്ന വിശ്വാസികൾ സകല മനുഷ്യരിലും അരിഷ്ടർ എന്നാണ് വചനം പറയുന്നത് (1 കൊരി. 15:19). എന്നാൽ യഥാർത്ഥ ക്രിസ്തുവിശ്വാസികൾ പ്രത്യാശയുള്ളവരും സകല മനുഷ്യരിലും ഭാഗ്യവാന്മാരുമാണ്. അവരുടെ പ്രത്യാശ ഇവിടംകൊണ്ട് അവസാനിക്കുന്നില്ല; മറിച്ച്, അത് "നിശ്ചയവും സ്ഥിരവും തിരശ്ശീലക്കകത്തേക്ക് കടക്കുന്നതുമാകുന്നു" (എബ്രാ. 6:19); അവിടെ നിന്നും "അവൻ (കർത്താവ്) പ്രത്യക്ഷനാകുമ്പോൾ നാം... അവനോട് സദൃശന്മാർ ആകും" (1 യോഹ. 3:2); "ഇങ്ങനെ നാം എപ്പോഴും കർത്താവിനോട് കൂടെ ഇരിക്കും" (1 തെസ്സ. 4:17); ആ ജീവിതത്തിൽ കണ്ണുനീരും മരണവും ദുഃഖവും മുറവിളിയും കഷ്ടതയും ഉണ്ടാകുകയില്ലെന്നും വചനം പറയുന്നു (വെളി. 21:4,5).

കർത്താവിന്റെ ജനം കർത്താവിന്റെ പ്രത്യക്ഷതവരെ സഹിഷ്ണുതയോടെ ഇരിക്കേണ്ടത്, **"കൃഷിക്കാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ടു മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നുവല്ലോ"**; അതുപോലെ കാത്തിരിക്കുന്നവർ ആകണമെന്ന് യാക്കോബ് ഇവിടെ പറയുന്നു (v. 7b). കാരണം, വിത്ത് വിതയ്ക്കുന്നതിന് ആവശ്യമായ മുന്മഴക്കും സസ്യത്തിന്റെ വളർച്ചയ്ക്ക് ആവശ്യമായ പിന്മഴക്കും, തുടർന്ന് വിളവെടുപ്പിനുള്ള സമയം ആകുന്നതുവരെ പ്രതീക്ഷയോടും ക്ഷമയോടും കൂടെ കൃഷിക്കാരൻ കാത്തിരിക്കുന്നതുപോലെ കർത്താവിന്റെ നാമം നിമിത്തം കഷ്ടമനുഭവിക്കുന്നവർ എന്നേക്കുമുള്ള സ്വാതന്ത്ര്യത്തിന്റെ പ്രത്യാശയോടെ കർത്താവിന്റെ പ്രത്യക്ഷത വരെ സഹിഷ്ണുതയുള്ളവരാകണമെന്നാണ് യാക്കോബ് പറയുന്നത്.

എന്നാൽ മുന്മഴയും പിന്മഴയും ദൈവത്തിന്റെ വാഗ്ദത്തം എങ്കിലും (ആവ. 11:4) അവയെ ക്ഷമയോടെ കാത്തിരിക്കുക മാത്രമല്ല, അവക്കു വേണ്ടി ദൈവത്തോട് യാചിക്കുകയും വേണം (സെഖ. 10:1) എന്നതുപോലെ കർത്താവിന്റെ വരവിനെ ബദ്ധപ്പെടുത്തുന്നവരായിരിക്കണം വിശ്വാസികൾ (2 പത്രൊസ് 3:11). കർത്താവിന്റെ വരവിലുള്ള ഭാവി അനുഗ്രഹത്തിന്റെ പ്രതീക്ഷയിൽ വിശ്വസിക്കുന്ന ദരിദ്രരോട് തങ്ങളുടെ ഹൃദയങ്ങളെ ഉറപ്പിക്കുവാൻ യാക്കോബ് ആവശ്യപ്പെടുന്നു. പീഡിപ്പിക്കുന്നവർ തങ്ങളുടെ ഹൃദയങ്ങളെ കുലദിവസത്തിനായി തടിപ്പിച്ചൊരു

ക്കുന്നതുപോലെ (5:5) പീഡിതർ തങ്ങളുടെ ഹൃദയങ്ങളെ കർത്താവിന്റെ ദിവസത്തിനായി വിശ്വാസത്തിൽ ഉറപ്പിക്കണം ഒരു കൃഷിക്കാരൻ മഴ വൈകുമ്പോൾ ഞെരങ്ങുവാൻ പരീക്ഷിക്കപ്പെടുന്നതുപോലെ വിശ്വാസികൾ കർത്താവിന്റെ വരവ് വൈകുന്നുവെന്നു കാണുമ്പോൾ ഞരങ്ങിപോകാൻ സാധ്യതയുണ്ട്. എന്നാൽ ഞരങ്ങിപോകരുത്; കാരണം അവരുടെ കഷ്ടത എന്നേക്കു നിലനിൽക്കയില്ല; അതിന്റെ അവസാനം അടുത്തു. കർത്താവിന്റെ വരവ് സമീപിച്ചിരിക്കുന്നു. (c.f സങ്കീ. 145:18,19; 34:17,18).

കർത്താവിന്റെ വരവുവരെ ദീർഘക്ഷമയോടിരിക്കണമെങ്കിൽ ഹൃദയത്തെ ശക്തിപ്പെടുത്തണം; അത് നല്ല പ്രവർത്തിയിലൂടെയും നല്ല വാക്കിലൂടെയും (2 തെസ്സ. 2:17), കഷ്ടതയിലൂടെയും സാധ്യമാണ് (1 പത്രൊസ് 5:10).

## II. സഹിഷ്ണുതയുടെ ആവശ്യം (v. 9)

**"സഹോദരന്മാരേ, വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങിപോകരുത്; ഇതാ ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു"** (v. 9).

കർത്താവിന്റെ പ്രത്യക്ഷത കഷ്ടതയിലൂടെ കടന്നു പോകുന്നവർക്ക് വലിയ ആശ്വാസം തരുമെങ്കിലും അവൻ തന്റെ ജനത്തെ നീതിയിൽ ന്യായം വിധിക്കുമെന്ന യാഥാർത്ഥ്യം വിശ്വാസത്തിന്റെ പരിശോധനയിൽ സഹിഷ്ണുതയില്ലാതെ അന്യോന്യം ഞരങ്ങുന്നവർക്ക് ഒരു മുന്നറിയിപ്പാണ്. അതുകൊണ്ടാണ്, **"ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങി പോകരുത്"** എന്ന് വചനം പറയുന്നത്.

പ്രതികൂല സാഹചര്യങ്ങളിൽ പ്രതിയോഗികളുടെ മദ്ധ്യേ ജീവിക്കുമ്പോൾ വിശ്വാസികൾ നിരാശപ്പെടാനും അവർക്ക് സഹിഷ്ണുത നഷ്ടപ്പെടാനും ഇടയുണ്ട്; തങ്ങളുടെ കഷ്ടതയ്ക്ക് കാരണക്കാരായവരോടും കഷ്ടത വർദ്ധിപ്പിക്കുന്നവരോടും ഞരങ്ങി പോകുവാൻ സാധ്യതയുണ്ട്. എന്നാൽ ദൈവത്താൽ വിധിക്കപ്പെടാതിരിക്കുവാൻ വിശ്വാസികൾ അങ്ങനെ ചെയ്യരുതെന്ന് വചനം പറയുന്നു. കാരണം, **"ഇതാ, ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു"**; കർത്താവ് അവരുടെ നിലവിളി കേട്ടു (5:4); അവന്റെ പ്രത്യക്ഷത സമീപിച്ചിരിക്കുന്നു അർത്ഥാൽ, അവൻ വഴിയിലാണ് (v. 8); "ഇതാ ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു"

(5:9). അതായത്, ന്യായവിസ്താരം നടത്തുവാനുള്ള ഹാളിന്റെ വാതിൽക്കൽ വരെ ന്യായാധിപതി എത്തിയിരിക്കുന്നു; മുഖപക്ഷം കൂടാതെയുള്ള ന്യായവിധി സ്വീകരിക്കുവാനായി ഓരോ വ്യക്തിയും, "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തത് നല്ലതാകിലും തിയ്യതാകിലും അതിന് തക്കവണ്ണം പ്രാപിക്കേണ്ടതിന് നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു" എന്നും (2 കൊരി. 5:10); "ആ ദിവസം അതിനെ തെളിവാക്കും അത് തീയോടെ വെളിപ്പെട്ടുവരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്ന് തീ തന്നെ ശോധന ചെയ്യും" എന്നും (1 കൊരി. 3:13); "ആകയാൽ കർത്താവ് വരുവോളം സമയത്തിന് മുമ്പേ ഒന്നും വിധിക്കരുത്; അവൻ ഇരുട്ടിൽ മറഞ്ഞിരിക്കുന്നത് വെളിച്ചത്താക്കി ഹൃദയങ്ങളുടെ ആലോചനകളെ വെളിപ്പെടുത്തു"മെന്നും (1 കൊരി. 4:5) മുന്നറിയിപ്പുള്ളതുകൊണ്ട് വിശ്വാസികൾ അന്യോന്യം സഹിഷ്ണുതയുള്ളവരായിരിക്കണമെന്ന് യാക്കോബ് പറയുന്നു.

## III. സഹിഷ്ണുതയുടെ ദൃഷ്ടാന്തം (v. 10)

''കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ കഷ്ടാനുഭവനത്തിനും ദീർഘക്ഷമക്കും ദൃഷ്ടാന്തമായി വിചാരിച്ചുകൊൾവിൻ''.

അനുവാചകർ കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരുടെ വചനം കൈകൊണ്ടാൽ മാത്രം പോരാ (2 പത്രൊസ് 1:19), മറിച്ച്, കഷ്ടതയിൽ സഹിഷ്ണുത കാണിച്ച അവരുടെ മാതൃകയും പിൻതുടരണമെന്ന് ലേഖകൻ പറയുന്നു. വിശ്വാസികൾക്ക് കഷ്ടതയിൽ സഹിഷ്ണുതയുള്ളവരാകുവാൻ ദൈവത്തിന്റെ പ്രവാചകന്മാരുടെ ദൃഷ്ടാന്തങ്ങൾ എന്നും ദൈവജനത്തിന് പ്രചോദനം നല്കുന്നതാണ് (മത്തായി 23:34,35). അവരിൽ ചിലരുടെ പേരുകൾ ഇവിടെ പ്രസ്താവ്യമാണ്.

**A. ഏലീയാവ്:** ആഹാബും ഇസബേലും ചേർന്ന് ഏലീയാവിനെ ഉപദ്രവിക്കുവാനും കൊല്ലുവാനും പലവട്ടം ശ്രമിച്ചുവെങ്കിലും, താൻ വ്യത്യസ്തവും അനഭിലഷണീയവുമായ അനുഭവങ്ങളിലൂടെ കടന്നുപോകേണ്ടിവന്നുവെങ്കിലും കഷ്ടതയെ സഹിഷ്ണുതയിലൂടെ അതിജീവിക്കുവാൻ ഏലീയാവിന് കഴിഞ്ഞതായി 1 രാജാക്കന്മാർ 17-20

അദ്ധ്യായങ്ങളിൽ കാണുന്നു.

**B. യിരെമ്യാവ്:** അപവാദം, നിന്ദ, ഭീഷണി, അടി, ഉപദ്രവം മുതലായവ പലപ്പോഴും ഏൽക്കേണ്ടിവന്നിട്ടും, പലപ്പോഴും മരണഭീതിയിലായിരുന്നിട്ടും സഹിഷ്ണുതയിലൂടെയാണ് യിരെമ്യാവ് അതിനെയെല്ലാം അതിജീവിച്ച് ദൈവത്തിനുവേണ്ടി സംസാരിച്ചത് (യിരെ. 11:21; 20:2,7,8; 36:26; 38:6,25).

മാത്രമല്ല, ദൈവിക അരുളപ്പാട് അറിയിച്ച പ്രവാചകന്മാരോടുള്ള യിസ്രായേലിന്റെ അസഹിഷ്ണുതയെക്കുറിച്ച്, കർത്താവ് "യെരൂശലേമെ, യെരൂശലേമെ, പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളെ..." എന്നും (മത്തായി 23:37), സ്തേഫാനോസ്, "പ്രവാചകന്മാരിൽ ഏവനെ നിങ്ങളുടെ പിതാക്കന്മാർ ഉപദ്രവിക്കാതിരുന്നിട്ടുള്ളൂ" എന്നുമാണ് പറഞ്ഞത് (അ.പ്ര. 7:52 c.f. എബ്രാ. 11:32-38).

ദൈവിക അരുളപ്പാടുകൾ ദുഷ്പ്രവർത്തിക്കാർക്ക് എതിരായതിനാൽ അവർ പലപ്പോഴും പ്രവാചകന്മാരോട് എതിർത്തു നിൽക്കയും ഉപദ്രവിക്കയും ചെയ്തിട്ടുണ്ട്; അതുപോലെ അവർ ദൈവപുത്രനെയും ഉപദ്രവിച്ചിട്ടുണ്ട് (മത്തായി 23:34); അങ്ങനെതന്നെ പ്രവാചകന്മാരെയും ദൈവപുത്രനെയും പിന്തുടരുന്നവരെയും ഇപ്പോൾ അവർ ഉപദ്രവിക്കുന്നു. അങ്ങനെ നോക്കുമ്പോൾ കർത്താവിന്റെ നാമത്തിൽ സംസാരിച്ച വിശുദ്ധ പ്രവാചകന്മാർ എല്ലാവരും പലവിധ കഷ്ടതയിലൂടെ കടന്നുപോകേണ്ടിവന്നുവെങ്കിലും തങ്ങളുടെ കഷ്ടതയിൽ അവർ സഹിഷ്ണുതയുള്ളവരായിരുന്നു; എന്തെന്നാൽ, അവർ നില്ക്കുന്നത് സത്യത്തിന് വേണ്ടിയാണെന്നും ഒരു നാളിൽ ദൈവം അവരെ നീതീകരിക്കുമെന്നും അവർ അറിയുകയും വിശ്വസിക്കുകയും ചെയ്തിരുന്നു. ഈ പ്രത്യാശയാണ് കഷ്ടതയെ സഹിഷ്ണുതയോടെ നേരിടുവാൻ അവർക്ക് ഇടയാക്കിയത്. തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന അവരുടെ അനേകം ദൃഷ്ടാന്തങ്ങൾ പരിശോധനയിൽ സഹിഷ്ണുതയുള്ളവരാകുവാൻ ഏതൊരു വിശ്വാസിക്കും പ്രചോദനം നല്കുന്നതാണ്.

## IV. സഹിഷ്ണുതയുടെ ഫലം (v. 11)

**"സഹിഷ്ണുത കാണിച്ചവരെ നാം ഭാഗ്യവാന്മാർ എന്ന് പുകഴ്ത്തുന്നു..."**

കഷ്ടതയിൽ സഹിഷ്ണുത കാണിച്ചവരെ ദൈവജനം പൊതുവിൽ ഭാഗ്യവാന്മാർ എന്ന് പുകഴ്ത്തുന്നതിന് പല കാരണങ്ങൾ ഉണ്ട്: **ഒന്നാമതായി,** അവർ ദൈവത്തിന്റെ പ്രത്യേകമായ അനുഗ്രഹവും കരുതലും അനുഭവിക്കുന്നവരായതുകൊണ്ടാണ്; **രണ്ടാമതായി,** അവർ ദൈവത്തെ കൂടുതൽ രുചിച്ചറിഞ്ഞതുകൊണ്ടാണ്; **മൂന്നമതായി,** അവർ ദൈവിക സാന്നിദ്ധ്യം കൂടുതലായി അനുഭവിക്കുന്നതുകൊണ്ടാണ്; **അവസാനമായി,** അവരുടെ വിശ്വസ്തത പരിശോധിച്ച് തെളിയിക്കപ്പെട്ടതുകൊണ്ടാണ് അവർക്ക് എപ്പോഴും വീരപരിവേഷം ലഭിക്കുന്നത്.

ഇയ്യോബിന്റെ സഹിഷ്ണുത തന്നെ ഉദാഹരണമായിട്ടെടുത്താൽ, **"യോബിന്റെ സഹിഷ്ണുത നിങ്ങൾ കേട്ടും കർത്താവ് വരുത്തിയ അവസാനം കണ്ടുമിരിക്കുന്നു"** (V. 11) എന്നാണ് യാക്കോബ് ഇവിടെ പറയുന്നത്; കാരണം, പരിശോധനയിൽ സഹിഷ്ണുത കാണിച്ച ഇയ്യോബിന്റെ ചരിത്രം യഹൂദന്മാരുടെ ഇടയിൽ ഏറ്റവും പഴക്കമുള്ളതാണ്. മാനുഷികമായി നമുക്കു ചിന്തിക്കുവാനോ വിവരിക്കുവാനോ കഴിയാത്ത നിലയിലുള്ള കഷ്ടതയിലൂടെ ഇയ്യോബ് കടന്നുപോയിട്ടും – മക്കൾ നഷ്ടപ്പെട്ടു, സമ്പത്ത് നഷ്ടപ്പെട്ടു, ആരോഗ്യവും സൗന്ദര്യവും നഷ്ടപ്പെട്ടു, പേരും പെരുമയും നഷ്ടപ്പെട്ടു – ഇയ്യോബ് പാപം ചെയ്കയോ ദൈവത്തിന് ദോഷം ആരോപിക്കുകയോ ചെയ്തില്ലെന്ന് മാത്രമല്ല, "അവൻ എന്നെ കൊന്നാലും ഞാൻ അവനെതന്നെ കാത്തിരിക്കു" മെന്നുള്ള (13:15) തന്റെ ദൃഢനിശ്ചയം കഷ്ടതയിൽ താൻ വെളിപ്പെടുത്തിയ അപാരമായ സഹിഷ്ണുതയുടെ അനിഷേധ്യ തെളിവാണ്.

മാത്രമല്ല, ഇയ്യോബിന്റെ കഷ്ടതകൾക്ക് പ്രധാനമായും മൂന്ന് കാരണങ്ങൾ ഉണ്ടായിരുന്നതായി തിരുവെഴുത്തിൽ കാണുവാൻ സാധിക്കും; **ഒന്നാമതായി,** ഇയ്യോബിന് ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തെ തെളിയിക്കുവാൻ കഴിഞ്ഞു. കാരണം, "തൃക്കൈ നീട്ടി അവനുള്ളതൊക്കെയും ഒന്ന് തൊടുക..." "നിന്റെ കൈ നീട്ടി അവന്റെ അസ്ഥിയും മാംസവും ഒന്ന് തൊടുക. അവൻ നിന്നെ മുഖത്ത് നോക്കി ത്യജിച്ച് പറയും" എന്നാണ് സാത്താൻ അവനെതിരെ ദൈവമുമ്പാകെ വാദിച്ചത് (ഇയ്യോബ് 1:11, 2:5). **രണ്ടാമതായി,** പരിശോധനയിലൂടെ ഇയ്യോബിന് ദൈവത്തെ കൂടുതലായി അടുത്തറിയുവാൻ സാധിച്ചു; "ഞാൻ നിന്നെക്കുറിച്ച് ഒരു കേൾവി മാത്രമേ കേട്ടിരുന്നുള്ളൂ; ഇപ്പോഴോ എന്റെ

കണ്ണാൽ നിന്നെ കാണുന്നു" (42:5) എന്നാണ് പരിശോധനയിലൂടെ കടന്നുപോയ ശേഷം ഇയ്യോബ് പറഞ്ഞത്. **മൂന്നാമതായി,** കഷ്ട തയിലൂടെ ഇയ്യോബിന്റെ അനുഗ്രഹം ദൈവം ഇരട്ടിയാക്കി. "... യഹോവ അവന്റെ സ്ഥിതിക്കു ഭേദം വരുത്തി; മുമ്പെ ഉണ്ടായിരുന്ന തൊക്കെയും യഹോവ ഇയ്യോബിന് ഇരട്ടിയായി കൊടുത്തു" (42:10 c.f. മർക്കൊസ് 10:29,30) എന്നും തിരുവെഴുത്ത് പറയുന്നു. 6:11 ൽ, "ഞാൻ കാത്തിരിക്കേണ്ടതിന് എന്റെ ശക്തി എന്തുള്ളൂ" എന്ന് ഇയ്യോബ് ചോദിച്ചുവെങ്കിലും 14:14 ൽ "എനിക്ക് മാറ്റം വരുവോളം എന്റെ യുദ്ധകാലമൊക്കെയും ഞാൻ കാത്തിരിക്കും" എന്ന് പ്രത്യാശ യോടെ പറയുന്നു. അങ്ങനെ നോക്കുമ്പോൾ, ഇയ്യോബിനോടുള്ള കർത്താവിന്റെ ഇടപെടലിന്റെ കാരണങ്ങൾ കഷ്ടതയിൽ സഹിഷ്ണു തയോടിരിക്കുന്നവർക്ക് വലിയ പ്രചോദനം നല്കുന്നതാണ്. മാത്രമ ല്ല, **"കർത്താവ് മഹാ കരുണയും മനസലിവുമുള്ളവ"**നാണെന്നു ള്ളത് (v. 11) കഷ്ടതയിലൂടെ പോകുന്നവർക്ക് വലിയ ആശ്വാസം നൽകു ന്നതാണ്. കാരണം, കർത്താവ് കരുണയും മനസലിവുമുള്ളവനായ തുകൊണ്ട്, ഏതൊരു കഷ്ടതയെയും, പരിശോധനയെയും, ഉപദ്രവ ത്തെയും, സഹിഷ്ണുതയോടെ നേരിടുവാൻ അവൻ വിശ്വാസികളെ ശക്തിപ്പെടുത്തുമെന്ന് മാത്രമല്ല, കഷ്ടതയെ ഇരട്ടി അനുഗ്രഹത്തിനുള്ള ഒരു മുഖാന്തരമാക്കി തീർക്കുകയും ചെയ്യും. അതുകൊണ്ട് അനുവാച കർ പരിശോധനകളിലല്ല ശ്രദ്ധിക്കേണ്ടത് മറിച്ച് പരിശോധനകളുടെ ആത്യന്തിക ഫലത്തിലാണ് (അവസാനം) ശ്രദ്ധിക്കേണ്ടതെന്ന് ലേഖ കൻ ഓർപ്പിക്കുന്നു.

അതുകൊണ്ട് പരിശോധനയിൽ (കഷ്ടതയിൽ) സഹിഷ്ണുത യഥാർത്ഥവിശ്വാസത്തിന്റെ അടയാളമാണ്. എന്നാൽ വ്യാജവിശ്വാസി കൾക്ക് പരിശോധനയിൽ, കഷ്ടതയെ സഹിഷ്ണുതയോടെ നേരിടു വാൻ കഴിയുകയില്ല; അവർ "തൽക്കാലം വിശ്വസിക്കയും പരീക്ഷാ സമയത്ത് പിൻവാങ്ങിപോകയും ചെയ്യുന്നു" (ലൂക്കൊസ് 8:13).

# 13

# പരിശോധനയിൽ സത്യസന്ധത

**"വിശേഷാൽ സഹോദരന്മാരേ, സ്വർഗ്ഗത്തെയോ, ഭൂമിയെയോ മറ്റു യാതൊന്നിനെയുമോ ചൊല്ലി സത്യം ചെയ്യരുത്; ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ നിങ്ങൾ ഉവ്വ് എന്നു പറഞ്ഞാൽ ഉവ്വ് എന്നും ഇല്ല എന്നു പറഞ്ഞാൽ ഇല്ല എന്നും ഇരിക്കട്ടെ"** (യാക്കോബ് 5:12).

സത്യസന്ധത നഷ്ടപ്പെട്ട ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്; അതിനുള്ള പ്രധാന കാരണം, ഭോഷ്ക് പറയുന്നവനും ഭോഷ്ക്കിന്റെ അപ്പനുമായ പിശാചിന്റെ അധീനതയിൽ ഈ ലോകം കിടക്കുന്നതിനാലാണ് (യോഹ. 8:44; 1 യോഹ. 5:19). അവൻ നിമിത്തമാണ് സകല മനുഷ്യരും പാപികളായിത്തീർന്ന് ജനനം മുതൽ ഭോഷ്ക് പറഞ്ഞ് തെറ്റി നടക്കുന്നത് (സങ്കീ. 59:3). അതുകൊണ്ട് ഭോഷ്ക് പറയുന്നത് ഇന്ന് സർവ്വ സാധാരണമാണ്. സമൂഹത്തിലെ എല്ലാ മേഖലകളും, അതായത് വ്യാപാരം, വ്യവസായം, വിദ്യാഭ്യാസം, രാഷ്ട്രീയം, മതം മുതലായവയെല്ലാം ഭോഷ്കിൽ മാത്രം അടിസ്ഥാനപ്പെട്ട് മുന്നോട്ട് പോകുന്ന മേഘലകളാണ്. അങ്ങനെ ഏകദേശം എല്ലാ മേഖലകളിലും സത്യസന്ധത നഷ്ടപ്പെട്ടതുകൊണ്ട് മനുഷ്യരിൽ ആർക്കും ആരെയും വിശ്വസിക്കുവാൻ കഴിയാത്ത ഒരു അവസ്ഥയാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. സ്വന്തം പേരിൽ പറയുന്ന കാര്യങ്ങൾ ആരും മുഖവിലയ്ക്ക് എടുക്കാത്തതുകൊണ്ട്, വിശ്വസനീയമായ എന്തെങ്കിലും പറയുവാൻ വിശ്വാസ്യതയുള്ള ആരുടെയെങ്കിലും പേര് ചേർത്ത് സത്യം പറയേണ്ടതായ ഒരു അവസ്ഥയിലേക്ക് മനുഷ്യസമൂഹം അധഃപതിച്ചിരിക്കുന്നു.

എന്നാൽ ദൈവരാജ്യത്തിലെ പൗരന്മാർ സത്യത്തിന്റെ വചനത്താൽ വീണ്ടും ജനിച്ചതുകൊണ്ടും, സത്യത്താൽ സ്വതന്ത്രർ ആയതുകൊണ്ടും, സത്യമായവനെ അനുഗമിക്കുന്നതുകൊണ്ടും, അവരുടെ വായിൽ ഭോഷ്ക് ഇല്ലാത്തതുകൊണ്ടും, അവർ ഒന്നിനെ ചൊല്ലിയും സത്യം ചെയ്തു പറയേണ്ടതായ ആവശ്യമില്ല. (യാക്കോബ് 1:18; എഫെ. 4:25; കൊലൊ. 3:9) അതുകൊണ്ടാണ് യാതൊന്നിനെയും ചൊല്ലി വിശ്വാസികൾ സത്യം ചെയ്യരുതെന്ന് 5:12 ൽ യാക്കോബ് വിശ്വാസികളെ പ്രബോധിപ്പിക്കുന്നത് ഈ പ്രബോധനത്തിൽ പ്രധാനമായും നാല് കാര്യങ്ങളാണ്. അടങ്ങിയിരിക്കുന്നത്.

## I. പ്രബോധനത്തിന്റെ ഔന്നത്യം

ഈ പ്രബോധനം ഒരു വാക്യത്തിൽ മാത്രം ഒതുങ്ങുന്നതെങ്കിലും ഈ ലേഖനത്തിലെ പ്രബോധനങ്ങളിൽ വെച്ച് ഏറ്റവും പ്രധാനപ്പെട്ട പ്രബോധനമാണ് **“വിശേഷാൽ”** എന്ന വിശേഷണത്തിലൂടെ ആരംഭിക്കുന്ന **“യാതൊന്നിനെയും ചൊല്ലി സത്യം ചെയ്യരുത്”** എന്നുള്ളത്.

യാക്കോബ് ഇങ്ങനെ പറയുന്നതിന്റെ പ്രാധാന്യം അറിയണമെങ്കിൽ സത്യം ചെയ്യുന്നതിന്റെ ആവശ്യകത എന്തെന്ന് ആദ്യം അറിയണം. ഒരാളുടെ വാക്കുകൾക്ക് സാക്ഷ്യം വഹിച്ച് അവയെ വിശ്വസനീയമാക്കുവാനാണ് തന്നെക്കാൾ വലിയ ഒരുവന്റെ പേരിൽ ആണയിട്ട് മനുഷ്യൻ സത്യം ചെയ്യുന്നത് (c.f. എബ്രാ. 6:16). എന്നാൽ ഇങ്ങനെ ചെയ്യേണ്ടതായി വരുമ്പോൾ ദൈവമായ യഹോവയുടെ നാമത്തിൽ തന്നെ സത്യം ചെയ്യേണമെന്ന് ദൈവം തന്റെ ജനത്തിന് കല്പന കൊടുത്തിട്ടുണ്ട് (ആവ. 6:13; 10:20). എന്നാൽ സത്യം ചെയ്യുന്നതിന്റെ ആവശ്യകതയെ അട്ടിമറിക്കുന്നതായിരുന്നു പരീശന്മാരുടെ സമ്പ്രദായം; ആരെങ്കിലും ദൈവത്തിന്റെ നാമം ഉപയോഗിച്ച് സത്യം ചെയ്താൽ ആ വ്യക്തി സത്യം മാത്രം പറയുവാൻ (വാക്ക് പാലിക്കുവാൻ) നിർബന്ധിതനാണെന്നും എന്നാൽ മറ്റ് ഏതൊരു നാമവും ഉപയോഗിച്ച് കള്ളസത്യം ചെയ്താലും അതൊന്നും ദൈവമുമ്പാകെ ശിക്ഷാർഹമായ കുറ്റം ആകുകയില്ലെന്നും അവർ വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്തു (ലേവ്യ. 19:12). അങ്ങനെ അവർ പലതിനെ ചൊല്ലി സത്യം ചെയ്തിരുന്നത് സത്യം വിശ്വസനീയമാക്കുവാനല്ല, മറിച്ച്, വ്യാജം വിശ്വസനീയമാക്കുവാനായിരുന്നു; സത്യം സംബന്ധിച്ച് അവർ ദൈവത്തിന്റെ നില

വാരത്തിലേക്ക് ഉയരുന്നതിന് പകരമായി ദൈവിക നിലവാരത്തെ തങ്ങളുടെ നിലവാരത്തിലേക്ക് താഴ്ത്തുകയാണ് അവരുടെ സമ്പ്രദായ ത്തിലൂടെ അവർ ചെയ്തത്. ദൈവം നല്ല ഉദ്ദേശത്തോടെ നല്കിയ കല്പനയെ ഉപയോഗിച്ച് അവർ തെറ്റായി സ്ഥാപിച്ച സമ്പ്രദായത്തെ യാണ് കർത്താവും യാക്കോബും വിലക്കുന്നത് (c.f. മത്തായി 5:34–37); അതുകൊണ്ടാണ് സത്യസന്ധതയെ സംബന്ധിച്ചുള്ള ഉപദേശം യാക്കോബിന്റെ ലേഖനത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത്.

## II. പ്രബോധനത്തിന്റെ ഉള്ളടക്കം

**"സ്വർഗ്ഗത്തെയോ ഭൂമിയെയോ യാതൊന്നിനെയുമോ ചൊല്ലി സത്യം ചെയ്യരുത്":**

സത്യം ചെയ്യുന്നതിനെ ഈ കല്പന പൂർണ്ണമായി വിലക്കുന്നതായി പുറമെ നിന്ന് നോക്കുമ്പോൾ തോന്നുമെങ്കിലും വാസ്തവത്തിൽ അതല്ല യാക്കോബ് ഇവിടെ ഉദ്ദേശിക്കുന്നത്. കാരണം, ദൈവമായ യഹോവ യുടെ നാമത്തിൽ സത്യം ചെയ്യുവാൻ ദൈവം മനുഷ്യനെ അനുവദി ക്കുന്ന വ്യക്തമായ കല്പന പഴയനിയമത്തിൽ ഉള്ളതുകൊണ്ടും (ആവ. 6:13; 10:20), യേശുക്രിസ്തു സത്യം സത്യമായി എന്ന് പലവട്ടം പറഞ്ഞിട്ടുള്ളതുകൊണ്ടും (മത്തായി 5:18; 26:13; യോഹ. 1:51; 3:3,5; 5:19,24), ദൈവം പോലും അബ്രഹാമിന് തന്റെ വാഗ്ദത്തം സത്യം ചെയ്ത് ഉറപ്പിച്ചതുകൊണ്ടും (ഉല്പത്തി 22:18; എബ്രാ. 6:13,14), അബ്രഹാം (ഉല്പത്തി 14:23; 21:23,24), എലയാസർ (ഉല്പത്തി 24:1–4,9), യാക്കോബ് (ഉല്പത്തി 31:53), ദാവീദ് (1 ശമൂ. 20:3) മുതലായ ഭക്തന്മാർ സത്യം ചെയ്ത് പറഞ്ഞതിനെ വചനം അംഗീകരിക്കുന്നതുകൊണ്ടും, ശരിയായി സത്യം ചെയ്യുന്നതിനെ, അതായത്, ദൈവമായ യഹോവ യുടെ നാമത്തിൽ സത്യം ചെയ്യുന്നതിനെ കർത്താവോ യാക്കോബോ എവിടെയും വിലക്കുന്നില്ല (മത്തായി 5:33–37; യാക്കോബ് 5:12).

എന്നാൽ ദൈവത്തിന്റെ നാമം ചൊല്ലി ഒരു വ്യക്തി സത്യം ചെയ്താൽ വാക്ക് പാലിക്കുവാനും നേർച്ച നിവർത്തിക്കുവാനും ബാധ്യസ്ഥനാണെന്നും മറ്റ് നാമങ്ങൾ – സ്വർഗ്ഗത്തെയും, ഭൂമിയെയും, യെരൂശലേമിനെയും, തല, മന്ദിരം, യാഗപീഠം മുതലായവയെ ചൊല്ലി സത്യം ചെയ്താൽ (മത്തായി 23:16–22; 5:34–36) വാക്ക് പാലിക്കുവാനും സത്യം പറയുവാനും ആ വ്യക്തി നിർബന്ധിതനല്ലെന്നുമുള്ള പരീശ

വ്യാഖ്യാനത്തെയും സമ്പ്രദായത്തെയുമാണ് ഈ വേദഭാഗത്തിലൂടെ യാക്കോബ് വിലക്കുന്നത്. യഹൂദരായ അനുവാചകരെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രാധാന്യമുള്ള ഒരു കല്പന തന്നെയാണ്, കാരണം, അങ്ങനെ ചെയ്യുന്നത് ന്യായപ്രമാണ ലംഘനവും (ലേവ്യ. 19:12) ശിക്ഷാർഹമായ കുറ്റവുമാണ് (പുറ. 20:7; c.f. മത്തായി 5:34–36).

## III. പ്രബോധനത്തിന്റെ ഉപദേശം

**"നിങ്ങൾ ഉവ്വ് എന്ന് പറഞ്ഞാൽ ഉവ്വ് എന്നും ഇല്ല എന്നു പറഞ്ഞാൽ ഇല്ല എന്നും ഇരിക്കട്ടെ."**

സത്യസന്ധമായ സംഭാഷണമാണ് പ്രബോധനത്തിലെ ഉപദേശം. യഥാർത്ഥ വിശ്വാസികൾ തങ്ങളുടെ വാക്കുകൾ ആണയിട്ടും സത്യം ചെയ്തും ഉറപ്പിക്കേണ്ടതായ ആവശ്യമില്ല; കാരണം, ദൈവരാജ്യത്തിലെ പൗരന്മാർക്ക് ഈ വിഷയത്തിൽ അനുകരിപ്പാനായി പഴയനിയമത്തിലെ കല്പനയെക്കാൾ (ആവ. 6:13; 10:20) ശ്രേഷ്ഠമായ ഒരു കല്പനയാണ് കർത്താവും യാക്കോബും നല്കുന്നത് (മത്തായി 5:34–37; യാക്കോബ് 5:12). കാരണം, ദൈവരാജ്യത്തിലെ പൗരന്മാർ സത്യത്തിന്റെ വചനത്താൽ വീണ്ടും ജനിച്ചതുകൊണ്ടും (യാക്കോബ് 1:18), സത്യത്താൽ സ്വതന്ത്രർ ആയതുകൊണ്ടും (യോഹ. 8:32), സത്യമായവനെ അനുഗമിക്കുന്നതുകൊണ്ടും (യോഹ. 14:6), സത്യത്തിൽ നടക്കുവാൻ കല്പന ലഭിച്ചതുകൊണ്ടും (3 യോഹ. 1:3,4), ഭോഷ്ക്ക് അവരുടെ വായിൽ ഇല്ലാത്തതുകൊണ്ടും (വെളി. 14:5), സഹോദരബന്ധത്തിലും സദാചാരബന്ധത്തിലും ലോകമനുഷ്യരെക്കാൾ ഉയർന്ന നിലവാരമുള്ളവരും പരിശോധനയിൽ സത്യസന്ധത വെളിപ്പെടുത്തേണ്ടവരുമാകുന്നു; ഇക്കാരണത്താൽ അവർ യാതൊന്നും സത്യം ചെയ്ത് പറയേണ്ടവരല്ല, മറിച്ച്, സത്യം മാത്രം പറയേണ്ടവരാണെന്നാണ് (എഫെ. 4:25; കൊലൊ. 3:9) കർത്താവിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ യാക്കോബ് ഇവിടെ പ്രബോധിപ്പിക്കുന്നത്.

കാരണം, മനുഷ്യൻ സത്യം ചെയ്താലും ആണയിട്ടാലും കർത്താവ് എല്ലാവരുടെയും അന്തർഭാഗത്തിലെ സത്യമാണ് ആഗ്രഹിക്കുന്നത് എന്നും (സങ്കീ. 516; c.f. മത്തായി 12:34,35), വ്യാജമുള്ള നാവ് യഹോവയ്ക്ക് അറപ്പും വെറുപ്പും ആകുന്നു എന്നും (സദൃശ. 6:16,17), ഭോഷ്ക്ക്

പറയുന്ന ഏവർക്കുമുള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ എന്നും (വെളി. 21:8) പറഞ്ഞിരിക്കുന്നതുകൊണ്ട് മനുഷ്യൻ സത്യം ചെയ്ത് ഭോഷ്ക്ക് പറഞ്ഞാലും സത്യം ചെയ്യാതെ ഭോഷ്ക്ക് പറഞ്ഞാലും, മനുഷ്യൻ പറയുന്നതിനെല്ലാം ന്യായവിധി ദിവസത്തിൽ കണക്ക് കൊടുക്കേണ്ടിവരും (മത്തായി 12:36).

## IV. പ്രബോധനത്തിന്റെ ഉദ്ദേശ്യം

### "ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ"

പലവിധ പരിശോധനകളിലൂടെ കടന്നു പോകുന്ന മനുഷ്യൻ പലപ്പോഴും അക്ഷമയനായിത്തീരുകയും പറയരുതാത്ത പലതും ധൃതിയിൽ ആണയിട്ട് പറയാറുമുണ്ട്; എന്നാൽ അങ്ങനെ ചെയ്യുന്നത് പലപ്പോഴും വലിയ പ്രതിസന്ധിക്ക് കാരണമായിത്തീർന്നിട്ടുണ്ട് (ന്യായാധിപന്മാർ 11:30–35; മത്തായി 14:3–11). എന്നാൽ ആണയിട്ട് കള്ളസത്യം ചെയ്യുന്നത് ന്യായപ്രമാണലംഘനവും ശിക്ഷാർഹമായ പാപവുമാണ് (ലേവ്യ 19:12; പുറ. 20:7); അങ്ങനെ ചെയ്യുന്നവർ ശിക്ഷാവിധിയിൽ അകപ്പെടാതെ പോകുകയില്ലെന്ന് യാക്കോബ് ഇവിടെ ഉറപ്പിച്ച് പറയുന്നു. എന്നാൽ ഇവിടെ പറയുന്ന ശിക്ഷാവിധി, പാപം ചെയ്യുന്ന ദൈവമക്കൾക്ക് ലഭിക്കുന്ന ബാലശിക്ഷയല്ല (1 കൊരി. 11:32; എബ്രാ. 12:7 "paideuo"), മറിച്ച് കരുണ ലഭിക്കാത്ത നരകശിക്ഷയാണ് (യാക്കോബ് 2:13 "krisis" പാപികൾക്കുള്ള ന്യായവിധിയും (2 തെസ്സ. 1:10; 1 തിമൊ. 5:24), ന്യായവിധി ദിവസത്തിലെ ശിക്ഷാവിധിയുമാണ് (2 പത്രൊസ് 2:10; 3:7; യൂദാ 1:6,15).

എന്നാൽ പരിശോധനയിൽ സത്യസന്ധത നിലനിറുത്താനാകാതെ പോയ പലരേയും വചനത്തിൽ കാണുന്നുണ്ട്; അവരിൽ ചിലരാണ് ഗോത്ര പിതാവായ യാക്കോബ്, വിജാതീയ സ്ത്രീയായ രാഹാബ്, യഹൂദരായ അനന്യാസ് - സഹീറ ദമ്പതികൾ. ഇവർ യഥാക്രമം അനുഗ്രഹം നേടിയെടുക്കുന്നതിനും, സ്വയരക്ഷ ഉറപ്പാക്കുന്നതിനും, കപടം മറച്ച് വെക്കുന്നതിനുമുള്ള ശ്രമത്തിൽ പരിശോധനയിൽ സത്യസന്ധത നിലനിറുത്താനാകാതെ പോയവരാണ്. അവരുടെ പ്രവർത്തിയെ വചനം രേഖപ്പെടുത്തിയിരിക്കുന്നുവെങ്കിലും അവുടെ പ്രവർത്തിയെ ഒരു നിലയിലും വചനം അംഗീകരിക്കുന്നില്ല - ന്യായീകരിക്കുന്നില്ല

ഇക്കാരണങ്ങളാൽ യഥാർത്ഥവിശ്വാസികൾക്ക് ഒരിക്കലും നാവ് പിഴക്കുകയില്ലെന്ന് യാക്കോബ് ഇവിടെ ഉദ്ദേശിക്കുന്നില്ല; മറിച്ച്, യഥാർത്ഥ വിശ്വാസികൾ എപ്പോഴും പിഴനാവുള്ളവരായിരിക്കുകയില്ലെന്ന് തന്നെ യാണ് യാക്കോബ് ഇവിടെ ഊന്നി പറയുന്നത്. കാരണം, സാധാരണ ജീവിതത്തിൽ സംഭാഷണത്തിൽ സത്യസന്ധത യഥാർത്ഥ വിശ്വാസ ത്തിന്റെ അടയാളമാണ്.

# 14

# പരിശോധനയിൽ പ്രാർത്ഥന

“നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ; സുഖം അനുഭവിക്കുന്നവൻ പാട്ടുപാടട്ടെ. നിങ്ങളിൽ ദീന മായി കിടക്കുന്നവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും. അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവ നോടു ക്ഷമിക്കും. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേ ണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞ് ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കുന്നു. ഏലീയാവ് നമുക്കു സമസ്വ ഭാവമുള്ള മനുഷ്യൻ ആയിരുന്നു; മഴ പെയ്യാതിരിക്കേണ്ട തിന് അവൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു; മൂന്നു സംവത്സ രവും ആറുമാസവും ദേശത്തു മഴ പെയ്തില്ല, അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാശത്തുനിന്നു മഴ പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു. സഹോദരന്മാരേ, നിങ്ങളിൽ ഒരുവൻ സത്യംവിട്ടു തെറ്റിപ്പോകയും അവനെ ഒരുവൻ തിരിച്ചുവരു ത്തുകയും ചെയ്താൽ പാപിയെ നേർവ്വഴിക്ക് ആക്കുന്നവൻ അവന്റെ പ്രാണനെ മരണത്തിൽനിന്നു രക്ഷിക്കയും പാപ ങ്ങളുടെ ബഹുത്വം മറെക്കയും ചെയ്യും എന്ന് അവൻ അറി ഞ്ഞുകൊള്ളട്ടെ” (യാക്കോബ് 5:13-20).

യാക്കോബ് ഈ ലേഖനം എഴുതുന്നത് ഉപദ്രവം നിമിത്തം പല സ്ഥലനിൽനിന്നും ചിതറിപോയ എബ്രായരായ ക്രിസ്തുവിശ്വാസി

കൾക്കാണ്. അവർ ക്രിസ്തുമാർഗ്ഗക്കാർ ആയതിനാൽ യഹൂദരാലും വിജാതീയരായും നിരന്തരം ഉപദ്രവിക്കപ്പെടുകയും വിശ്വാസത്തിന്റെ പലവിധ പരിശോധനകളിലൂടെ കടന്നു പോകുകയും ചെയ്തു. ഈ അവസ്ഥയെ ദൈവഹിതപ്രകാരം തരണം ചെയ്യുവാനാണ് കഷ്ടതയിൽ സഹിഷ്ണുതയും, സ്ഥിരതയും ഉള്ളവരാകണമെന്ന് ലേഖകൻ അവരെ പ്രബോധിപ്പിക്കുന്നത് (1:2-4) തുടർന്ന് സ്ഥിരതയുടെ അടയാളമായ പ്രവൃത്തിയെയാണ് യാക്കോബ് ഈ ലേഖനത്തിൽ വിഷയമാക്കുന്നത്. എന്നാൽ അഞ്ചാം അദ്ധ്യായത്തിലേക്ക് വരുമ്പോൾ വിശ്വാസത്തിന്റെ പരിശോധന എന്ന വിഷയത്തിലേക്ക് ലേഖകൻ മടങ്ങി വരുന്നതാണ് കാണുന്നത്. അതുകൊണ്ടാണ് 5:1-6 വാകൃങ്ങളിൽ ദരിദ്രരായ വിശ്വാസികൾ ധനികരാൽ പീഡിപ്പിക്കപ്പെടുന്നതിന്റെ കാരണത്തെക്കുറിച്ചും, 5:7-12 വാകൃങ്ങളിൽ ഉപദ്രവിക്കപ്പെടുന്നവർ കർത്താവിന്റെ പ്രത്യക്ഷതക്കായി കാത്തിരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും, 5:13-20 വാകൃങ്ങളിൽ പരിശോധനയിൽ പ്രാർത്ഥനയുടെ പ്രാധാന്യത്തെക്കുറിച്ചും, പ്രാർത്ഥിക്കുവാനായി വ്യക്തികളെയും (v. 13), മൂപ്പന്മാരെയും (14,15), സഭയെയും (16) ലേഖകൻ ആഹ്വാനം ചെയ്യുന്നതും, പ്രാർത്ഥനയ്ക്കു പ്രചോദനമായി (17,18) ഏലീയാവിന്റെ പ്രാർത്ഥനയെ ലേഖകൻ പരാമർശിക്കുന്നതും. ഇതിലൂടെയെല്ലാം നീതിമാന്റെ പ്രാർത്ഥനകൊണ്ട് പരിശോധനയിലൂടെ കടന്നുപോകുന്നവർക്ക് കഷ്ടതയിൽ ആശ്വാസം (v. 13) ബലഹീനതയിൽ ശക്തി (v. 14,15), പാപത്തിൽ മോചനം (v. 16), പിൻമാറ്റത്തിൽ യഥാസ്ഥാനം (v. 17-20) മുതലായതെല്ലാം സാധിക്കുന്നുവെന്നാണ് ലേഖകൻ അനുവാചകരെ ഓർമ്മിപ്പിക്കുന്നത്.

## I. കഷ്ടതയിൽ ആശ്വാസം (v. 13)

**"നിങ്ങളിൽ കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ"** ഈ വേദഭാഗത്തിന്റെ അടിസ്ഥാനത്തിൽ നീതിമാന്റെ പ്രാർത്ഥനകൊണ്ട് സാധിക്കുന്ന ഒന്നാമത്തെ കാര്യം കഷ്ടതയിൽ ആശ്വാസം ലഭിക്കുന്നുയെന്നതാണ്. കാരണം, കഷ്ടത വിശ്വാസിക്ക് എന്നും ഒരു യാഥാർത്ഥ്യമാണ് (യോഹ. 16:33; 15:20; 2 തിമൊ. 1:8); മാത്രമല്ല, യാക്കോബ് ഇവിടെ പറയുന്നതും വിശ്വാസം നിമിത്തം കഷ്ടം അനുഭവിക്കുന്ന വിശ്വാസികളോടാണ് (2:15; 4:11; 5:4); ദൈവഹിതപ്രകാരം പരിശോധനയെ അതിജീവിക്കുന്നതിനുള്ള ഏകപ്രതിവിധി ദൈവത്തോടുള്ള പ്രാർത്ഥനയായതുകൊണ്ടാണ് **"കഷ്ടമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ"** എന്ന് പറയുന്നത് (1 പത്രൊസ് 5:7). കാരണം, ദൈവമാണ് സർവ്വ ആശ്വാസ

ത്തിന്റെയും ഉറവിടം (2 കൊരി. 1:3); അതുകൊണ്ട്, കഷ്ടതയെ സഹിപ്പാനും കഷ്ടതയിൽ ആശ്വാസം ലഭിപ്പാനും ദൈവത്തോടുള്ള പ്രാർത്ഥന ദൈവജനത്തിന് അനിവാര്യമാണ്; കഷ്ടതനിമിത്തം ജീവിതം പ്രയാസമാകുമ്പോൾ, വിശ്വാസജീവിതത്തിൽ ക്ഷീണിക്കുമ്പോൾ, ഉപദ്രവത്താൽ തളരുമ്പോൾ സഹനത്തിനും ആശ്വാസം ലഭിക്കുന്നതിനുമായി വിശ്വാസികൾ തുടർച്ചയായി ദൈവത്തോട് പ്രാർത്ഥിക്കേണ്ടത് അത്യാവശ്യമാണ്. എന്നാൽ **"സുഖം അനുഭവിക്കുന്നവൻ പാട്ട് പാടട്ടെ"** എന്നാണ് യാക്കോബ് തുടർന്ന് പറയുന്നത്. അതായത് കഷ്ടതയുടെ നടുവിൽ ആത്മാവിൽ സുഖം അനുഭവിക്കുന്നവൻ അവൻ ലഭിച്ച ആശ്വാസം നിമിത്തവും സഹിപ്പാൻ ലഭിച്ച ദൈവകൃപ നിമിത്തവും പാട്ടു പാടി ദൈവത്തെ സ്തുതിക്കുവാനാണ് യാക്കോബ് ആഹ്വാനം ചെയ്യുന്നത്. (എഫെ. 5:19; c.f. അ.പ്ര. 16:25).

## II. രോഗത്തിൽ സൗഖ്യം (14,15)

നീതിമാന്റെ പ്രാർത്ഥനകൊണ്ട് സാധിക്കുന്ന രണ്ടാമത്തെ വലിയ കാര്യം ബലഹീനതയിൽ ശക്തി ലഭിക്കുന്നു എന്നതാണ്. വചനം ചില സ്ഥലങ്ങളിൽ പാപത്തെ ആലങ്കാരികമായി, ദീനം, രോഗം എന്നും, പാപമോചനത്തെ ശമനം, സൗഖ്യം എന്നും ഉപയോഗിച്ചിട്ടുണ്ടെങ്കിലും (യെശ 1:5,6; മത്തായി 13:14; 1 പത്രൊസ് 2:24), ഈ വേദഭാഗത്ത് (യാക്കോബ് 5:13-20) വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയുടെ ഫലമായി ഒരു വ്യക്തിക്കു തന്നെ ദീനത്തിൽനിന്ന് രക്ഷയും പാപത്തിനു ക്ഷമയും ലഭിക്കുമെന്ന് ലേഖകൻ പ്രത്യേകമായി പറഞ്ഞിരിക്കുന്നതിനാൽ (v. 15), ഈ വേദഭാഗം രോഗശാന്തിയെക്കുറിച്ചും പാപമോചനത്തെക്കുറിച്ചും വ്യക്തമായി പ്രതിപാദിക്കുന്നതും ഇവിടത്തെ വാക്കുകൾ എല്ലാം ആക്ഷരീകമായി വ്യാഖ്യാനം അർഹിക്കുന്നതുമാകുന്നു. അതുകൊണ്ട് ദീനം എന്ന് ഇവിടെ ഭാഷാന്തരം ചെയ്തിരിക്കുന്ന "Astheneos" എന്ന ഗ്രീക്ക് വാക്ക് ശാരീരിക ബലഹീനതയെ സൂചിപ്പിക്കുന്നതിനായി 18 പ്രാവശ്യവും ആത്മികമോ-മാനസികമോ ആയ ബലഹീനതയെ സൂചിപ്പിക്കുന്നതിനായി 14 പ്രാവശ്യവും വചനം ഉപയോഗിക്കുന്നു. അതുകൊണ്ട് ഈ പശ്ചാത്തലത്തിൽ ദീനം എന്ന വാക്ക് ഒരു പരിധി വരെ ശാരീരിക രോഗത്തെ സൂചിപ്പിക്കുന്നു. കാരണം ബലഹീന സഹോദരന് സഭയിലേക്കു ചെല്ലുവാൻ കഴിയാത്തതിനാൽ മൂപ്പന്മാർ തന്നെ വന്നു കാണേണ്ടതായ അവസ്ഥയാണ് ഇവിടെയുള്ളത് എന്നാൽ അതിലുപരിയായി ആത്മീയ ബലഹീനതയെയും ഇത് സൂചിപ്പിക്കുന്നു.

മാത്രമല്ല, ഇവിടെ പറയുന്ന ദീനക്കാരൻ ആത്മീയയുദ്ധത്തിൽ പരാജയപ്പെട്ടവനും ഇനിയും കഷ്ടം സഹിപ്പാൻ പ്രാപ്തിയില്ലാത്തവനും പ്രാർത്ഥനയിലൂടെ തന്നെത്താൻ ശക്തിപ്പെടുത്തുവാൻ കഴിയാത്തവനുമാണ്. അങ്ങനെയുള്ള ഒരു ബലഹീനന് ശക്തിപ്പെടുന്നതിന് ആത്മീയമായി ശക്തരായവരുടെ സഹായം ആവശ്യമാണ്; അതുകൊണ്ടാണ് അവൻ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ എന്ന് ഇവിടെ പറയുന്നത്. സഭയിലെ മൂപ്പന്മാർ എന്നതുകൊണ്ട് സഭയുടെ ഔദ്യോദിക നേതൃത്വത്തെ സൂചിപ്പിക്കുന്നു (അ.പ്ര. 20:17,28; 1 തിമൊ. 3:1–7). അല്ലെങ്കിൽ, രോഗശാന്തിവരം നിലനിന്ന കാലഘട്ടം ആയിരുന്നതിനാൽ, രോഗശാന്തി നല്കുവാൻ വരമുള്ളവരെ, അതുമല്ലെങ്കിൽ വൈദ്യന്മാരെ അവൻ വരുത്തട്ടെ എന്ന് യാക്കോബ് ഇവിടെ പറയുമായിരുന്നു. അങ്ങനെ പറയാത്തതിനുള്ള കാരണം, ആത്മികമായി ബലഹീനരായവരെ ശക്തിപ്പെടുത്തുവാനുള്ള ശക്തി, സഭാന്തരീക്ഷത്തിൽ, മൂപ്പന്മാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്; അവരാണ് ആത്മികമായി സമ്പന്നരും ശക്തരും ബലവാന്മാരും ആത്മിക യുദ്ധത്തിൽ ജയിച്ചവരും. അതുകൊണ്ട് ബലഹീനരായ ആടുകൾ ആത്മിക ശക്തിക്കും സൗഖ്യത്തിനുമായി അവരുടെ ഇടയന്മാരെയാണ് സമീപിക്കേണ്ടത്.

**"അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനു വേണ്ടി പ്രാർത്ഥിക്കട്ടെ"** എന്നും യാക്കോബ് പറയുന്നു. കാരണം അക്കാലത്ത് ഒലിവെണ്ണ പുറം ചികിത്സക്കായി ഉപയോഗിച്ചിരുന്നു (ലൂക്കൊസ് 10:34). യാക്കോബ് തന്റെ അനുവാചകർക്കായി നല്കുന്ന ഈ ഉപദേശത്തെ തെറ്റിദ്ധരിച്ചുകൊണ്ട്, എണ്ണ പൂശിയുള്ള പ്രാർത്ഥനയെ ഒരു വരമായും ഒരു ചടങ്ങായും ചിലർ തീർത്തിരിക്കുകയാണ്. എന്നാൽ എണ്ണ പൂശി പ്രാർത്ഥിക്കുന്നത് രോഗശാന്തിക്കുവേണ്ടിയുള്ള ആചാരപരമായ ഒരു ചടങ്ങായിട്ടല്ല, മറിച്ച്, വൈദ്യശാസ്ത്രത്തിന് വേണ്ടത്ര പുരോഗതി ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ, ആശ്രയിപ്പാൻ കൊള്ളാവുന്ന വൈദ്യന്മാർ വിരളമായിരുന്ന ഒരു അവസ്ഥയിൽ, ഉപദ്രവം നിമിത്തം ശാരീരികമായി മുറിവേറ്റ് വേദനപ്പെടുന്നവരും ആത്മാവിൽ ക്ഷീണിതരും ബലഹീനരുമായവരെ, സഭാന്തരീക്ഷത്തിൽ, മൂപ്പന്മാർ എണ്ണ പൂശി (തേച്ച്) പ്രാർത്ഥിക്കുന്നത് ശാരീരിക സൗഖ്യത്തിനും ആത്മിക ആശ്വാസത്തിനുമുള്ള ഒരു ദൈവിക മുഖാന്തരമായിട്ടാണ് യാക്കോബ് ഇവിടെ പറയുന്നത് (മർക്കൊസ് 6:13; ലൂക്കൊസ് 10:34). കാരണം ശാരീരിക സൗഖ്യത്തിനായി വേദശാസ്ത്ര പ്രകാരമുള്ള

പ്രാർത്ഥനയോടൊപ്പം വൈദ്യശാസ്ത്ര പ്രകാരം ചികിത്സിക്കുന്നതിനെ വചനം എവിടെയും വിലക്കുന്നില്ല. (യഹൂദാരാജാവായിരുന്ന ആസ സൗഖ്യത്തിനായി യഹോവയിൽ ആശ്രയിക്കുന്നതിന് പകരമായി വൈദ്യന്മാരിൽ മാത്രം ആശ്രയിച്ചതിനെയാണ് ദിനവൃത്താന്ത പുസ്തകത്തിൽ എടുത്ത് പറഞ്ഞിരിക്കുന്നത് - 2 ദിനവൃത്താന്തം 16:12).

**"എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും"** (v. 15) എന്നാണ് യാക്കോബ് തുടർന്ന് പറയുന്നത്.

വിശ്വാസത്തോടുകൂടിയ പ്രാർത്ഥന (c.f. 1:5,6) എന്നത് രോഗിയുടെ ദൈവാശ്രയത്തെ സൂചിപ്പിക്കുന്നു. ഇത് ഒരു വാഗ്ദത്തമായിരിക്കുന്നുവെങ്കിലും വ്യവസ്ഥകൂടാതെയുള്ള ആശ്രയമാണ് ഒരു ദൈവപൈതലിന് അഭികാമ്യം; കാരണം നമുക്ക് ഏറ്റവും നല്ലത് എന്തെന്ന് ദൈവം മാത്രം അറിയുന്നു. എങ്കിലും. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ശാരീരികമായും ആത്മികമായും ബലഹീനരായവരെ അവരുടെ അവസ്ഥയിൽനിന്നും വിടുവിക്കുകയും, അവർക്ക് സൗഖ്യവും പുതുക്കവും ചൈതന്യവും വരുത്തുകയും ചെയ്യും. മാത്രമല്ല, **"അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും"** എന്നും കാണുന്നു. എല്ലാ ദീനവും വിശ്വാസിയുടെ വ്യക്തിപരമായ പാപത്തിന്റെ ഫലമല്ല, (ഇയ്യോബ്), എന്നാൽ ആത്മിക പരാജയങ്ങൾ എപ്പോഴും പാപത്തിന്റെ ഫലമാണ്; അങ്ങനെയുള്ള സാഹചര്യത്തിൽ തന്റെ പാപത്തെക്കുറിച്ച് അനുതപിക്കുവാനും മോചനത്തിനായി സഭാമൂപ്പന്മാരോട് ചേർന്ന് പ്രാർത്ഥിക്കുവാനും ഇതിലൂടെ അവസരം ലഭിക്കുന്നു.

ഇവിടെ പറയുന്ന വിശ്വാസത്തോടുകൂടിയ പ്രാർത്ഥന എന്ന വാക്യാംശം ഗ്രീക്കിൽ ഒരു പ്രത്യേക വിഷയം അടിസ്ഥാനമാക്കിയുള്ള പ്രാർത്ഥനയെന്നും, ഒരു പ്രത്യേക വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രാർത്ഥനയെന്നും അർത്ഥം വരത്തക്ക നിലയിലാണ് ലേഖകൻ ഉപയോഗിച്ചിരിക്കുന്നത് (The prayer of the faith). ഉറച്ച വിശ്വാസത്തോടെ പ്രാർത്ഥിച്ചാൽ ഏതു വിഷയത്തിലും ദൈവം പ്രവർത്തിക്കുമെന്ന് നിരൂപിച്ച് ഏതു വിഷയവും പ്രാർത്ഥിക്കുന്നതിന് വചനത്തിൽ അടിസ്ഥാനമില്ല; കാരണം, ദൈവം പ്രവർത്തിക്കുന്ന പ്രാർത്ഥനയ്ക്ക് രണ്ട് അടിസ്ഥാനസ്വഭാവങ്ങൾ ഉണ്ട്: ഒന്നാമതായി, അത് ദൈവഹിതപ്രകാര

മുള്ള ഒരു പ്രത്യേക വിഷയം ആയിരിക്കണം, അതായത് കർത്താവിന്റെ നാമത്തിൽ ചോദിക്കുവാൻ കഴിയുന്നത് (ഇവിടെ ദീനമായി കിടക്കുന്ന ഒരു സഭാംഗത്തിന് സൗഖ്യം വരുന്നത്); രണ്ടാമതായി, പ്രസ്തുത വിഷയത്തിനായി പ്രാർത്ഥിച്ചാൽ ദൈവം പ്രവർത്തിക്കുമെന്നുള്ള പ്രത്യേകവിശ്വാസം അടിസ്ഥാനമാക്കിയുള്ള പ്രത്യക്ഷമായ ഒരു ഉറപ്പ് ദൈവത്തിൽനിന്നും ലഭിച്ചിരിക്കണം (ഇവിടെ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കുമെന്നും, ദൈവം അവനെ എഴുന്നേല്പിക്കുമെന്നുമുള്ള ഉറപ്പ്). മഴയെ തടയുവാനും മഴയെ പെയ്യിക്കുവാനുമായി ഏലീയാവ് പ്രാർത്ഥിച്ചപ്പോൾ ദൈവം പ്രവർത്തിച്ചത് ഈ തത്വം അടിസ്ഥാനമാക്കിയായിരുന്നുവെന്ന് പ്രസ്തുത വേദഭാഗം പരിശോധിച്ചാൽ മനസ്സിലാകും.

**"എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന് തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ"** (v. 16). പഴയനിയമത്തിൽ വ്യക്തികളായും സഭയായും (യിസ്രായേൽ സഭ) പാപങ്ങൾ ഏറ്റു പറഞ്ഞ് പ്രാർത്ഥിച്ചതിന് ധാരാളം തെളിവുകളുണ്ട് (ലേവ്യ. 5:5; സംഖ്യാ. 5:7; സങ്കീ. 38:8; c.f. ലേവ്യ 16:21; 26:40; ആവ. 9:4-10) പുതിയ നിയമത്തിലും അതിനു തെളിവുകളുണ്ട് (മർക്കൊസ് 1:5; മത്തായി 3:6; അ.പ്ര. 19:18; 1 യോഹ. 1:9). ഇവിടെ രോഗി മാത്രമല്ല, മൂപ്പന്മാർ മാത്രമല്ല, സഭ ഒന്നടങ്കം പാപങ്ങളെ ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കാൻ യാക്കോബ് ആവശ്യപ്പെടുന്നു. വിശ്വാസികൾ തമ്മിൽ ഭാരങ്ങളെ പങ്കുവെച്ച് പ്രാർത്ഥിക്കുന്നതും, തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞ് പ്രാർത്ഥിക്കുന്നതും നിമിത്തം പരിശോധനയിൽ മടുത്തുപോകാതിരിക്കുന്നതിനും പാപത്തെ കീഴ്പ്പെടുത്തുന്നതിനും ഇടയാക്കും. തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിക്കേണ്ടതിനുമുള്ള മറ്റൊരു കാരണം, പരിശോധനയിൽ പരാജയപ്പെട്ട് പാപത്തിൽ അകപ്പെട്ട വിശ്വാസി ദൈവത്തോട് മാത്രമല്ല, സഹവിശ്വാസികളോടും നിരപ്പു പ്രാപിക്കേണ്ടതിനാണ്. കാരണം, പരിശോധനയിൽ പരാജയപ്പെട്ട വിശ്വാസി ദൈവത്തോടു മാത്രമല്ല കുറ്റം ചെയ്യുന്നത്, മറിച്ച് താൻ ഉൾപ്പെട്ടു നില്ക്കുന്നതും കൂട്ടായ്മ ബന്ധം പുലർത്തുന്നതുമായ സഹവിശ്വാസികളോടും കുറ്റം ചെയ്യുന്നു; അതുകൊണ്ട് അങ്ങനെയുള്ളവർ യഥാസ്ഥാനപ്പെടുവാൻ തമ്മിൽ പാപങ്ങളെ പരസ്യമായി ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കേണ്ടത് ആവശ്യമാണ് "രോഗശാന്തി" എന്ന വാക്ക് ആത്മാവിന്റെ സൗഖ്യത്തിനും വചനം ഉപയോ

ഗിക്കുന്നു (ആവ. 30:3; മത്തായി 13:15; 1 പത്രൊസ് 2:14; c.f. 2 ദിന. 30:20; യെശ. 6:10; 57:9). ഇയ്യോബ് 42:10).

## III. പിൻമാറ്റത്തിൽ യഥാസ്ഥാനം (16-20)

നീതിമാന്റെ പ്രാർത്ഥനകൊണ്ട് സാധിക്കുന്ന മൂന്നാമത്തെ കാര്യം അത് പിൻമാറ്റക്കാരെ യഥാസ്ഥാനപ്പെടുത്തുന്നു എന്നതാണ്. **"നീതിമാന്റെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന"** എന്നതുകൊണ്ട് ഊർജ്ജസ്വലത യോടുകൂടിയ, എരിവോടുകൂടിയ, ഏകാഗ്രതയോടുകൂടിയ, പ്രാർത്ഥന എന്നാണർത്ഥം. (ഇയ്യോബ് 42:7,8,10; അബ്രഹാം ഉല്പത്തി 18:25; 20:17; യിരെമ്യാവ് 7:16; 11:14; 14:2; ഏലീയാവ് 1 രാജാ. 18:42) കാരണം, അത് പിൻമാറ്റക്കാരനെ യഥാസ്ഥാനപ്പെടുത്തുവാൻ ശക്തിയുള്ളതും മതിയാ യതുമാണ്. അതിന് നല്ലൊരു ഉദാഹരണമാണ് പ്രവാചകനായ ഏലീയാ വിന്റെ പ്രാർത്ഥന. ഈ ഏലീയാവിനെക്കുറിച്ച് യാക്കോബിന് ഇവിടെ പറയുവാനുള്ളത് **"ഏലീയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു"** എന്നാണ്. കാരണം അവന് വിശന്നു (1 രാജാ. 17:11), അവൻ ഭയപ്പെട്ടു (19:3), അവൻ നിരാശനായി (19:9-14); എങ്കിലും **"മഴ പെയ്യാതിരിക്കേണ്ടതിന് അവൻ പ്രാർത്ഥനയിൽ അപേക്ഷി"** ച്ചപ്പോൾ **''മൂന്ന് സംവത്സരവും ആറുമാസവും ദേശത്ത് മഴ പെയ്തില്ലാ''**യെന്നും **"അവൻ വീണ്ടും പ്രാർത്ഥിച്ചപ്പോൾ ആകാ ശത്തു നിന്ന് മഴ പെയ്തു, ഭൂമിയിൽ ധാന്യം വിളഞ്ഞു"** എന്നും കാണുന്നു. പിൻമാറ്റക്കാരുടെ യഥാസ്ഥാനവും ഏലീയാവിന്റെ പ്രാർത്ഥ നയും തമ്മിലുള്ള ബന്ധം അറിയുന്നതിനായി ഏലീയാവിന്റെ പ്രാർത്ഥ നയുടെ ആവശ്യവും ഏലീയാവ് ജീവിച്ച കാലഘട്ടവും മനസ്സിലാക്ക ണം.

യിസ്രായേൽ ജനം തങ്ങളുടെ ദൈവമായ യഹോവയെ വിട്ട് ബാലിലേക്ക് തിരിഞ്ഞ ഒരു കാലഘട്ടത്തിലാണ് ഏലീയാവ് ജീവിച്ചത് യിസ്രായേൽ യഹോവയെ ഉപേക്ഷിച്ച് അന്യദൈവങ്ങളെ സേവിച്ചാൽ അവർക്കുണ്ടാകുന്ന ദൈവിക ശാപത്തിന്റെയും ശിക്ഷയുടെയും മുന്നറിയി പ്പായി "മഴ പെയ്യാതിരിക്കേണ്ടതിന് അവൻ ആകാശത്തെ അടച്ചു കളകയും ഭൂമി അതിന്റെ അനുഭവം തരാതിരിക്കയും ചെയ്യും" എന്ന് ന്യായപ്രമാണത്തിൽ പറഞ്ഞിട്ടുണ്ട്. (ആവ. 11:16,17). അതുകൊണ്ട്, യഹോവയുടെ വചനം അനുസരിച്ചാണ് മഴ പെയ്യാതിരിക്കേണ്ടതിന്

ഏലീയാവ് താല്പര്യത്തോടെ പ്രാർത്ഥനയിൽ ദൈവത്തോട് അപേക്ഷിച്ചതും മൂന്നു സംവത്സരവും ആറുമാസവും ദേശത്ത് മഴ പെയ്യാതിരുന്നതും (യാക്കോബ് 5:17). എന്നാൽ കർമ്മേൽ അനുഭവ ത്തിലൂടെ (1 രാജാ. 18:38,39) "യഹോവ തന്നെ ദൈവം, യഹോവ തന്നെ ദൈവം" എന്ന് ഏറ്റു പറഞ്ഞുകൊണ്ട് എല്ലാ യിസ്രായേലും യഹോവയിങ്കലേക്കു തിരിഞ്ഞപ്പോൾ ഏലീയാവ് വീണ്ടും മഴക്കായി പ്രാർത്ഥിക്കുകയും ആകാശത്തു നിന്ന് മഴ പെയ്ത് ഭൂമിയിൽ ധാന്യം വിളയുകയും ചെയ്തു (യാക്കോബ് 5:18 c.f. 1 രാജാ. 18:42-48). അങ്ങനെ ഏലീയാവിന്റെ പ്രാർത്ഥന യിസ്രായേലിന്റെ പിൻമാറ്റവും യഥാസ്ഥാ നവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും, നീതിമാന്റെ പ്രാർത്ഥനകൊണ്ട് പിൻമാറ്റക്കാർ യഥാസ്ഥാനപ്പെടുന്നുവെന്നും, തെളിയിക്കുവാനാണ്, ഏലീയാവിന്റെ പ്രാർത്ഥനയെ ഒരു ഉദാഹരണമായി കാണിച്ചുകൊ ണ്ട്, **"സഹോദരന്മാരേ, നിങ്ങളിൽ ഒരുവൻ സത്യം വിട്ട് തെറ്റി പ്പോകയും അവനെ ഒരുവൻ തിരിച്ച് വരുത്തുകയും ചെയ്താൽ പാപിയെ നേർവഴിക്ക് ആക്കുന്നവൻ അവന്റെ പ്രാണനെ മരണ ത്തിൽനിന്ന് രക്ഷിക്കയും പാപങ്ങളുടെ ബഹുത്വം മറെക്കയും ചെയ്യും എന്ന് അവൻ അറിഞ്ഞു കൊള്ളട്ടെ"** എന്ന് യാക്കോബ് ഇവിടെ പറയുന്നത് (യാക്കോബ് 5:19,20).

ഈ വേദഭാഗം (5:13-20) ശാരീരിക രോഗത്തെയും പ്രാർത്ഥനയി ലൂടെ അതിന് ലഭിക്കുന്ന സൗഖ്യത്തെയും മാത്രമാണ് പരാമർശിക്കുന്ന തെങ്കിൽ, പ്രാർത്ഥനയിലൂടെ ഏലീയാവ് മഴയെ തടഞ്ഞതും പിന്നീട് മഴ പെയ്യിച്ചതുമായ ഉദാഹരണത്തിന് പകരമായി, ഏലീയാവിന്റെ പ്രാർത്ഥനകൊണ്ട് രോഗസൗഖ്യം ലഭിച്ച ഏതെങ്കിലും വ്യക്തിക ളെയോ സംഭവങ്ങളെയോ (സാരെഫാത്തിലെ വിധവയുടെ മകൻ etc.) യാക്കോബ് ഉദാഹരണമാക്കുമായിരുന്നു. എന്നാൽ ഏലീയാവിന്റെ പ്രാർത്ഥനയിലൂടെ ഉണങ്ങിവരണ്ടനിലത്ത് മഴ പെയ്യിച്ച് ധാന്യം വിള യിച്ചതുപോലെ, പരിശോധന നിമിത്തമോ പാപം നിമിത്തമോ വരണ്ട് തളർന്ന് പിൻമാറിപോയ ഹൃദയങ്ങളിലേക്ക് നീതിമാന്റെ പ്രാർത്ഥന യിലൂടെ പെയ്യുന്ന ആത്മമാരിയും അനുഗ്രഹവും നിമിത്തമുണ്ടാകുന്ന ആത്മീയഫലത്തെയാണ് (യഥാസ്ഥാനം) ഈ ഉദാഹരണത്തിലൂടെ യാക്കോബ് ഉദ്ദേശിക്കുന്നത്.

ഇവിടെ സത്യം വിട്ട് തെറ്റിപോകുന്ന വ്യക്തി **"നിങ്ങളിൽ**

ഒരുവൻ" എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ട്, കക്ഷി ഒരു സഭാംഗമാണെന്ന് അനുമാനിക്കാം. എന്നാൽ ആ വ്യക്തിക്ക് പാപി എന്നൊരു വിശേഷണം തുടർന്ന് നല്കുന്നതുകൊണ്ടും, "പാപി" എന്ന വാക്ക് വചനത്തിൽ സാധാരണയായി അവിശ്വാസികളെ മാത്രം സൂചിപ്പിക്കുന്നതുകൊണ്ടും, ഒരു പക്ഷേ, "മുള്ളിനിടയിൽ വീണ വിത്തിനെ" (മത്തായി 13:22) ആയിരിക്കാം യാക്കോബ് ഇവിടെ ഉദ്ദേശിക്കുന്നത്. മാത്രമല്ല, അവൻ "സത്യം വിട്ട് തെറ്റിപോകു"ന്നവൻ എന്ന് പറഞ്ഞിരിക്കുന്നതുകൊണ്ട്, അവന്റെ പാപം ഉപദേശപരവും വചനത്തിന്റെ അതിർ വിട്ട് പോകുന്നതുമാണെന്ന് മനസ്സിലാക്കാം (2 യോഹ. 1:4,9). എന്നാൽ "സത്യം" വിശ്വസിക്കുവാനുള്ളത് മാത്രമല്ല, അനുസരിക്കുവാനും ജീവിക്കുവാനുമുള്ളതാണ് (സങ്കീ. 51:6; ഗലാ. 5:7; 1 യോഹ. 1:6). അതുപോലെ "തെറ്റിപ്പോവുകയും" എന്നതിലൂടെ തന്നെത്താൻ അഥവാ സ്വന്ത ഇഷ്ടത്തിന് തെറ്റിപ്പോകുന്നതല്ല മറിച്ച് ദുരുപദേഷ്ടാക്കളാൽ തെറ്റി പോകുന്നത്. ഇതിന്റെ പല മുന്നറിയിപ്പുകളും തിരുവെഴുത്തിൽ കാണുന്നുണ്ട്. (മത്തായി 24:24,25; അ.പ്ര. 20:29,30 2 തിമൊ. 3:1-9; 2 യോഹ. 7,8; യൂദാ 3,4; 2 തിമൊ. 3:13; 2 പത്രൊസ് 2:15,18; എഫെ. 4:14; 1 യോഹ. 2:26; 4:6) **"അവനെ ഒരുവൻ തിരിച്ച് വരുത്തുകയും ചെയ്താൽ"** എന്നതിലൂടെ പഴയനിയമത്തിൽ ഈ ശുശ്രൂഷയ്ക്ക് അടിസ്ഥാനമുണ്ട് (ലേവ്യ. 19:17; യെഹെ. 3:17-20; 33:5-9) പുതിയനിയമത്തിലും അടിസ്ഥാനമുണ്ട്. (മത്തായി 18:12-15; ലൂക്കൊസ് 22:32; ഗലാ. 6:1; 1 തെസ്സ. 5:14; 2 തെസ്സ. 3:14,15; 2 തിമൊ. 2:25,26; എബ്രാ. 3:12,13; 1 യോഹ. 5:16; യൂദ. 22,23). ഇങ്ങനെയുള്ള പാപിയെ, ഈ പശ്ചാത്തലത്തിൽ, പ്രാർത്ഥനയിലൂടെ നേർവഴിക്ക് ആക്കുന്നവൻ - അത് സുവിശേഷകൻ, മൂപ്പൻ, ഇടയൻ തുടങ്ങി ആത്മികമായി ശക്തരായ ആരുതന്നെ ആയിരുന്നാലും അവൻ തെറ്റിപോയവന്റെ **"പ്രാണനെ മരണത്തിൽനിന്ന് രക്ഷിക്കയും"** (യെഹെ. 3:18-20; തിമൊ. 4:16) അവന്റെ **"പാപങ്ങളുടെ ബഹുത്വം മറെക്കുക"** ചെയ്യുമെന്നാണ് യാക്കോബ് പറയുന്നത് (സങ്കീ.5:10; 85:2;യെഹെ. 28:18) പാപങ്ങളുടെ ബഹുത്വം മറെക്കുക എന്നതുകൊണ്ട് പാപം മൂടിവെക്കുക എന്ന അർത്ഥത്തിലല്ല, മറിച്ച് പാപക്ഷമയ്ക്കു വേണ്ടിയുള്ള ഒരു പഴയനിയമ ശൈലിയായും പാപമോചനത്തിന്റെ പര്യായമായിട്ടുമാണ് യാക്കോബ് അങ്ങനെ പറയുന്നത് (സങ്കീ. 32:1,2; 85:2).

ചുരുക്കത്തിൽ, പരിശോധനയിൽ പ്രാർത്ഥന യഥാർത്ഥ വിശ്വാസികളുടെ അടയാളമാണ്. അതിലൂടെ കഷ്ടതയിൽ ആശ്വാസം, ബലഹീനതയിൽ ശക്തി, പിന്മാറ്റത്തിൽ യഥാസ്ഥാനം മുതലായതെല്ലാം ലഭിക്കുന്നുവെന്ന് യാക്കോബ് ഇവിടെ പറയുന്നു.

ക്രിസ്തുവിശ്വാസികളെന്ന് അവകാശപ്പെടുന്നവരുടെ വിശ്വാസത്തിന്റെ നിജസ്ഥിതി വിശ്വാസത്തിന്റെ വിവിധ പരിശോധനകളിലൂടെ സ്ഥിരീകരിക്കാനാകുമെന്ന് യാക്കോബ് തന്റെ ലേഖനത്തിൽ പറയുന്നു

1. പരിശോധനയിൽ സ്ഥിരത (സഹനശക്തി) (1:2-12)
2. പരിശോധനയിൽ ദൈവത്തെ കുറ്റപ്പെടുത്താത്ത ജീവിതം (1:13-18)
3. പരിശോധനയിൽ വചനത്തോട് ശരിയായി പ്രതികരിക്കുന്ന സ്വഭാവം (1:19-27)
4. പരിശോധനയിൽ മുഖപക്ഷം കൂടാതെയുള്ള പെരുമാറ്റം (2:1-13)
5. പരിശോധനയിൽ വിശ്വാസത്തിനനുസൃതമായ പ്രവർത്തി (2: 14-26)
6. പരിശോധനയിൽ സംഭാഷണമിതത്വം (3:1-12)
7. പരിശോധനയിൽ ദൈവികജ്ഞാനം (3:13-18)
8. പരിശോധനയിൽ ലോകത്തോടുള്ള വിരക്തി (4:1-10)
9. പരിശോധനയിൽ ദൂഷണം കൂടാതെയുള്ള ജീവിതം (4:11-12)
10. പരിശോധനയിൽ ദൈവാശ്രയമുള്ള ജീവിതം (4:13-17)
11. പരിശോധനയിൽ യോഗ്യമായ ധനസമ്പാദനവും ധനവിനിയോഗവും (5:1-6)
12. പരിശോധനയിൽ സഹിഷ്ണുത (5:7-11)
13. പരിശോധനയിൽ സത്യസന്ധത (5:12)
14. പരിശോധനയിൽ പ്രാർത്ഥന (5:13:20)

***